# സാമൂഹ്യ പാഠങ്ങൾ

2618

## BOOK III

1735

**Prepared by the Committee appointed by Government**

PRINTED BY THE S.G.P.
AT THE GOVERNMENT PRESS ERNAKULA
1958

Price Re. 0.

# സാമൂഹ്യപാഠങ്ങൾ

2618

## BOOK III

**Prepared by the Committee appointed by Government**

PRINTED BY THE S. G. P.
AT THE GOVERNMENT PRESS, ERNAKULAM
1958

©

*Government of Kerala*

1958

2618

# വിഷയ വിവരം

അദ്ധ്യായം

പേജ്

## 1. പാശ്ചാത്യരുടെ ആഗമനം

1. പുരാതന പാശ്ചാത്യ പൗരസ്ത്യ സമ്പർക്കം — 1
2. നൂതനമാർഗ്ഗാന്വേഷണം — 2
3. പോർട്ടുഗീസുകാർ — 3
4. ഡച്ചുകാർ — 5
5. ഇംഗ്ലീഷുകാർ — 6
6. ഫ്രഞ്ചുകാർ — 8
7. ആംഗ്ലോ-ഫ്രഞ്ചു മത്സരം — 8
8. ബ്രിട്ടീഷ് ശക്തിയുടെ വളർച്ച — 13
9. ക്ലൈവിന്റെ ബംഗാൾ ഭരണം — 16
10. വാറൻ ഹേസ്റ്റിംഗ്സ് — 18
11. റെഗുലേറ്റിംഗ് ആക്ട് — 19

## 2. ഈസ്റ്റിൻഡ്യാ കമ്പനിയുടെ ഭരണം

1. വാറൻ ഹേസ്റ്റിംഗ്സ്——ഗവർണ്ണർ ജനറൽ — 22
2. കാൺവാലീസ് — 25
3. വെല്ലസ്ലി — 27
4. മിന്റോ — 30
5. ഹേസ്റ്റിംഗ്സ് — 31
6. ആമേഴ്സ്റ്റ് — 34
7. ബെന്റിങ്ക് — 34
8. ആക്‌ലൻഡ് — 35
9. എല്ലൻബറോ — 36
10. ഹാർഡിഞ്ച് — 36

അദ്ധ്യായം

പേജ്

3. ചിയാങ്ങ്കയ്ഷെക് 127
4. കമ്മ്യൂണിസ്റ്റ് വിജയം 129

10. ഏഷ്യയിലെയും ആഫ്രിക്കയിലെയും നവോത്ഥാനം

1. ഏഷ്യയിലെയും ആഫ്രിക്കയിലെയും രാഷ്ട്രീയ ഉണർവും ദേശീയ ബോധത്തിന്റെ വളർച്ചയും 132
2. ഏഷ്യയിലെ നവോത്ഥാനം 133
3. ആഫ്രിക്കയിലെ നവോത്ഥാനം 1-0
4. ആഫ്രോ ഏഷ്യൻ കൂട്ടുകെട്ട് 145

11. ഏകലോകാദർശം

1. ഐക്യരാഷ്ട്ര സംഘടന 148
2. ഇൻഡ്യയും പഞ്ചശീലങ്ങളും 155

12. സൂര്യനും ഭൂമിയും

1. ബ്രഹ്മാണ്ഡ വിശാലത 158
2. സൗരയൂഥം 159
3. സൂര്യൻ 160
4. ഭൂമി 161

13. ശീതോഷ്ണ മേഖലകൾ

1. ഉഷ്ണവ്യത്യാസത്തിന്റെ കാരണങ്ങൾ 163
2. മേഖലകൾ 164

അദ്ധ്യായം

പേജ്

14. വിവിധ മേഖലകളിലെ പ്രാകൃതിക വിഭാഗങ്ങളും ജീവിതരീതിയും

1. ഉഷ്ണവ്യത്യാസത്തിന്റെ ഫലം 168
2. ഉഷ്ണമേഖലയിലെ പ്രാകൃതിക വിഭാഗങ്ങൾ 170
3. മിതോഷ്ണ മേഖലയിലെ പ്രാകൃതിക വിഭാഗങ്ങൾ 173
4. ശൈത്യ മേഖലയിലെ പ്രാകൃതിക വിഭാഗങ്ങൾ 176

... ISLAM HIGH SCHOOL

2618



## List of Illustrations

| | | പേജ് |
|---|---|---|
| 1. | ഹൈദർ ആലി | 18 |
| 2. | ടിപ്പു | 24 |
| 3. | ബ്രിട്ടീഷ് ഇൻഡ്യാ 1792 | 26 |
| 4. | വെല്ലസ്ലിയുടെ കാലത്തെ ഇൻഡ്യ | 29 |
| 5. | ഹേസ്റ്റിംഗ്സിന്റെ കാലത്തെ ഇൻഡ്യ | 33 |
| 6. | രണജിത് സിംഹൻ | 37 |
| 7. | ഡൽഹൗസി | 38 |
| 8. | ഡൽഹൗസിയുടെ കാലത്തെ ഇൻഡ്യ | 40 |
| 9. | ഝാൻസി റാണി | 48 |
| 10. | സ്വാമി വിവേകാനന്ദൻ | 53 |
| 11. | സുഭാഷ് ചന്ദ്രബോസ് | 66 |
| 12. | മൗണ്ട് ബാററൻ പ്രഭു | 70 |
| 13. | ഡാക്ടർ രാജേന്ദ്രപ്രസാദ് | 72 |
| 14. | ഗാന്ധിജി | 73 |
| 15. | സർദാർ പട്ടേൽ | 75 |
| 16. | പണ്ഡിററ് നെഹ്റു | 79 |
| 17. | വാൽപ്പോൾ | 95 |
| 18. | അമേരിക്കൻ വിപ്ലവം | 103 |
| 19. | ജോർജ്ജ് വാഷിംഗ്ടൺ | 105 |
| 20. | റൂസ്സോ | 109 |
| 21. | കാറൽമാർക്സ് | 116 |

| | | |
|---|---|---|
| | | പേജ് |
| 22. | ലെനിൻ | 119 |
| 23. | സൺയാത്സെൻ | 125 |
| 24. | ചൈനയിലെ വിപ്ലവം—1912 | 126 |
| 25. | മാവോ സെ തുങ്ങ് | 129 |
| 26. | മുസ്സോലിനി ഹിതോ | 134 |
| 27. | കെമാൽ പാഷാ | 135 |
| 28. | ഏഷ്യയിലെ നവോത്ഥാനം | 136 |
| 29. | ആഫ്രിക്കയിലെ നവോത്ഥാനം | 140 |
| 30. | ക്വാമി നക്രുമ | 143 |
| 31. | ബാൾട്ടിക് രാഷ്ട്രങ്ങൾ | 145 |
| 32. | സൗരയൂഥം | 159 |
| 33. | മേഖലകൾ | 165 |
| 34. | പ്രാകൃതിക വിഭാഗങ്ങൾ | 169 |

# സാമ്രാജ്യ പാഠങ്ങൾ

## അദ്ധ്യായം 1

## പാശ്ചാത്യരുടെ ആഗമനം

### 1. പുരാതന പാശ്ചാത്യ പൗരസ്ത്യ സമ്പർക്കം

പാശ്ചാത്യ പൗരസ്ത്യ ദേശങ്ങൾ തമ്മിൽ പുരാതനകാലം മുതൽ പല പ്രകാരത്തിലും ഉററ സമ്പർക്കം പുലർത്തിപ്പോന്നു. പ്രാചീന ഭാരതവും ഗ്രീസ്, റോം, ഈജിപ്ത്, ബാബിലോണിയ തുടങ്ങിയ രാജ്യങ്ങളും തമ്മിൽ സുദൃഢമായ വാണിജ്യബന്ധം നിലനിന്നിരുന്നു. ഏലം, കുരുമുളക്, സുഗന്ധ ദ്രവ്യങ്ങൾ, ഔഷധങ്ങൾ, മുത്ത്, മസ്ലിൻ, പട്ട് എന്നിങ്ങനെ പല സാധനങ്ങളും അക്കാലത്ത് ഇവിടെനിന്ന് യൂറോപ്പിലേയ്ക്ക് കൊണ്ടുപോകുന്നുണ്ടായിരുന്നു. കരമാർഗ്ഗമായി അഫ്ഗാനിസ്ഥാൻ, പേർഷ്യ എന്നീ രാജ്യങ്ങളിൽക്കൂടിയും ജലമാർഗ്ഗമായി ചെങ്കടലിൽക്കൂടിയും വാണിജ്യ സാധനങ്ങൾ ഏഷ്യാമൈനറിൽ എത്തിക്കുകയും അവിടെനിന്ന് മെഡിററേനിയൻ കടൽ വഴി അവയെ യൂറോപ്യൻ രാജ്യങ്ങളിലേക്കു കൊണ്ടുപോകുകയുമായിരുന്നു അന്നത്തെ പതിവ്. എന്നാൽ കാലാന്തരത്തിൽ ഈ വാണിജ്യ ബന്ധത്തിന് സാരമായ ഉടവുതട്ടി. ഏ. ഡി. ഏഴാം ശതകത്തിൽ മുഹമ്മദീയർ അലക്സാണ്ഡ്രിയാ കൈവശപ്പെടുത്തിയതിനാൽ ചെങ്കടൽവഴിയുള്ള അതി

പ്രധാനമായ ഒരു വാണിജ്യമാർഗ്ഗം അടഞ്ഞുപോയി. ക്രമേണ ഈ വ്യാപാരം അറബികളുടെ കൈവശമായിത്തീരുന്നതിനിടയായി. ഇതിനും പുറമെ പതിനഞ്ചാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ മെഡിറററേനിയൻ കടലിന്നു ചുററുമുള്ള രാജ്യങ്ങൾ പലതും തുർക്കികളുടെ അധീനതയിലായപ്പോൾ, അവിടെക്കൂടിയുള്ള പാശ്ചാത്യരുടെ കച്ചവടയാത്ര അസാദ്ധ്യമായിത്തന്നെ പരിണമിച്ചു.

## 2. നൂതനമാർഗ്ഗാന്വേഷണം

ഇൻഡ്യൻ വിഭവങ്ങൾ യൂറോപ്യന്മാർക്ക് അനുപേക്ഷണീയങ്ങളായിരുന്നതിനാൽ ഇൻഡ്യയുമായി നേരിട്ട് വാണിജ്യബന്ധം സ്ഥാപിക്കുവാനും അതിലേക്കു നൂതന വാണിജ്യമാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനും അവർ ഉദ്യമിച്ചു. പൊതുവെ സമുദ്രയാത്രയിൽ പ്രിയമുള്ളവരായ യൂറോപ്യൻ രാജ്യക്കാർ കടൽവഴി ഇൻഡ്യയിലെത്തുവാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നു് ആരാഞ്ഞു തുടങ്ങി. സ്പെയിൻ, പോർട്ടുഗൽ എന്നീ രാജ്യങ്ങളാണ് ഈ സംരംഭത്തിൽ മുൻകൈ എടുത്തതു്. ഇററലിക്കാരനായ ക്രിസ്റ്റഫർ കൊളംബസ്സ് നേരെ പടിഞ്ഞാറോട്ട് കപ്പലോടിച്ച് 1492-ൽ അമേരിക്കൻ തീരങ്ങളിലെത്തിയതു് നിങ്ങൾ കേട്ടിട്ടുള്ളതാണല്ലോ. പോർട്ടുഗൽ സ്വദേശിയായ വാസ്കോഡിഗാമ എന്ന സുപ്രസിദ്ധ നാവികൻ ആഫ്രിക്കൻ ഭൂഖണ്ഡം ചുററി ഇൻഡ്യൻ മഹാസമുദ്രവും തരണം ചെയ്തു് 1498-ൽ കോഴിക്കോട്ടുള്ള പന്തലായനിയിലെത്തി. അന്നു് കോഴിക്കോട്ട് ഭരിച്ചിരുന്ന സാമൂതിരി, ഗാമയെ സസന്തോഷം

സ്വീകരിച്ചു. പോർട്ടുഗീസുകാരുമായി നേരിട്ട് വാണിജ്യബന്ധത്തിലേർപ്പെടുവാൻ സാമൂതിരി സമ്മതിക്കുകയും ചെയ്തു. ഇങ്ങനെ പാശ്ചാത്യദേശക്കാർ ആദ്യമായി ഇൻഡ്യയിൽ കാലൂന്നി.

## 3. പോർട്ടുഗീസുകാർ

പോർട്ടുഗീസുകാരും സാമൂതിരിയും തമ്മിലുണ്ടായ മൈത്രി അറബികൾക്ക് അശേഷം രസിച്ചില്ല. അവർ കപടതന്ത്രങ്ങൾ പ്രയോഗിച്ചും ദുഷ്പ്രവാദങ്ങൾ പരത്തിയും സാമൂതിരിയെ പോർട്ടുഗീസുകാരുടെ ശത്രുവാക്കിത്തീർത്തു. ഇതിൽ കുപിതരായിത്തീർന്ന പോർട്ടുഗീസുകാർ കൊച്ചി രാജാവിന്റെ മൈത്രി സമ്പാദിച്ചു, കൊച്ചിയിൽ ഒരു വാണിജ്യസങ്കേതം സ്ഥാപിച്ചു. ക്രമേണ അവർ കൊല്ലം, കൊടുങ്ങല്ലൂർ മുതലായ വ്യാപാരകേന്ദ്രങ്ങൾ കൈവശമാക്കി അവിടങ്ങളിൽനിന്നെല്ലാം അറബികളെ ബഹിഷ്കരിച്ചു.

### അൽബുക്കർക്ക്

1508-ൽ പോർട്ടുഗീസ് ഗവർണ്ണറായി അൽഫോൺസോ ഡി അൽബുക്കർക്ക് ഇൻഡ്യയിലെത്തി. ഇൻഡ്യയിലൊരു പോർട്ടുഗീസ സാമ്രാജ്യം സ്ഥാപിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. വാണിജ്യസങ്കേതങ്ങളിൽ കോട്ടകൾ ഉറപ്പിക്കുക, സൈന്യങ്ങളെ സജ്ജീകരിക്കുക, ഇൻഡ്യയിലെ രാജാക്കന്മാർ തമ്മിലുള്ള മത്സരത്തിൽ നയപരമായി ഇടപെട്ടും കലഹങ്ങൾ വർദ്ധിപ്പിച്ചും സ്വാന്തം കാര്യങ്ങൾ നേടുക, കൂടുതൽ കൂടുതൽ സ്ഥലങ്ങൾ കൈ

വശമാക്കുക മുതലായ പ്രവൎത്തനങ്ങളിൽ അദ്ദേഹം ബദ്ധശ്രദ്ധനായി. ബീജപുരം രാജാവിൻെറ വക ഗോവാതുറമുഖം 1510-ൽ അദ്ദേഹം കൈവശമാക്കി ഇൻഡ്യയിലെ പോൎട്ടുഗീസ് ഗവൎമ്മെണ്ടു് ആസ്ഥാനം അവിടെ സ്ഥാപിച്ചു. അടുത്തകൊല്ലം മലാക്കാതുറമുഖം കൈവശമാക്കിയതിനും പുറമേ ജാവാ തുടങ്ങിയ ദ്വീപുകളുമായി വാണിജ്യബന്ധം സ്ഥാപിക്കുകയും ചെയ്തു. പേൎഷ്യൻ ഉൾക്കടലിലുള്ള ഓർമസ് എന്ന സ്ഥലവും അദ്ദേഹത്തിനധീനമായി. പോൎട്ടുഗീസ്സാധിപത്യം ഇൻഡ്യയിലുറപ്പിച്ചതു് അൽബുക്കർക്കായിരുന്നു എന്നു നിസ്സംശയം പറയാം. ഹിന്ദുക്കളോടുള്ള അദ്ദേഹത്തിൻെറ പെരുമാററം സ്നേഹപൂൎണ്ണമായിരുന്നെങ്കിലും മുസ്ലീങ്ങളെ അദ്ദേഹം പല വിധത്തിൽ ഉപദ്രവിക്കുകയുണ്ടായി.

അൽബുക്കർക്കിൻെറ പിൻഗാമികളും അദ്ദേഹത്തിൻെറ നയംതന്നെ ഏറെക്കുറെ തുടരുകയാണു ണ്ടായതു്. പതിനാറാം നൂററാണ്ടു മുഴുവൻ ഇൻഡ്യയിലെ വാണിജ്യാധിപത്യം പോൎട്ടുഗീസുകാൎക്കുതന്നെ ആയിരുന്നു ഇൻഡ്യയിൽ മാത്രമല്ല, സിലോൺ, പൂൎവ്വേൻഡ്യൻ ദ്വീപസമൂഹങ്ങൾ മുതലായ വിദൂര പൂൎവ്വദേശത്തും പോൎട്ടുഗീസ്സാധിപത്യം അന്നു നില വിലുണ്ടായിരുന്നു.

## പോൎട്ടുഗീസ് ശക്തിയുടെ അധഃപതനം

പതിനേഴാം ശതാബ്ദത്തിൻെറ ആരംഭത്തോടുകൂടി ഇൻഡ്യയിൽ പോൎട്ടുഗീസ്സാധിപത്യം ക്ഷയിക്കുവാൻ തുടങ്ങി. വിദൂരപൂൎവ്വദേശത്തു് ഒരു സാമ്രാജ്യം സ്ഥാപിക്കുക എന്നതു് താരതമ്യേന ഒരു

ചെറിയ രാജ്യമായ പോർട്ടുഗലിൻെറ കഴിവിനു് അതീതമായിരുന്നു. ഇതിനും പുറമേ ഇൻഡ്യാക്കാരേയും ഇൻഡ്യൻ രാജാക്കന്മാരേയും അവഹേളിക്കുക, ബലാൽക്കാരേണ ആളുകളെ ക്രിസ്തുമതത്തിൽ ചേർക്കുക തുടങ്ങിയ അവരുടെ പ്രവൃത്തികൾ ഇവിടത്തെ നാട്ടുകാരുടെയിടയിൽ വലിയ അമർഷമുളവാക്കി. മുഗൾ ചക്രവർത്തിയും മഹാരാഷ്ട്രരും അവരുടെ ബദ്ധശത്രുക്കളായിത്തീർന്നു. പതിനേഴാം നൂററാണ്ടിൻെറ ആരംഭത്തിൽ ഇൻഡ്യയിലെത്തിയ ഡച്ചുകാരും ഇംഗ്ലീഷുകാരും പോർട്ടുഗീസുകാരെ അവരുടെ സങ്കേതങ്ങളിൽനിന്നു നിഷ്കാസനം ചെയ്തു. ഇക്കാരണങ്ങളാൽ ഇവിടത്തെ പോർട്ടുഗീസ്സാധിപത്യം നാമാവശേഷമായി. ഗോവ, ഡ്യൂ, ദാമൻ എന്നീ സ്ഥലങ്ങൾ മാത്രമേ ഇൻഡ്യയിൽ അവക്കു ശേഷിച്ചുള്ളു. അവയും ഇന്ത്യൻ യൂണിയനിൽ ചേരാൻ ഇപ്പോൾ ശ്രമങ്ങൾ നടത്തിവരുന്നു.

## 4. ഡച്ചുകാർ

പൗരസ്ത്യദേശങ്ങളുമായുള്ള വാണിജ്യത്തിൽ പോർട്ടുഗീസുകാക്കു ലഭിച്ച അസൂയാവഹമായ വിജയം ഡച്ചുകാരെ ഇങ്ങോട്ടാകർഷിച്ചു. പൗരസ്ത്യദേശങ്ങളുമായി കച്ചവടം നടത്തുവാൻ 'ഡച്ച് ഈസ്റ്റ് ഇൻഡ്യാ കമ്പനി' എന്ന പേരിൽ 1602-ൽ ഹോളണ്ടിൽ ഒരു വത്തക സംഘം സ്ഥാപിതമായി. പോർട്ടുഗീസുകാരുടെ ആധിപത്യം പിടിച്ചെടുക്കുവാനായിരുന്നു അവർ ആദ്യമായി ശ്രമിച്ചതു്. ഇൻഡ്യയുടെ പൂവ്വപശ്ചിമ തീരങ്ങളിലും ജാവാ, സിലോൺ മുതലായ ദ്വീപുകളിലും അവർ വാണിജ്യസങ്കേതങ്ങൾ സ്ഥാപിച്ചു. സൂററു്, നാഗപട്ടണം, ചിൻസുറ എന്നീ സ്ഥല

ങ്ങളായിരുന്നു ഇൻഡ്യയിൽ അവരുടെ പ്രധാന വാണിജ്യകേന്ദ്രങ്ങൾ.

പോർട്ടുഗീസുകാരെ പരാജയപ്പെടുത്തി കൈവശമാക്കിയ ഡച്ച് വാണിജ്യാധിപത്യം ഇൻഡ്യയിൽ അധികനാൾ നിലനിന്നില്ല. ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും ഡച്ചുകാരുടെ എതിരാളികളായി പ്രത്യക്ഷപ്പെട്ടതോടുകൂടി ഡച്ചുശക്തി അധഃപതിച്ചു. പതിനെട്ടാംനൂററാണ്ടിൻെറ ആരംഭത്തോടുകൂടി ഡച്ചുസങ്കേതങ്ങൾ ഒന്നൊന്നായി അന്യാധീനമാകുവാൻ തുടങ്ങി. അവസാനം ഇൻഡ്യയിൽ ഒരു സ്ഥലംപോലുമില്ലാതെ പൂർവ്വേൻഡ്യൻ ദ്വീപുകളിലേക്ക് അവർ പിന്മാറേണ്ടിവന്നു. അവിടെ അവർ പ്രബലന്മാരായിത്തീരുകയും ചെയ്തു.

## 5. ഇംഗ്ലീഷുകാർ

ഇൻഡ്യയുമായി കച്ചവടം നടത്തുവാൻ പല വാണിജ്യസംഘങ്ങൾ പതിനാറാം നൂററാണ്ടിൻെറ അവസാനത്തിൽ ഇംഗ്ലണ്ടിൽ സ്ഥാപിക്കുകയുണ്ടായി. എന്നാൽ ഏതാനും ലണ്ടൻ കച്ചവടക്കാർ ക്വീൻ എലിസബത്ത് രാജ്ഞിയുടെ അനുവാദത്തോടും അംഗീകാരത്തോടും കൂടി 1600-ൽ രജിസ്റ്റർ ചെയ്ത 'ഈസ്റ്റ് ഇൻഡ്യാ കമ്പനി' മാത്രമേ ഇക്കാര്യത്തിൽ വിജയിച്ചുള്ളു. കാലക്രമേണ ആ കമ്പനിയുടെ പ്രവർത്തനം വിപുലമാകുകയും അവർക്കു വമ്പിച്ച ലാഭം അതിൽനിന്നു ലഭിക്കുകയും ചെയ്തു. ഇൻഡ്യൻ വാണിജ്യവിഷയത്തിൽ എതിരാളികളായിരുന്ന പോർട്ടുഗീസുകാരേയും ഡച്ചുകാരേയും അവർ പരാജയപ്പെടുത്തി. എലിസബത്ത് രാജ്ഞിയുടെ പിൻഗാമി

യായ ജെയിംസ് ഒന്നാമൻെറ അപേക്ഷ അനുസരിച്ച് അന്നത്തെ മുഗൾ ചക്രവത്തിയായിരുന്ന ജഹാംഗീർ 1613-ൽ സൂററിൽ വാണിജ്യസങ്കേതം സ്ഥാപിക്കുന്നതിന് കമ്പനിക്ക് അനുമതി നൽകി. അതിനു ശേഷം ജെയിംസിൻെറ പ്രതിനിധിയായ സർ തോമസ് റോ ചക്രവത്തിയെ സന്ദർശിച്ചതിൻെറ ഫലമായി കമ്പനിക്കു വാണിജ്യസംബന്ധമായ പല ആനുകൂല്യങ്ങൾ ലഭിച്ചു. അതിനെത്തുടൎന്ന് അഹമ്മദബാദ്, ആഗ്രാ, ആജ്മീർ എന്നീ സ്ഥലങ്ങളിലും അവർ പണ്ടകശാലകൾ സ്ഥാപിച്ചു. 1639-ൽ ഫ്രാൻസിസ് ഡേ എന്ന ഇംഗ്ലീഷുകാരൻ ചന്ദ്രഗിരി രാജാവിനോട് ചെന്നപട്ടണം എന്ന സ്ഥലം വിലയ്ക്കു വാങ്ങി അവിടെ ഒരു പണ്ടകശാല കെട്ടുകയും ഫോർട്ട് സെൻറ് ജോർജ്ജ് എന്ന പേരിൽ ഒരു കോട്ട ഉറപ്പിക്കുകയും ചെയ്തു. ക്രമേണ അവിടെ വളൎന്ന പ്രസിദ്ധമായിത്തീൎന്ന പട്ടണമാണ് മദ്രാസ്. അധികം താമസിയാതെ കുടലൂർ എന്ന സ്ഥലത്ത് ഫോർട്ട് സെൻറ് ഡേവിഡ് എന്ന പേരിൽ മറെറാരു കോട്ടയും അവർ നിൎമ്മിച്ചു. ഇംഗ്ലണ്ടിലെ രാജാവായ ചാൾസ് രണ്ടാമൻ ഒരു പോർട്ടുഗീസു രാജകുമാരിയെ വിവാഹം ചെയ്തതിനു സ്ത്രീധനമായി ലഭിച്ച ബോംബെ പ്രതിവർഷം പത്തു പവൻ പാട്ടത്തിന് അദ്ദേഹം കമ്പനിക്ക് 1667-ൽ വിട്ടുകൊടുത്തു. ജോബ്കാർണക്ക് എന്നൊരു ഇംഗ്ലീഷുകാരൻ 1690-ൽ ബംഗാളിലുള്ള കാളിഘട്ടം എന്ന കാടു പിടിച്ച ചതുപ്പുനിലപ്രദേശം നികത്തി വെട്ടപ്പാക്കി ഒരു വാണിജ്യസങ്കേതം സ്ഥാപിച്ച് ഫോർട്ട് വില്യം എന്ന പേരിൽ ഒരു കോട്ടയും ഉറപ്പിച്ചു. അവിടെ വളൎന്ന വലുതായ। അഭിവൃദ്ധി പ്രാപിച്ച പട്ടണമാണ്

കല്ക്കട്ട. മദ്രാസ്, ബോംബെ, കല്ക്കട്ട തുടങ്ങിയ സുപ്രധാന കേന്ദ്രങ്ങളിൽനിന്നു സുശക്തമായും നയതന്ത്രപരമായും പ്രവർത്തിച്ചതിൻെറ ഫലമായി കമ്പനി ക്രമേണ പ്രാബല്യത്തിലേക്കുയന്നു.

## 6. ഫ്രഞ്ചുകാർ

വാണിജ്യത്തിനായി ഒടുവിൽ ഇൻഡ്യയിലെത്തിയ യൂറോപ്യന്മാർ ഫ്രഞ്ചുകാരായിരുന്നു. 1644-ൽ ആണ് ഫ്രഞ്ച്കമ്പനി പ്രവർത്തനമാരംഭിച്ചതു്. അതിസമർത്ഥനായ ഫ്രാൻസിസ് മാർട്ടിൻ ആയിരുന്നു ഫ്രഞ്ചുകമ്പനിയുടെ ഒന്നാമത്തെ ഗവർണ്ണർ. പാണ്ടിച്ചേരി മുതലായ സ്ഥലങ്ങൾ അദ്ദേഹം ബിജപ്പൂർ സുൽത്താനോടു വിലക്കു വാങ്ങി. 1674-ൽ ഫ്രഞ്ചുകാരുടെ ഇൻഡ്യൻ തലസ്ഥാനം പാണ്ടിച്ചേരിയിൽ സ്ഥാപിക്കുകയും ചെയ്തു. ചന്ദ്രനഗരം, മാഹി, കാരിക്കൽ, യാനം മുതലായ സ്ഥലങ്ങളും ക്രമേണ ഫ്രഞ്ചുകാരുടെ വാണിജ്യ കേന്ദ്രങ്ങളായിത്തീർന്നു. പതിനേഴാം നൂററാണ്ടിൻെറ അന്ത്യഘട്ടമായപ്പോഴേക്കു് ഇൻഡ്യയിൽ പോർട്ടുഗീസ് ഡച്ചു ശക്തികളുടെ ആധിപത്യം ശിഥിലമായിത്തീർന്നിരുന്നു. തന്മൂലം ഇവിടത്തെ വാണിജ്യാധിപത്യത്തിനുവേണ്ടിയുള്ള മത്സരം ഇംഗ്ലീഷ് ഫ്രഞ്ചു് കമ്പനികൾ തമ്മിലായി.

## 7. ആംഗ്ലോ-ഫ്രഞ്ചു മത്സരം—ഇംഗ്ലീഷ് ആധിപത്യസ്ഥാപനം

പതിനെട്ടാം നൂററാണ്ടിൻെറ മദ്ധ്യഘട്ടത്തിൽ രാഷ്ട്രീയവും വാണിജ്യപരവുമായ കാരണങ്ങളെ

ആസ്പദമാക്കി ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും അമേരിക്കയിലും യൂറോപ്പിലും പരസ്പരം മത്സരിച്ചു കഴിയുകയായിരുന്നു. സാമ്രാജ്യസ്ഥാപനത്തിനും വാണിജ്യാധിപത്യത്തിനുംവേണ്ടി ഇരുകൂട്ടരും ഇൻഡ്യയിലും നിരന്തരശ്രമം നടത്തിവന്നു. തെക്കേ ഇൻഡ്യയിലെ നാട്ടുരാജാക്കന്മാരുടെ കലഹങ്ങളിൽ ഇടപെട്ട് 'കർണ്ണാടകയുദ്ധങ്ങൾ' എന്നറിയപ്പെട്ട മൂന്നു യുദ്ധങ്ങളിൽ അവർ ഭാഗഭാക്കുകളായി.

## (*i*) ഒന്നാം കർണ്ണാടകയുദ്ധം (1746—1748)

18-ാം ശതകത്തിന്റെ മദ്ധ്യമായപ്പോൾ യൂറോപ്പിൽ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും വിപരീതകക്ഷികളിൽ ചേർന്നുള്ള ഒരു യുദ്ധം ആരംഭിച്ചു. ഇൻഡ്യയിൽ രണ്ടു കമ്പനിക്കാരും തമ്മിൽ മത്സരവും വൈരാഗ്യവും വർദ്ധിച്ചിരുന്ന കാലമായതുകൊണ്ടു് ഇവിടെയും അവർ യുദ്ധത്തിനൊരുങ്ങി. തുടർന്നു് കർണ്ണാററിക്കിലെ നവാബിന്റെ അനുമതിയോടുകൂടി ലാബൂർദിനേ എന്ന ഫ്രഞ്ചു് സേനാനായകൻ മദ്രാസ് ആക്രമിച്ചു കീഴടക്കി. നവാബിനു് മദ്രാസ് വിട്ടുകൊടുക്കാമെന്നു് ഫ്രഞ്ചുകാർ സമ്മതിച്ചിരുന്നുവെങ്കിലും ഫ്രഞ്ചു് ഗവർണ്ണരായ ഡ്യൂപ്ലെ അപ്പോൾ അതിനു് സന്നദ്ധനായില്ല. ക്രുദ്ധനായ നവാബ് ഒരു വമ്പിച്ച സൈന്യത്തെ ഫ്രഞ്ചുകാരുടെ നേർക്കയച്ചു. സാൻതോം (മൈലാപ്പൂർ) എന്ന സ്ഥലത്തുവച്ചു് 1746-ൽ നടന്ന യുദ്ധത്തിൽ നവാബിന്റെ സൈന്യം നിശ്ശേഷം തോല്പിക്കപ്പെട്ടു. 1748-ൽ യൂറോപ്പിൽ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ സന്ധിചെയ്തതിനെ തുടർന്നു് ഇൻഡ്യയിലും യുദ്ധം അവസാനിച്ചു.

അപ്പോൾ ഇംഗ്ലീഷുകാൎക്ക് മദ്രാസ് തിരിച്ചു നൽകുന്നതിന് ഫ്രഞ്ചുകാർ നിർബന്ധിതരായി.

## (*ii*) രണ്ടാം കർണ്ണാടകയുദ്ധം (1749—1754)

ഒരു കൊല്ലത്തെ നാമമാത്രമായ സമാധാനത്തിനുശേഷം ഇംഗ്ലീഷ്, ഫ്രഞ്ച് കമ്പനിക്കാർ വീണ്ടും ബലപരീക്ഷയ്ക്കു മുതിൎന്നു. 1748-ൽ ഹൈദരബാദിലെ നൈസാം മരിച്ചപ്പോൾ പുത്രനായ നാസിർ ജംഗും പൌത്രനായ മുസഫർജംഗും തമ്മിൽ സിംഹാസനത്തിനുവേണ്ടി തൎക്കമുണ്ടായി. അതേ സമയം കൎണ്ണാററിക്ക് നവാബായ അൻവർ ഉദീനെ സ്ഥാനഭ്രഷ്ടനാക്കാൻ ചന്ദാസാഹിബ്ബ് എന്നൊരാൾ ഒരുമ്പെട്ടു. ഹൈദരബാദിൽ മുസഫർജംഗിനേയും കൎണ്ണാററിക്കിൽ ചന്ദാസാഹിബ്ബിനേയും സഹായിക്കുവാൻ ഡ്യൂപ്ലെ ഇടപെട്ടു. അവരുടെ സങ്കലിതസൈന്യം അൻവർ ഉദീനെയും നാസിർ ജംഗിനേയും തോല്പിച്ചു വധിച്ചു. മുസഫർജംഗ് ഹൈദരബാദ് നൈസാമായും ചന്ദാസാഹിബ്ബ് കൎണ്ണാററിക്കിലെ നവാബായും സിംഹാസനസ്ഥരായി. താമസിയാതെ മുസഫർ ജംഗും വധിക്കപ്പെട്ടു. ഉടനെ നൈസാമിൻെറ ഒരു പുത്രനായ സലബത് ജംഗിനെ ഫ്രഞ്ചുകാർ ഹൈദരബാദിലെ നൈസാമാക്കി. വടക്കെസർക്കാഴ്സ് എന്ന ഫലപുഷ്ടമായ പ്രദേശം പുതിയ നൈസാം ഫ്രഞ്ചുകാൎക്ക് നൽകി. ഇതിൻെറ എല്ലാം ഫലമായി ഫ്രഞ്ചു പ്രാബല്യം ഇൻഡ്യയിൽ അത്യുച്ചനിലയിലെത്തി.

അൻവർ ഉദീൻെറ പുത്രൻ മുഹമ്മദലി ഇക്കാലത്തു തൃശ്ശിനാപ്പള്ളിക്കോട്ടയിൽ അഭയംപ്രാപിച്ചി

രിക്കുകയായിരുന്നു. ചന്ദാസാഹിബ്ബ് ഒരു ഫ്രഞ്ചു സേനയോടൊത്തു കോട്ട വളഞ്ഞു. ഈ സമയത്തു് ക്ലൈവ് എന്ന ഇംഗ്ലീഷുയോദ്ധാവിൻെറ നേതൃത്വത്തിൽ ഒരു ചെറിയ സേന ചന്ദാസാഹിബിൻെറ തലസ്ഥാനമായ ആർക്കാട്ട് ആക്രമിച്ചു പിടിച്ചു (1751). തൃശ്ശിനാപ്പള്ളിയിൽനിന്നു ആർക്കാട്ടെത്തിയ ചന്ദാസാഹിബ്ബിനേയും ഫ്രഞ്ചുകാരേയും നിശ്ശേഷം തോല്പിച്ചിട്ട് ഇംഗ്ലീഷുകാർ മുഹമ്മദലിയെ ആർക്കാട്ടിലെ നവാബായി വാഴിച്ചു. കർണ്ണാററിക്കിലെ ഫ്രഞ്ചുശക്തിക്കു് ഇതുമൂലം വലിയ ഉടവുതട്ടി.

1754-ൽ പാണ്ടിച്ചേരിയിൽവച്ചു് ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ ഒരു സമാധാന ഉടമ്പടി ഒപ്പുവച്ചു. പിടിച്ചെടുത്ത സ്ഥലങ്ങൾ പരസ്പരം വിട്ടുകൊടുക്കുന്നതിനും നാട്ടുരാജാക്കന്മാരുടെ കലഹങ്ങളിൽ ഇടപെടാതെയിരിക്കുന്നതിനും ഇരുകൂട്ടരും തീരുമാനിച്ചു. രണ്ടാം കർണ്ണാടകയുദ്ധത്തിൻെറ ഫലമായി ഡക്കാണിൽ ഫ്രഞ്ചുകാർക്കും കർണ്ണാററിക്കിൽ ഇംഗ്ലീഷുകാർക്കും ആധിപത്യം ലഭിച്ചു. ഇംഗ്ലീഷുകാരുടെ പ്രശസ്തിയും പ്രാബല്യവും വർദ്ധിക്കുകയും ചെയ്തു.

### (*iii*) മൂന്നാം കർണ്ണാടകയുദ്ധം (1756—1763)

യൂറോപ്പിൽ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ വീണ്ടും യുദ്ധമാരംഭിച്ചപ്പോൾ ഇൻഡ്യയിലും ഇരുകൂട്ടരും യുദ്ധസന്നദ്ധരായി. അന്നത്തെ ഫ്രഞ്ചുഗവർണ്ണരായ കൗണ്ടുലാലി ഉടനെ മദ്രാസ് ആക്രമിക്കുവാനായി തിരിച്ചു. തന്നെ സഹായിക്കുവാൻ ഉത്തര സർക്കാഴ്സിൽനിന്നു സൈന്യസമേതം മദ്രാസിലേക്കു

വരുവാൻ അവിടത്തെ സൈന്യാധിപനായ ബുസ്സിക്ക് അദ്ദേഹം ആജ്ഞയും കൊടുത്തു. ഇതിനകം ചന്ദ്ര നഗരം ഇംഗ്ലീഷുകാർ കൈവശപ്പെടുത്തിയിരുന്നു. ബുസ്സി ഹൈദരാബാദിൽനിന്നു മാറിയ വിവരം അറിഞ്ഞ ഉടൻ ബംഗാൾ ഗവർണ്ണരായ ക്ലൈവ് ഒരു ഇംഗ്ലീഷ് സൈന്യത്തെ ഉത്തരസർക്കാർസിലേക്കു യച്ചു, ആ പ്രദേശം നിഷ്പ്രയാസം കൈവശമാക്കി. തുടന്ന് നൈസാം സലബററ്ജംഗ് ഇംഗ്ലീഷുപക്ഷത്തു് ചേരുകയും ചെയ്തു. ഇങ്ങനെ ഹൈദരാബാദിലും ഫ്രഞ്ചുശക്തിക്കു ഉടവുതട്ടി.

ലാലിയുടെ മദ്രാസ് നിരോധനവും പരാജയപ്പെട്ടു. വാണ്ടിവാഷ് എന്ന സ്ഥലത്തുവച്ചു് 1760-ൽ ഇംഗ്ലീഷുകാർ ഫ്രഞ്ചുസൈന്യത്തെ നിശ്ശേഷം തോൽപ്പിച്ചു. തുടന്ന് ഇംഗ്ലീഷ് സൈന്യം പാണ്ടിച്ചേരി കൈവശമാക്കി. ലാലി ഇംഗ്ലീഷുകാർക്കു കീഴടങ്ങുകയും ചെയ്തു.

1763-ൽ പാരീസ്സിൽവച്ചുചെയ്ത സന്ധിമൂലം യൂറോപ്പിൽ യുദ്ധം അവസാനിച്ചപ്പോൾ ചന്ദ്രനഗരവും പാണ്ടിച്ചേരിയും ഫ്രഞ്ചുകാർക്കു തിരിച്ചു കിട്ടി. എങ്കിലും ഇൻഡ്യയിൽ സാമ്രാജ്യസ്ഥാപനത്തിനുള്ള ഫ്രഞ്ചുകാരുടെ മോഹം അതോടെ ശിഥിലമായി. പാണ്ടിച്ചേരി, മാഹി, കാരിക്കൽ, ചന്ദ്രനഗരം എന്നീ പ്രദേശങ്ങൾമാത്രം ഫ്രഞ്ചുകാരുടെ വകയായി അവശേഷിച്ചു. ഇപ്പോൾ അവ ഇൻഡ്യൻ യൂണിയനിൽ ലയിച്ചുകഴിഞ്ഞു.

## 8. ബ്രിട്ടീഷ് ശക്തിയുടെ വളർച്ച

ദക്ഷിണഇൻഡ്യയിൽ ആധിപത്യം സ്ഥാപിച്ച കാലഘട്ടത്തിൽ തന്നെ ബംഗാളിലും ഇംഗ്ലീഷുകാർ പ്രാബല്യത്തിലേക്കുയൎന്നു. ഇംഗ്ലീഷുകാരുടെ മിത്രമായി വൎത്തിച്ചിരുന്ന ബംഗാൾ നവാബ് ആലിവർദി ഖാൻെറ മരണശേഷം പൗത്രനായ സുരാജ് ഉദ്ദൗള നവാബായി. അദ്ദേഹത്തിന് ഇംഗ്ലീഷുകാരോട് വെറുപ്പായിരുന്നു. സുരാജിൻെറ കല്പനകളെ അവഗണിച്ച് ഇംഗ്ലീഷുകാർ കല്കട്ടയിലുണ്ടായിരുന്ന ഫോർട്ട് വില്യം എന്ന കോട്ട പുതുക്കി. കൂടാതെ നവാബിൻെറ ബദ്ധശത്രുവായ ഒരാളിന് ഇംഗ്ലീഷുകാർ അഭയം നൽകുകയും ചെയ്തു. ഇതിൽ കുപിതനായ നവാബ്, കാസിം ബസാറും, ഫോർട്ടുവില്യവും ആക്രമിച്ചു കീഴടക്കി. ഇംഗ്ലീഷുകാർ നവാബിനോട് യുദ്ധംചെയ്തു ഫോർട്ടുവില്യം വീണ്ടെടുത്തു. തുടൎന്നുണ്ടായ സന്ധി അനുസരിച്ച് ഇംഗ്ലീഷുകാൎക്കു മുമ്പുണ്ടായിരുന്ന വ്യാപാരകേന്ദ്രങ്ങളും അധികാരങ്ങളുമെല്ലാം തിരിച്ചുകൊടുക്കുകയും, നവാബ് അവരെ എതിൎക്കുകയില്ലെന്നു സമ്മതിക്കുകയും ചെയ്തു.

### പ്ലാസിയുദ്ധം (1757)

സന്ധിക്കുശേഷം, നവാബിൻെറ സേനാനായകനായിരുന്ന മിർജാഫറേയും നന്ദകുമാർ തുടങ്ങി ചില പ്രഭുക്കന്മാരെയും വശീകരിച്ചുകൊണ്ടു് സുരാജ് ദൗളയെ സ്ഥാനഭ്രഷ്ടനാക്കുന്നതിനും, മിർജാഫറെ നവാബാക്കുന്നതിനും ഇംഗ്ലീഷുകാർ നിശ്ചയിച്ചു. സന്ധിവ്യവസ്ഥകൾ അനുസരിച്ചു നവാബ് പെരുമാറുന്നില്ലെന്നുള്ള കാരണംപറഞ്ഞുകൊണ്ടു് ക്ലൈവ്

യുദ്ധത്തിനൊരുമ്പെട്ടു. ഭാഗീരഥി നദീതീരത്തുള്ള പ്ലാസി എന്ന സ്ഥലത്തുവച്ച് 1757 ജൂൺ 23-ാംനു ക്ലൈവും നവാബുമായി ഏറ്റുമുട്ടി. വഞ്ചകനായ മിർജാഫർ, നവാബിനെ സഹായിക്കാതെ ഒഴിഞ്ഞു നിന്നതു നിമിത്തം ഇംഗ്ലീഷുകാർക്കു വിജയം ക്ഷിപ്ര സാദ്ധ്യമായിരുന്നു. സുരാജ് സകലതും ഉപേക്ഷിച്ച് ഓടി ഒളിച്ചുവെങ്കിലും അവസാനം ശത്രുക്കൾ അദ്ദേഹത്തെ പിടികൂടി വധിച്ചു. പ്ലാസിയുദ്ധത്തിന്റെ ഫലമായി ഇംഗ്ലീഷുകാർ ബംഗാളിൽ സർവ്വാധിപതികളായിത്തീർന്നു. ഈ വിജയമാണ് ഇൻഡയിൽ ബ്രിട്ടീഷ് സാമ്രാജ്യസ്ഥാപനത്തിനു് അസ്ഥിവാരമിട്ടതു്.

## പ്ലാസിയുദ്ധത്തിനുശേഷം

ഇംഗ്ലീഷുകാർ മിർജാഫറെ ബംഗാൾ നവാബാക്കി. പ്രതിഫലമായി ക്ലൈവിന് ഇരുപത്തിനാലു് പർഗാനാസ് എന്ന ഗ്രാമങ്ങളിലെ നികുതി പിരിച്ചെടുക്കുന്നതിനുള്ള അവകാശവും, കമ്പനിക്കും കമ്പനി ഉദ്യോഗസ്ഥന്മാർക്കും വിലയേറിയ പല സംഭാവനകളും നവാബു നൽകി. ക്ലൈവിന്റെ സേവനങ്ങളെ പരിഗണിച്ച് കമ്പനിക്കാർ അദ്ദേഹത്തെ ബംഗാൾഗവർണ്ണരായി നിയമിച്ചു. താമസിയാതെ ക്ലൈവ് ഡച്ചുകാരുടെ വ്യാപാരകേന്ദ്രമായ ചിൻസുറാ പിടിച്ചെടുത്തു. ഇങ്ങനെ ഫ്രഞ്ച്, ഡച്ച് ശക്തികളെ അധഃപതിപ്പിച്ച് ഇംഗ്ലീഷാധിപത്യം ബംഗാളിൽ ഉറപ്പിച്ചശേഷം 1760-ൽ ക്ലൈവ് ഇംഗ്ലണ്ടിലേക്കു പോയി.

## മിർകാസിമും ഇംഗ്ലീഷുകാരും

മിർജാഫറിന്, കമ്പനിക്കു കൊടുക്കുവാനുണ്ടായിരുന്ന പണം കൊടുക്കുന്നതിനു കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ജാമാതാവായ മിർകാസിം ഒരു വമ്പിച്ച തുക കമ്പനിക്കു നൽകാമെന്ന് വാഗ്ദത്തം ചെയ്തതനുസരിച്ച് ഇംഗ്ലീഷുകാർ മിർജാഫറെ സ്ഥാനഭ്രഷ്ടനാക്കി മിർകാസിമിനെ നവാബായി വാഴിച്ചു. ഉദാരമായ സംഭാവനകൾ കമ്പനി ഉദ്യോഗസ്ഥന്മാർക്കു നൽകിയതിനുപുറമെ ബർഡ്വാൻ, ചിററഗോംഗ്, മിഡ്നാപ്പൂർ എന്നീ ഡിസ്റ്റ്രിക്ടുകൾ അദ്ദേഹം കമ്പനിക്കു വിട്ടുകൊടുക്കുകയും ചെയ്തു. എന്നാൽ സ്വാതന്ത്ര്യപ്രിയനും സമർത്ഥനുമായ മിർകാസിം ഇംഗ്ലീഷുകാരുടെ ഹിതാനുസരണം ഭരണം നടത്തുന്നതിനു സന്നദ്ധനായില്ല. സ്വകാര്യക്കച്ചവടം നടത്തിവന്ന കമ്പനി ഉദ്യോഗസ്ഥന്മാരെ തീരുവ കൊടുക്കുന്നതിൽനിന്ന് ഒഴിവാക്കണമെന്ന് അവർ ആവശ്യപ്പെട്ടതു് നവാബു സമ്മതിച്ചില്ല. തീരുവ കൊടുക്കാതെ തന്നെ കച്ചവടം നടത്തുന്നതിന് അവർ ഉദ്യമിച്ചതിൽ കുപിതനായിത്തീന്ന മിർകാസിം ഇൻഡ്യൻ വ്യാപാരികളും തീരുവകൊടുക്കേണ്ടതില്ലെന്നു വിധിച്ചു. ഈ മത്സരം യുദ്ധത്തിനു കാരണമായി.

## ബക്സാർയുദ്ധം (1764)

മിർകാസിം പാററ്നാ ആക്രമിച്ച് അവിടെ ഉണ്ടായിരുന്ന ഇംഗ്ലീഷുകാരെയെല്ലാം വധിച്ചശേഷം അയോദ്ധ്യ (ഔഡ്) യിൽ അഭയം പ്രാപിച്ചു. അയോദ്ധ്യാനവാബായ ഷുജാ ഉദ്ദൗള, മുഗൾ ചക്ര

വത്തി ഷാആലം എന്നിവരുമായി യോജിച്ച് ഇംഗ്ലീഷു കാരോടു് യുദ്ധം ചെയ്തു. 1764-ൽ ബക്സാറിൽ വച്ചുണ്ടായ യുദ്ധത്തിൽ സർ ഹെക്ററർ മൺറോ അവരുടെ സങ്കലിതസൈന്യത്തെ നിശ്ശേഷം തോല്പിച്ചു. മീർകാസിം ഉത്തരദിക്കുകളിലേക്ക് ഒളിച്ചോടുകയും അശരണനായി മരണമടയുകയും ചെയ്തു. വൃദ്ധനും ദുർബലനുമായ മീർജാഫറെത്തന്നെ വീണ്ടും ഇംഗ്ലീഷു കാർ നവാബാക്കി വാഴിച്ചു.

പ്ലാസി യുദ്ധത്തിലാരംഭിച്ച പരിവത്തനം ബക്സർ യുദ്ധത്തിലാണ് പൂത്തിയായതു്. കമ്പനി യുടെ ശത്രുസംഹാരവും ബ്രിട്ടീഷ് ഇൻഡ്യൻ സാമ്രാജ്യ സ്ഥാപനവും ഈ യുദ്ധത്തോടുകൂടി ഏറെക്കുറെ സാധിച്ചുകഴിഞ്ഞു. ബംഗാൾ, അയോദ്ധ്യ എന്നീ രാജ്യങ്ങളിലെ ഭരണാധികാരികളും ഇൻഡ്യയിലെ സവ്വാധിപതിയായ മുഗൾചക്രവത്തി പോലും ഇംഗ്ലീഷാധിപത്യം അംഗീകരിക്കേണ്ടിവന്നു. ഇതോടു കൂടി ഇംഗ്ലീഷുകാർ ഇൻഡ്യയിലെ ഏററവും പ്രബല ശക്തിയായിത്തീന്നു.

## 9. ക്ലൈവിൻെറ ബംഗാൾഭരണം

1765-ൽ ക്ലൈവ് വീണ്ടും ബംഗാൾ ഗവണ്ണരായി നിയമിക്കപ്പെട്ടു. രണ്ടുകൊല്ലം അദ്ദേഹം ബംഗാൾ ഗവണ്ണരായി ഭരണം നടത്തി. 1765-ൽ ക്ലൈവ് അല ഹബാദിൽവച്ച് മുഗൾചക്രവത്തി, അയോദ്ധ്യാ നവാബ് എന്നിവരുമായി ഒരുടമ്പടി ചെയ്തു. ബംഗാൾ, ബീഹാർ, ഒറീസ്സാ എന്നീ പ്രവിശ്യകളിലെ നികുതി പിരിക്കാനുള്ള അധികാരം ചക്രവത്തി കമ്പനിക്കു വിട്ടുകൊടുത്തു. പകരം ചക്രവത്തിക്കു

പ്രതിവർഷം 26 ലക്ഷം രൂപാ കപ്പം കൊടുത്തു കൊള്ളാമെന്ന് കമ്പനി സമ്മതിച്ചു.

### ബംഗാളിലെ ദ്വിഭരണം

ബംഗാളിൽ ക്ലൈവ് ഒരു പുതിയ ഭരണസമ്പ്രദായം നടപ്പിലാക്കി. ശത്രുനിരോധനവും കരംപിരിവും കമ്പനിയുടെ കയ്യിലാക്കിക്കൊണ്ട്, നീതിന്യായപരിപാലനം തുടങ്ങിയ ഭരണകാര്യങ്ങൾ നവാബിന്റെ ചുമതലയിലായിരിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. ഈ ഭരണനിർവ്വഹണത്തിനുവേണ്ടി കമ്പനി 53 ലക്ഷം രൂപാ നവാബിനു നൽകണമെന്നും വ്യവസ്ഥ ചെയ്തു. ഇപ്രകാരം ബംഗാൾ ഭരണം പരസ്പരബന്ധമില്ലാത്ത രണ്ടു അധികാരികളുടെ നിയന്ത്രണത്തിലായി. ക്ലൈവ് ഏർപ്പെടുത്തിയ ഈ ദ്വിഭരണം ക്രമേണ ദുർഭരണമായി പരിണമിച്ചു. കഴിയുന്നതനികുതി പിരിക്കുവാൻ മാത്രം കമ്പനി ഉദ്യോഗസ്ഥന്മാർ ശ്രദ്ധിച്ചതുകൊണ്ടു് ജനങ്ങൾക്കു പലവിധത്തിലുള്ള ക്ലേശങ്ങളുണ്ടായി. ന്യായമായ ആവലാതികൾക്കുപോലും പരിഹാരം നൽകുവാൻ നവാബ് അശക്തനുമായി. കൃഷിയും വ്യാപാരവും ക്ഷയിച്ചു. എന്നിട്ടും ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞു് കിട്ടാവുന്നിടത്തോളം സംഖ്യ കൈക്കലാക്കുന്നതിൽ ബ്രിട്ടീഷധികാരികൾ വ്യാപൃതരായിരുന്നു.

### ഒന്നാം മൈസൂർ യുദ്ധം (1766—1769)

മൈസൂർ സുൽത്താനായിരുന്ന ഹൈദർ ആലിയുമായിട്ടായിരുന്നു ഇംഗ്ലീഷുകാരുടെ അടുത്ത സംഘട്ടനം. ഹൈദർ ഇംഗ്ലീഷുകാരുടെ മിത്രമായ കർണ്ണാടിക്ക്



ഹൈദർ ആലി

നവാബിന്റെ രാജ്യമാക്രമിക്കുകയാൽ ഇംഗ്ലീഷുകാർ അദ്ദേഹത്തോട് യുദ്ധം പ്രഖ്യാപിച്ചു. ഹൈദരെ തോല്പിച്ചു മൈസൂരിന്റെ ഒരു ഭാഗം ഇംഗ്ലീഷുകാർ പിടിച്ചെടുത്തു. താമസിയാതെ ഹൈദർ ആ സ്ഥലങ്ങൾ വീണ്ടെടുക്കുകയും കർണ്ണാററിക്കിനെ കൊള്ള ചെയ്തു മദ്രാസുവരെ എത്തുകയും ചെയ്തു. 1769 ലെ മദ്രാസ് സന്ധിമൂലം ഒന്നാം മൈസൂർ യുദ്ധം അവസാനിച്ചു. ഹൈദരും ഇംഗ്ലീഷുകാരും മിത്രങ്ങളായിരുന്നുകൊള്ളാമെന്ന് വാഗ്ദത്തം ചെയ്തു.

## 10. വാറൻ ഹേസ്റ്റിംഗ്സ്

(ബംഗാൾ ഗവർണ്ണർ 1772—1774)

1767-ൽ ക്ലൈവ് ഉദ്യോഗമൊഴിഞ്ഞുപോയതോടെ കമ്പനിയുടെ കാര്യങ്ങൾ കുഴപ്പത്തിലായി.

1772-ൽ ബംഗാൾ ഗവർണ്ണറായി ഇന്ത്യയിലെത്തിയ വാറൻ ഹേസ്റ്റിംഗ്സ് ആദ്യമായി ദ്വിഭരണത്തിന്റെ ദൂഷ്യങ്ങൾ മാററി ബംഗാളിൽ സൽഭരണം സ്ഥാപിക്കുന്നതിനു് വേണ്ടതു ചെയ്തു. നവാബിനു കൊടുത്തിരുന്ന ഭരണാധികാരങ്ങൾകൂടി കമ്പനി ഏറെറടുത്തു ദ്വിഭരണം നിൎത്തലാക്കി. ഓരോ ജില്ലയിലും നികുതി പിരിവിനും ഭരണനിൎവ്വഹണത്തിനുമായി കലക്ടർ എന്ന പേരിൽ ഓരോ ഉദ്യോഗസ്ഥനെ നിയമിച്ചു. സിവിൽ കേസുകളും ക്രിമിനൽ കേസുകളും തീരുമാനിക്കുന്നതിനു് കീഴ്കോടതികളും അപ്പീൽ കോടതികളും സ്ഥാപിച്ചു.

### ഹേസ്റ്റിംഗ്സും നാട്ടുരാജാക്കന്മാരും

മുഗൾചക്രവൎത്തി ഷാ ആലം ബ്രിട്ടീഷ് ബന്ധം വിട്ടു് മഹാരാഷ്ട്രരെ ആശ്രയിച്ചു കഴിഞ്ഞിരുന്നതുകൊണ്ടു് അദ്ദേഹത്തിനു നൽകിവന്നിരുന്ന കപ്പം ഹേസ്റ്റിംഗ്സ് നിൎത്തലാക്കി. ബംഗാളിൽ ദ്വിഭരണം നിൎത്തലാക്കിയതിനെത്തുടൎന്നു് നവാബിനു് നൽകിയിരുന്ന അലവൻസ് പകുതിയാക്കി. അയോദ്ധ്യാ നവാബിന്റെ അപേക്ഷ അനുസരിച്ചു് റോഹിൽഖണ്ഡു് എന്ന പ്രദേശത്തു് താമസിച്ചിരുന്ന അഫ്ഗാൻ വൎഗ്ഗക്കാരായ റോഹില്ലരെ തോല്പിച്ചു് റോഹിൽഖണ്ഡു് അയോദ്ധ്യയോടു് ചേൎക്കുകയും പ്രതിഫലമായി 40 ലക്ഷം രൂപാ സ്വീകരിക്കുകയും ചെയ്തു.

## 11. റഗുലേററിംഗ് ആക്ട്

ബ്രിട്ടീഷ് പാർലിമെൻറു് 1773-ൽ റെഗുലേററിംഗ് ആക്ട് എന്നൊരു നിയമം പാസ്സാക്കി.

അതനുസരിച്ചു് കമ്പനി, പാർലിമെണ്ടിന്റെ നേരിട്ടുള്ള ഭരണത്തിനു് വിധേയമായിത്തീന്നു. ഈ ആക്ടിൻപ്രകാരം ബ്രിട്ടീഷു് ഇൻഡ്യയിലെ അധികാരം മുഴുവൻ ബങ്കാൾ ഗവർണ്ണർക്കായി. അദ്ദേഹത്തിന്റെ സ്ഥാനപ്പേരു ഗവർണ്ണർ ജനറൽ എന്നു മാററുകയും ആദ്യത്തെ ഗവർണ്ണർ ജനറലായി ഹേസ്റ്റിംഗ്സിനെ തന്നെ നിയമിക്കുകയും ചെയ്തു. അദ്ദേഹത്തെ സഹായിപ്പാൻ നാലംഗങ്ങളടങ്ങിയ ഒരു കൌൺസിലും ഏർപ്പെടുത്തി. പാർലിമെൻറിന്റെ നിയന്ത്രണം നിമിത്തം, കമ്പനി ഭരണം കൂടുതൽ കാര്യക്ഷമമായി ഭവിച്ചു. പക്ഷെ ആക്ടിലെ വകുപ്പുകൾ പലതും അപൂർണ്ണങ്ങളായിരുന്നതിനാൽ പല വൈഷമ്യങ്ങളും ഉണ്ടാകുന്നതിനിടയായി. 1784-ൽ പിററിന്റെ ഇൻഡ്യാ ആക്ടു് എന്ന നിയമംമൂലം റെഗുലേററിംഗ് ആക്ടിലെ ന്യൂനതകൾ ഏറക്കുറെ പരിഹരിക്കപ്പെട്ടു. ഈ ആക്ടുമൂലം ഗവർണ്ണർ ജനറലിന്റെ അധികാരം വർദ്ധിപ്പിക്കുകയും കമ്പനിഭരണം ബ്രിട്ടീഷു് ഗവമ്മെണ്ടിന്റെ പൂർണ്ണ നിയന്ത്രണത്തിലായിത്തീരുകയും ചെയ്തു.

## പ്രധാന ചോദ്യങ്ങൾ

1. പാശ്ചാത്യർക്കു് ഇൻഡ്യയിലേക്കു് ഒരു പുതിയ വാണിജ്യമാർഗ്ഗം കണ്ടുപിടിക്കുന്നതിനുള്ള ആവശ്യം എന്തായിരുന്നു? ഈ ശ്രമത്തിൽ വിജയം നേടിയതാരു്?
2. ഏററവും പ്രശസ്തനായിരുന്ന പോർട്ടുഗീസു് ഗവർണ്ണർ ആരായിരുന്നു? പോർട്ടുഗീസ് ആധിപത്യം സ്ഥാപിക്കുന്നതിനായി അദ്ദേഹം എന്തെല്ലാം ചെയ്തു?

3. പോർട്ടുഗീസുകാരുടെ അധഃപതനത്തിനുള്ള കാരണങ്ങളെന്തെല്ലാം ?

4. ഇംഗ്ലീഷുകാർക്ക് ബാംബെ, കൽക്കട്ട, മദ്രാസ് ഇവ ലഭിച്ചതെങ്ങനെ ?

5. കർണ്ണാറ്റിക്കിലെ ആംഗ്ലൊ-ഫ്രഞ്ച് മത്സരത്തിന്റെ ചരിത്രം ചുരുക്കി പറയുക.

6. ഹൈദരാബാദിൽ ഇംഗ്ലീഷ് ആധിപത്യം സ്ഥാപിച്ചതെങ്ങനെ ?

7. പ്ലാസി, ബക്സാർ എന്നീ യുദ്ധങ്ങളുടെ പ്രാധാന്യം വെളിവാക്കുക.

8. ക്ലൈവിന്റെ ദ്വിഭരണരീതി എന്ത്? ദ്വിഭരണത്തിന്റെ ദൂഷ്യങ്ങൾ ഏവ ? ദ്വിഭരണം ആര് എങ്ങനെ അവസാനിപ്പിച്ചു ?

9. റഗുലേറ്റിംഗ് ആക്റ്റിന്റെ ഉദ്ദേശമെന്തായിരുന്നു ? അതിന്റെ ന്യൂനതകൾ എങ്ങനെ പരിഹരിക്കപ്പെട്ടു ?

## അദ്ധ്യായം 2

# ഈസ്റ്റിൻഡ്യാകമ്പനിയുടെ ഭരണം

## 1. വാറൻ ഹേസ്റ്റിംഗ്സ്

(ഗവർണ്ണർ ജനറൽ 1774—1785)

റഗുലേററിംഗ് ആക്ട് പ്രകാരം ഒന്നാമത്തെ ഗവർണ്ണർ ജനറലായി നിയമിക്കപ്പെട്ട വാറൻഹേസ്റ്റിംഗ്സിൻെറ കാലത്ത് പ്രധാനപ്പെട്ട രണ്ടു യുദ്ധങ്ങൾ നടന്നു.

### ഒന്നാം മഹാരാഷ്ട്ര യുദ്ധം (1778—1782)

മഹാരാഷ്ട്രത്തിലെ 'പേഷ്വാ' അഥവാ ഭരണാധിപൻ ആയിരുന്ന നാരായണ റാവുവിനെ വധിച്ചിട്ട് അദ്ദേഹത്തിൻെറ പിതൃസഹോദരൻ രഘുനാഥ റാവു പേഷ്വാ സ്ഥാനം കരസ്ഥമാക്കി. തുടർന്നു നാനാഫർനാവിസ് എന്ന മഹാരാഷ്ട്ര നേതാവ് നാരായണ റാവുവിൻെറ പുത്രനായ മാധവ റാവുവിനെ പേഷ്വായായി പ്രഖ്യാപനം ചെയ്തു. രഘുനാഥ റാവുവിനെ സഹായിക്കുന്നതിന് ഹേസ്റ്റിംഗ്സ് തയ്യാറായി. യുദ്ധാരംഭത്തിൽ ഇംഗ്ലീഷ് സൈന്യം തോല്പിക്കപ്പെട്ടു എങ്കിലും താമസിയാതെ

അഹമ്മദബാദും ബസ്സീനും ഗ്വാളിയറും അവർ കൈവശപ്പെടുത്തി. 1782-ൽ സാൽബായ് ഉടമ്പടിമൂലം യുദ്ധം അവസാനിച്ചു. മാധവ റാവുവിനെ പേഷ്വാ ആയി അംഗീകരിക്കുകയും രഘുനാഥ റാവുവിന് പെൻഷൻ നൽകുകയുമാണു് ചെയ്തതു്. ഇംഗ്ലീഷുകാർക്ക് സാൽസെററ് എന്ന പ്രദേശം ലഭിച്ചു.

## രണ്ടാം മൈസൂർ യുദ്ധം (1780--1784)

ഫ്രഞ്ചുകാരുടെ വകയായിരുന്നുവെങ്കിലും ഹൈദർക്ക് ഉപയോഗമുണ്ടായിരുന്ന മാഹി തുറമുഖം ഇംഗ്ലീഷുകാർ ആക്രമിച്ചു. അതിൽ പ്രതിഷേധിച്ച് ഹൈദർ ഇംഗ്ലീഷുകാരോട് യുദ്ധം ആരംഭിച്ചു. പോർട്ടോനോവോ എന്ന സ്ഥലത്തുവച്ച് ഇംഗ്ലീഷുകാർ ഹൈദരെ തോല്പിച്ചു. താമസിയാതെ ഫ്രഞ്ചു സഹായത്തോടുകൂടി ഹൈദർ കടലൂർ പിടിച്ചടക്കുകയും അദ്ദേഹത്തിന്റെ പുത്രനായ ടിപ്പു തഞ്ചാവൂരിൽവച്ച് ഇംഗ്ലീഷുകാരെ തോല്പിക്കുകയും ചെയ്തു. ഈ അവസരത്തിൽ ഹൈദർ മരിക്കുകയും ടിപ്പു സിംഹാസനസ്ഥനാവുകയും ചെയ്തു. ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ യൂറോപ്പിൽ സന്ധിചെയ്തു സമാധാനം സ്ഥാപിക്കുകയാൽ ടിപ്പുവിന് ഫ്രഞ്ചുകാരുടെ സഹായം ലഭിക്കാതെവന്നു. തന്നിമിത്തം 1784-ൽ മംഗലാപുരത്തുവച്ച് ഇംഗ്ലീഷുകാരുമായി ടിപ്പു സന്ധിയിലേർപ്പെട്ടു. ഇരുവരും കൈവശപ്പെടുത്തിയ സ്ഥലങ്ങളും അന്യോന്യം വിട്ടുകൊടുക്കുകയുണ്ടായി.



ടിപ്പു

ഈ രണ്ടു മഹായുദ്ധങ്ങളുടെ ഫലമായി കമ്പനിയുടെ സാമ്പത്തികനില മോശമായിത്തീർന്നു. ഹേസ്റ്റിംഗ്സ് കാശിയിലെ രാജാവായ ചെയിത് സിംഗിനോട് ഒരു വൻപിച്ച തുക ആവശ്യപ്പെട്ടു. പണം കൊടുപ്പാൻ നിർവ്വാഹമില്ലാതെ കുഴങ്ങിയ രാജാവിനെ ഹേസ്റ്റിങ്ങ്സ് നിർദ്ദയമായി ബഹിഷ്ക്കരിക്കുകയും, കൂടുതൽ തുക കൊടുക്കാമെന്നു സമ്മതിച്ച മറെറാരാളെ രാജാവാക്കുകയും ചെയ്തു. ഇതിനുപുറമെ അയോദ്ധ്യാനവാബിന്റെ മാതാവും പിതാമഹിയും സൂക്ഷിച്ചിരുന്ന വൻപിച്ച മുതൽ നവാബിന്റെ

പിൻതുണയോടുകൂടി ബലം പ്രയോഗിച്ച് അപഹരിക്കുന്നതിനും ഹേസ്റ്റിംഗ്സ് മടിച്ചില്ല.

## 2. കാൺവാലിസ് പ്രഭു (1785--1798)

ഹേസ്റ്റിംഗ്സ് ആരംഭിച്ച ഭരണപരിഷ്കാരങ്ങൾ കോൺവാലിസ് പൂർത്തിയാക്കി. സിവിൽ കേസുകളും ക്രിമിനൽ കേസുകളും കേട്ടു തീരുമാനിക്കുവാൻ അദ്ദേഹം പ്രത്യേകം പ്രത്യേക ജഡ്ജിമാരെ നിയമിച്ചു. ഭൂനികുതി പിരിച്ചിരുന്ന ജമീന്ദാരന്മാർക്ക് അതിനുള്ള സ്ഥിരാവകാശം നൽകിക്കൊണ്ട്, ഒരു നിശ്ചിത തുക എല്ലാക്കാലവും ഗവൺമെണ്ടിലേയ്ക്കു നൽകുവാൻ അവരോടാവശ്യപ്പെട്ടു. 1793-ൽ നടപ്പാക്കിയ ഈ ശാശ്വത ഭൂനികുതി വ്യവസ്ഥമൂലം ഗവൺമെണ്ടിന് ആണ്ടുതോറും കിട്ടുന്ന തുക എത്രയെന്ന് തീർത്തു് അറിയുവാൻ കഴിഞ്ഞു. തങ്ങൾക്കു കിട്ടുന്ന തുക എത്രയായാലും ഒടുക്കേണ്ട തുകയ്ക്കു വ്യത്യാസമില്ലെന്നു മനസ്സിലാക്കിയ ജമീൻദാരന്മാർ കൂടുതൽ തുക ഈടാക്കുന്നതിന് ഉത്സാഹിച്ചു. കൃഷി വർദ്ധിപ്പിക്കുകയും കർക്കശമായി കരം പിരിക്കുകയും അതിലേക്കവർ ചെയ്തു. ബ്രിട്ടീഷുകാരുടെ ഔദാര്യം കൊണ്ടു പ്രബലന്മാരായിത്തീർന്ന ഈ ജമീന്ദാരന്മാർക്ക് ബ്രിട്ടീഷ് ഭരണകൂടത്തോട് കൂറുവർദ്ധിക്കുന്നതിനും ഇതു് ഇടയാക്കി.

### മൂന്നാം മൈസൂർ യുദ്ധം (1790--1792)

കോൺവാലിസ് സമാധാനപ്രിയനായ ഒരു ഗവർണ്ണർ-ജനറലായിരുന്നു. എങ്കിലും അദ്ദേഹത്തിനു

മൈസൂരുമായി ഒരു യുദ്ധം അനിവാര്യമായിരുന്നു. 1789-ൽ ടിപ്പു തിരുവിതാംകൂർ ആക്രമിച്ചതായിരുന്നു അതിനു കാരണം. തിരുവിതാംകൂർ മഹാരാജാവ് ഇംഗ്ലീഷുകാരുടെ ഒരു മിത്രമായിരുന്നതിനാൽ കോൺവാലിസ് മൈസൂരിൽ കടന്ന് ബാംഗളൂർ പിടിച്ചടക്കിക്കൊണ്ട്, ടിപ്പുവിനെ തോല്പിച്ചു. ഇംഗ്ലീഷ് സൈന്യം ശ്രീരംഗപട്ടണത്ത്



പ്രവേശിച്ചപ്പോൾ ടിപ്പു സന്ധിക്കപേക്ഷിച്ചു. 1792-ൽ ശ്രീരംഗപട്ടണത്തുവച്ചുണ്ടായ സന്ധിമൂലം യുദ്ധം അവസാനിച്ചു മലബാർ, ഡിൻഡിഗൽ, സേലം, കോയമ്പത്തൂരിന്റെ ഒരു ഭാഗം എന്നിവ ടിപ്പു, ബ്രിട്ടീഷുകാർക്ക് വിട്ടുകൊടുത്തു.

### 3. വെല്ലസ്ലി പ്രഭു (1798—1805)

കോൺവാലീസിനുശേഷം അഞ്ചുകൊല്ലം കഴിഞ്ഞു്, വെല്ലസ്ലിപ്രഭു ഗവർണ്ണർജനറലായി.

#### സബ്സിഡിയറി സിസ്റ്റം

ഇംഗ്ലീഷുകാരുടെ അധികാരം ഇൻഡ്യയിൽ സ്ഥാപിക്കുന്നതിന്നായി സൈനികസഹായ വ്യവസ്ഥ എന്ന ഒരു പുതിയ പദ്ധതി വെല്ലസ്ലി ഏർപ്പെടുത്തി. ഈ പദ്ധതിയിൽ ചേർന്ന നാട്ടുരാജാക്കന്മാരെ ശത്രുബാധയിൽനിന്നു രക്ഷിക്കുന്നതിനുള്ള ചുമതല കമ്പനി ഏറ്റെടുത്തു. പകരം പട്ടാളച്ചെലവിനാവശ്യമുള്ള പണമോ, അത്രയും ആദായം കിട്ടുന്ന ഭൂമിയോ കമ്പനിക്കു നൽകുവാൻ ആ രാജാക്കന്മാരോടാവശ്യപ്പെട്ടു. രാജാക്കന്മാരുടെ വിദേശബന്ധം നിയന്ത്രിക്കുന്നതിനുള്ള അധികാരവും കമ്പനിക്കുതന്നെയായിരുന്നു. എന്നാൽ ആഭ്യന്തരഭരണകാര്യങ്ങളിൽ കമ്പനി ഇടപെട്ടില്ല.

ഹൈദരാബാദിലെ നൈസാം, പേഷ്വാ, സിൻഡ്യ എന്നീ മഹാരാഷ്ട്ര നേതാക്കന്മാർ ഔഡ്, മൈസൂർ, തിരുവിതാംകൂർ എന്നീ രാജ്യങ്ങളിലെ രാജാ

ക്കന്മാർ എന്നിവർ ഈ പദ്ധതിയെ സ്വാഗതംചെയ്തു കമ്പനിയുമായി ഉടമ്പടിചെയ്തു. സീഡഡ് ഡിസ്ട്രിക്ട്സ് എന്നു പറയപ്പെടുന്ന പ്രദേശങ്ങളാണ് നൈസാം കമ്പനിക്കു വിട്ടുകൊടുത്തത്. അയോദ്ധ്യാനവാബ് കപ്പം കൊടുക്കാമെന്ന് ഏറ്റിട്ട്, അതു മുടക്കി; ഉടനെ വെല്ലസ്ലി പ്രഭു ആഗ്രാ തുടങ്ങിയ പ്രദേശങ്ങൾ അദ്ദേഹത്തിൽനിന്നു പിടിച്ചെടുത്തു. ദുർഭരണക്കുറ്റം ചുമത്തി സൂറത്തും തഞ്ചാവൂരും അദ്ദേഹം ബ്രിട്ടീഷ് ഇൻഡ്യയോടു ചേർത്തു.


## നാലാം മൈസൂർ യുദ്ധം

ഫ്രഞ്ചുകാരുമായി ഗൂഢാലോചന നടത്തിയെന്ന ആരോപണത്തെ മുൻനിർത്തി 1799-ൽ വെല്ലസ്ലി ടിപ്പുവിനോട് യുദ്ധം തുടങ്ങി. ടിപ്പു യുദ്ധത്തിൽ വധിക്കപ്പെട്ടു കോയമ്പത്തൂർ, കാനറ, വയനാട്, നീലഗിരി എന്നീ സ്ഥലങ്ങൾ കമ്പനിക്കു ലഭിച്ചു. ടിപ്പുവിന്റെ കുടുംബത്തിന് പെൻഷൻ നല്കിക്കൊണ്ട് പുരാതന ഹിന്ദു രാജവംശത്തിന് മൈസൂർ തിരിച്ചുകൊടുത്തു. മൈസൂർ രാജാവ് സൈനിക സഹായ പദ്ധതിയിൽ ചേർന്ന് ബ്രിട്ടീഷ് മേൽക്കോയ്മ സ്വീകരിക്കുകയും ചെയ്തു.

## രണ്ടാം മഹാരാഷ്ട്ര യുദ്ധം (1803—1805)

മാധവ റാവുവിന്റെ ശേഷം പേഷ്വാ ആയിരുന്ന ബാജി റാവു രണ്ടാമൻ മററു മഹാരാഷ്ട്ര നേതാക്കന്മാരുടെ ശല്യത്തെ ഭയന്ന് 1802-ൽ ബസ്സീനിൽ വച്ച് കമ്പനിക്കാരുമായി ഒരുടമ്പടി ചെയ്ത്

ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു. ഈ ഉടമ്പടി അഭിമാനക്ഷയം മന്നു കരുതി 1803-ൽ ഇംഗ്ലീഷുകാരോട് ബോൺസ്ലേ, സിൻഡ്യാ എന്ന മഹാരാഷ്ട്ര നേതാക്കന്മാർ യുദ്ധം തുടങ്ങി. ഈ മഹാരാഷ്ട്ര നേതാക്കന്മാരെ ഇംഗ്ലീഷുകാർ പല യുദ്ധങ്ങളിലും തോല്പിക്കയും, 1803-ൽ ഹോൾക്കാർ ഒഴിച്ചുള്ളവർ സബ്സിഡിയറി പദ്ധതിയിൽ ചേരുകയുമുണ്ടായി. ബോൺസ്ലേ കട്ടക്കും ബീറാറിൽ കുറെ ഭാഗങ്ങളും ഇംഗ്ലീഷുകാർക്ക് നല്കി. സിന്ധ്യയും ഏതാനും പ്രദേശങ്ങൾ വിട്ടുകൊടുത്തു.



ഈ അവസരത്തിൽ ഇംഗ്ലീഷുകാർക്കു രണ്ടു് യുദ്ധത്തിന്നു പുറപ്പെട്ട ഹോൾക്കാറെ പരാജയപ്പെടുത്തുവാൻ അവർക്കു സാധിച്ചില്ല. വെല്ലസ്ലി പ്രഭു ഉദ്യോഗമൊഴിഞ്ഞതിനുശേഷം, 1805-ൽ മഹാരാഷ്ട്രരിൽ നിന്നു് കൈവശപ്പെടുത്തിയ ചില സ്ഥലങ്ങൾ തിരിയെ കൊടുത്തുകൊണ്ടു് ഇംഗ്ലീഷുകാർ ഹോൾക്കാറുമായി സന്ധിചെയ്തു യുദ്ധം അവസാനിപ്പിച്ചു.

രണ്ടാം മഹാരാഷ്ട്ര യുദ്ധത്തിന്റെ ഫലമായി മഹാരാഷ്ട്രശക്തി ക്ഷയിച്ചു. വെല്ലസ്ലിയുടെ പ്രയത്നഫലമായി ബ്രിട്ടീഷ് ഇൻഡ്യ വിസ്തൃതമായിത്തീർന്നു, എന്നുമാത്രമല്ല ഈസ്റ്റിൻഡ്യാ കമ്പനി ഇൻഡ്യയിലെ ഏററവും പ്രബലമായ രാഷ്ട്രീയ ശക്തിയായിത്തീരുകയും ചെയ്തു.

## 4. മിൻേറാ പ്രഭു (1807—1813)

1807-ൽ മിൻേറാ പ്രഭു ഗവർണ്ണർ ജനറലായി നിയമിക്കപ്പെട്ടു. തിരുവിതാംകൂറിൽ ധീരദേശാഭിമാനിയായ വേലുത്തമ്പിദളവാ പാലിയത്തച്ചനുമായി യോജിച്ചു ബ്രിട്ടീഷുകാരുടെ അനീതികളെ എതിർക്കുന്നതിനായി ആരംഭിച്ച പ്രക്ഷോഭണം പ്രഭു അമർച്ച ചെയ്തു. ഇൻഡ്യയുടെ വടക്കുപടിഞ്ഞാറുവഴി ഉണ്ടാകാവുന്ന ഒരു ഫ്രഞ്ച് ആക്രമണത്തെപ്പററിയുള്ള ഭീതിമൂലം അദ്ദേഹം പേർഷ്യാ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിലേക്കു ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരെ അയച്ചു അവിടത്തെ രാജാക്കന്മാരുടെ സൌഹാർദ്ദം സമ്പാദിച്ചു. പഞ്ചാബിലെ സിംഹം എന്ന അപരനാമത്തിൽ പ്രസിദ്ധനായിരുന്ന സിക്കുനേതാവായ രണജിത്

സിംഹനാമായി അമൃതസരസ്സിൽവെച്ച് 1809-ൽ മിൻേറാ പ്രഭു ഒരുടമ്പടിചെയ്തു് മൈത്രീബന്ധം സ്ഥാപിക്കുകയും ചെയ്തു.

## 5. ഹേസ്റ്റിംഗ്സ് പ്രഭു (1813—1823)

പ്രഥമഗണനീയരായ ബ്രിട്ടീഷിൻഡ്യൻ ഭരണാധികാരികളിൽ ഒരാളായിരുന്ന ഹേസ്റ്റിംഗ്സ് പ്രഭു. വെല്ലസ്ലിക്കു ശേഷം ഗണ്യമായ തോതിൽ സാമ്രാജ്യവിസ്തൃതി വർദ്ധിപ്പിച്ചതു ഇദ്ദേഹമായിരുന്നു.

### നീപ്പാൾ യുദ്ധം (1814--1816)

രണശൂരന്മാരും സ്വാതന്ത്ര്യേച്ഛുക്കളുമായ നീപ്പാളിലെ ഗൂർഖാകളെ അമർച്ച് ചെയ്യുന്നതിനു അദ്ദേഹം ഒരു ബ്രിട്ടീഷ് പട്ടാളത്തെ നിയോഗിച്ചു. അതിലെ നാലു വിഭാഗങ്ങളിൽ മൂന്നും പരാജിതരായി. എങ്കിലും ഗൂർഖാ നേതാവായ അമരസിംഹൻ തോല്പിക്കപ്പെട്ടു. 1816-ൽ സഗൌളിസന്ധി മൂലം യുദ്ധം അവസാനിച്ചു. സിംല, നൈനിററാൾ, അൽമോറ എന്ന പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കുമാവോൺ, ഗർവ്വാൾ എന്നീ പ്രദേശങ്ങൾ ബ്രിട്ടീഷുകാർക്ക് ലഭിച്ചു.

### മൂന്നാം മഹാരാഷ്ട്ര യുദ്ധം (1817--1818)

പേഷ്വാ ബാജിറാവു രണ്ടാമനും ബറോഡയിലെ മഹാരാഷ്ട്രനേതാവായ ഗെയിക്ക്വാറും തമ്മിലുണ്ടായ ഒരു വഴക്കു മൂന്നാം മഹാരാഷ്ട്രയുദ്ധത്തിനു കാരണമായി. ഇംഗ്ലീഷുകാർ ഗെയിക്കുവാറിനേയും, സിൻഡ്യാ, ഹോൾക്കർ എന്നിവർ പേഷ്വായേയും സഹായിക്കുവാൻ മുതിർന്നു. ഹേസ്റ്റിംഗ്സ് മഹാരാ


ഷ്ട്രരെ നാനാഭാഗത്തുനിന്നും എതിർത്തു തോല്പിച്ചു. ഇതോടെ മഹാരാഷ്ട്രരുടെ ശക്തി എന്നന്നേക്കുമായി തകൎന്നു. ബാജിറാവുവിന്നു് ഒരു ചെറിയ പെൻഷൻ നൽകിക്കൊണ്ടു് പേഷ്വാ സ്ഥാനം അവർ നിറുത്തൽചെയ്തു. പേഷ്വായുടെ രാജ്യം ബോംബെ പ്രസിഡൻസിയോടു ചേൎത്തു. ഹോൾക്കർ, ബോൺസ്ലേ എന്നിവരുടെ രാജ്യങ്ങളിലെയും കുറെ ഭാഗങ്ങൾ കമ്പനി കരസ്ഥമാക്കി. എന്നിട്ടു്, സറാറയിൽ ഒരു ചെറിയ മഹാരാഷ്ട്ര രാജ്യം സൃഷ്ടിച്ചു. ശിവാജിയുടെ വംശത്തിൽപ്പെട്ട ഒരാളെ അവിടത്തെ രാജാവായി ഇംഗ്ലീഷുകാർ വാഴിച്ചു.

രാജപുട്ടാനയിലും പശ്ചിമേൻഡ്യയിലുമുണ്ടായിരുന്ന ചെറിയ രാജ്യങ്ങൾ പലതും ബ്രിട്ടീഷു് ആധിപത്യം ഇതിനകം സ്വീകരിച്ചിരുന്നു. 1819-ൽ ഹേസ്റ്റിംഗ്സ് സിംഗപ്പൂർ കൈവശമാക്കി.

## ഹേസ്റ്റിംഗ്സിന്റെ പരിഷ്കാരങ്ങൾ

ഹേസ്റ്റിംഗ്സ് രാജ്യാഭിവൃദ്ധിക്കായി പല പരിഷ്കാരങ്ങളും നടപ്പിലാക്കി. നാട്ടുഭാഷാഭ്യസനത്തെ പ്രോത്സാഹിപ്പിക്കുകയും ഇംഗ്ലീഷ് സാഹിത്യം, ആധുനിക ശാസ്ത്രം ഇവ ഇൻഡ്യയിൽ പ്രചരിപ്പിക്കുകയും ചെയ്തതിനും പുറമേ പ്രസിദ്ധീകരണ സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്തു. ഇതിന്റെ ഫലമായിട്ടാണു് 1818-ൽ ആദ്യമായി ഇംഗ്ലീഷിലും ബംഗാളിലും വർത്തമാനപ്പത്രങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടതു്. ബംഗാളിൽ ഹിന്ദുകോളേജ് സ്ഥാപിച്ചതും ഇക്കാലത്തത്രെ. മദ്ധ്യ ഇൻഡ്യയിൽ അലഞ്ഞു നടന്നു കവൎച്ച നടത്തിയിരുന്ന പിൻഡാരികൾ എന്ന

കവർച്ചസംഘത്തെ അമർച്ചചെയ്തു നാട്ടിൽ സമാധാന പരമായ ജീവിതം സാദ്ധ്യമാക്കി. നീതിന്യായ പരിപാലനം കാര്യക്ഷമമാക്കുവാൻ കൂടുതൽ കോടതികൾ സ്ഥാപിച്ചു. ജഡ്ജിമാരുടെ എണ്ണവും വർദ്ധിപ്പിച്ചു. ഇൻഡ്യാക്കാരെത്തന്നെ ജഡ്ജിമാരായി നിയമിക്കുന്നതിലും അദ്ദേഹം വൈമനസ്യം കാണിച്ചില്ല.



## 6. ആമേഴ്സ്റ്റ് പ്രഭു (1823—1828)

ഇദ്ദേഹത്തിന്റെ കാലത്തു് ബർമ്മയുമായി യുദ്ധം ഉണ്ടായി.

### ഒന്നാം ബർമ്മയുദ്ധം (1824—1828)

ബർമ്മയിലെ രാജാവ് ആസ്സാം പിടിച്ചടക്കി ഷാപുരിയിൽനിന്നു ഇംഗ്ലീഷുകാരെ നിഷ്കാസനം ചെയ്തു. ഇതുമൂലം ബ്രിട്ടീഷുകാർ യുദ്ധം ആരംഭിച്ചു. റംഗൂൺ, ആസ്സാം, അരക്കാൻ മുതലായ പ്രദേശങ്ങൾ ഇംഗ്ലീഷുസൈന്യം കൈവശമാക്കി. 1826-ൽ ഒപ്പുവച്ച യൻഡാബൂ സന്ധിമൂലം ഇംഗ്ലീഷുകാർക്ക് ആസ്സാം, അരക്കാൻ, റെറനാസറിം എന്നീ പ്രദേശങ്ങൾ ലഭിച്ചു.

## 7. ബൻറിങ്ക് പ്രഭു (1828—1835)

വലിയ യുദ്ധങ്ങളൊന്നും ബൻറിങ്കിന്റെ കാലത്തുണ്ടായിരുന്നില്ല. മൈസൂർ, കുടക് എന്നീ രാജ്യങ്ങളിൽ ദുർഭരണം നടമാടുകയാൽ അദ്ദേഹം ആ രാജ്യങ്ങളിലെ ഭരണം ഏറ്റെടുത്തു.

### പരിഷ്കാരങ്ങൾ

ഭരണച്ചിലവു കുറയ്ക്കുന്നതിനും ആദായം വർദ്ധിപ്പിക്കുന്നതിനും ബൻറിങ്ക് പ്രത്യേകം ശ്രദ്ധിച്ചു ആവശ്യമില്ലാത്ത പല കോടതികൾ അതിനാൽ അദ്ദേഹം നിർത്തലാക്കി. ഇൻഡ്യക്കാരെ ജഡ്ജിമാരായും മജിസ്ട്രേട്ടുമാരായും നിയമിച്ചു. പേഴ്സ്യൻ ഭാഷയ്ക്കു പകരം അതതു സ്ഥലത്തെ നാട്ടുഭാഷ കോടതിഭാഷയാക്കി. ബൻറിങ്ക് തന്റെ കൌൺസിലിലെ

ഒരംഗമായ മെക്കാളെ പ്രഭുവിന്റെ ഉപദേശമനുസ
രിച്ചു വിദ്യാലയങ്ങളിലെ അദ്ധ്യയനഭാഷ ഇംഗ്ലീ
ഷാക്കി.

ബൻറിങ്കിന്റെ സാമുദായിക പരിഷ്കാരങ്ങ
ളാണു് ഏററവും പ്രധാനം. ബ്രഹ്മസമാജ സ്ഥാപക
നായ രാജാ റാം മോഹൻ റായി, രവീന്ദ്രനാഥടാഗോ
റിന്റെ പിതാമഹനായ ദ്വാരകാനാഥ ടാഗോർ
തുടങ്ങിയ മഹാന്മാർ ഇക്കാര്യത്തിൽ അദ്ദേഹത്തെ
സഹായിച്ചു. നിയമനിർമ്മാണംമൂലം സതി, നര
ബലി ആദിയായ ദുരാചാരങ്ങൾ അദ്ദേഹം നിർത്ത
ലാക്കി.

## 8. ആക്‌ലൻഡ് പ്രഭു (1836—1842)

ഇദ്ദേഹത്തിന്റെ കാലത്താണു് അഫ ഗാനി
സ്ഥാനുമായി ഇംഗ്ലീഷ് കമ്പനിക്കാർ ആദ്യമായി യുദ്ധ
ത്തിലിടപെട്ടതു്.

### ഒന്നാം അഫ്ഗാൻ യുദ്ധം (1839—1842)

റഷ്യാക്കാർ അഫ്ഗാനിസ്ഥാൻവഴി ഇൻഡ്യ
യിലേക്കു കടന്നു് ഇവിടം ആക്രമിച്ചേക്കുമെന്നു് ആക്
ലൻഡ് പ്രഭുവിനു ഭയം ഉണ്ടായി. അഫ്ഗാൻ
അമീറായിരുന്ന ഡോസ്റ്റ് മഹമ്മദ് റഷ്യാക്കാരുമായി
മൈത്രി പുലർത്തിയിരുന്നു. സിക്കുകാരുടേയും മററും
സഹായത്തോടുകൂടി ആക്‌ലൻഡ് അഫ്ഗാനി
സ്ഥാൻ ആക്രമിച്ചു, ഡോസ്റ്റ് മഹമ്മദിനെ സ്ഥാന
ഭ്രഷ്ടനാക്കിയശേഷം, ഷാഷൂജ എന്നൊരാളെ അമീ
റാക്കി വാഴിച്ചു. അതൃപ്തരായ അഫ്ഗാൻകാർ
ലഹള ആരംഭിച്ചു. കാബൂളിൽ താമസിച്ചിരുന്ന

ബ്രിട്ടീഷ് റസിഡൻറിനേയും ഇംഗ്ലീഷ് പട്ടാളക്കാരേയും അവർ കൊന്നു. ഈ ഘട്ടത്തിൽ ആക്ലൻഡ് പ്രഭു ഉദ്യോഗമൊഴിഞ്ഞുപോയി.

## 9. എല്ലൻബറോ പ്രഭു (1842—1844)

ആക്ലൻഡിൻെറ പിൻഗാമിയായ എല്ലൻബറോ രണ്ടു സേനകളെ കാബൂളിലേക്കയച്ചു. അതിനിടയ്ക്ക് ഷാഷൂജാ വധിക്കപ്പെടുകയാൽ ഡോസ്റ്റ് മഹമ്മദിനെത്തന്നെ അമീറായി അംഗീകരിച്ച് യുദ്ധം അവസാനിപ്പിച്ചു.

അഫ്ഗാൻ യുദ്ധകാലത്ത് ബ്രിട്ടീഷ് പട്ടാളക്കാരെ സിന്ധിൽകൂടി യാത്രചെയ്യാൻ അനുവദിച്ചില്ല എന്നൊരു കാരണവു പറഞ്ഞു് എല്ലൻബറോ 1848-ൽ സിൻഡ് ആക്രമിച്ചു കൈവശപ്പെടുത്തി.

## 10. ഹാർഡിംജ് പ്രഭു (1844—1848)

അക്കാലത്തെ ഇൻഡ്യൻ രാജ്യതന്ത്രജ്ഞന്മാരിൽ പ്രഥമഗണനീയനായിരുന്ന മഹാരാജാ രണജിത്സിംഹൻ പഞ്ചാബിലെ ചെറുരാജ്യങ്ങൾ ഒരുമിച്ചു ചേർത്ത് ഒരു സിക്കമഹാരാജ്യം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അമൃതസരസ്സിൽവച്ചു നടന്ന ഉടമ്പടിക്കുശേഷം അദ്ദേഹം ഇംഗ്ലീഷുകാരുടെ ഉററമിത്രമായിത്തന്നെ കഴിഞ്ഞു. 1839-ൽ രണജിത്സിംഹൻെറ മരണശേഷം സിക്കുകാരുടെയിടയിൽ കലഹങ്ങളും കുഴപ്പങ്ങളും ആരംഭിച്ചു.



രണജിത്സിംഹൻ

## ഒന്നാം സിക്കയുദ്ധം (1845—1846)

രണജിത്സിംഹൻെറ പുത്രനായ ദിലീപ്സിംഗിനെ രാജാവാക്കിക്കൊണ്ടു് മാതാവായ റാണി ജിൻഡാൻ ഭരണംതുടങ്ങി. താമസിയാതെ അവർ ബ്രിട്ടീഷ്പ്രദേശങ്ങൾ ആക്രമിച്ചു. ഹാർഡിംജ് ഒരു സൈന്യത്തെ അയച്ചു സിക്കുകാരെ തോല്പിച്ചു. 1846-ൽ ലാഹോറിൽവച്ചുചെയ്ത സന്ധിമൂലം യുദ്ധം അവസാനിച്ചു. സട്ലജ് നദിക്കിപ്പുറമുള്ള പ്രദേശങ്ങളും, കാശ്മീരും കമ്പനിക്കു റാണി വിട്ടുകൊടുത്തു. കൂടാതെ, ഒന്നരക്കോടിരൂപാ നൽകുന്നതിനും സൈനികശക്തി കുറയ്ക്കുന്നതിനും തലസ്ഥാനനഗരിയിൽ

ഒരു ബ്രിട്ടീഷ് റസിഡൻറിനെ താമസിപ്പിക്കുന്ന തിനുംകൂടി സമ്മതിക്കേണ്ടിവന്നു.

## 11. ഡൽഹൗസിപ്രഭു (1848—1856)

ഡൽഹൗസി ഗവർണ്ണർ ജനറലായി ഇൻഡ്യയിൽ വന്നപ്പോൾ പഞ്ചാബിൽ വീണ്ടും കലാപം ഉണ്ടായി.

### രണ്ടാം സിക്കുയുദ്ധം (1848-1849)

മുൾട്ടാനിലെ സിക്കുഗവർണ്ണരുടെ ഭരണം അതൃപ്തികരമായിരുന്നതിനാൽ അയാളെ ജോലിയിൽനി



ഡൽഹൗസി പ്രഭു

ന്ന ബ്രിട്ടീഷ് റസിഡൻറ് പിരിച്ചയച്ചു. ഉടനെ സിക്കുകാർ വിപ്ലവം തുടങ്ങി. തുടർന്നുണ്ടായ യുദ്ധത്തിൽ സിക്കുകാർ നിശ്ശേഷം തോല്പിക്കപ്പെട്ടു. ദിലീപ്സിങ്ങിനെ സ്ഥാനഭ്രഷ്ടനാക്കി പെൻഷൻ കൊടുത്തിട്ട്, ഡൽഹൗസി പ്രബല പഞ്ചാബിനെ ഇംഗ്ലീഷു സാമ്രാജ്യത്തിൽ ലയിപ്പിച്ചു.

## രണ്ടാം ബർമ്മായുദ്ധം 1852-1854)

യാൻഡബൂ സന്ധിക്കുശേഷം ബർമ്മായിൽ താമസം ഉറപ്പിച്ച ബ്രിട്ടീഷ് വ്യാപാരികളെ ബർമ്മാക്കാർ ശല്യപ്പെടുത്തുന്നതായി പരാതിയുണ്ടായി. ഉടനെ ഡൽഹൗസി ബർമ്മാ ആക്രമിച്ചു. ബർമ്മാക്കാർ തോല്പിക്കപ്പെട്ടെങ്കിലും രാജാവു് സന്ധിക്കു സന്നദ്ധനായില്ല. അതിനാൽ 1854-ൽഡൽഹൗസി ലോവർബർമ്മാ ബ്രിട്ടിഷു് ഇൻഡ്യയോടുചേർത്തു.

## ദത്താപഹാര നയം (Doctrine of Lapse)

നാട്ടുരാജ്യങ്ങളെ ബ്രിട്ടിഷ്ഭരണത്തിൽ കൊണ്ടുവരുന്നതിനായി ഒരു പുതിയനയം ഡൽഹൗസി നടപ്പാക്കി. ഇതാണു് ദത്താപഹാരനയം അഥവാ ലയനസിദ്ധാന്തം. ഇതനുസരിച്ചു് ഇംഗ്ലീഷുകാരുടെ അധീനതയിലുള്ള നാട്ടുരാജ്യങ്ങളിൽ ഏതിലെങ്കിലും കിരീടാവകാശികളില്ലാതെവന്നാൽ ആ രാജ്യം അധീശശക്തിയിൽ ലയിക്കും. മുറപ്രകാരമുള്ള പിൻഗാമികളില്ലാതിരിക്കുന്ന നാടുവാഴികൾ അവകാശികളെ ദത്തെടുക്കുന്നപതിവുണ്ടായിരുന്നതു് ഡൽഹൗസി അംഗീകരിക്കുവാൻ തയ്യാറായില്ല. സററാറാ, ജാൻസി, നാഗപുരം, സാംബൽപുരം എന്നീ രാജ്യങ്ങൾ ഇങ്ങനെ ബ്രിട്ടീഷ് ഇൻഡ്യയോടു ചേർക്കപ്പെട്ടു.

മററു കാരണങ്ങളെ മുൻനിത്തിയും ഡൽഹൗസി പല പ്രദേശങ്ങൾ ബ്രിട്ടീഷ് ഇൻഡ്യയോടു ചേക്കുകയുണ്ടായി. (കപ്പക്കടിശ്ശിക വരുത്തിയതുകൊണ്ടു്



ബീററിൻെറ ഒരുഭാഗം കമ്പനിക്കുവിട്ടുകൊടുക്കുവാൻ നൈസാം നിർബന്ധിതനായി. ദുർഭരണം എന്ന കുററാരോപണം നടത്തി അയോദ്ധ്യാ നവാബിനു പെൻഷൻ നൽകി, രാജ്യം ബ്രിട്ടിഷ് ഇൻഡ്യയിൽ ലയിപ്പിച്ചു. ഇങ്ങനെ ഡൽഹൗസിപ്രഭു ഇൻഡ്യയിൽ ബ്രിട്ടീഷ് സാമ്രാജ്യസ്ഥാപനം പൂർത്തിയാക്കി.

## ഡൽഹൗസിയുടെ ഭരണപരിഷ്ക്കാരങ്ങൾ

ജനക്ഷേമത്തെ മുൻനിർത്തി ഡൽഹൗസി പല പരിഷ്ക്കാരങ്ങളും നടപ്പാക്കി. ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിന് അദ്ദേഹം അത്യധികം പ്രയത്നിച്ചു. റോഡുകൾ, തോടുകൾ, ജലസേചനപദ്ധതികൾ ഇവയുടെ പണിക്കും സംരക്ഷണത്തിനുമായി ഒരു പൊതു മരാമത്തുവകുപ്പ് അദ്ദേഹം ഏർപ്പെടുത്തി. കല്ക്കട്ടാമുതൽ പെഷവാർവരെയുള്ള അതിദീർഘമായ റോഡും ഇൻഡ്യയിലെ ഏററവും നീളംകൂടിയ ഗംഗാത്തോടും അദ്ദേഹമാണ് നിർമ്മിച്ചത്. ഇൻഡ്യയിൽ ആദ്യമായി കമ്പിത്തപാലും റെയിൽവേയും ഏർപ്പെടുത്തിയതും ഡൽഹൗസിപ്രഭുവായിരുന്നു. ഇന്ത്യയിൽ എവിടെയും അരഅണച്ചെലവിൽ കത്തുകളയക്കുന്നതിനുള്ള തപാൽസൗകര്യവും ഏർപ്പെടുത്തപ്പെട്ടു. വിദ്യാഭ്യാസവകുപ്പു സ്ഥാപിച്ച് വിദ്യാഭ്യാസം പുനഃസംഘടിപ്പിച്ചു. ഭൂമി ശരിയായി അളന്നു തിട്ടപ്പെടുത്തി ജന്മിയ്ക്കു് കുടിയാൻ നൽകേണ്ട നികുതി ക്ലിപ്തപ്പെടുത്തിയതുമൂലം കർഷകർക്ക് ഗണ്യമായ ആശ്വാസം ലഭിക്കുന്നതിനിടയായി.

## 12. ബ്രിട്ടീഷ് ഭരണത്തിൻെറ നന്മകളും തിന്മകളും

പ്ലാസിയുദ്ധം നടന്ന 1757 മുതൽ 1857വരെയുള്ള ഒരു ശതാബ്ദം ഇൻഡ്യയിൽ ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാകമ്പനിയുടെ ഭരണകാലമായിരുന്നു. കമ്പനിഭരണം ഗുണദോഷസമ്മിശ്രമായിരുന്നു എന്നു കാണാവുന്നതാണ്. ഈ ഭരണത്തിൻെറ ഫലമായി ഇൻഡ്യയിൽ രാഷ്ട്രീയമായും, സാമൂഹ്യമായും, വിദ്യാഭ്യാസപരമായും ഗണ്യമായ മാററങ്ങൾ ഉണ്ടാകുന്നതിനിടയായി. സമത്ഥവും കായ്യക്ഷമവുമായിരുന്ന ബ്രിട്ടീഷ് ഭരണംമൂലം നാട്ടിൽ നാനാമുഖമായ പുരോഗതി ഉണ്ടായി. നാട്ടിലെങ്ങും ക്രമസമാധാനങ്ങൾ പാലിക്കപ്പെട്ടു. ഇക്കാലത്തു ഗതാഗതത്തിലും വാത്താവിനിമയത്തിലും ഉണ്ടായ വമ്പിച്ചമാററങ്ങൾ അകലം കുറക്കുന്നും ജനങ്ങളെ അടുപ്പിക്കുന്നും തൻമൂലം ഇൻഡ്യയുടെ ഏകീകരണത്തിനും സഹായകമായിത്തീൎന്നു. ഇംഗ്ലീഷ് സാഹിത്യം, ശാസ്ത്രം ഇവയുടെ പ്രചാരം മൂലം ഇൻഡ്യാക്കാരുടെ അന്ധവിശ്വാസങ്ങൾ നശിക്കുന്നതിനും, പാശ്ചാത്യാദർശങ്ങൾ പ്രചരിക്കുന്നതിനും, രാഷ്ട്രീയപ്രബുദ്ധതയും ദേശീയബോധവും സംജാതമാകുന്നതിനും ഇടയായി. ഭാവിയിൽ ഇൻഡ്യൻ ജനതയിൽ ഉൽഭൂതമായ സ്വാതന്ത്ര്യവാഞ്ഛയും ഐക്യബോധവും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ ഫലമായിട്ട് ഉണ്ടായതാണെന്നുള്ള വസ്തുത പ്രത്യേകം സ്മരണീയമാണ്. പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ച പലരും ഇന്ത്യയുടെ പൊതുനന്മയ്ക്കുവേണ്ടി ചിന്തിക്കുന്നും പ്രവൎത്തിക്കുന്നും തുടങ്ങി.

കമ്പനിഭരണംകൊണ്ടു് ഇൻഡ്യക്കു പല സാരമായ ദൂഷ്യങ്ങളും ഉണ്ടായി. കമ്പനി ഉദ്യോഗസ്ഥന്മാരുടെ ലക്ഷ്യം സ്വന്തലാഭം മാത്രമായിരുന്നു. ജനക്ഷേമത്തെ അവർ അവഗണിക്കുകയാണുണ്ടായതു്. പുരാതനകാലംമുതൽ തന്നെ ഇൻഡ്യക്കു് വ്യവസായപരമായി ഒരുയർന്ന സ്ഥാനമാണുണ്ടായിരുന്നതു്. ഇവിടത്തെ ഏററവും പ്രധാനപ്പെട്ട വ്യവസായം തുണിനെയ്ത്തു് ആയിരുന്നു. ഇംഗ്ലണ്ടിൽ ഉണ്ടാക്കിയ തുണിത്തരങ്ങളും മററും ഇൻഡ്യയിലും ഇൻഡ്യൻ വിപണികളിലും വിററഴിച്ചു് ആദായം വർദ്ധിപ്പിക്കുന്നതിനായി ബ്രിട്ടീഷ് അധികാരികൾ ഇൻഡ്യൻ വ്യവസായങ്ങളെ അധഃപതിപ്പിക്കുന്നതിനും സ്വന്തം വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിച്ചു. ഇതുമൂലം ഇൻഡ്യൻ വ്യവസായങ്ങൾ ക്ഷയിക്കുകയും അനേകായിരം തൊഴിലാളികൾ ഉപജീവനമാർഗ്ഗമില്ലാതെ കഷ്ടതയിലായിത്തീരുകയും ചെയ്തു്. നഗരങ്ങൾ ഉപേക്ഷിച്ചു നാട്ടിൻപുറങ്ങളിൽ പോയി. അവരിൽ പലരും കൃഷിക്കാരായിത്തീർന്നു. അപ്പോൾതന്നെ അനേകലക്ഷം പേർ ഏർപ്പെട്ടിരുന്ന കൃഷിത്തൊഴിലിൽ ഇവരുംകൂടി ആയപ്പോൾ കർഷകരുടെ നിലയും പരുങ്ങലിലായി. ഇങ്ങനെ കമ്പനി ഭരണം ഇൻഡ്യയിൽ അത്യധികമായ സാമ്പത്തികാധഃപതനത്തിനിടയാക്കി. ഇതിനും പുറമെ ഇൻഡ്യക്കാർക്കു ഭരണകാര്യങ്ങളിൽ പങ്കെടുക്കാനോ അഭിപ്രായം പ്രകടിപ്പിക്കുവാനോ അവർ അവസരം നൽകിയിരുന്നില്ല. ഉയർന്ന ഉദ്യോഗങ്ങളെല്ലാം ഇംഗ്ലീഷുകാർക്കും, താണ ഉദ്യോഗങ്ങൾമാത്രം നാട്ടുകാർക്കും നൽകിവന്നു. പാശ്ചാത്യ വിദ്യാഭ്യാസപ്രചരണം ഇൻഡ്യക്കു് പ്രയോജനകരമായിരുന്നു.

എങ്കിലും ഇംഗ്ലീഷ് ഭാഷ പ്രചരിച്ചതോടൊപ്പം ഭാരതീയ ഭാഷകളുടെ പ്രാധാന്യം കുറയുന്നതിനിടയായി. ഇംഗ്ലീഷ് ഭാഷാഭ്യസനംകൊണ്ടു കൂടുതൽ പ്രയോജനമുണ്ടായതു് ധനികർക്കാണു്. കൂടാതെ, പാശ്ചാത്യവിദ്യാഭ്യാസരീതിയിൽ ഭാരതീയ സംസ്കാരത്തിനോ മതതത്വങ്ങൾക്കോ പ്രാധാന്യം നൽകാതിരുന്നതുകൊണ്ടു് അവയെക്കുറിച്ച് ഇൻഡ്യക്കാർ കൂടുതൽ കൂടുതൽ അജ്ഞരായിത്തീർന്നു.

## പ്രധാന ചോദ്യങ്ങൾ

1. ഒന്നാം മഹാരാഷ്ട്ര യുദ്ധത്തിന്റെ കാരണമെന്തു് ? ഈ യുദ്ധം അവസാനിപ്പിച്ച സന്ധി ഏതു് ?
2. ശാശ്വത നികുതിവ്യവസ്ഥ ഏർപ്പെടുത്തിയതാരു് ? അതിന്റെ ഉദ്ദേശമെന്തായിരുന്നു ?
3. മൂന്നും നാലും മൈസൂർ യുദ്ധങ്ങളുടെ ഫലമായി ബ്രിട്ടീഷുകാർക്കുണ്ടായ നേട്ടങ്ങളേവ ?
4. ബ്രിട്ടീഷ് സാമ്രാജ്യം വിസ്തൃതമാക്കുന്നതിനായി വെല്ലസ്ലി എന്തെല്ലാം ചെയ്തു ?
5. രണ്ടാം ബർമ്മായുദ്ധം, രണ്ടാം സിക്കുയുദ്ധം ഇവയുടെ ഫലമെന്തായിരുന്നു ?
6. രാജ്യാപഹാര നയം നടപ്പാക്കിയ ഗവർണ്ണർ ജനറൽ ആരു് ? ഇതനുസരിച്ച് കമ്പനിക്കു ലഭിച്ച സ്ഥലങ്ങൾ ഏവ ?

അദ്ധ്യായം 3

# ഇൻഡ്യൻ സ്വാതന്ത്ര്യസമര ചരിത്രം

ബ്രിട്ടീഷാധിപത്യം ഇൻഡ്യയിൽ സ്ഥാപിക്കാൻ തുടങ്ങിയ കാലം മുതൽ പലപ്പോഴായി സൈനിക വിപ്ലവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവയെല്ലാംതന്നെ ബ്രിട്ടീഷ് ഭരണത്തിൽനിന്ന് സ്വാതന്ത്ര്യമാകുന്നതിനുള്ള യത്നങ്ങളായി കണക്കാക്കാവുന്നതാണ്. എന്നാൽ ഏ. ഡി. 1857-ലാണ് ഇൻഡ്യയുടെ പല ഭാഗങ്ങളിലും വ്യാപിക്കത്തക്കവണ്ണം വലിയ തോതിൽ ഒരു ലഹളയുണ്ടായത്. ഇത് വെറും ഒരു ശിപായിലഹള മാത്രമായിരുന്നു എന്നാണ് ചില പാശ്ചാത്യ ചരിത്രകാരന്മാരുടെ അഭിപ്രായം. എന്നാൽ ഇൻഡ്യക്കാരായ പല ചരിത്രകാരന്മാരും ഇതിനെ ഇൻഡ്യയുടെ പ്രഥമ ദേശീയ വിപ്ലവമായി ചിത്രീകരിക്കുകയാണ് ചെയ്യുന്നത്. ഈ കലാപത്തോടുകൂടി ഇൻഡ്യയിൽ ഒരു പരിവർത്തനം ഉണ്ടാകുകയും, അതേ നൂററാണ്ടിൽ തന്നെ സ്വാതന്ത്ര്യസമ്പാദനത്തിനുവേണ്ടിയുള്ള സംരംഭങ്ങൾ ഇൻഡ്യയിൽ ആരംഭിക്കപ്പെടുകയും ചെയ്തതുകൊണ്ട് ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിലേക്കുള്ള ഒന്നാമത്തെ ചുവടുവയ്പായി ഇതിനെ കണക്കാക്കാവുന്നതാണ്.

## 1. 1857-ലെ ഇൻഡ്യൻ വിപ്ലവം

ഡൽഹൗസിപ്രഭുവിനുശേഷം ഗവണ്ണർ ജനറലായി ഇൻഡ്യയിലെത്തിയ കാനിംഗ് പ്രഭുവിൻെറ കാലത്തുണ്ടായ ഒരു പ്രധാന സംഭവം 1857–ലെ ശിപായിലഹള ' എന്നറിഞ്ഞുവരുന്ന വിപ്ലവമായിരുന്നു.

### കാരണങ്ങൾ

രാഷ്ട്രീയം, സാമുദായികം, മതപരം, സൈനികം എന്നിങ്ങനെ പല കാരണങ്ങൾ ഈ പ്രക്ഷോഭണത്തിനു വഴി തെളിച്ചു.

#### (*i*) രാഷ്ട്രീയകാരണങ്ങൾ

ബ്രിട്ടീഷുകാർ നാട്ടുരാജ്യങ്ങളെ പിടിച്ചെടുത്തതു്, വിശിഷ്യ ഡൽഹൗസിയുടെ ദത്താപഹാരനയവും സാമ്രാജ്യവിസ്തൃതിക്കായുള്ള മററു പരിപാടികളും നാട്ടുരാജ്യങ്ങളിൽ ഭയവും സംശയവും ഉളവാക്കി. ഏതൊരു നാട്ടുരാജ്യത്തെയും ഇംഗ്ലീഷുകാർ കൈവശപ്പെടുത്തുമെന്നു് ഒരു ധാരണ പരന്നു. സാമ്രാജ്യം നഷ്ടപ്പെട്ട മുഗൾ ചക്രവത്തി ബഹദ്ദൂർഷാ, പെൻഷൻ നഷ്ടപ്പെട്ട നാനാ സാഹിബ്ബ് (ബാജി റാവു രണ്ടാമൻെറ ദത്തുപുത്രൻ), ദത്തവകാശനിരോധനം മൂലം രാജ്യം നഷ്ടപ്പെട്ട ഝാൻസിറാണി തുടങ്ങിയ പല ഇൻഡ്യൻ ഭരണാധികാരികളും ബ്രിട്ടീഷ് ശക്തിയെ തകിടം മറിക്കുവാൻ തക്ക അവസരം കാത്തിരിക്കുകയായിരുന്നു. അതുകൊണ്ടു ലഹളക്കു വേണ്ട പിൻതുണയും പ്രചോദനവും നൽകുവാൻ ഇവരെല്ലാം സന്നദ്ധരായി.

(*ii*) സാമുദായികവും മതപരവുമായ കാരണങ്ങൾ

സതി, ശിശുഹത്യ മുതലായവയുടെ നിരോധനം, വിധവാവിവാഹബില്ല് തുടങ്ങിയ ബ്രിട്ടീഷ് ഭരണപരിഷ്കാരങ്ങൾ യാഥാസ്ഥിതിക ഹിന്ദുക്കളെ ഭയപ്പെടുത്തി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചരണവും, പാതിരിമാരുടെ പ്രസംഗങ്ങളും, മതപരിവർത്തനം ചെയ്യുന്നവർക്കുവേണ്ടിയുള്ള പിൻതുടർച്ചാവകാശബില്ലും, ഹിന്ദുക്കളെയും മുസ്ലിങ്ങളെയും ക്രിസ്തുമതത്തിൽ ചേർക്കുന്നതിനുവേണ്ടിയുള്ള ഒരു ഗൂഢപരിപാടിയായി പലരും വ്യാഖ്യാനിച്ചു. റെയിൽവേ, കമ്പിത്തപാൽ ഇവയുടെ ആവിർഭാവം യാഥാസ്ഥിതികരിൽ പൊതുവെ ഭീതിയും ആശങ്കയും ഉളവാക്കി.

(*iii*) സൈനികകാരണങ്ങൾ

ഇൻഡ്യൻ പട്ടാളക്കാരുടെ ശമ്പളം വളരെ തുച്ഛമായിരുന്നു. യോഗ്യത അനുസരിച്ചുള്ള ഉദ്യോഗക്കയററം അവർക്കു കിട്ടിയിരുന്നുമില്ല. സൈന്യത്തിൽ ഉയർന്ന സ്ഥാനങ്ങൾ യൂറോപ്യൻമാർക്കു മാത്രമാണ് നൽകപ്പെട്ടിരുന്നത്. ഇൻഡ്യൻ ഭടന്മാരു (Sepoys) ടെ സംഖ്യ യൂറോപ്യൻ പട്ടാളക്കാരുടേതിനെക്കാൾ വളരെ കൂടുതലായിരുന്നു. ബർമ്മായിലും മററും യുദ്ധത്തിനു പോകുവാൻ കപ്പൽ കയറേണ്ടി വന്നതു് ജാത്യാചാര വിരുദ്ധമായിരുന്നതിനാൽ ഹിന്ദുക്കൾക്കു് അസഹ്യമായിരുന്നു. ഇതിനും പുറമേ വേഷവിധാനങ്ങളിലും, യുദ്ധമുറകളിലും പാശ്ചാത്യസമ്പ്രദായം ഏറെക്കുറെ ഏർപ്പെടുത്തിയതും അവരുടെ മതത്തോടുചെയ്യുന്ന ഒരു അവഹേളനമായികരുതി.

ഒരു പുതിയതരം തോക്കും കൊഴുപ്പുപുരട്ടിയ തോട്ടയും നടപ്പാക്കിയതു കൂടുതൽ കുഴപ്പങ്ങൾക്കു കാരണമായി. പന്നിയുടേയും പശുവിന്റേയും കൊഴുപ്പു പുരട്ടിയ തോട്ടകൾ അവരെക്കൊണ്ടു സ്പർശിപ്പിക്കുന്നതു് അവരെ ജാതിമതഭ്രഷ്ടരാക്കുന്നതിനാണെന്നു് ഹിന്ദുക്കളും മുസ്ലീങ്ങളും ഒരുപോലെ വിശ്വസിച്ചു. തോക്കുപയോഗിക്കാൻ വിസമ്മതിച്ചവർ കഠിനമായി ശിക്ഷിക്കപ്പെട്ടു. ഇതു ലഹളക്കു കാരണമായി.

## വിപ്ലവം

1857 മേയ് പത്താം തിയ്യതി മീററ്റിലെ പട്ടാളക്കാർ ലഹളയാരംഭിച്ചു. യൂറോപ്യൻ ഉദ്യോഗ



ഝാൻസി റാണി

സ്ഥന്മാരെ വെടിവച്ചു കൊന്നശേഷം അവർ ഡൽഹിയിലേക്കു പാഞ്ഞു. അവിടത്തെ ഇൻഡ്യൻ ഭടന്മാരും അവരോടു ചേർന്നു. 70 വയസ്സായ ബഹദൂർഷാ മുഗൾ ചക്രവർത്തിയായി പ്രഖ്യാപിക്കപ്പെട്ടു. ആഗ്ര, അയോദ്ധ്യ, മദ്ധ്യഇൻഡ്യ തുടങ്ങിയ പ്രദേശങ്ങളിലേക്ക് വിപ്ലവം അതിവേഗം പടർന്നുപിടിച്ചു. കാൺപൂരിൽ ശിപായിമാരുടെ നേതൃത്വം വഹിച്ചതു് നാനാസാഹിബ്ബ് ആയിരുന്നു. മദ്ധ്യ ഇൻഡ്യയിൽ ലഹളക്കാർക്ക് നേതൃത്വം നൽകിയതു് കേവലം 20 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഝാൻസി റാണി ലക്ഷ്മീബായി ആയിരുന്നു. പുരുഷവേഷത്തിൽ പടക്കളത്തിലിറങ്ങി ലക്ഷ്മിഭായി സുധീരം പോരാടി.

വിപ്ലവം അമച്ചുചെയ്യുന്നതിന ഗവണ്മെൻറ് സത്വരനടവടികൾ കൈക്കൊണ്ടു. സിക്കുകാരും, മദ്രാസ്, ബാംബെ, ഹൈദരാബാദ് എന്നിവിടങ്ങളിലെ ഇൻഡ്യൻ ഭടന്മാരും ചില നാട്ടുരാജാക്കന്മാരും ബ്രിട്ടീഷുകാരെ സഹായിച്ചു. ഇംഗ്ലീഷുസൈന്യം ഡൽഹി കൈവശപ്പെടുത്തി ബഹദൂർഷായെ സ്ഥാനഭ്രഷ്ടനാക്കി ബർമ്മയിലേക്കു നാടുകടത്തി. അദ്ദേഹത്തിൻെറ രണ്ടു പുത്രന്മാരെ വെടിവെച്ചുകൊന്നു. തുടർന്നു് ലക്നൗ, അയോദ്ധ്യ, കാൺപൂർ എന്നീ പ്രദേശങ്ങളും ഇംഗ്ലീഷുസേന കീഴടക്കി. നാനാസാഹിബ്ബ് പ്രാണരക്ഷാർത്ഥം ഓടിപ്പോയി. ലക്ഷ്മീബായി അവസാനംവരെ ധൈര്യസമേതം പോരാടി പടക്കളത്തിൽ മരണമടഞ്ഞു. ആ വീരവനിതയെ സഹായിച്ച ടാൻറിയാതോപ്പിയെ ബ്രിട്ടീഷുകാർ പിടികൂടി വധിച്ചു. ഇങ്ങനെ വിപ്ലവം അവസാ

നിക്കുകയും ഏതാനും മാസങ്ങൾകൊണ്ട് സമാധാനം പുനഃസ്ഥാപിതമാകുകയും ചെയ്തു.

## പരാജയകാരണങ്ങൾ

ശിപായിലഹള ബ്രിട്ടീഷ് ഭരണത്തോടുള്ള ഒരു പൊതുവായ എതിർപ്പായിരുന്നില്ല. മദ്രാസ്, പഞ്ചാബ്, ദക്ഷിണ ഇന്ഡ്യ എന്നീ പ്രദേശങ്ങൾ അതിൽ പങ്കെടുത്തില്ല. ഇൻഡ്യൻ പട്ടാളക്കാരുടേയും സ്ഥാനഭ്രഷ്ടരായിത്തീർന്ന ഏതാനും ഭരണാധികാരികളുടേയും ഒരു ശ്രമം മാത്രമായിരുന്നു അത്. അവർക്കുതന്നെ ഏകീകൃതമായ ഒരു ലക്ഷ്യമോ, പരിപാടിയോ, നേതൃത്വമോ ഉണ്ടായിരുന്നില്ല. മുസ്ലീം ആധിപത്യം സ്ഥാപിക്കുന്നതിനു മുസ്ലീമിങ്ങളും ഹിന്ദു ആധിപത്യം സ്ഥാപിക്കുന്നതിനു ഹിന്ദുക്കളും അഭിലഷിച്ചു. മാത്രവുമല്ല പ്രബലന്മാരായ പല വ്യക്തികളും ബ്രിട്ടീഷുകാരെ സഹായിച്ചു. കൂടാതെ വിപ്ലവകാരികൾക്കു ശരിയായ നേതൃത്വവും ഉണ്ടായിരുന്നില്ല. പോസ്റ്റ്, ടെലഗ്രാഫ് മുതലായ വാർത്താവിനിമയ മാർഗ്ഗങ്ങളും റെയിൽവെ തുടങ്ങിയ ഗതാഗത സൗകര്യങ്ങളും ബ്രിട്ടീഷധീനതയിലായിരുന്നു. ഈ കാരണങ്ങളാൽ വിപ്ലവം പരാജയപ്പെടുന്നതിനിടയായി.

## ഫലങ്ങൾ

വിപ്ലവത്തിന്റെ ഫലമായി 1858-ൽ ബ്രിട്ടീഷ് പാർലിയമെന്റ് ഒരു നിയമമുണ്ടാക്കി. ഇത

അനുസരിച്ച് ഇൻഡ്യയിലെ കമ്പനിഭരണം നിർത്തലാക്കി. ഇൻഡ്യയുടെ ഭരണം ഇംഗ്ലണ്ടിലെ ഗവണ്മെൻറ് നേരിട്ട് ഏറ്റെടുക്കുകയും ചെയ്തു. ഇംഗ്ലണ്ടിലെ രാജ്ഞിയായ വിക്ടോറിയാ ഇൻഡ്യയിലെ ചക്രവർത്തിനി ആയിത്തീർന്നു. ഇൻഡ്യാക്കാരുടെ സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിയെ മുൻനിർത്തി മേലാൽ ഭരണം നടത്തിക്കൊള്ളാമെന്ന് വിക്ടോറിയാ രാജ്ഞി ഒരു വിളംബരം മൂലം വാഗ്ദാനം ചെയ്തു. ഇൻഡ്യയിലെ ഒന്നാമത്തെ വൈസ്രോയി ആയി ക്യാനിംഗ് പ്രഭു നിയമിതനായി.



ക്യാനിംഗ് പ്രഭു

## 2. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്

ബ്രിട്ടീഷ് ഭരണത്തിന്റെ സുപ്രധാനമായ ഫലം ഭാരതീയരിൽ അത് ദേശീയ ബോധം ഉത്തേജിപ്പിച്ചു എന്നുള്ളതാണ്. ഇംഗ്ലീഷു വിദ്യാഭ്യാസവും പാശ്ചാത്യസംസ്കാരവും നാട്ടിൽ പ്രചരിച്ചതോടുകൂടി വിദ്യാസമ്പന്നരും ചിന്താശീലരുമായ ഭാരതീയർ മാതൃഭൂമിയുടെ ഉദ്ധാരണത്തെപ്പററി ചിന്തിക്കുവാൻ തുടങ്ങി. ഇതിന്റെ ഫലമായി 19-ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മതപരവും സാമുദായികവും രാഷ്ട്രീയവുമായ പല പ്രസ്ഥാനങ്ങളും പ്രത്യക്ഷമായിത്തുടങ്ങി. ഭാരതീയ സംസ്കാരത്തിന്റെ അധഃപതനം ചിന്തകന്മാർക്കു വേദന ഉളവാക്കി. ഇതിനൊക്കെ പരിഹാരമുണ്ടാക്കണമെന്നു അവർ നിശ്ചയിച്ചു. ഹിന്ദുമതത്തെ പുതിയ ജീവിത രീതിക്കനുയോജ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനും ദുരാചാരങ്ങൾ ദൂരീകരിക്കുന്നതിനുമായി പണ്ഡിതനും മഹാനുമായ രാജാ റാം മോഹൻ റായ് ബംഗാളിൽ സ്ഥാപിച്ച സംഘമാണ് ബ്രഹ്മസമാജം. ഇതിന്റെ അടിസ്ഥാന തത്വം ഏകദൈവമെന്നുള്ളതാണ്. സതി മുതലായ ദുരാചാരങ്ങളെ ഇല്ലാതാക്കുന്നതിനും പാശ്ചാത്യ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സ്ത്രീസമുദായത്തിന്റെ ഉല്കൃഷ്ടത്തിനും വിദ്യാഭ്യാസാഭിവൃദ്ധിക്കും ബ്രഹ്മസമാജം ഉള്ളഴിഞ്ഞു പ്രവർത്തിച്ചു. പഞ്ചാബിൽ സ്വാമി ദയാനന്ദസരസ്വതിയാൽ സ്ഥാപിക്കപ്പെട്ട ആര്യസമാജവും ഹിന്ദുമതത്തിനു് ദേശീയ ബോധത്തിൽകൂടി ഒരു നവജീവൻ പ്രദാനം ചെയ്തു. "ഇൻഡ്യ ഇൻഡ്യാക്കാർക്ക്" എന്ന മന്ത്രം ഒന്നാമതായി അദ്ദേഹത്തിൽ നിന്നാണു പുറ

പ്പെട്ടതു്. ഈ ശതാബ്ദത്തിലെ മററു വിശിഷ്ട വ്യക്തികളും തത്വചിന്തകന്മാരുമായ ശ്രീരാമകൃഷ്ണപരമഹംസൻ, സ്വാമി വിവേകാനന്ദൻ മുതലായ വിശിഷ്ട വ്യക്തികൾ ഭാരതീയരിൽ മതപരിഷ്കാരത്തോടു കൂടി ദേശീയബോധവും സ്വാതന്ത്ര്യാഭിലാഷവും അങ്കുരിപ്പിച്ചു. സ്വാമി വിവേകാനന്ദൻ സ്ഥാപിച്ച 'രാമകൃഷ്ണമിഷൻ' ലോകപ്രശസ്തി സമ്പാദിച്ചു കഴിഞ്ഞിട്ടുണ്ടു്. ഈ പ്രസ്ഥാനങ്ങൾ സാമൂഹ്യവും മതപരവുമായ പരിഷ്കാരത്തോടുകൂടി ദേശീയ പ്രബുദ്ധതയുടേയും സ്വാതന്ത്ര്യാഭിലാഷത്തിന്റേയും വളർച്ചക്കു പരോക്ഷമായി സഹായിച്ചു.



സ്വാമി വിവേകാനന്ദൻ

ശിപായി ലഹളയുടെ ദുരന്തഫലങ്ങളിൽനിന്നും ഇൻഡ്യ സാവധാനം വിമുക്തയായി എങ്കിലും ഭരണപരമായ കാര്യങ്ങളിൽ പറയത്തക്ക വ്യതിയാനമൊന്നുമുണ്ടായില്ല. പത്രപ്രവത്തന സ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം ആദിയായവ കാലക്രമേണ നാട്ടുകാക്ക് നിഷേധിക്കപ്പെട്ടു. ഇംഗ്ലീഷു സാഹിത്യം, പാശ്ചാത്യചരിത്രം എന്നിവ പഠിച്ച അഭ്യസ്തവിദ്യരായ ഇൻഡ്യാക്കാക്കും, വിശാലാശയരായ ഇംഗ്ലീഷുകാക്കും, ഭരണപരമായ കായ്യങ്ങളിൽ ഇൻഡ്യൻ ജനതക്കും ഒരു പങ്കു വേണ്ടതാണെന്നു തോന്നിത്തുടങ്ങി. ഇൻഡ്യാക്കാരുടെ ഈ പ്രബുദ്ധത മനസ്സിലാക്കി അതിനു തക്ക നേതൃത്വവും പ്രചോദനവും നൽകുന്നതിന്നായി ചില ഇംഗ്ലീഷുകാർ തന്നെ ഉററു ശ്രമിച്ചു എന്നുള്ളതും സ്മരണീയമാണ്. അല്ലൻ ഒക്റ്റേവിയൻ ഹ്യൂം, ദാദാബായി നവറോജി തുടങ്ങിയ ഇൻഡ്യൻ രാഷ്ട്രീയ നേതാക്കന്മാരുമായി ആലോചിച്ച് 1885-ൽ ബാംബയിൽവെച്ച് 'ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്' സ്ഥാപിച്ചു. ആദ്യത്തെ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചതു് ഡബ്ലിയു.സി. ബാനർജിയാണ്. 70 പ്രാദേശിക പ്രതിനിധികൾ അതിൽ സന്നിഹിതരായിരുന്നു. രണ്ടാമത്തേയും മൂന്നാമത്തേയും സമ്മേളനങ്ങൾ കല്ക്കട്ടയിലും മദ്രാസിലും വെച്ചു നടന്നു. ഉയൎന്ന ഉദ്യോഗങ്ങളിൽ യോഗ്യതയുള്ള ഇൻഡ്യാക്കാരെ കൂടുതലായി നിയമിക്കണമെന്നും, നിയമസഭകളിൽ ഭാരതീയക്ക് ഗണ്യമായ പ്രാതിനിധ്യം അനുവദിക്കണമെന്നും സൈനികച്ചെലവു കുറയ്ക്കണമെന്നും കോൺഗ്രസ്സ് അപേക്ഷാരൂപത്തിൽ ആവശ്യപ്പെട്ടു. ഭിന്നജാതിമതസ്ഥരായ ഭാരതീയരെ ഏകോപി

പ്പിച്ച് ഐക്യബോധമുള്ള ഒരു ജനതയാക്കിത്തീർക്കുക, ഇൻഡ്യാക്കാരുടെ നാനാ പ്രകാരേണയുള്ള അഭിവൃദ്ധി കൈവരുത്തുക എന്നിവയായിരുന്നു കോൺഗ്രസ്സിന്റെ പ്രധാന ലക്ഷ്യങ്ങൾ. കോൺഗ്രസ്സിന്റെ ശക്തിയും ക്രമപ്രവൃദ്ധമായി വർദ്ധിച്ചുവന്നു.

ഇൻഡ്യൻ താല്പര്യങ്ങൾക്കു സംരക്ഷണം നൽകുവാൻ ഗവൺമെന്റിനെ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ ഉൽബോധിപ്പിക്കുകയായിരുന്നു ആരംഭകാലത്തു കോൺഗ്രസ്സ് ചെയ്തുവന്നതു്. എന്നാൽ കോൺഗ്രസ്സിന്റെ ആവശ്യങ്ങൾ നിറവേററാൻ ഗവൺമെന്റു സന്നദ്ധമായില്ല. ഗവൺമെന്റു സംശയദൃഷ്ടിയോടെ കോൺഗ്രസ്സ് സംഘടനയെ വീക്ഷിക്കുവാൻ തുടങ്ങി. 1905-ൽ വൈസ്രോയി കഴ്സൺ പ്രഭു പൊതുജനാഭിപ്രായത്തെ അവഗണിച്ചു ബംഗാൾ പ്രസിഡൻസിയെ രണ്ടായി വിഭജിച്ചു് രണ്ടു ഗവർണ്ണർമാരുടെ ഭരണത്തിലാക്കി. ബംഗാൾ വിഭജനം കോൺഗ്രസ്സിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം സൃഷ്ടിച്ചു. ഈ വിഭജനം റദ്ദുചെയ്യണമെന്നു ബംഗാളികൾ പ്രക്ഷോഭണം ആരംഭിച്ചു. ഇതു് കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ ഒരു ശമാദത്തരുകയും ചെയ്തു. ഇതോടുകൂടെ ഭീകരപ്രവർത്തനവും, സ്വദേശിപ്രസ്ഥാനവും, ബ്രിട്ടീഷ് സാധന ബഹിഷ്കരണവും മററും ആരംഭിച്ചു. ഗവൺമെന്റു പ്രക്ഷോഭണത്തെ അടിച്ചമർത്താൻ മുതിർന്നു.

### കോൺഗ്രസ്സിൽ ഭിന്നിപ്പ്

ക്രമേണ കോൺഗ്രസ്സിൽ ഭിന്നിപ്പുണ്ടായി. വ്യവസ്ഥാപിതമായ പ്രക്ഷോഭണത്തിനായി ദാദാ

ബായി നവറോജി, ഗോപാലകൃഷ്ണഗോഖലെ, സുരേന്ദ്രനാഥബാനർജി എന്നിവരുടെ നേതൃത്വത്തിൽ മിതവാദികളും, ഊർജ്ജിതമായ എതിർപ്പുമൂലം കാര്യം നേടുന്നതിന്നായി അമിതവാദികൾ ബാലഗംഗാധരതിലകൻ, അരവിന്ദഘോഷ്, വിപിനചന്ദ്രപാലൻ എന്നിവരുടെ നേതൃത്വത്തിലും നിലകൊണ്ടു. 1907-ൽ സൂററ്റിൽവച്ചു നടന്ന സമ്മേളനത്തിൽ ഇരുകൂട്ടരും പിണങ്ങിപ്പിരിഞ്ഞു. മിതവാദികളെ തൃപ്തിപ്പെടുത്തുന്നതിനായി ഗവണ്മെൻറ് 1909-ൽ മിൻെറാ-മോർലി പരിഷ്കാരങ്ങൾ നടപ്പിലാക്കി. രാഷ്ട്രീയപുരോഗതിയുടെ പ്രാരംഭപടിയായി ഗോപാലകൃഷ്ണ ഗോഖലെ തുടങ്ങിയ മിതവാദികൾ ഇതിനെ സ്വാഗതംചെയ്തു. അമിതവാദികളാകട്ടെ അതിലെ സാമുദായികപ്രാതിനിധ്യം തുടങ്ങിയ ന്യൂനതകളെ ആക്ഷേപിച്ചുകൊണ്ടു് ആ പദ്ധതിയെ എതിർക്കുകയാണു് ചെയ്തതു്. 1911-ൽ ബംഗാൾ വിഭജനം റദ്ദുചെയ്തു എങ്കിലും തീവ്രവാദികൾ കോൺഗ്രസ്സ് വിട്ടു് സ്വയം ഗവണ്മെൻറിനെ എതിർക്കാൻ തുടങ്ങി. ഗവണ്മെൻറ് മർദ്ദനനടപടികൾ കൈക്കൊണ്ടു. നേതാക്കന്മാർ ശിക്ഷിക്കപ്പെട്ടു. കോൺഗ്രസ്സിലെ ഇരുകക്ഷികളും തമ്മിലുണ്ടായിരുന്ന ഭിന്നിപ്പു് 1916-ലെ ലക്നൗ കോൺഗ്രസ്സ് സമ്മേളനത്തോടുകൂടി അവസാനിച്ചു.

1914-ലാണു് മിസ്സിസ് ബസൻറ് കോൺഗ്രസ്സിൻെറ നേതൃത്വം ഏറെറടുത്തതും കോൺഗ്രസ്സ് സ്വയംഭരണവാദം ശക്തിയായി ആവർത്തിച്ചതും. ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചതും ഈ വർഷം തന്നെ ആയിരുന്നു. മഹാത്മാ ഗാന്ധി ഇൻഡ്യൻ

രാഷ്ട്രീയരംഗത്തു ഈ അവസരത്തിൽ പ്രത്യക്ഷപ്പെട്ടു. താമസിയാതെ ഇൻഡ്യയിലെ മറെറാരു രാഷ്ട്രീയ സംഘടനയായ മുസ്ലിം ലീഗും കോൺഗ്രസ്സും തമ്മിലുണ്ടായിരുന്ന അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞുതീർത്തു ഐക്യത്തിലെത്തി. 1916-ൽ ഇരു സംഘടനകളും ചേൎന്നു ശക്തിയായ ഭാഷയിൽ സ്വയംഭരണാവകാശവാദം മുഴക്കി. അതേകാലംതന്നെ ആനിബെസൻറ്, ലോകമാന്യതിലകൻ മുതലായ കോൺഗ്രസ്സുകാർ ആ സംഘടനയ്ക്കുള്ളിൽനിന്നുകൊണ്ടു ഒരു 'ഹോം റൂൾ' പ്രക്ഷോഭണവും ആരംഭിച്ചു. താമസിയാതെ കോൺഗ്രസ്സ് പ്രസിഡൻറ് ആനിബെസൻറ് അറസ്റ്റുചെയ്തു ജയിലിലടക്കപ്പെട്ടു. അതിനെത്തുടർന്നു മഹാത്മാ ഗാന്ധി കോൺഗ്രസ്സ് പ്രസിഡൻറായി.

## 3· മഹാത്മാഗാന്ധി

മോഹനദാസ് കരംചന്ദ്ഗാന്ധി 1869 ഒക്ടോബർ മാസം 2-ാംനു- സൗരാഷ്ട്രത്തിലെ പോർബന്തർ എന്ന നാട്ടുരാജ്യത്തിൽ ജനിച്ചു. പോർബന്തറിലെ ദിവാനായിരുന്നു പിതാവു്. ഈശ്വരഭക്തി, സത്യസന്ധത, ഭൂതദയ, കൃത്യനിഷ്ഠ, മാതാപിതാക്കന്മാരോടുള്ള ഭക്തി ആദിയായ ഗുണങ്ങൾ ബാല്യത്തിൽ തന്നെ ഗാന്ധിജിയിൽ പ്രശോഭിച്ചിരുന്നു. സമുദായാചാരപ്രകാരം കസ്തൂർബായി എന്നൊരു ബാലികയെ ബാല്യത്തിൽ തന്നെ അദ്ദേഹം വിവാഹം ചെയ്തു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഗാന്ധിജി ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്റർ പരീക്ഷ പാസ്സായി മടങ്ങിവന്നു് ബാംബെയിലും പിന്നീട് രാജ്കോട്ടിലും കുറച്ചുകാലം അഭിഭാഷകനായി കഴിഞ്ഞു

കൂടി. വക്കീൽപണിയിൽ വലിയ ലാഭമൊന്നുമുണ്ടായില്ല. 1893-ൽ ഒരു മുസ്ലീംമാന്യന്റെ വക്കാലായി അദ്ദേഹം ദക്ഷിണാഫ്രിക്കയിലേക്കു പോയി.

അക്കാലത്തു തെക്കേ ആഫ്രിക്കയിൽ അനവധി ഇൻഡ്യാക്കാർ താമസിച്ചിരുന്നു. 1860 മുതൽ ദക്ഷിണ ആഫ്രിക്കയിലുള്ള കൃഷിത്തോട്ടങ്ങളിൽ വേല ചെയ്യുന്നതിനായി ചില വ്യവസ്ഥകൾക്കു വിധേയരായി 5 കൊല്ലം ജോലിചെയ്തുകൊള്ളാമെന്നുള്ള കരാറിൽ ധാരാളം കൂലിക്കാരെ അങ്ങോട്ടു കൊണ്ടുപോയിട്ടുണ്ടായിരുന്നു. ഇവരുടെ സ്ഥിതി അടിമകളുടേതിൽനിന്നു് ഒട്ടും വിഭിന്നമായിരുന്നില്ല. കരാറനുസരിച്ചുള്ള 5 കൊല്ലം കഴിഞ്ഞു, പല കൂലിക്കാരും അവിടെ താമസിച്ചു കൃഷിയും കച്ചവടവും നടത്തി അഭിവൃദ്ധി പ്രാപിച്ചുവന്നു. ഇതിൽ അസൂയ ജനിച്ച വെള്ളക്കാർ അവരെ അവിടെനിന്നോടിക്കാൻ വഴി നോക്കി. തന്മൂലം അവർ അത്യധികമായ ദുരിതം അനുഭവിക്കേണ്ടിവന്നു. തീവണ്ടികളിൽ സ്വാതന്ത്ര്യമായി സഞ്ചരിക്കുന്നതിനോ, ഹോട്ടലുകളിൽനിന്നു് ആഹാരം കഴിക്കുന്നതിനുള്ള സ്വാതന്ത്ര്യംപോലുമോ അവർക്കുണ്ടായിരുന്നില്ല. തന്റെ നാട്ടുകാരുടെ പരിതാപകരമായ ഈ നില ഗാന്ധിജിയെ വിഷമിപ്പിച്ചു. ഈ ക്ലേശങ്ങളിൽനിന്നു് ഇൻഡ്യാക്കാരെ രക്ഷിക്കുന്നതിനു ഗാന്ധിജി തന്റെ സർവ്വ കഴിവുകളും വിനിയോഗിച്ചു. ദക്ഷിണ ആഫ്രിക്കയിലെ ഇൻഡ്യാക്കാരെ ഒരുമിച്ചു ചേർത്തു് "ദക്ഷിണാഫ്രിക്കൻ കോൺഗ്രസ്സ്" എന്നൊരു സംഘടന സ്ഥാപിച്ചു. അനീതികളെ 'അക്രമരഹിതമായ സത്യാഗ്രഹം' എന്ന സമരം

യുധംകൊണ്ടു് എതിർക്കുകയാണദ്ദേഹം ചെയ്തതു്. വളരെ ത്യാഗങ്ങളും കഷ്ടതകളും സഹിച്ചു് ക്ഷമയോടു കൂടി 20 കൊല്ലം അദ്ദേഹം പോരാടി. ഒടുവിൽ ആഫ്രിക്കൻ ഗവണ്മെൻറുമായി ഒരു ഒത്തുതീർപ്പിലെത്തി ഇൻഡ്യാക്കാരുടെ അവശതകൾ ഒട്ടൊക്കെ പരിഹരിക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. വിജയശ്രീലാളിതനായി ഇൻഡ്യയിൽ മടങ്ങിയെത്തിയ ഗാന്ധിജി തൻെറ സാന്നിദ്ധ്യം മാതൃഭൂമിയുടെ ഉദ്ധാരണത്തിനു് അത്യാവശ്യമെന്നു കണ്ടു് കോൺഗ്രസ്സിൽ ചേർന്നു പ്രവർത്തനമാരംഭിച്ചു. അതിനുശേഷമുള്ള ഗാന്ധിജിയുടെ ചരിത്രവും കോൺഗ്രസ്സ് പ്രവർത്തനം മുഖേനയുള്ള ഇൻഡ്യൻ സ്വാതന്ത്ര്യസമ്പാദന ചരിത്രവും ഒന്നുതന്നെ എന്നു നിസ്സംശയം പറയാവുന്നതാണു്.

## 4. ഗാന്ധിജിയും കോൺഗ്രസ്സും

ഒന്നാം ലോകമഹായുദ്ധകാലത്തു് മഹാത്മജിയുടെ ആഹ്വാനമനുസരിച്ചു് ഇൻഡ്യാക്കാർ ഇംഗ്ലീഷുകാരെ ഉള്ളഴിഞ്ഞു സഹായിച്ചിരുന്നു. 1916-ലെ ലക്നൗ കോൺഗ്രസ്സ് സമ്മേളനത്തെ തുടർന്നു് കോൺഗ്രസ്സും മുസ്ലീംലീഗും കൂടി ഏകോപിച്ചു് തയ്യാറാക്കിയ ഭരണപരിഷ്കാരവ്യവസ്ഥകൾ ഗവണ്മെൻറിനു സമർപ്പിച്ചു എങ്കിലും അതിന്മേൽ അനുകൂലമായ നടപടികളൊന്നും ഗവണ്മെൻറു കൈക്കൊള്ളാഞ്ഞതിനാൽ ആ രണ്ടു കക്ഷികൾക്കും ബ്രിട്ടീഷ് നടപടിയോടു വളരെ വെറുപ്പുണ്ടായി. സംഘടിതമായ പരിശ്രമംപോലും ഫലപ്പെടുന്നില്ലെന്നു കണ്ടു് നേതാക്കന്മാർ ചില അക്രമപ്രകടനങ്ങൾക്കു സന്നദ്ധ

രായി. ഗവണ്മെൻറു മർദ്ദനനയം തുടങ്ങി. 1917-ൽ ഗാന്ധിജി തുടങ്ങിയ നേതാക്കന്മാരെയെല്ലാം അറസ്റ്റ് ചെയ്തു ജയിലിലാക്കുകയും ജനങ്ങളെ തൽക്കാലത്തേയ്ക്കൊന്നു തൃപ്തിപ്പെടുത്തുവാൻ വേണ്ടി ഭരണഘടനാ പരിഷ്കാരം ഉടൻതന്നെ ഉണ്ടാകുമെന്നു ഗവണ്മെൻറു് വാഗ്ദാനം ചെയ്യുകയുമുണ്ടായി. ഇൻഡ്യാസെക്രട്ടറി മൊണ്ടേഗുവും വൈസ്രോയി ചെംസ്ഫോർഡ് പ്രഭുവും ചേർന്നു തയ്യാറാക്കിയ 'മോണ്ട്-ഫോർഡ് പരിഷ്കാരം' 1919-ൽ നടപ്പിലാക്കി. ഇതനുസരിച്ചു ഭരണവകുപ്പുകളെ രണ്ടായി വിഭജിച്ച് ഏതാനും പ്രധാന വകുപ്പുകൾ ഗവർണ്ണരുടേയും, കൌൺസിലിൻേറയും ഭരണത്തിലും മററു വകുപ്പുകൾ നിയമസഭാംഗങ്ങളിൽനിന്നു ഗവർണ്ണർ നിയമിക്കുന്ന മന്ത്രിമാരുടെ ഭരണത്തിലും വിട്ടുകൊടുത്തു. ഇങ്ങനെ പ്രോവിൻസുകളിൽ ദ്വിഭരണസമ്പ്രദായം ഏർപ്പെടുത്തപ്പെട്ടു. ഈ ഭരണസമ്പ്രദായം പൊതുവെ വലുതായ നിരാശ ഉളവാക്കി. യുദ്ധം അവസാനിക്കുമ്പോൾ ഇൻഡ്യയ്ക്കു പൂർണ്ണ സ്വയംഭരണം നൽകുമെന്ന പ്രതീക്ഷ ഇങ്ങനെ വിഫലമായതോടെ കോൺഗ്രസ്സ് പ്രക്ഷോഭണമാരംഭിച്ചു. ഗവണ്മെൻറ് മർദ്ദനനടപടികൾ കൈക്കൊണ്ടു. ജനങ്ങൾ പ്രക്ഷുബ്ധരായി ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ തുടങ്ങി. 'റൗലററ് ആക്ട്' എന്നറിയപ്പെടുന്ന ചില കരിനിയമങ്ങൾ ഗവണ്മെൻറ് ഇക്കാലത്ത് നടപ്പിലാക്കി പ്രക്ഷോഭണക്കാരെ നിർദ്ദയം അടിച്ചമർത്തി. ഈ സമയത്താണു് അമൃതസരസ്സിനടുത്തു ജാലിയൻവാലാബാഗ് എന്ന സ്ഥലത്തുവച്ച് ഒരു വലിയ ജനക്കൂട്ടത്തെ ബ്രിട്ടീഷ് സൈന്യം വെടിവെച്ചു പിരിച്ചുവിടാൻ ശ്രമിച്ചതും അതിൽവച്ചു വളരെപ്പേർ മരിച്ചതും. ഈ സംഭവം

ജനങ്ങളെ കൂടുതൽ ക്ഷോഭിപ്പിച്ചു. തുടൎന്നു കോൺഗ്രസ്സും ലീഗും കൂടിച്ചേൎന്ന് ഇൻഡ്യയുടെ ലക്ഷ്യം 'പൂൎണ്ണസ്വരാജ്' ആണെന്നു പ്രഖ്യാപിച്ചു. 1920-ൽ ബാലഗംഗാധരതിലകൻ മരിച്ചതോടെ ഗാന്ധിജി കോൺഗ്രസ്സിൻെറ അനിഷേധ്യനേതാവായിത്തീൎന്നു.

## ആദ്യത്തെ നിസ്സഹകരണപ്രസ്ഥാനം

1921-ൽ ഗാന്ധിജി അദ്ദേഹത്തിൻെറ ഒന്നാമത്തെ നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചു. വിദ്യാലയങ്ങൾ, കോടതികൾ, കൗൺസിലുകൾ എന്നിവ ബഹിഷ്കരിക്കപ്പെട്ടു. വിദേശസാധന ബഹിഷ്കരണം, നികുതിനിഷേധം തുടങ്ങിയ പരിപാടികളും പ്രസ്ഥാനത്തിൽ ഉൾക്കൊണ്ടിരുന്നു. 1922-ൽ ഗാന്ധിജി ബർദോളിയിൽവെച്ചു നിയമനിഷേധം ആരംഭിച്ചു. ചൗരിചൗരാ എന്ന സ്ഥലത്തുവച്ചു നടന്ന പോലീസ് അക്രമങ്ങൾ ജനങ്ങളുടെ ക്ഷമയെ അതിലംഘിച്ചതുനിമിത്തം ഗാന്ധിജിയുടെ അക്രമരാഹിത്യസിദ്ധാന്തത്തെ മറന്ന് ഏതാനും പോലീസുകാരെ വിപ്ലവകാരികൾ തീവച്ചു ചുട്ടുകളഞ്ഞു. ഈ വിവരം അറിഞ്ഞു ഗാന്ധിജി നികുതിനിഷേധം പിൻവലിച്ചു. ഗവണ്മെൻറു ഗാന്ധിജിയെ അറസ്ററു ചെയ്തു ആറുകൊല്ലത്തേക്കു ശിക്ഷിച്ച് 1922-ൽ ജയിലിലടച്ചു. 1924-ൽ അനാരോഗ്യംമൂലം ഗാന്ധജി മോചിപ്പിക്കപ്പെട്ടതിനെത്തുടൎന്ന് അദ്ദേഹം നിസ്സഹകരണപ്രസ്ഥാനം പിൻവലിച്ചു.

## സ്വരാജ് കക്ഷിയും നിയമസഭാപ്രവേശവും

1925-ലെ പുതിയ തെരഞ്ഞെടുപ്പിൽ 'സ്വരാജ്' കക്ഷിക്കാർ ജയിച്ചു നിയമസഭയിൽ പ്രവേശിച്ചു.

ഒരു തികഞ്ഞ കോൺഗ്രസ്സുകാരനായ വിത്തൽഭായി പട്ടേൽ കേന്ദ്ര നിയമസഭയുടെ പ്രസിഡൻറായി തീരുകയും ചെയ്തു. പ്രസിഡൻറ് പട്ടേലും സ്വരാജ് കക്ഷിക്കാരും മോണ്ടേഗ്-ചേംസ്‌ഫോർഡ് പരിഷ്കാരം വെറും പൊള്ളയാണെന്ന് അതിവേഗം തെളിയിച്ചു.

## സൈമൺ കമ്മീഷൻ

ഇൻഡ്യയ്ക്ക് ഒരു പുതിയ ഭരണഘടന നിർമ്മിക്കുന്നതിനെപ്പററി നിർദ്ദേശങ്ങൾ നൽകുന്നതിനായി 1927-ൽ സർ ജോൺ സൈമൺ എന്ന ഇംഗ്ലീഷുകാരൻെറ നേതൃത്വത്തിൽ ഒരു രാജകീയ കമ്മീഷനെ ബ്രിട്ടീഷ് പാർലിമെൻറ് നിയമിച്ചു. ഇതിൽ ഇൻഡ്യാക്കാരാരും ഇല്ലാതിരുന്നതിനാൽ അവർ ഇവിടം സന്ദർശിച്ചപ്പോൾ കോൺഗ്രസ്സും ബഹുജനങ്ങളും അവരോട് നിസ്സഹകരിച്ചു. 1929-ൽ അവർ പാർലിമെൻറിനു റിപ്പോർട്ടു സമർപ്പിച്ചു.

## സ്വാതന്ത്ര്യ പ്രഖ്യാപനം

കോൺഗ്രസ്സിൻെറ ലക്ഷ്യം പൂർണ്ണസ്വാതന്ത്ര്യം സമ്പാദിക്കുകയാണെന്നു ജവഹർലാൽ നെഹ്റുവിൻെറ അദ്ധ്യക്ഷതയിൽ കൂടിയ 1929-ലെ ലാഹോർ കോൺഗ്രസ്സ് സമ്മേളനം പ്രഖ്യാപിച്ചു. 1930 ഏപ്രിൽ മാസത്തിൽ ബ്രിട്ടീഷ് ഗവണ്മെൻറിനോടുള്ള പ്രതിഷേധസൂചകമായി ഗാന്ധിജി ദണ്ഡിയിൽ വച്ച് ഉപ്പുസത്യഗ്രഹവും നിയമനിഷേധവും ആരംഭിച്ചു. ഗവണ്മെൻറ് നേതാക്കന്മാരെയെല്ലാം അറസ്റ്റ്ചെയ്തു കാരാഗൃഹത്തിലടച്ചു.

## വട്ടമേശസമ്മേളനങ്ങൾ

ഇൻഡ്യൻ കാര്യങ്ങൾ ചർച്ചചെയ്യുന്നതിനായി 1930, 1931, 1932 എന്നീ കൊല്ലങ്ങളിലായി ലണ്ടനിൽവച്ച് സൈമൺ കമ്മീഷൻ റിപ്പോർട്ടിനെപ്പററി ആലോചിക്കുവാൻ മൂന്നു വട്ടമേശസമ്മേളനങ്ങൾ നടന്നു. ഒന്നാമത്തെ സമ്മേളനത്തിൽ കോൺഗ്രസ്സ് സംബന്ധിച്ചില്ല. താമസിയാതെ ഗാന്ധിജിയും അക്കാലത്തെ വൈസ്രോയിയായ ഇർവിൻ പ്രഭുവും ഒരു സന്ധിയിലേർപ്പെട്ടു (ഗാന്ധി–ഇർവിൻ സന്ധി). അതനുസരിച്ച് സത്യാഗ്രഹം തല്ക്കാലം നിർത്തിവച്ച് മഹാത്മജി രണ്ടാം വട്ടമേശസമ്മേളനത്തിൽ പങ്കുകൊണ്ടു. മററു രാഷ്ട്രീയകക്ഷികൾ യോജിക്കാഞ്ഞതുകൊണ്ടു് ഗാന്ധിജിക്ക് ഈ സമ്മേളനത്തിൽ കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അദ്ദേഹം ഇൻഡ്യയിൽ മടങ്ങിയെത്തുംമുമ്പു കോൺഗ്രസ്സിനെ അമർച്ചചെയ്യാൻ ബ്രിട്ടീഷ് ഇൻഡ്യൻ ഗവണ്മെൻറ് ഉദ്യമിച്ചു. നേതാക്കന്മാരിൽ പലരും തുടന്ന് ഗാന്ധിജിയും അറസ്റ്റ്ചെയ്യപ്പെട്ടു. കോൺഗ്രസ്സ് നിയമനിഷേധവും ഗവണ്മെൻറ് മർദ്ദനനയവും ആരംഭിച്ചു. ഇതിനകം മൂന്നാം വട്ടമേശസമ്മേളനം കൂടി. അതിലെ നിർദ്ദേശമനുസരിച്ച് 1935-ൽ 'ഗവണ്മെൻറ് ആഫ് ഇൻഡ്യാ ആക്ട്' പാസ്സാക്കപ്പെട്ടു. ബ്രിട്ടീഷു ഭരണതന്ത്രജ്ഞന്മാരുടേയും ഇൻഡ്യൻ രാഷ്ട്രീയ നേതാക്കന്മാരിൽ മിതവാദികളുടേയും ലക്ഷ്യം ഇൻഡ്യക്ക് ഒരു പുത്രികാരാജ്യപദവി നൽകുക എന്നതായിരുന്നു. ഇതു ഏറെക്കുറെ 1935-ലെ ആക്ട്മൂലം സാധിച്ചു എന്നാണു് സങ്കല്പം.

## 5. 1935-ലെ ഇൻഡ്യാ ആക്റ്റ്

ഈ ആക്റ്റ്മൂലം പ്രവിശ്യകളിലെ ദ്വിഭരണസമ്പ്രദായം അവസാനിപ്പിച്ചു, പകരം പൂർണ്ണമായ ഭരണസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു. ഇൻഡ്യക്കു പൊതുവിൽ ഒരു സംയുക്ത ഭരണഘടന (Federation) ഉണ്ടായിരിക്കുമെന്നും നാട്ടുരാജ്യങ്ങൾക്ക് അവയുടെ ഹിതാനുസരണം ഫെഡറേഷനിൽ ചേരുകയോ ചേരാതിരിക്കുകയോ ചെയ്യാവുന്നതാണെന്നും വ്യവസ്ഥ ചെയ്തു. കേന്ദ്രഭരണം വൈസ്രോയിയുടേയും അദ്ദേഹത്തിന്റെ എക്സിക്യൂട്ടീവ് കൗൺസിലിന്റേയും അധീനതയിലാക്കി. അവിടെ ഒരു മന്തിരി ദ്വിഭരണസമ്പ്രദായമാണു് രൂപവല്ക്കരിച്ചതു്. പട്ടാളം, വിദേശബന്ധം ആദിയായ ഡിപ്പാർട്ട്മെൻറുകൾ വൈസ്രോയിയുടേയും എക്സിക്യൂട്ടീവ് കൗൺസിലിൽനിന്നു് അദ്ദേഹം നിയമിക്കുന്ന മൂന്നു് ഉദ്യോഗസ്ഥന്മാരുടേയും അധീനതയിലും മററു ഡിപ്പാർട്ട്മെൻറുകൾ നിയമസഭയോടുത്തരവാദിത്വമുള്ള മററു മന്ത്രിമാരുടേയും അധീനതയിലാക്കിയതാണു് ഈ ദ്വിഭരണം. ഒരു ഫെഡറൽ കോടതി സ്ഥാപിക്കുന്നതിനും വ്യവസ്ഥചെയ്തിരുന്നു. ബർമ്മായെ ഇൻഡ്യയിൽനിന്നു വേർതിരിക്കാനും തീരുമാനിക്കപ്പെട്ടു. 1937-ൽ ഈ നിയമം നടപ്പിലായി.

ഈ ഭരണഘടന ഒന്നു പരീക്ഷിച്ചു നോക്കുന്നതിനായി 1937-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് മത്സരിക്കുകയും ആകെയുള്ള പ്രവിശ്യകളിൽ മിക്കവയിലും കോൺഗ്രസ്സ് വിജയംനേടി മന്ത്രിസഭകൾ രൂപവല്ക്കരിക്കുകയും ചെയ്തു. പ്രവർത്തനത്തിൽ കൊണ്ടു

വന്നപ്പോൾ ആക്ടിന്റെ പല ന്യൂനതകളും പ്രത്യക്ഷമായി. പ്രവിശ്യകളിലെ കോൺഗ്രസ്സ് ഗവണ്മെന്റുകൾ അഭിലഷണീയമായ വിധത്തിൽ ഭരണം നടത്തി. എന്നാൽ 1939-ൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ കോൺഗ്രസ്സിനോട് ആലോചിക്കാതെ വൈസ്രോയി ലിൻലിത്ത്ഗോ പ്രഭു ഇൻഡ്യ സഖ്യകക്ഷികളുടെ വശത്ത് ചേർന്നിരിക്കുന്നതായി പ്രഖ്യാപിച്ചതിൽ പ്രതിഷേധിച്ച് കോൺഗ്രസ്സ് മന്ത്രിസഭകൾ രാജിവച്ച് ഭരണമൊഴിഞ്ഞു. എന്നാൽ ഇൻഡ്യാ ഗവണ്മെന്റിന്റെ യുദ്ധായത്നങ്ങളെ തടസ്സപ്പെടുത്താൻ കോൺഗ്രസ്സ് ഒരുമ്പെട്ടില്ല. ഗവണ്മെന്റിനോടുള്ള പ്രതിഷേധസൂചകമായി ഗാന്ധിജി 'വ്യക്തിസത്യാഗ്രഹം' എന്ന പ്രസ്ഥാനം ആരംഭിച്ചു. പ്രധാനപ്പെട്ട പല നേതാക്കന്മാരും സത്യാഗ്രഹികളും ഇതുമൂലം കാരാഗൃഹത്തിലടയ്ക്കപ്പെട്ടു.

## 6. നേതാജി ബോസ്—ഐ. എൻ. എ.

ഇക്കാലത്ത് മഹാത്മജിയുടെ അക്രമരാഹിത്യത്തിലും സഹനസമരത്തിലും വിശ്വാസമില്ലാത്ത ഒരു വിഭാഗം വിപ്ലവകാരികൾ ഇൻഡ്യയിൽ ഉണ്ടായി. നേതാജി സുബാഷ് ചന്ദ്രബോസായിരുന്നു അവരുടെ നായകൻ. വേണ്ടിവന്നാൽ ബലം പ്രയോഗിച്ചും അധികാരം കൈവശമാക്കാൻ അവർ നിശ്ചയിച്ചു. ബോസിനെ ഗവണ്മെന്റ് തടങ്കലിൽ വച്ചു. പക്ഷെ അദ്ദേഹം 1940 ആരംഭത്തിൽതന്നെ നാടകീയമായ രീതിയിൽ ഇൻഡ്യയിൽനിന്നു തിരോധാനംചെയ്തു. അദ്ദേഹം ജപ്പാൻകാരുടെ സഹായത്തിനെത്തുകയും ഇൻഡ്യൻ നാഷണൽ ആർമി

(ഐ.എൻ.എ.) എന്നപേരിൽ ഒരു പുതിയ സംഘടനയും രൂപവൽകരിച്ചുകൊണ്ടു് ബ്രിട്ടീഷുകാരോടു് യുദ്ധം പ്രഖ്യാപിക്കുകയും ചെയ്യുകയുണ്ടായി. ബ്രിട്ടീഷ് ഭരണത്തിൽനിന്നു് ഇൻഡ്യയെ മോചിപ്പിക്കുകയായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. ദേശീയസേന ബോസിൻെറ നേതൃത്വത്തിൽ ബർമ്മായിൽക്കൂടി ആസ്സാം ആക്രമിക്കുകയും ഏതാനും സ്ഥലങ്ങൾ കീഴടക്കുകയും ചെയ്തു. പക്ഷെ, ആക്രമണം പരാജയമടയുകയാണുണ്ടായതു്. ധൈര്യം, ത്യാഗസന്നദ്ധത, രാജ്യാഭിമാനം, ആദർശശുദ്ധി എന്നീ വിശിഷ്ടഗുണങ്ങൾക്കു വിളനിലമായിരുന്ന സുഭാഷ് ചന്ദ്രബോസ് 1945 ആഗസ്റ്റ് 18-ാം തീയതി ഒരു വിമാനയാത്രയിൽ, അപകടംപിണഞ്ഞു് അകാലചരമമടഞ്ഞു.



സുബാഷ് ചന്ദ്രബോസ്

## 7. ക്രിപ്സ്ദൗത്യം (1942)

കോൺഗ്രസ്സിൻെറ അനുഭാവം സമ്പാദിക്കുക എന്നതു് ആവശ്യമാണെന്നു ബ്രിട്ടീഷ് പ്രധാനമന്ത്രിയായ ചർച്ചിലിനു ബോദ്ധ്യമായി. തൻമൂലം 1942-ൽ ബ്രിട്ടീഷ് യുദ്ധകാലമന്ത്രിസഭയിലെ ഒരംഗമായ സർ സ്റ്റാഫോർഡ് ക്രിപ്സിനെ ഇൻഡ്യൻ നേതാക്കന്മാരുമായി ചർച്ചകൾ നടത്തി ഒരൊത്തുതീർപ്പിലെത്തുന്നതിനായി ഇൻഡ്യയിലേക്കയച്ചു. എന്നാൽ അധികാര കൈമാററത്തെപ്പററി വ്യക്തമായ ഒന്നും വാഗ്ദാനം ചെയ്യുവാൻ ക്രിപ്സിനു കഴിഞ്ഞില്ല. മുസ്ലിംലീഗും ക്രിപ്സിൻെറ വ്യവസ്ഥകളോട് യോജിച്ചില്ല. അങ്ങനെ ക്രിപ്സിൻെറ ദൗത്യം പരാജയപ്പെട്ടു.

## 8. ക്വിററ് ഇൻഡ്യാപ്രമേയം— ആഗസ്റ്റ്വിപ്ലവം

ജിന്നായുടെ നേതൃത്വത്തിൽ മുസ്ലിംലീഗ് ലാഹോററിൽ സമ്മേളിച്ചു് "പാകിസ്ഥാൻ പ്രമേയം" പാസ്സാക്കി. മുസ്ലിം ഭൂരിപക്ഷമുള്ള പ്രവിശ്യകളെല്ലാം ഇൻഡ്യയിൽനിന്നു വേർതിരിച്ചു് അവക്ക് ഒരു സ്വതന്ത്രരാഷ്ട്രം വേണമെന്നായിരുന്നു അവരുടെ വാദം. മുസ്ലിംലീഗിനെ രഞ്ജിപ്പിക്കാനുള്ള മഹാത്മജിയുടെ ശ്രമങ്ങളെല്ലാം വിഫലമായി. ഇൻഡ്യാവിഭജനത്തെ കോൺഗ്രസ്സ് എതിർത്തു. ലീഗിൻെറ വിഭജനസിദ്ധാന്തത്തെ അനുകൂലിച്ചുകൊണ്ടു് തങ്ങളുടെ ഭരണം തുടരുന്നതിനാണു് ബ്രിട്ടീഷ് ഗവമ്മെൻറു ശ്രമിച്ചതു്. ജപ്പാൻകാർ രണ്ടാം ലോകമഹായുദ്ധത്തിൽ ചേൎന്നു വിജയംനേടി ഇൻഡ്യയുടെ പടിവാതിൽവരെ എത്തിയിരുന്നു. അവർ ഇൻഡ്യയെ ആക്രമിച്ചേക്കുമെന്നു്

ബ്രിട്ടീഷുകാർ ഭയപ്പെട്ടു. ഈ അവസരത്തിലാ യിരുന്നു മഹാത്മജിയുടെ 'ക്വിററ് ഇൻഡ്യാ' പ്ര ക്ഷോഭണമാരംഭിച്ചതു്. ബ്രിട്ടീഷുകാർ ഭരണാധികാ രികളായി തുടരുന്നതാണു് ലീഗും കോൺഗ്രസ്സും തമ്മി ലുള്ള യോജിപ്പിനു തടസ്സമെന്നു മഹാത്മജിക്കു ബോ ധ്യമായി. കൂടാതെ ബ്രിട്ടീഷുകാരുടെ സാന്നിദ്ധ്യം ജപ്പാൻകാർ ഇൻഡ്യ ആക്രമിക്കുന്നതിനു പ്രേരക മായിത്തീരുമെന്നും അദ്ദേഹം കരുതി. ഇതിൻെറ ഫ ലമായി 1942 ആഗസ്റ്റ് 8-ാം തീയതി കോൺഗ്രസ്സ് 'ക്വിററ് ഇൻഡ്യാ' പ്രമേയം പാസ്സാക്കി. ഇംഗ്ലീ ഷുകാർ ഇൻഡ്യ വിട്ടുപോകണമെന്നും അല്ലാത്തപക്ഷം ശക്തിയായ സഹനസമരം ഇവിടെ സമാരംഭിക്കുന്ന താണെന്നും പ്രമേയം വ്യക്തമാക്കി. ആഗസ്റ്റ് 9-ാം തിയ്യതി രാവിലെ ഗാന്ധിജിയും നേതാക്കന്മാരും അറ സ്റ്റു ചെയ്യപ്പെട്ടു. കോൺഗ്രസ്സസംഘടനയെ നിയമവി രുദ്ധമാക്കുകയും ചെയ്തു. ഇതിൻെറ ഫലമായി സർവ്വ ത്ര ലഹളകൾ ആരംഭിച്ചു. ഗവണ്മെൻറു മർദ്ദനനയം പ്രയോഗിച്ചു. നിരപരാധികൾകൂടി വെടിവച്ചുകൊ ല്ലപ്പെട്ടു. ഈ സ്വാതന്ത്ര്യസമരം മൂന്നുകൊല്ലത്തോളം നീണ്ടുനിന്നു. മർദ്ദനനയം നിഷ്പ്രയോജനകരമെന്നു് ബ്രിട്ടീഷധികാരികൾക്കു ക്രമേണ മനസ്സിലായി. ഇതിനിടയ്ക്കു് മഹാത്മജി ബന്ധനസ്ഥനായിരുന്ന പ്പോൾ, അദ്ദേഹത്തിൻെറ സഹധർമ്മിണിയായ കസ്തൂർബായും ചരമമടഞ്ഞു.

## 9. ക്യാബിനററ് മിഷൻ

ഇൻഡ്യൻ സ്ഥിതിഗതികൾ പാർലിമെൻറിൽ അത്യധികമായ ഉല്ക്കണ്ഠ ഉളവാക്കി. ഈ അവസര

ത്തിൽ ഇംഗ്ലണ്ടിൽ തൊഴിലാളിമന്ത്രിസഭ അധികാരത്തിൽവന്നു. ബ്രിട്ടീഷ്പ്രധാനമന്ത്രിയായ ക്ലെമൻറ് ആററ്ലി ബ്രിട്ടീഷ് ക്യാബിനററിലെ മൂന്നംഗങ്ങളെ ഒരു പുതിയ ദൗത്യവുമായി ഇൻഡ്യയിലേക്കയച്ചു. ഈ ക്യാബിനററ് മിഷൻ നിർദ്ദേശിച്ച പദ്ധതി കോൺഗ്രസ്സും ലീഗും സ്വീകരിച്ചു. ഇൻഡ്യക്ക് ഒരു പുതിയ ഭരണഘടന എഴുതിയുണ്ടാക്കുന്നതിനു് ഇൻഡ്യാക്കാർ തിരഞ്ഞെടുക്കുന്ന പ്രതിനിധികളടങ്ങിയ ഒരു കോൺസ്റ്റിററ്യുവൻറ് അസംബ്ലി വിളിച്ചുകൂട്ടുക, ബ്രിട്ടീഷ് മേല്ക്കോയ്മ മാറുന്നതോടെ പ്രവിശ്യകളും സംസ്ഥാനങ്ങളും ചേർന്ന് ഒരു യൂണിയൻ ഉണ്ടായിരിക്കുക, ഭരണവകുപ്പുകൾ കേന്ദ്രത്തിനും ഘടകസ്റ്റേററുകൾക്കും ഏതേതു് എന്നു ക്ലിപ്തപ്പെടുത്തുക, ഭരണഘടന രൂപം പ്രാപിക്കുന്നതുവരെ ഒരിടക്കാലഗവണ്മെൻറ് ഉണ്ടാക്കുക എന്നിവയായിരുന്നു മിഷൻെറ പ്രധാന നിർദ്ദേശങ്ങൾ. ഇതനുസരിച്ച് വൈസ്രോയി വേവൽപ്രഭു ഒരിടക്കാല ഗവണ്മെൻറു രൂപവൽക്കരിച്ചു. 1946-ൽ അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സിനു വൻപിച്ച ഭൂരിപക്ഷം കിട്ടിയതു് ജിന്നാസാഹിബ്ബിനു രസിച്ചില്ല. അതിനാൽ അദ്ദേഹം ക്യാബിനററ് മിഷൻപദ്ധതിയെ നിരാകരിച്ച് പാകിസ്ഥാൻ സ്ഥാപനത്തിനായി നിലകൊണ്ടു. തുടന്ന് കല്ക്കട്ടാ, ബംഗാൾ തുടങ്ങിയ പലസ്ഥലങ്ങളിലും ഭയങ്കരമായ വർഗ്ഗീയ ലഹളകളുണ്ടായി. ജനങ്ങൾ വളരെ ക്ലേശങ്ങൾ അനുഭവിച്ചു.

1947-ൽ വേവൽപ്രഭു ഉദ്യോഗമൊഴിയുകയും മൗണ്ട്ബാററൻ പ്രഭു ഇൻഡ്യാവൈസ്രോയി ആയിത്തീരുകയും ചെയ്തു. സാമുദായിക കലഹങ്ങൾ തുടന്നു.

മൂഗീയമായ പല കൃത്യങ്ങളും നടന്നു. ഒടുവിൽ രാജ്യവിഭജനത്തിനുതന്നെ കോൺഗ്രസ്സ് സന്നദ്ധമായി. ഇൻഡ്യാക്കാരോട്ട് വളരെ അനുഭാവമുണ്ടായിരുന്ന മൗണ്ട്ബാററൻപ്രഭു എല്ലാ പക്ഷികളുടേയും നേതാക്കന്മാരുമായി ആലോചിച്ച് അവരുടെ അംഗീകാരത്തോടെ 1947 ജൂൺ 3-ാംതീയതി അതിപ്രധാനമായ ഒരു പ്രസ്താവന പുറപ്പെടുവിച്ചു. 1947 ആഗസ്റ്റ് 15-ാംതീയതി അവസാനമായി അധികാരകൈമാററം ചെയ്യുന്നതാണെന്നും ഇൻഡ്യൻ യൂണിയനെന്നും, പാകിസ്ഥാൻ എന്നും ഇൻഡ്യയെ വിഭജിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. 1947-ൽ തന്നെ ബ്രിട്ടീഷ് പാർലിമെൻറ് ഒരു നിയമം പാസ്സാക്കി. ഇത



മൗണ്ട്ബാററൻ പ്രഭു

നുസരിച്ച് ഇൻഡ്യയെ രണ്ടു രാഷ്ട്രങ്ങളായി വിഭജിക്കുകയും രണ്ടിനും ഡൊമിനിയൻ പദവി നൽകുകയും ചെയ്തു. ഇങ്ങനെ ഇൻഡ്യ പൂർണ്ണസ്വാതന്ത്ര്യം പ്രാപിച്ചു. കോൺഗ്രസ്സിൻെറ ത്യാഗങ്ങളും സേവനങ്ങളും ആണ് ഇൻഡ്യക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിനുള്ള മുഖ്യകാരണം.

## 10. സ്വതന്ത്രഭാരതം

ജിന്നാ പാകിസ്ഥാൻ ഗവർണ്ണർ ജനറലും, മൗണ്ട്ബാററൻ പ്രഭു ഇൻഡ്യാക്കാരുടെ അഭിലാഷമനുസരിച്ച് ഇവിടത്തെ ഗവർണ്ണർ ജനറലുമായി. മിക്ക നാട്ടുരാജ്യങ്ങളും ഇൻഡ്യൻ യൂണിയനിൽ ചേർന്നു. അക്രമരാഹിത്യത്തിൽ അടിയുറച്ച് നിരായുധരായി അധികാരിവർഗ്ഗത്തെ എതിർത്ത് ഇൻഡ്യാക്കാർ സ്വാതന്ത്ര്യം നേടിയതു് ലോകചരിത്രത്തിൽ ആദ്യമായിട്ട് നടന്ന ഒരു സംഭവമത്രേ. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും ഇൻഡ്യാക്കാർക്കു ബ്രിട്ടീഷുകാരോട് യാതൊരു പ്രതികാരബുദ്ധിയും ഉണ്ടായിട്ടില്ല എന്നുള്ളതും സ്മരണീയമാണു്. 1947 ആഗസ്റ്റ് 14-ാം തിയ്യതി അർദ്ധരാത്രിയിൽ അധികാരം ഇൻഡ്യൻ ഹസ്തങ്ങളിലേക്കു പകർന്നു.


1948 ജനുവരി മാസം 30-ാം തീയ്യതി ഡൽഹിയിൽവച്ച് ഗോഡ്സേ എന്ന ഒരു മതഭ്രാന്തൻ ലോകാരാദ്ധ്യനും നമ്മുടെ രാഷ്ട്രപിതാവുമായ ഗാന്ധിജിയെ വധിച്ചു. വർഗ്ഗീയ വൈരം മൂർദ്ധന്യത്തിൽ എത്തുകയും പാകിസ്ഥാനിൽനിന്നു് ഹിന്തുക്കളായ അഭയാർത്ഥികൾ ഇൻഡ്യയിലേക്ക് ആയിരക്കണക്കിനു വന്നുകൊണ്ടിരിക്കുകയും ചെയ്തപ്പോഴും മുസ്ലീങ്ങളോട് സ്നേഹമായി പെരുമാറണമെന്നുള്ള മഹാത്മജിയുടെ

ഉപദേശത്തെ മതഭ്രാന്തരായ ചില ഹിന്ദുക്കൾ തെററിദ്ധരിക്കുന്നതിനിടയായി. അഭയാർത്ഥിപ്രശ്നം തുടങ്ങിയ പല വിഷമങ്ങൾ സ്വതന്ത്രഭാരതത്തിന് അഭിമുഖീകരിക്കേണ്ടിവന്നു. 1949-ൽ മൗണ്ട് ബാററൻ ഉദ്യോഗമൊഴിയുകയും ശ്രീ സി. രാജഗോപാലാചാരി ഗവണ്ണർ ജനറലാകുകയും ചെയ്തു. 1950 ജനുവരി 26-ാം തിയ്യതി ഇൻഡ്യ ഒരു സ്വതന്ത്ര റിപ്പബ്ലിക്കായിത്തീൎന്നു. ഡാക്ടർ രാജേന്ദ്രപ്രസാദ് ഇൻഡ്യൻ റിപ്പബ്ലിക്കിലെ ഒന്നാമത്തെ പ്രസിഡൻറു (രാഷ്ട്രപതി) മായി.



ഡാക്ടർ രാജേന്ദ്രപ്രസാദ്

ലോകൈക വന്ദ്യനായി സകലാരാദ്ധ്യനായി ജീവിച്ച മഹാത്മജിയുടെ അവിശ്രമപരിശ്രമത്തിന്റേയും അദ്ദേഹത്തിന്റെ അനുയായികളുടെ



ഗാന്ധിജി

നിസ്തുല്യമായ ത്യാഗങ്ങളുടേയും ഫലമായി രൂപം പ്രാപിച്ചിട്ടുള്ളതാണ് സ്വതന്ത്ര ഭാരതം. ഇൻഡ്യയുടെ രാഷ്ട്രപിതാവും, നമ്മുടെ ബാപ്പുജിയും മനുഷ്യസ്നേഹിയായ ആ പുണ്യചരിതൻതന്നെ. ബുദ്ധനേയും അശോകനേയും ക്രിസ്തുവിനേയുംപോലെ ശാന്തിയുടേയും സമാധാനത്തിൻേറയും സ്നേഹത്തിൻേറയും സന്ദേശവാഹകനായി ആ മഹാ പുരുഷൻ ജീവിച്ചു. അഹിംസയും ആത്മശക്തിയുംകൊണ്ടു് സമരം ചെയ്തു വിജയിച്ച ആ കർമ്മധീരനെ ലോകം ഒരു കാലത്തും മറക്കുന്നതല്ല. രാഷ്ട്രീയതയും ആത്മീയതയും കൂടെ ഒത്തിണക്കികൊണ്ടുപോകാൻ ഗാന്ധിജിയെപ്പോലെ മററാക്കും സാധിച്ചിട്ടില്ല.

## 11. സർദാർ പട്ടേൽ

1875 ലാണ് സർദാർ വല്ലഭായി പട്ടേൽ ജനിച്ചതു്. അദ്ദേഹത്തിൻെറ അച്ഛൻെറ ധനസ്ഥിതി മെച്ചമല്ലാതിരുന്നതുകൊണ്ടു് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം അദ്ദേഹം ഒരു 'പ്ലീഡർ' ആയിത്തീർന്നു. സ്വന്തമായി നേടിയ പണംകൊണ്ടു് ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്റർ പരീക്ഷ ജയിച്ചു മടങ്ങിവന്നു് അഹമ്മദബാദ് കോടതിയിൽ വക്കീൽ പണി ആരംഭിച്ചു. താമസിയാതെ അദ്ദേഹം ഗാന്ധിജിയുടെ ശിഷ്യനായ രാഷ്ട്രീയരംഗത്തു പ്രവേശിച്ചു. അത്യധികമായ ആത്മവിശ്വാസവും, സേവന സന്നദ്ധതയും അദ്ദേഹത്തിനു ജന്മസിദ്ധമായിരുന്നു. മഹാത്മജിയുടെ സഹനസമരപ്രസ്ഥാനങ്ങളിലെല്ലാം പട്ടേൽ അദ്ദേഹത്തിൻെറ വലംകയ്യായിനിന്നു പ്രവർത്തിച്ചു. ആളുകളെ സംഘടിപ്പിച്ചു് അച്ചടക്കമുള്ള സത്യഗ്രഹസേനകളെ നിർമ്മിക്കുന്നതിലും അവരെ

നയിക്കുന്നതിലും പട്ടേൽ അദ്വിതീയനായിരുന്നു. ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിൽ അദ്ദേഹം ഒരു പ്രധാന പങ്കുവഹിക്കുകയും പല പ്രാവശ്യം ജയിൽ വാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം സർദാർ പട്ടേൽ ഇൻഡ്യൻ കേന്ദ്ര ക്യാബിനററിൽ ഡെപ്യൂട്ടി പ്രധാന മന്ത്രിയും ആഭ്യന്തരമന്ത്രിയുമായി മാതൃഭൂമിക്ക് അതുല്യമായ സേവനങ്ങൾ അനുഷ്ഠിച്ചു. വളരെ ചുരുങ്ങിയ കാലത്തിനിടക്ക് ഇൻഡ്യയിലെ അറുന്നൂറിൽ



സർദാർ പട്ടേൽ

പരം നാട്ടുരാജ്യങ്ങളെ അദ്ദേഹം ഇൻഡ്യൻ യൂണിയനിൽ ചേർത്ത് ഇൻഡ്യയുടെ ഏകീകരണം പൂർത്തിയാക്കി. ഇതിൽ അദ്ദേഹം പ്രദർശിപ്പിച്ച നയചാതുര്യവും കർമ്മധീരതയും അത്ഭുതാവഹമത്രെ. 'ഇൻഡ്യയിലെ ഉരുക്കു മനുഷ്യൻ' എന്ന ഇതരനാമത്താൽ അറിയപ്പെടുന്ന ആ മഹാപുരുഷൻ 1950-ൽ ദിവംഗതനായി.

## 12. പണ്ഡിററ് നെഹ്റു

1889 നവമ്പർ 14-ാം തിയ്യതി പണ്ഡിററ് ജവഹർലാൽ നെഹ്റു ഭൂജാതനായി. അലഹബാദിലെ അഭിഭാഷകപ്രമുഖനും ഒരു പ്രശസ്ത ഭാരതീയ നേതാവുമായിരുന്ന പണ്ഡിററ് മോട്ടിലാൽ നെഹ്റുവിൻെറ ഏക പുത്രനാണു് ജവഹർലാൽ. ഇംഗ്ലീഷ് ട്യൂട്ടറന്മാരെക്കൊണ്ടാണ് പിതാവു പുത്രനെ വിദ്യ അഭ്യസിപ്പിച്ചതു്. ബാല്യത്തിൽതന്നെ ഇംഗ്ലണ്ടിൽ പോയി അവിടത്തെ ഏററവും പ്രശസ്തങ്ങളായ വിദ്യാലയങ്ങളിലും കേംബ്രിഡ്ജ് സർവ്വകലാശാലയിലും അഭ്യസനംനടത്തി ബാരിസ്റ്റർ പരീക്ഷ ജയിച്ച് 1912-ൽ ജവഹർലാൽ ഇൻഡ്യയിലെത്തി അലഹബാദ് ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസു തുടങ്ങി. രാഷ്ട്രീയ കാര്യങ്ങളിൽ പങ്കെടുക്കുന്നതിനു കൂടുതൽ അഭിരുചി തോന്നിയതുകൊണ്ടു് താമസിയാതെ അദ്ദേഹം കോൺഗ്രസ്സിൽ ചേർന്നു.

1915-ൽ നെഹ്റു ആദ്യമായി മഹാത്മജിയെ കണ്ടുമുട്ടി. ക്രമേണ മാതൃഭൂമിയുടെ സേവനം തൻെറ ജീവിതവ്രതമായി അദ്ദേഹം സ്വീകരിച്ചു. 1916-ൽ

അദ്ദേഹം വിവാഹബന്ധത്തിലേപ്പെട്ടു. ഒരു യഥാർത്ഥ ധർമ്മപത്നി ആയിരുന്ന കമലം നെഹ്രു മാതൃഭൂമിയുടെ സേവനത്തിൽ അദ്ദേഹത്തോടൊത്തു പങ്കെടുത്തു എന്നുള്ളതു് സ്മരണീയമാണു്. 1920 മുതൽ നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കെടുത്തു നെഹ്രു ജയിൽവാസം അനുഭവിച്ചു. കോൺഗ്രസ്സ് ജനറൽ സെക്രട്ടറി, അലഹബാദ് മുനിസിപ്പൽ പ്രസിഡൻറ്, കോൺഗ്രസ്സ് പ്രസിഡൻറ് എന്നീ നിലകളിലെല്ലാം അദ്ദേഹം മഹത്തായ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. 1929-ൽ നെഹ്രു കോൺഗ്രസ്സ് പ്രസിഡൻറായിരുന്ന കാലത്താണു് പരിപൂർണ്ണ സ്വാതന്ത്ര്യം എന്ന ലക്ഷ്യം കോൺഗ്രസ്സ് സ്വീകരിച്ചതു്. 'ഭാരതത്തിൻെറ രത്നം' എന്നാണു് മഹാത്മജി അദ്ദേഹത്തെപ്പററി പറഞ്ഞിട്ടുള്ളതു്. സൈമൺ കമ്മീഷൻെറ ആഗമനം മുതൽ പണ്ഡിററ് നെഹ്രു മഹാത്മജിയുടെ വലംകയ്യായിനിന്നു സ്വാതന്ത്ര്യ സമരത്തിൽ പങ്കുകൊണ്ടു. ഒൻപതു പ്രാവശ്യം അദ്ദേഹം ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ടു്. മഹാത്മജിയുടെ ഉപ്പുസത്യാഗ്രഹം, നികുതി നിഷേധം എന്നിവയിൽ പങ്കെടുത്തതുമൂലം അദ്ദേഹം ജയിലിലാക്കപ്പെട്ടു. പിതാവും, ധർമ്മപത്നിയും അദ്ദേഹത്തോടൊപ്പം അറസ്റ്റുവരിച്ചു. താമസിയാതെ മോട്ടിലാൽ നെഹ്രു ചരമമടഞ്ഞു. 1936-ൽ കമലാ നെഹ്രുവും താമസിയാതെ അദ്ദേഹത്തിൻെറ മാതാവും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. തൻെറ ഏകപുത്രിയായ ഇന്ദിരമാത്രമായിരുന്നു അക്കാലത്തു് അദ്ദേഹത്തിൻെറ ആശ്വാസകേന്ദ്രം. ദുഃഖനിമഗ്നനായിത്തീർന്ന ഈ സന്ദർഭത്തിൽപോലും ആ കർമ്മധീരൻ ദേശസേവനകൃത്യം തുടരുകതന്നെ ചെയ്തു.

ക്രിപ്സ്മായുള്ള സംഭാഷണങ്ങളിലും ക്യാബിനററുമിഷനുമായുള്ള കൂടിയാലോചനകളിലും നെഹ്റു സജീവമായ പങ്കുവഹിച്ചു. 1946-ൽ സ്ഥാപിതമായ ഇടക്കാലഗവണ്മെൻറിൽ അദ്ദേഹമായിരുന്നു വൈസ്പ്രസിഡൻറും വിദേശകാര്യ മന്ത്രിയും. 1947-ലെ അധികാരകൈമാററത്തിനു ശേഷവും പണ്ഡിററ്ജി തന്നെയാണ് പ്രധാന മന്ത്രിയായും വിദേശകാര്യ മന്ത്രിയായും രാജ്യസേവനമനുഷ്ഠിച്ചു പോരുന്നത്.

പണ്ഡിററ് നെഹ്റുവിൻെറ ഭരണസാരഥ്യം ഇൻഡ്യക്ക് ലോകരാഷ്ട്രങ്ങളുടെയിടയിൽ അതിപ്രധാനമായ ഒരു സ്ഥാനം നേടിക്കൊടുത്തിരിക്കുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അദ്ദേഹത്തിന് നേരിടേണ്ടിവന്ന വിഷമതകൾ അസാധാരണമാണ്. മഹാത്മജിയുടെ നിര്യാണം അദ്ദേഹത്തെ ദുഃഖനിമഗ്നനാക്കിയെങ്കിലും ഒന്നിലും കുലുങ്ങാതെ അദ്ദേഹം സകലവിധ പ്രശ്നങ്ങളേയും ധീരമായി നേരിട്ടു പരിഹാരം കണ്ടുപിടിച്ചു. മഹാത്മജിയുടെ ആദർശങ്ങളിൽ അടിയുറച്ച വിശ്വാസമുള്ള പ്രതിഭാമൂത്തിയാണ് പണ്ഡിററ്ജി. അദ്ദേഹത്തിൻെറ വിശാലഹൃദയത്വവും ലോകശാന്തിയെ ലക്ഷ്യമാക്കിയുള്ള ഉദ്യമങ്ങളും എതിരാളികളുടെപോലും പ്രശംസക്കു കാരണമായിത്തീന്നിട്ടുണ്ട്. വിശ്വവന്ദ്യന്മാരായ മഹാത്മാക്കളുടെ കൂട്ടത്തിൽ സമുന്നതമായ ഒരു സ്ഥാനത്തിനു പണ്ഡിററ്ജി സർവ്വഥാ അഹനാണ് എന്നു് നിസ്സംശയം പറയാവുന്നതാണ്.



പണ്ഡിററ് നെഹ്രു

## പ്രധാന ചോദ്യങ്ങൾ

1. ഒന്നാം സ്വാതന്ത്ര്യപ്രക്ഷോഭണത്തിന്റെ പ്രധാന കാരണങ്ങൾ വിശദമാക്കുക. അതിന്റെ പ്രധാന ഫലം എന്തായിരുന്നു?
2. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് സ്ഥാപിക്കുന്നതിന് സഹായിച്ചവർ ആരെല്ലാം? കോൺഗ്രസ്സിന്റെ പ്രഥമ സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചതാര്?
3. ബംഗാൾ വിഭജനത്തിന് ഹേതുഭൂതനാരായിരുന്നു? അത് എപ്പോൾ റദ്ദുചെയ്തു?
4. മോണ്ടേഗ്-ഫോർഡ് പരിഷ്കാരം ഏർപ്പെടുത്തുന്നതിനുണ്ടായിരുന്ന പരിതഃസ്ഥിതികൾ ഏവ?
5. നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചതാര്? ഒന്നാമത്തെ നിസ്സഹകരണപ്രസ്ഥാനത്തെ വിവരിക്കുക.
6. 1935-ലെ ഇൻഡ്യാ ആക്ടിന് കാരണമായിത്തീർന്ന സ്ഥിതിഗതികൾ വിവരിക്കുക. ആക്ടിന്റെ പ്രധാനവ്യവസ്ഥകൾ ഏവ?
7. രണ്ടാം ലോകമഹായുദ്ധാരംഭകാലത്തെ ഇൻഡ്യാ വൈസ്രോയി ആരായിരുന്നു? ഈ യുദ്ധത്തിൽ ഇൻഡ്യൻ രാഷ്ട്രീയകക്ഷികൾ ബ്രിട്ടീഷുകാരോട് സഹകരിക്കാഞ്ഞതെന്തുകൊണ്ട്?
8. മുസ്ലീംലീഗും കോൺഗ്രസ്സുമായുണ്ടായ അകൽച്ചയുടെ പരിണതഫലമെന്തായിരുന്നു?
9. കുറിപ്പുകൾ എഴുതുക:— സൈമൺ കമ്മീഷൻ, ക്രിപ്സ് ദൗത്യം, ക്യാബിനററ് മിഷൻ, ക്വിററ് ഇൻഡ്യ പ്രക്ഷോഭണം, ഐ. എൻ. എ.

## അദ്ധ്യായം 4

# ഇൻഡ്യാ യൂണിയൻ

1950 ജനുവരി മാസം 26-ാം തിയ്യതി ഇൻഡ്യൻ റിപ്പബ്ലിക്ക് സ്ഥാപിതമായല്ലോ. ഇൻഡ്യ എന്നും, ഭാരതം എന്നും പറയപ്പെടുന്ന ഈ രാജ്യത്തിനു് സ്റ്റേറ്റുകളുടെ ഒരു യൂണിയൻ എന്നാണ് ഭരണഘടനയിൽ നല്കിയിട്ടുള്ള നിർവ്വചനം. ഇൻഡ്യയിലുണ്ടായിരുന്ന 600-ൽ പരം നാട്ടുരാജ്യങ്ങൾക്ക്, അധികാരകൈമാററത്തോടുകൂടി ഡൊമിനിയനിൽ ചേരുകയോ, സ്വതന്ത്രമായി നില്ക്കുകയോ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ലഭിച്ചു. ഈ സംസ്ഥാനങ്ങൾ ഒററ ഒററയായി നിലകൊള്ളുന്നതു് സ്വതന്ത്രഭാരതത്തിൻെറ നിലനില്പിനു ഹാനികരമായിത്തീരുമെന്നു നേതാക്കന്മാർ മനസ്സിലാക്കി. ഈ പ്രശ്നത്തിനൊരു പരിഹാരമുണ്ടാക്കുന്നതിനായി ഇൻഡ്യാ ഗവണ്മെൻറ് ഒരു നാട്ടുരാജ്യ വകുപ്പ് സംഘടിപ്പിച്ച് അതിൻെറ നേതൃത്വം സർദാർ പട്ടേലിനു് നല്കി. അദ്ദേഹവും നാട്ടുരാജ്യ വകുപ്പുകാര്യദർശിയായ വി. പി. മേനോനും ചേർന്നു് പ്രയത്നിച്ചതിൻെറ ഫലമായി നാട്ടുരാജ്യങ്ങളെ അവയുടെ സമ്മതമനുസരിച്ച് സ്വതന്ത്ര ഭാരതത്തിൽ ലയിപ്പിക്കുകയോ സംയോജിപ്പിക്കുകയോ ചെയ്തു. ഇങ്ങനെ ഇൻഡ്യാ യൂണിയനിലെ അംഗങ്ങളായിത്തീർന്ന 30 സ്റ്റേറ്റുകളാണുണ്ടായിരുന്നതു്. ഇവയെ എ. ബി. സി. എന്നു് വിഭജിക്കുകയും ചെയ്തു. ബ്രിട്ടീഷ് ഭരണകാലത്തു് ഗവർണ്ണർമാരുടെ പ്രോവിൻസുകളായിരുന്നവ 'എ' സ്റ്റേറ്റുകളും, പഴയ നാട്ടു

രാജ്യങ്ങളിൽ ചിലതു് 'ബി' സ്റ്റേറ്റുകളും, മുമ്പു് ചീഫ് കമ്മീഷണർമാരുടെ പ്രോവിൻസുകളായിരുന്നവ 'സി' സ്റ്റേറ്റുകളും ആയിത്തീർന്നു. എന്നാൽ 1956 നവംബർ 1-ാം തിയ്യതി നടപ്പിലായ സ്റ്റേററ് പുനഃസംഘടനയനുസരിച്ച് സംസ്ഥാനങ്ങളുടെ എണ്ണം 14 ആയി കുറവുചെയ്തു. ഇതേവരെ സംയോജനം പൂർത്തിയാകാത്ത ഏക സംസ്ഥാനം ജമ്മു-കാശ്മീർ മാത്രമാണു്. ഒരു സ്റ്റേററിനും യൂണിയനിൽനിന്നു വിട്ടുപോകാനോ സ്വന്തം ഭരണഘടന രൂപവല്ക്കരിക്കാനോ അവകാശമില്ല. ഇൻഡ്യാ യൂണിയനു് ഒരു കേന്ദ്രഗവമ്മെൻറും ഓരോ സ്റ്റേററിലും അഭ്യന്തരഭരണനിവ്വഹണത്തിനായി ഓരോ സ്റ്റേററു ഗവമ്മെൻറും ഉണ്ടു്. കേന്ദ്രത്തിലേയും സ്റ്റേററുകളിലേയും ഭരണഘടന പ്രായേണ ഒരേ രീതിയിലുള്ളതാകുന്നു. പാർലിമെൻററി ജനാധിപത്യമാണു് ഇപ്പോഴത്തെ ഇൻഡ്യൻ ഭരണരീതി.

## 1. കേന്ദ്രവും പ്രവിശ്യകളും

കേന്ദ്രത്തിൻേറയും സംസ്ഥാനങ്ങളുടേയും നിയമനിമ്മാണ സംബന്ധമായ അധികാരങ്ങൾ, ഭരണപരമായും സാമ്പത്തികമായും ഉള്ള ബന്ധങ്ങൾ എന്നിവ ഭരണഘടനയിൽ വളരെ വ്യക്തമാക്കിയിട്ടുണ്ടു്. ഏതെങ്കിലും ഒരു സംസ്ഥാനത്തിൽ ഭരണപരമായ കുഴപ്പമുണ്ടായാൽ ഇൻഡ്യൻ പ്രസിഡൻറിനു് അവിടത്തെ ഭരണം ഏറെറടുത്തു കാര്യങ്ങൾ നടത്തുവാൻ അധികാരമുണ്ടു്. നിയമനിമ്മാണം ആവശ്യമുള്ള വിഷയങ്ങളെ, യൂണിയനുമാത്രം അധികാരമുള്ളതു്,

സ്റ്റേററിനുമാത്രമുള്ളതു്, യൂണിയനും സ്റ്റേററിനും പൊതുവെ ഉള്ളതു് എന്നു് മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. രാജ്യരക്ഷ, വിദേശകാര്യം, പൗരത്വം, ഗതാഗതം, തപാൽ, കമ്പിത്തപാൽ, റേഡിയൊ, ഫോൺ, റിസർവ്വ്ബാങ്ക്, ആദായനികുതി, കടൽചുങ്കം ആദിയായ വിഷയങ്ങളിൽ പൂർണ്ണമായ അധികാരം കേന്ദ്രത്തിനാണു്. നിയമ സമാധാനപാലനം, പോലീസ്, പ്രാദേശിക ഭരണം, പൊതുജനാരോഗ്യം, ജലവിതരണം, വനസംരക്ഷണം, ഭൂനയം, വിദ്യാഭ്യാസം മുതലായ വിഷയങ്ങളിൽ സ്റ്റേററുകൾക്കു് പൂർണ്ണമായ നിയമനിർമ്മാണാധികാരമുണ്ടു്. ക്രിമിനൽ നിയമം, വിവാഹവും വിവാഹ മോചനവും, കൺട്രാക്ടുകൾ, തൊഴിലാളിയൂണിയൻ, തൊഴിലാളി സംരക്ഷണം, വിലനിയന്ത്രണം, ഇലക്ട്രിസിററി തുടങ്ങിയ വിഷയങ്ങൾ കേന്ദ്രത്തിനും സ്റ്റേററുകൾക്കും അധികാരമുള്ളവയാണു്. എന്നാൽ പരമാധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമാണു്.

## ജനങ്ങളുടെ പരമാധികാരം—മതേതര രാഷ്ട്രം

ഇൻഡ്യായൂണിയൻ ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കാകുന്നു. ബഹുജനങ്ങളുടെ പരമാധികാരം എന്ന ഉന്നതാദർശത്തെ മുൻനിർത്തിയാണു് ഭരണഘടന നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. ലോകത്തിലേക്കു് വച്ചു് ഏററവും വലിയ ജനാധിപത്യ രാഷ്ട്രമാണു് ഇൻഡ്യ. ഏതൊരു അടിയന്തിരാവസ്ഥയേയും നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ നമ്മുടെ ഭരണഘടനയിൽ നിർദ്ദേശിച്ചിട്ടുണ്ടു്. ഇൻഡ്യ ഇന്നൊരു മതേതര രാഷ്ട്രവുമാണു്. അയിത്തം നിരോധിക്കപ്പെട്ടിരി

കുന്നു. കഴിയുന്നേടത്തോളം സാമ്പത്തിക സമത്വം കൈവരുത്തുന്നതിനും ഭരണഘടനയിൽ വ്യവസ്ഥക-ളുണ്ടു്.

## ഇൻഡ്യൻ പൗരത്വവും പൗരാവകാശങ്ങളും

ഇൻഡ്യയിൽ സ്ഥിരമായി താമസിക്കുന്നവർക്കും താനോ തന്റെ മാതാപിതാക്കളിൽ ആരെങ്കിലുമോ ഇൻഡ്യയിൽ ജനിച്ചിട്ടുള്ളവർക്കും, ഭരണഘടന നടപ്പാകുന്നതിന് തൊട്ടുമുമ്പ് അഞ്ചു കൊല്ലത്തിൽ കുറയാതെ ഇൻഡ്യയിൽ താമസിച്ചിട്ടുള്ളവർക്കും, ജന്മനാ ഇൻഡ്യക്കാരാണെങ്കിലും ഇൻഡ്യക്കുപുറമെ താമസിക്കുന്നവർക്കും ഇൻഡ്യൻ പൌരത്വമുണ്ടു്. ഇവർക്കു നിയമദൃഷ്ട്യാ ഉള്ള സമത്വം, അഭിപ്രായ സ്വാതന്ത്ര്യം, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ സ്വാതന്ത്ര്യം. മതസ്വാതന്ത്ര്യം, സഞ്ചാരത്തിനും താമസത്തിനുമുള്ള സ്വാതന്ത്ര്യം ധനസമ്പാദനത്തിനും സ്വത്തുവാങ്ങാനും കൈവശം വയ്ക്കാനും കൈവിട്ടുകൊടുക്കാനുമുള്ള സ്വാതന്ത്ര്യം ആദിയായ പൗരാവകാശങ്ങളുണ്ടു്. ഈ മൗലികാവകാശങ്ങൾ സുപ്രീംകോടതി മുഖേന സംരക്ഷിക്കാനുള്ള അവകാശവും ഇന്ത്യൻ പൗരന്മാ-ർക്കുണ്ടു്.

## 2. ഇൻഡ്യൻ ഭരണഘടന

ഇന്ത്യൻ യൂണിയനു് ഒരു ഫെഡറൽ അഥവാ സംയുക്ത ഭരണഘടനയാണു് നിർമ്മിച്ചിട്ടുള്ളതു്. ഒരു കേന്ദ്ര ഗവൺമെൻറും ഓരോ സംസ്ഥാനത്തിലും ഓരോ സ്റ്റേററു് ഗവൺമെൻറുമാണു് ഇവിടെയുള്ളതു്.

കേന്ദ്ര ഗവണ്മെൻറിന് ഒരു പാർലിമെൻററി ഗവണ്മെൻറിൻെറ രൂപമാണുള്ളത്. ഇന്ത്യൻ ഭരണഘടനയ്ക്ക് അമേരിക്കയിലേയും ഇംഗ്ലണ്ടിലേയും ഭരണഘടനയോട് ചില സാമ്യങ്ങളുണ്ട്. എക്സിക്യൂട്ടീവ് (ഭരണനിർവ്വാഹക വിഭാഗം), ലജിസ്ലേച്ചർ (നിയമസഭ), ജുഡീഷ്യറി (നീതിന്യായ പരിപാലന വിഭാഗം) എന്നിവയാണ് ഇൻഡ്യൻ ഭരണകൂടത്തിലെ പ്രധാന ഘടകങ്ങൾ.

## (i) എക്സിക്യൂട്ടീവ്

കേന്ദ്രഭരണത്തിൻെറ തലവൻ പ്രസിഡൻറാണ്. ഇൻഡ്യൻ പാർലിമെൻറിലെ ഇരുമണ്ഡലങ്ങളിലേയും അംഗങ്ങളും സ്റ്റേററ് നിയമസഭകളിലെ അംഗങ്ങളും കൂടിയാണ് പ്രസിഡൻറിനെ തിരഞ്ഞെടുക്കുന്നത്. 35 വയസ്സിനുമേൽ പ്രായവും യൂണിയൻ പാർലിമെൻറിൽ അംഗമാകാനുള്ള യോഗ്യതയുമുള്ള ഏതൊരു ഇൻഡ്യൻ പൗരനും ഇവിടത്തെ പ്രസിഡൻറാകാവുന്നതാണ്. അദ്ദേഹത്തെ അഞ്ചു് കൊല്ലക്കാലത്തേക്കാണ് തിരഞ്ഞെടുക്കുന്നത്. ഒന്നിലധികം പ്രാവശ്യം ഒരാളിനെ പ്രസിഡൻറായി തിരഞ്ഞെടുക്കാവുന്നതാണ്. പ്രസിഡൻറിന് താമസിക്കാൻ ഒരു മന്ദിരവും പ്രതിമാസം 10,000 രൂപ ശമ്പളവുമുണ്ട്. പാർലിമെൻറ് പാസ്സാക്കുന്ന ബില്ലുകൾ നിയമമാകാൻ അദ്ദേഹത്തിൻെറ അനുമതി ലഭിക്കേണ്ടതുണ്ട്. പ്രസിഡൻറ്സ്ഥാനം വളരെ അന്തസ്സും അധികാരങ്ങളുമുള്ളതാണ്. സുപ്രീംകോടതി ജഡ്ജിമാർ, ഗവർണ്ണർമാർ തുടങ്ങിയ ഉയന്ന ഉദ്യോഗസ്ഥന്മാരെ പ്രസിഡൻറ് നിയമിക്കുന്നു. പ്രധാന മന്ത്രിയേയും അദ്ദേഹത്തിൻെറ ഉപദേശ

മനുസരിച്ച് സഹമന്ത്രിമാരേയും നിയമിക്കുന്നതു് പ്രസിഡൻറുതന്നെ. പാർലമെൻറു് വിളിച്ചുകൂട്ടുന്നതും പിരിച്ചുവിടുന്നതും നിയമനിർമ്മാണത്തിനു് പാർലിമെൻറിനോടു് നിർദ്ദേശിക്കുന്നതു അദ്ദേഹമാണു്. അടിയന്തിര ഘട്ടങ്ങളിൽ സ്റ്റേററു് ഗവൺമെൻറുകളെ പിരിച്ചുവിട്ടു് അവയുടെ ഭരണം ഏറെറടുക്കുന്നതിനും പ്രസിഡൻറിനധികാരമുണ്ടു്. ഇൻഡ്യയിലെ സൈന്യങ്ങളുടെ അധിപനും പ്രസിഡൻറാകുന്നു. എന്നാൽ ഭരണഘടനയെ ലംഘിക്കുന്ന എന്തെങ്കിലും ചെയ്യുന്നതായാൽ, പാർലിമെൻറിനു് പ്രസിഡൻറിനെ സ്ഥാനത്തുനിന്നു് നീക്കാവുന്നതാണു്.

പ്രസിഡൻറിൻെറ അഭാവത്തിൽ വൈസ് പ്രസിഡൻറു് പകരം ജോലി നോക്കുന്നു. കേന്ദ്ര നിയമസഭയിലെ രണ്ടു മണ്ഡലങ്ങളും ചേന്നാണു് അദ്ദേഹത്തെ തിരഞ്ഞെടുക്കുന്നതു്. വൈസ്പ്രസിഡൻറാണു് കേന്ദ്ര നിയമസഭയുടെ ഉപരിമണ്ഡലത്തിൻെറ അദ്ധ്യക്ഷൻ. ശേഷിക്കുറവിനും കുററങ്ങൾക്കും വൈസ്പ്രസിഡൻറിനെ മാററാവുന്നതാണു്.

ക്യാബിനററു്--ഭരണ നിർവ്വഹണത്തിൽ പ്രസിഡൻറിനെ സഹായിക്കുവാനും ഉപദേശിക്കുവാനും ഒരു മന്ത്രിസഭയുണ്ടു്. മന്ത്രിസഭയ്ക്കു് പ്രസിഡൻറിനു് ഇഷ്ടമുള്ള കാലത്തോളം ഭരണം നടത്താം.

(ii) ലജിസ്ലേച്ചർ (യൂണിയൻ പാർലിമെൻറു്)

കേന്ദ്ര പാർലിമെൻറിനു് രണ്ടു് മണ്ഡലങ്ങളുണ്ടു്. ഉപരിമണ്ഡലം രാജ്യസഭ (Council of States)

എന്നും അധോമണ്ഡലം ലോക്സഭ (House of the People) എന്നും അറിയപ്പെടുന്നു. പാർലിമെൻറിലെ അംഗങ്ങളെ 21 വയസ്സിനുമേൽ പ്രായമുള്ള സമ്മതിദായകന്മാർ തിരഞ്ഞെടുക്കുന്നു.

രാജ്യസഭ യിൽ 250 ന് അടുത്ത് അംഗങ്ങളുണ്ട്. ഇവരെ തിരഞ്ഞെടുക്കുന്നതു് സംസ്ഥാനിക നിയമസഭകളാണ്. അതിൽ 12 പേരെ പ്രസിഡൻറ് നാമനിർദ്ദേശം ചെയ്യുന്നു. നോമിനേററ് ചെയ്യപ്പെടുന്ന അംഗങ്ങൾ സാഹിത്യം, ശാസ്ത്രം, കല, സാമൂഹ്യ സേവനം ആദിയായവയിൽ പ്രാവീണ്യമുള്ളവരായിരിക്കും. ഇതൊരു സ്ഥിരം സഭയാണ്. ഇതിലെ മൂന്നിലൊരുഭാഗം അംഗങ്ങൾ ഈരണ്ടു കൊല്ലം കഴിയുമ്പോൾ പിരിഞ്ഞുപോകുകയും പകരം പുതിയ പ്രതിനിധികളെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

ലോക്സഭ യിൽ 500 ൽപരം അംഗങ്ങളുണ്ട്. ഇവരെ സ്റ്റേററുകളിലെ പ്രായപൂർത്തിവന്ന വോട്ടറന്മാർ നേരിട്ട് തിരഞ്ഞെടുക്കുന്നു. ഈ സഭയുടെ കാലാവധി 5 കൊല്ലമാണ്. 25 വയസ്സായ ഏതൊരു ഇൻഡ്യൻ പൗരനും മററു വിധത്തിൽ അയോഗ്യതകളില്ലെങ്കിൽ ഇതിൽ അംഗമായിരിക്കാവുന്നതാണ്. ഈ സഭയ്ക്കു് ഉപരിമണ്ഡലത്തെ അപേക്ഷിച്ച് കൂടുതൽ അധികാരങ്ങൾ ഉണ്ട്. ധന സംബന്ധമായ ബില്ലുകൾ ഇവിടെയാണ് അവതരിപ്പിക്കേണ്ടതു്. ആണ്ടുതോറുമുള്ള ബഡ്ജററുകൾ പാസ്സാക്കുന്നതിനുള്ള അധികാരവും ഈ സഭയ്ക്കുതന്നെ.

## (iii) ജുഡീഷ്യറി

നീതിനിർവ്വഹണത്തിനുള്ള പരമാധികാരം സുപ്രീംകോടതിയിൽ നിക്ഷിപ്തമായിരിക്കുന്നു. വിപുലമായ അധികാരങ്ങളോടുകൂടിയ ഈ കോടതി സ്വാതന്ത്ര്യമായി നിലകൊള്ളുന്നു. ചീഫ് ജസ്റ്റിസും ഏഴിൽ കവിയാതെ ജഡ്ജിമാരും സുപ്രീംകോടതിയിലുണ്ടായിരിക്കണമെന്നു വ്യവസ്ഥയുണ്ട്. ഭരണഘടന നിയമങ്ങളെ വ്യാഖ്യാനിച്ചു തീരുമാനിക്കുക, കേന്ദ്രഗവണ്മെൻറും സ്റ്റേററുകളും തമ്മിലൊ, സ്റ്റേററുകൾ തമ്മിലൊ ഉണ്ടാകുന്ന തക്ക്ങ്ങൾ കേട്ടു വിധി കല്പിക്കുക, സ്റ്റേററുകളിലെ ഹൈക്കോടതികളിൽനിന്നുള്ള അപ്പീൽ കേസുകൾ വിസ്താരിച്ചു തീരുമാനം ചെയ്യുക എന്നിവയാണു് സുപ്രീംകോടതിയുടെ പ്രധാന ചുമതലകൾ.

## സ്റ്റേററ് ഗവണ്മെൻറുകൾ

യൂണിയൻെറ ഘടകങ്ങളായ സ്റ്റേററുകളിൽ ഭരണം നടത്തുന്നതു ഗവർണ്ണർമാരാണു്. പ്രാദേശിക കാര്യങ്ങളിൽ നിയമനിർമ്മാണം ചെയ്യാനും ഭരണപരമായ സംഗതികൾ നിയന്ത്രിക്കാനും നിയമനിർമ്മാണ സഭകളുണ്ടു് (അസംബ്ലികൾ). വലിയ സ്റ്റേററുകളിൽ ദ്വിമണ്ഡല സഭകളുമുണ്ടു്. പ്രായപൂത്തി വോട്ടവകാശത്തിലാണു് ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതു്. അസംബ്ലിയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ മുഖ്യമന്ത്രിയായും അദ്ദേഹത്തിൻെറ ഉപദേശമനുസരിച്ചു സഹമന്ത്രിമാരേയും ഗവർണ്ണർ നിയമിക്കുന്നു. സ്റ്റേററുകളിൽ പ്രായേണ കേന്ദ്രത്തിലെ രീതിയിൽത്തന്നെയാണു് ഭരണവ്യവസ്ഥ.

## പ്രധാന ചോദ്യങ്ങൾ

1. ഇൻഡ്യൻ ഭരണഘടനയുടെ സാമാന്യ സ്വഭാവ മെന്തു്?

2. കേന്ദ്രവും സ്റ്റേറ്റുകളും തമ്മിലുള്ള ബന്ധം വിശദ മാക്കുക.

3. ഇൻഡ്യൻ പ്രസിഡൻറിൻെറ അധികാരങ്ങൾ ഏവ?

4. ഇൻഡ്യൻ പൗരത്വത്തിൻെറ അടിസ്ഥാനമെന്തു്? പൗരന്മാരുടെ മൗലികാവകാശങ്ങൾ എന്തെല്ലാം?

5. കേന്ദ്ര നിയമസഭയുടെ ഘടനയേയും അധികാരങ്ങ ളേയും വിവരിക്കുക.

---

അദ്ധ്യായം 5

# ബ്രിട്ടനിലെ പാർലിമെൻററി ഭരണസമ്പ്രദായത്തിൻെറ വളർച്ച

ബ്രിട്ടനിലെ നിയമസഭയുടെ പേരു പാർലിമെൻറ് എന്നാകുന്നു. ഭരണകാര്യങ്ങളിൽ പരമാധികാരം പാർലിമെൻറിനാണു്. ഈ സഭയ്ക്കു രണ്ടു മണ്ഡലങ്ങളുണ്ടു്. ഉപരിമണ്ഡലത്തിന്നു പ്രഭുസഭ (House of Lords) യെന്നും, അധോമണ്ഡലത്തിന്നു ജനസഭ (House of Commons) യെന്നും പറഞ്ഞുവരുന്നു. പ്രഭുസഭയിലെ അംഗങ്ങൾ രാജ്യത്തെ പ്രഭുക്കന്മാരാണു്. സ്കോട്ട്ലണ്ടിലേയും വടക്കൻ ഐർലണ്ടിലേയും പ്രഭുക്കന്മാരെ തിരഞ്ഞെടുക്കുന്നു. മററുള്ളവരെ തിരഞ്ഞെടുക്കുകയല്ല. ജനസഭയിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നു. പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളാണു് ജനസഭയിലെ അംഗങ്ങൾ. ഈ ജനസഭയ്ക്കും പ്രഭുസഭയ്ക്കും കൂടിയുള്ള പേരാണു് പാർലിമെൻറ്. പാർലിമെൻറിൻെറ ഉത്ഭവവും ഇന്നത്തെ നിലയിലേക്കുള്ള വളർച്ചയും ഒരു നീണ്ടകഥയാകുന്നു.

## 1. ഉത്ഭവം

ബ്രിട്ടനിൽ രാജഭരണം ആരംഭിച്ച കാലത്തു തന്നെ രാജാക്കന്മാർക്കു് ഒരു ആലോചനസമിതി ഉണ്ടാ

യിരുന്നതായികാണണം. 5-ാം നൂററാണ്ടിൽ റോമക്കാർ ബ്രിട്ടൻ വിട്ടുപോയപ്പോൾ ആംഗ്ലോസാക്സൺ രാജാക്കന്മാരുടെ ഭരണം അവിടെ സ്ഥാപിതമായി. രാജകുടുംബത്തിലെ പ്രധാന വ്യക്തികളും രാജ്യത്തിലെ പ്രമാണികളും അടങ്ങിയ ഒരു ആലോചനാസമിതി ഈ ആംഗ്ലോസാക്സൺ രാജാക്കന്മാർക്ക് ഉണ്ടായിരുന്നു. ഈ സഭയ്ക്കു വിററാൻ (Witan) എന്നായിരുന്നു പേർ. ഈ വിററാൻ സഭയാണു് പിന്നീട്ടു് പല പരിണാമങ്ങൾക്കും ശേഷം പാർലിമെൻററായി തീർന്നതു്. 11-ാം നൂററാണ്ടിൽ ബ്രിട്ടനെ ഫ്രാൻസിൽനിന്നു വന്ന നോർമൻ വർഗ്ഗക്കാർ കീഴടക്കി. നോർമൻ രാജാക്കന്മാരുടെ കാലത്തും ഈ വിററാൻ സഭ മറെറാരുപേരിൽ നിലനിന്നുപോന്നു. 'ക്യൂറിയാറേജിസ്'' എന്നറിയപ്പെട്ട ഈ ആലോചനാസഭയിലേക്കു രാജ്യത്തെ പ്രധാന പ്രഭുക്കന്മാരെ നോർമൻ രാജാക്കന്മാർ ക്ഷണിക്കുക പതിവായിരുന്നു. 13-ാം നൂററാണ്ടിൻെറ ആരംഭത്തിൽ ജോൺ എന്നു പേരായ ഒരു രാജാവു് ഇംഗ്ലണ്ടു് ഭരിച്ചിരുന്നു. ജനങ്ങൾ ഇദ്ദേഹത്തിൻെറ ദുർഭരണത്തെ വെറുത്തു. അവരുടെ പ്രക്ഷോഭണഫലമായി 1215-ൽ 'മാഗ്നാകാർട്ട'' (Magna Carta) എന്നൊരു പട്ടയം കൊടുക്കുവാൻ രാജാവു് നിർബ്ബന്ധിതനായി. രാജാവിൻെറ സ്വേച്ഛാഭരണത്തെ നിയന്ത്രിച്ച ഒന്നാമത്തെ ഭരണഘടനാപരമായ ഒരു രേഖയാണ് ഈ ചാർട്ടർ. ഇതിൻപ്രകാരം രാജാവു് രാജ്യത്തു നിലവിലുണ്ടായിരുന്ന പൊതുസഭയെ ഔദ്യോഗികമായി അംഗീകരിച്ചു. രാജ്യത്തെ പൊതുസഭയെ വിളിച്ചു അതിൻെറ അനുവാദത്തോടുകൂടിയേ പതിവുവിട്ടുള്ള പുതിയ നികുതിപിരിവു് നടത്തുകയുള്ളു എന്നു ചാർട്ടറിൽ

വ്യക്തമാക്കിയിട്ടുണ്ട്. പാർലിമെൻറിന്നു നികുതി പിരിവിൻെറ മേൽ കിട്ടിയ അധികാരം ഈ ചാർട്ടർ മൂലമാണു്. അന്നൊന്നും രാജ്യത്തെ പൊതുസഭയെ പാർലിമെൻറ് എന്ന പേർ വിളിച്ചിരുന്നില്ല. 13-ാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിലാണു് പാർലിമെൻറ് എന്ന പേർ പ്രചാരത്തിൽ വന്നതു്. അക്കാലത്തുതന്നെ പാർലിമെൻറിലേക്കു പ്രഭുക്കന്മാരെയും സാധാരണ ജനങ്ങളുടെ പ്രതിനിധികളെയും ക്ഷണിക്കുന്ന പതിവ് ആരംഭിച്ചു. 14-ാം നൂററാണ്ടിലാണു് പ്രഭുക്കന്മാരും ജനപ്രതിനിധികളും രണ്ടായി തിരിഞ്ഞു വെവ്വേറെ സമ്മേളിക്കുവാൻ തുടങ്ങിയതു്. അന്നുമുതൽ പാർലിമെൻറിൽ രണ്ടു് മണ്ഡലങ്ങളും ഉണ്ടായി.

## 2. വളർച്ച—1688 വരെ

പാർലിമെൻറിൻെറ ആരംഭദശയിൽ അതിന്റെ അധികാരം പരിമിതമായിരുന്നു. രാഷ്ട്രീയമായ പ്രാധാന്യം ക്രമേണയാണു് വർദ്ധിച്ചുവന്നതു്. പുതിയ നികുതിപിരിവു് നടത്തേണ്ട ആവശ്യം വരുമ്പോളാണു് രാജാവു് പാർലിമെൻറ് വിളിച്ചുകൂട്ടിയിരുന്നതു്. ആ ഘട്ടങ്ങളിൽ രാജാവു് പാർലിമെൻറിൻെറ അഭിലാഷങ്ങൾ മാനിച്ചിരുന്നു. അല്ലെങ്കിൽ നികുതിപിരിവിന്നുള്ള അനുവാദം കിട്ടുമായിരുന്നില്ല. ഇങ്ങിനെയാണു് പാർലിമെൻറിൻെറ സ്വാധീനശക്തി വർദ്ധിച്ചുവന്നതു്. 16-ാം നൂററാണ്ടിൽ ട്യൂഡർ വംശത്തിലെ ഭരണാധികാരികൾ ബ്രിട്ടൻ ഭരിച്ചിരുന്നപ്പോൾ പ്രധാന സംഗതികളിലെല്ലാം പാർലിമെൻറിൻെറ അംഗീകരണം സമ്പാ

ഭിച്ചിരുന്നു. അന്നൊന്നും പാർലിമെൻറിനു സ്വാന്ത മായി വലിയ ശക്തി ഉണ്ടായിരുന്നില്ല. രാജാവു് വിളിച്ചുകൂട്ടുമ്പോൾ മാത്രമെ പാർലിമെൻറ് സമ്മേ ളിച്ചിരുന്നുള്ളൂ. രാജാവിൻെറ ആഗ്രഹപ്രകാരം, സാധാരണയായി പാർലിമെൻറ് തീരുമാനങ്ങളും ചെയ്തുകൊടുത്തിരുന്നു. ട്യൂഡർ രാജാക്കന്മാരുടെ സാമ ർത്ഥ്യംമൂലം അവരും പാർലിമെൻറും വളരെ രമ്യത യിൽ കഴിഞ്ഞുപോന്നു. എല്ലാ കാര്യങ്ങളും പാർലി മെൻറിൻെറ തീരുമാനപ്രകാരമാണു് ചെയ്യുന്നതു് എന്നു തോന്നത്തക്ക വിധത്തിലാണു് ട്യൂഡർ രാജാക്ക ന്മാർ പെരുമാറിയതു്. അവക്കുശേഷം ബ്രിട്ടൻ ഭരി ച്ച സ്റ്റൂവർട്ടു് രാജാക്കന്മാർ അത്ര സമർത്ഥന്മാരായിരു ന്നില്ല. പാർലിമെൻറിനെ പ്രീണിപ്പിച്ചു ഭരിക്കു വാൻ അവക്കു് കഴിഞ്ഞില്ല. അതുകൊണ്ടു് അക്കാ ലത്തു പാർലിമെൻറും രാജാവും തമ്മിൽ നീണ്ട ഒരു മത്സരം നടന്നു. ജനങ്ങളുടെ പിന്തുണ പാർലിമെൻറി നായിരുന്നതുകൊണ്ടു് ആ സമരത്തിൽ പാർലി മെൻറ് ജയിച്ചു. അന്നത്തെ സ്റ്റൂവാർട്ടു് രാജാവായ ചാർത്സ് ഒന്നാമൻ തോല്ക്കുകയും വധിക്കപ്പെടുകയും ചെയ്തു. ഇദ്ദേഹത്തിൻെറ പുത്രനായ ജെയിംസ് രണ്ടാമൻ എന്ന രാജാവും പാർലിമെൻറിനെ ധിക്ക രിക്കുവാൻ ശ്രമിച്ചു. ഫലം അദ്ദേഹം സിംഹാസനം വെടിഞ്ഞു പലായനം ചെയ്തതാണു്. ഇതിനെ യാണു് 1688-ലെ മഹത്തായ വിപ്ലവം എന്നു പറ യുന്നതു്. ഈ വിപ്ലവത്തിൻെറ ഫലമായി പാർ ലിമെൻറിൻെറ പരമാധികാരം അസന്നിഗ്ദ്ധമായി സ്ഥാപിക്കപ്പെട്ടു. പിന്നീടു് വന്ന രാജാക്കന്മാർ പാർലിമെൻറിൻെറ പരമാധികാരത്തിനു വഴങ്ങി ക്കൊണ്ടാണു് ഭരണം നടത്തിപ്പോന്നിട്ടുള്ളതു്.

## 3. 1688-ന ശേഷം പാർലിമെൻറിൻെറ പുരോഗതി

മഹത്തായ വിപ്ലവത്തെ തുടൻ പാർലിമെൻറിന പരമാധികാരം കിട്ടിയെങ്കിലും, രാജ്യഭരണം രാജാവുതന്നെയാണ് നടത്തിപ്പോന്നതു്. പാർലിമെൻറിൽനിന്ന രാജാവിന്നു് ഇഷ്ടമുള്ള അംഗങ്ങളെ മന്ത്രിമാരായി നിയമിച്ചു രാജാവിൻെറ മേൽനോട്ടത്തിൽ ഭരണം നടത്തിവന്നു. ഇതിനിടയിൽ ബ്രിട്ടനിൽ വളൎന്നുവന്ന കക്ഷിസമ്പ്രദായം പാർലിമെൻറിൻെറ ശക്തിയെ ഒന്നുകൂടി വൎദ്ധിപ്പിച്ചു. കക്ഷിഭേദമെന്യേ രാജാവു് ഇഷ്ടംപോലെ മന്ത്രിമാരെ തിരഞ്ഞെടുത്തു ഭരണം നടത്തുവാൻ ശ്രമിച്ചതു സുഗമമായിരുന്നില്ല. പാർലിമെൻറിലെ ഭൂരിപക്ഷകക്ഷിയിൽനിന്ന മാത്രം മന്ത്രിമാരെ എടുക്കുക എന്ന പതിവു് വേഗത്തിൽ നടപ്പിൽവന്നു. ഭരണത്തിനാവശ്യമായ പണം പാർലിമെൻറു് അനുവദിച്ചുകിട്ടുന്നതിന്നു് ഈ പതിവു് ആവശ്യമായി. ഭൂരിപക്ഷം നഷ്ടപ്പെടുമ്പോഴം, ആ കക്ഷിയിലെ മന്ത്രിമാരെ മാററി, ഭൂരിപക്ഷം കിട്ടിയ കക്ഷിയിലെ മന്ത്രിമാരെ നിയമിക്കേണ്ടതായും വന്നുകൂടി.

1714-ൽ പാർലിമെൻററി ഭരണസമ്പ്രദായത്തിൻെറ വളർച്ചയെ സഹായിച്ച ഒരു പ്രധാന സംഭവമുണ്ടായി. ആ വർഷത്തിൽ ജോർജ്ജ് ഒന്നാമൻ ബ്രിട്ടനിലെ രാജാവായി. ഇദ്ദേഹം ജന്മനാകാരനായിരുന്നു. ഇംഗ്ലീഷുഭാഷ നിശ്ചയമുണ്ടായിരുന്നില്ല. അതുകൊണ്ടു ജോർജ്ജ് ഒന്നാമൻ മന്ത്രിസഭായോഗങ്ങളിൽ ഹാജരായില്ല. അത്തരം യോഗങ്ങളിൽ ആദ്ധ്യക്ഷം

വഹിക്കുവാൻ മന്ത്രിമാരിൽ പ്രധാനിതന്നെ വേണ്ടിവന്നു. ഇദ്ദേഹം പിന്നീടു പ്രധാനമന്ത്രിയായി. അങ്ങിനെ ബ്രിട്ടനിൽ ആദ്യം പ്രധാനമന്ത്രിയായതു്



വാൽപ്പോൾ

വിഗ്ഗ് കക്ഷിനേതാവായ വാൽപ്പോൾ ആണ്. വാൽപ്പോളിന്റെ കാലത്തുതന്നെ പാർലിമെന്റിനോടുത്തരവാദപ്പെട്ട കക്ഷിവ്യവസ്ഥയും ക്യാബിനററു് (മന്ത്രിസഭ) ഭരണവും ഒപ്പം വളർന്നുവന്നു. പാർലിമെന്റിലെ ഭൂരിപക്ഷകക്ഷിനേതാവിനെ പ്രധാനമന്ത്രിയായി നിയമിക്കണം. സഹമന്ത്രിമാരെ തിരഞ്ഞെടുക്കുന്ന ചുമതല പ്രധാനമന്ത്രിക്കായിരിക്കണം. മന്ത്രിമാർക്കു കൂട്ടായ ഉത്തരവാദിത്വം ഉണ്ടായിരിക്കണം, പ്രധാനമന്ത്രിയോടു് അഭിപ്രായൈക്യമില്ലാത്ത സഹമന്ത്രി രാജിവെച്ചു പോകണം, പാർലിമെന്റ് അവിശ്വാസം രേഖപ്പെടുത്തിയാൽ ക്യാബിനററ് രാജിവെയ്ക്കണം എന്നീ പതിവുകൾ വാൽപ്പോളിന്റെ കാലത്തുതന്നെ നടപ്പിലായി. 1688-നു് ശേഷം പാർലിമെന്റിന്റെ അഭിലാഷങ്ങൾ അനുസരിച്ച് രാജാവ് ഭരണം

നടത്തിപ്പോന്നു. വാൽപ്പോളിൻെറ കാലംമുതല്ക്ക് രാജ്യഭരണത്തിൽ രാജാവിൻെറ പങ്കു നാമമാത്രമായി. യഥാർത്ഥഭരണം പാർലിമെൻറിനോടുത്തരവാദപ്പെട്ട ക്യാബിനററിൻെറ അധീനത്തിലായി.

## 4. പാർലിമെൻറ് പരിഷ്കരണനിയമങ്ങൾ

1688-ലെ മഹത്തായവിപ്ലവത്തിനുശേഷം രാജാധികാരം നിയന്ത്രിക്കപ്പെട്ടു. പാർലിമെൻററി ഭരണം പുരോഗതിപ്രാപിക്കുവാനും തുടങ്ങി. എന്നാൽ അതു ജനകീയ ഭരണമായിരുന്നില്ല. 1832-ൽ ഒന്നാമത്തെ പാർലിമെൻറ് പരിഷ്കരണനിയമം (The First Reform Act) പാസ്സാകുന്നതുവരെ പാർലിമെൻറു യഥാർത്ഥത്തിൽ രാഷ്ട്രത്തെ പ്രതിനിധീകരിച്ചിരുന്നില്ല. വലിയ പ്രഭുക്കന്മാരുടെ നിയന്ത്രണത്തിലായിരുന്നു. 18-ാം ശതകത്തിലെ പാർലിമെൻറിൽ വോട്ടവകാശം സാധാരണക്കാർക്കുണ്ടായിരുന്നില്ല. അംഗങ്ങളുടെ തിരഞ്ഞെടുപ്പു നിയന്ത്രിച്ചതു് വലിയ ഭൂവുടമകളായിരുന്നു. അതുകൊണ്ടു് പാർലിമെൻറിനു് അധികാരം കിട്ടിയപ്പോൾ വലിയ പ്രഭുക്കന്മാർക്കധികാരം കിട്ടി എന്നായിരുന്നു അതിൻെറ അർത്ഥം. 19-ാം നൂററാണ്ടിൽ പാർലിമെൻറു കയ്യടക്കിവെച്ചിരുന്ന ഈ പ്രഭുക്കന്മാർക്കെതിരായി, ഒരു പ്രക്ഷോഭം ഉയർന്നുവന്നു. സാധാരണക്കാർക്കും വോട്ടവകാശം നൽകണമെന്നും അവർക്ക് പാർലിമെൻറു് മെമ്പർമാരെ തിരഞ്ഞെടുത്തയക്കുന്നതിനുള്ള അവകാശം വേണമെന്നും അവർ വാദിച്ചു. ജന്മിമാരും പ്രഭുക്കന്മാരും ആദ്യമൊക്കെ ഈ അവകാശവാദത്തെ എതി

ത്തു. ജനകീയ പ്രക്ഷോഭം സുശക്തമായപ്പോൾ അവർ തലകുനിച്ചു. 1832ൽ ലിബറൽ കക്ഷിനേതാവായ പ്രധാനമന്ത്രി ഗ്രെ പ്രഭു (Lord Grey) ഒരു നിയമം പാർലിമെൻറിൽ പാസ്സാക്കി. അതുമൂലം ബ്രിട്ടനിലെ ഇടത്തരക്കാർക്കെല്ലാം വോട്ടവകാശം കിട്ടി. നിയോജകമണ്ഡലങ്ങൾ പുനർവിഭജിച്ച് രാഷ്ട്രത്തെ ശരിയായി പ്രതിനിധീകരിക്കുന്ന വിധത്തിൽ പാർലിമെൻറിനെ സംഘടിപ്പിച്ചു. അതുവരെ രാഷ്ട്രീയാധികാരം ബ്രിട്ടനിൽ പ്രഭുക്കന്മാരുടെ കുത്തകയായിരുന്നു. 1832-ലെ പാർലിമെൻറു പരിഷ്കരണ നിയമപ്രകാരം പാർലിമെൻറിൻെറ നിയന്ത്രണം ഇടത്തരക്കാരുടെ കൈവശമായി.

1867ലും 1884ലും ഇതുപോലെ പരിഷ്കരണ നിയമങ്ങൾമൂലം വോട്ടവകാശം വിപുലപ്പെടുത്തി. നിയോജകമണ്ഡലങ്ങളെ ശാസ്ത്രീയമായ രീതിയിൽ പുനർവിഭജനംചെയ്തു് പാർലിമെൻറിനു് ശരിയായ പ്രാതിനിധ്യം നൽകി. ഒന്നാം മഹായുദ്ധത്തിനുശേഷം പാസ്സാക്കിയ 1918-ലെ പരിഷ്കരണനിയമപ്രകാരം വോട്ടവകാശം വീണ്ടും വിപുലമാക്കി. 21 വയസ്സിനു മേലുള്ള എല്ലാ പുരുഷന്മാർക്കും 30 വയസ്സ് കഴിഞ്ഞ എല്ലാ സ്ത്രീകൾക്കും വോട്ടവകാശം ലഭിച്ചു. അതോടുകൂടി വോട്ടവകാശത്തിനു സ്വത്തു് യോഗ്യത ആവശ്യമില്ലാതായി. ബ്രിട്ടനിലെ സ്ത്രീകൾക്കു് ഈ നിയമത്തോടു് പ്രതിഷേധം ഉണ്ടായി. പുരുഷന്മാരെപ്പോലെതന്നെ 21 വയസ്സായാൽ സ്ത്രീകൾക്കും വോട്ടവകാശം കൊടുക്കണമെന്നു് അവർ ശക്തിയുക്തം വാദിച്ചു. 1928-ലെ അഞ്ചാം പരിഷ്കരണനിയമപ്രകാരം അതും അനുവദിക്കപ്പെട്ടു. അപ്പോൾ ബ്രിട്ടനിലെ

പാർലിമെൻറു പരിപൂർണ്ണമായും ഒരു ജനകീയ നിയമസഭയായി. യഥാർത്ഥജനകീയഭരണം അവിടെ നിലവിൽ വരികയും ചെയ്തു.

## 5. പാർലിമെൻറിലെ രണ്ടു മണ്ഡലങ്ങൾ തമ്മിലുള്ള മത്സരം

ബ്രിട്ടനിലെ പാർലിമെൻറിൽ പ്രഭുസഭയെന്നും ജനസഭയെന്നും രണ്ടു മണ്ഡലങ്ങളുണ്ടല്ലോ. ഉപരിമണ്ഡലമായ പ്രഭുസഭ തിരഞ്ഞെടുക്കപ്പെടുന്നതല്ല. രാജ്യത്തെ പ്രഭുക്കന്മാരെല്ലാം അതിലെ അംഗങ്ങളാണ്. ജനസഭയാണ് വാസ്തവത്തിൽ രാഷ്ട്രത്തെ പ്രതിനിധാനം ചെയ്യുന്നതു്. പ്രഭുസഭയിൽ യാഥാസ്ഥിതികർക്കാണ് ശക്തി. ജനസഭയിൽ പുരോഗമനവാദികളായ രാഷ്ട്രീയകക്ഷികൾക്കും തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടിയെന്നുവരാം. തത്വത്തിൽ പ്രഭുസഭയ്ക്കും ജനസഭയ്ക്കും നിയമനിർമ്മാണകാര്യത്തിൽ തുല്യാധികാരമാണ്. അതുയതുകൊണ്ട് പുരോഗമനവാദികൾക്ക് ജനസഭയിൽ ഭൂരിപക്ഷം കിട്ടിയാലും, ജനസഭയിൽ അവർ പാസ്സാക്കുന്ന പരിഷ്കരണനിയമങ്ങൾ പ്രഭുസഭയുടെ എതിർപ്പുമൂലം നിയമമാകുവാൻ സാധിക്കാതെവന്നു. പ്രഭുസഭയും ജനസഭയും ഇതുമൂലം മത്സരിക്കുവാൻ തുടങ്ങി. ധനകാര്യബില്ലുകൾ ജനസഭ പാസ്സാക്കിയാൽ പ്രഭുസഭയും പാസ്സാക്കുകയാണ് പതിവ്. 1909-ൽ ജനസഭപാസ്സാക്കിയ ബഡ്ജററ് പ്രഭുസഭ തള്ളിക്കളഞ്ഞു. ഇതോടുകൂടി രണ്ടുമണ്ഡലങ്ങളും തമ്മിലുള്ള മത്സരം ഒരു ഗൌരവഘട്ടത്തിലെത്തി. ജനസഭയിൽ ഭൂരിപക്ഷമുണ്ടായിരുന്ന ലിബറൽ

കക്ഷി പ്രഭുസഭയുടെ അധികാരം പരിമിതപ്പെടുത്തു വാൻ തീർച്ചയാക്കി. അവർ കൊണ്ടുവന്ന്, വലിയ വാദപ്രതിവാദങ്ങൾക്കും എതിർപ്പുകൾക്കും ശേഷം പാസ്സാക്കിയതാണ് 1911-ലെ പാർലിമെൻറ് ആക്ററ്. ഈ ആക്ററ് പ്രഭുസഭയ്ക്ക് ധനകാര്യബില്ലുകളുടെ മേൽ യാതൊരധികാരവും ഇല്ലാതാക്കി. മററു ബില്ലുകൾ പ്രഭുസഭ തിരസ്കരിക്കുന്നപക്ഷം രണ്ടുകൊല്ലത്തേയ്ക്ക് നിയമമാകുന്നതല്ല. ഈ ചട്ടവും 1949-ൽ മാററി. ഇപ്പോൾ സാധാരണ ബില്ലുകൾ നിയമമാകുന്നത് ഒരു കൊല്ലത്തേക്ക തടഞ്ഞുവയ്ക്കുവാൻ മാത്രമെ പ്രഭുസഭയ്ക്ക് കഴിയൂ. എങ്കിലും ഇന്നും ബ്രിട്ടനിലെ ഏററവും ഉയർന്ന കോടതി പ്രഭുസഭയാകുന്നു.

ലോകത്തിലെ ഏററവും പഴക്കമുള്ള ഉപരിമണ്ഡലമാണ് പ്രഭുസഭ. ജനകീയ ഭരണത്തിന് നിരക്കാത്ത ഇത്തരം ഒരു ഉപരിമണ്ഡലം നിർത്തിക്കളയണമെന്ന് ബ്രിട്ടനിൽ ഒരഭിപ്രായമുണ്ട്. അതല്ലാ, ജനകീയ ഭരണത്തിന് അനുയോജ്യമായ വിധത്തിൽ അതിൻെറ ഘടനയിൽ മാററം വരുത്തി, അതിനെ പരിഷ്കരിച്ച്, അതിന് ജനസഭയോടു തുല്യാധികാരം കൊടുക്കണമെന്ന അഭിപ്രായക്കാരും ബ്രിട്ടനിലുണ്ട്. ഇന്നത്തെ നിലയിൽ പാർലിമെൻറിലെ അധോമണ്ഡലമായ ജനസഭയ്ക്കാണ് പ്രാധാന്യം. ധനകാര്യബില്ലുകളുടെകാര്യത്തിൽ ജനസഭയ്ക്ക് മാത്രമാണധികാരം. ഏതു നിയമവും പ്രഭുസഭ എതിർത്താൽതന്നെ, ഒരു കൊല്ലം കാത്തിരുന്നാൽ, ജനസഭയ്ക്ക് നിയമമാക്കാം. ക്യാബിനററിന് ജനസഭയോടാണല്ലോ ഉത്തരവാദിത്വമുള്ളത്.

പാർലിമെൻററി ഭരണസമ്പ്രദായത്തിനു് ഏററവും പഴക്കമുള്ള മാതൃകയാണു് ബ്രിട്ടൻ. ബ്രിട്ടനിലെ പാർലിമെൻറിനെ "പാർലമെൻറുകളുടെ മാതാവു്" എന്നാണു് വിളിക്കുന്നതു്. പ്രജായത്തഭരണം പ്രായോഗികവും പരിപുഷ്ടവുമാക്കുന്നതിനു് പാർലിമെൻററിഭരണസമ്പ്രദായം ഒരുനല്ല ഉപാധിയാണു്. ഈ മാതൃക പാകപ്പെടുത്തി വളർത്തിക്കൊണ്ടുവന്നതു ബ്രിട്ടൻെറ ഒരു നേട്ടംതന്നെ.

## ചോദ്യങ്ങൾ

1. പ്രഭുസഭയിലെ അംഗങ്ങൾ ആരാണു്?
2. പ്രഭുസഭയുടെയും ജനസഭയുടെയും അധികാരങ്ങളെവ?
3. പാർലിമെൻറിനെ ജനകീയമാക്കുവാൻ സഹായിച്ച പ്രധാന നിയമങ്ങൾ ഏതെല്ലാം?

## അദ്ധ്യായം 6

# അമേരിക്കൻ വിപ്ലവം


1492-ൽ കൊളംബസ് അമേരിക്കയിലേക്കുള്ള മാർഗ്ഗം കണ്ടുപിടിച്ചതിനെ തുടർന്ന് ധാരാളം യൂറോപ്യന്മാർ ഈ നൂതന ഭൂഖണ്ഡത്തിൽ കുടിയേറിപ്പാർത്തു. സ്പെയിൻകാരും പോർത്തുഗീസുകാരും മറ്റും അമേരിക്കയിൽ കോളണികൾ സ്ഥാപിച്ചു. വടക്കെ അമേരിക്കയിൽ കോളണികൾ സ്ഥാപിച്ചത് അധികവും ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരുമായിരുന്നു. എലിസബത്തുരാജ്ഞിയുടെ കാലത്താണ് ഇംഗ്ലീഷുകാർ വടക്കെ അമേരിക്കയിൽ കോളണികൾ സ്ഥാപിക്കുവാൻ തുടങ്ങിയത്. 17-ാം നൂറാണ്ടിന്റെ ആരംഭത്തിൽ തീർത്ഥാടകപിതാക്കന്മാർ (Pilgrim Fathers) എന്നറിയപ്പെടുന്ന കുറെ പ്യൂരിട്ടന്മാർ (Puritans) ബ്രിട്ടനിൽനിന്ന് അമേരിക്കയിൽ കുടിയേറി താമസമാക്കി. ക്രമേണ വടക്കെ അമേരിക്കയുടെ അററ്ലാൻറിക്ക് തീരത്ത് ഇംഗ്ലീഷുകാർ ഏററവും പ്രബലമായി. 18-ാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ ഇംഗ്ലീഷുകാർക്ക് അവിടെ 13 കോളണികൾ ഉണ്ടായിരുന്നു. മാതൃരാജ്യമായ ബ്രിട്ടന്റെ കർക്കശമായ നിയന്ത്രണം ഈ പുത്രികാരാജ്യങ്ങൾ ഇഷ്ടപ്പെട്ടില്ല. വിദേശാധിപത്യം അവസാനിപ്പിച്ച് സ്വാതന്ത്ര്യം സ്ഥാപിക്കുവാൻ ഇവ ഒരു വിജയകരമായ സമരം നടത്തി. 1776-ൽ ഈ 13 കോളണികളും ഒന്നിച്ചുകൂടി ചരിത്രപ്രസിദ്ധമായ സ്വാതന്ത്ര്യപ്രഖ്യാപനം നടത്തി. യുദ്ധംചെയ്ത് ബ്രിട്ടനെ തോൽപ്പിച്ച് അവർ സ്വാതന്ത്ര്യം നേടി. ബ്രിട്ടന്റെ വൈദേശിക

മേധാവിത്വത്തിൽനിന്ന് മോചനം പ്രാപിക്കുന്നതിന് ഈ 13 കോളണികൾ നടത്തിയ സമരത്തിനാണ് അമേരിക്കൻ വിപ്ലവം എന്ന് പറയുന്നത്.

## 1. കാരണങ്ങൾ

രാഷ്ട്രീയവും മതപരവുമായ സ്വാതന്ത്ര്യം ഇല്ലെന്നു പറഞ്ഞാണ് 17-ാം നൂററാണ്ടിൽ ബ്രിട്ടനിൽ നിന്ന് ധാരാളംപേർ വടക്കെ അമേരിക്കയിൽ കുടിയേറി പാർത്തത്. ഈ സ്വാതന്ത്ര്യതൃഷ്ണയെ മാതൃരാജ്യമായ ബ്രിട്ടൻ വേണ്ടത്ര ബഹുമാനിച്ചില്ല. അതാണ് അമേരിക്കൻ കോളണികളെ ബ്രിട്ടനുമായുള്ള ബന്ധം അവസാനിപ്പിച്ച് ഒരു സ്വതന്ത്ര രാഷ്ട്രമാകുവാൻ പ്രേരിപ്പിച്ച പ്രഥമകാരണം. രാഷ്ട്രീയാധികാരം ഉണ്ടായിരുന്ന ബ്രിട്ടൻ സാമ്പത്തികമായി കോളണികളെ ചൂഷണം ചെയ്തിരുന്നു. കോളണികളുടെ സാമ്പത്തികപുരോഗതിക്ക് ഹാനികരമായ ഒരു നയം ബ്രിട്ടൻ സ്വീകരിച്ചത് അവർ തമ്മിൽ പിണങ്ങുന്നതിനുള്ള മറെറാരു കാരണമായി. കോളണികളെ കോപാകുലരാക്കിയ മൂന്നാമത്തെ കാരണം ബ്രിട്ടൻെറ നികുതിനയമാണ്. കോളണികളിൽനിന്ന് നികുതി പിരിവു നടത്തുവാൻ ബ്രിട്ടീഷ് പാർലിമെൻറിന് അധികാരമുണ്ടെന്ന് അവർ വാദിച്ചു. പ്രാതിനിധ്യമില്ലാതെ നികുതിപിരിവു നടത്തുന്നതിനെ (Taxation without representation) കോളണികൾ കഠിനമായി എതിർത്തു. തങ്ങളുടെ പ്രതിനിധികളില്ലാത്ത ബ്രിട്ടീഷ് പാർലിമെൻറ് തങ്ങളിൽനിന്ന് കരം പിരിക്കുന്നതിനെതിരായി കോളണികൾ സംഘടിതമായ പ്രക്ഷോഭണം ആരംഭിച്ചു. ബ്രിട്ടൻ നികുതി ചുമത്തി

അമേരിക്കയിലേക്കയച്ച തേയിലപ്പെട്ടികൾ, ബോസ്റ്റൺ തുറമുഖത്തെത്തിയപ്പോൾ ചില കോളണികൾ കപ്പലിൽ നിന്നെടുത്ത് അവയെ കടലിലേയ്ക്ക്





അമേരിക്കൻ വിപ്ലവം 1775–1783

എറിഞ്ഞു നശിപ്പിച്ചു. 1773-ൽ നടന്ന ഈ സംഭവത്തെയാണ് 'ബോസ്റ്റൺ ടീ പാർട്ടി' എന്ന പേരിൽ

അറിയുന്നതു്. ബ്രിട്ടനും കോളണികളും തമ്മിലുള്ള സംഘട്ടനത്തെ ഇതു് ത്വരിതപ്പെടുത്തി. കൂടാതെ അത്‌ലാന്തിക് തീരത്തു് വസിച്ചിരുന്ന കോളണിക്കാരെ അനിയന്ത്രിതമായി പടിഞ്ഞാട്ടു്, ഭൂഖണ്ഡത്തിന്റെ ഉൾഭാഗത്തേക്കു്, പോകുവാൻ ബ്രിട്ടൻ അനുവദിച്ചിരുന്നില്ല. ബ്രിട്ടനോടു് നീരസമുണ്ടാകുവാൻ ഇതും ഒരു കാരണമായി. ബ്രിട്ടനോടു് അസൂയയുണ്ടായിരുന്ന ഫ്രാൻസ്, ഹോളണ്ടു്, സ്പെയിൻ മുതലായ യൂറോപ്യൻ രാജ്യങ്ങൾ കോളണികളോടു് അനുഭാവം പ്രദർശിപ്പിച്ചതു് ബ്രിട്ടനോടു് സമരം ചെയ്യുന്നതിനു് കോളണിക്കാൎക്കു് ധൈൎയ്യം നൽകിയിരിക്കണം. അന്നത്തെ ബ്രിട്ടീഷ് ഗവൺമെൻറു് തീരെ അനുകമ്പാഹീനമായ വിധത്തിലാണു് കോളണികളോടു് പെരുമാറിയതു്. തന്മൂലം മത്സരം വർദ്ധിച്ചു. 1775-ൽ ഒരു തുറന്ന സമരംതന്നെ ആരംഭിച്ചു.

## 2. സമരഗതി (1775—1783)

1775-ൽ ബോസ്റ്റൺ തുറമുഖത്തിനടുത്തു് ലെക്സിങ്ങ്ടൺ എന്ന സ്ഥലത്തുവച്ചാണു് ആദ്യത്തെവെടി പൊട്ടിയതു്. കോളണികൾ എല്ലാം ഒന്നിച്ചു ബ്രിട്ടനെതിരായി നടപടികൾ തുടങ്ങി. 1776-ൽ 13 കോളണികളുടെ പ്രതിനിധികളും സമ്മേളിച്ചു സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. കോളണികളുടെ സൎവ്വസൈന്യാധിപനായി ജോർജ്ജ് വാഷിംഗ്ടണെ നിയമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സമർത്ഥമായ നേതൃത്വത്തിൽ കോളണിക്കാർ ധീരധീരം പോരാടി. ആദ്യമൊക്കെ അവർ തോററുവെങ്കിലും, 1777-ൽ



ജോർജ്ജ് വാഷിങ്ങ്ടൺ

സാരട്ടോഗ യുദ്ധത്തിൽ അവർ ജയിച്ചു. തുടർന്ന് ഫ്രാൻസും സ്പെയിനും മററും അമേരിക്കൻ കോളണികളുടെ സ്വാതന്ത്ര്യം അംഗീകരിച്ച് അവരെ സഹായിക്കുവാൻ തുടങ്ങി. 1781-ൽ ഒരു ബ്രിട്ടീഷ് സൈന്യം യോർക്ക്ടൗൺ എന്ന സ്ഥലത്തുവച്ച് കീഴടങ്ങി. ഇതോടുകൂടി അമേരിക്കൻ വിജയം സുനിശ്ചിതമായി. 1783-ലെ 'വെഴ്സായ് സന്ധി' മൂലം അമേരിക്കൻ സ്വാതന്ത്ര്യയുദ്ധം അവസാനിച്ചു. ബ്രിട്ടൻ അമേരിക്കൻ കോളണികളുടെ സ്വാതന്ത്ര്യം അംഗീകരിക്കുകയും ചെയ്തു.

അമേരിക്കൻ ജനതയുടെ അടങ്ങാത്ത സ്വാതന്ത്ര്യദാഹമാണ് അവരെ വിജയശ്രീലാളിതരാക്കിയത്. സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുന്ന ഒരു മർദ്ദിതജനതയുടെ സമരാവേശവും വീര്യവും ഏറെക്കാലം നിരോധിച്ച് നിർത്തുവാൻ ലോകത്തിലെ ഒരു ശക്തിയ്ക്കും സാദ്ധ്യമല്ല.

## 3. അമേരിക്കൻ വിപ്ലവത്തിന്റെ പ്രാധാന്യം

ബ്രിട്ടന്റെയും അമേരിക്കയുടേയും ചരിത്രത്തിൽ മാത്രമല്ല ലോകചരിത്രത്തിൽതന്നെ അമേരിക്കൻ വിപ്ലവത്തിന് ഒരു സുപ്രധാനമായ സ്ഥാനമുണ്ട്. 13 കോളണികൾ നഷ്ടപ്പെട്ടത് ബ്രിട്ടനെ ഇരുത്തി ചിന്തിപ്പിച്ചു. ചൂഷണത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ അവരുടെ കോളോണിയൽ നയം അവർ പാടെ ഉപേക്ഷിച്ചു. മർദ്ദനംകൊണ്ട് കോളണികളെ അടിച്ചമർത്തി അധീനത്തിൽ വച്ചുപോന്നിരുന്ന ലാഭകരമല്ലാത്ത നയം മാററി, പടിപടിയായി സ്വാതന്ത്ര്യം നൽകുന്ന ഒരു അനുരഞ്ജനനയം ബ്രിട്ടൻ സ്വീകരിച്ചു. അമേരിക്കൻ വിപ്ലവമാണ് ബ്രിട്ടനെ ഈ പാഠം പഠിപ്പിച്ചത്.

അമേരിക്കൻ ഭൂഖണ്ഡത്തിലെ ആദ്യത്തെ സ്വതന്ത്രരാഷ്ട്രം ഈ വിപ്ലവത്തോടുകൂടിയാണ് ഉദയം ചെയ്തത്. 1776-ൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ച ഈ 13 കോളണികൾ സമരകാലത്ത് ഒന്നിച്ചുനിന്ന് പോരാടി. യുദ്ധം കഴിഞ്ഞ ശേഷം 1787-ൽ അവർ ഒരു സംയുക്തരാഷ്ട്രം സൃഷ്ടിച്ചു. അതാണ്

യു. എസ്. എ. (The United States of America) അഥവാ അമേരിക്കൻ ഐക്യനാടുകൾ. അവർ സ്വീകരിച്ച ഭരണഘടനപ്രകാരം അമേരിക്കൻ ഐക്യനാടുകളെ ഒരു റിപ്പബ്ലിക്കാക്കുകയാണു് ചെയ്തതു്. അന്നു് 13 അംഗരാജ്യങ്ങളായി ആരംഭിച്ച യു.എസ്.എ. യിൽ ഇന്നു് 48 അംഗരാജ്യങ്ങളുണ്ടു്. ലിഖിത ഭരണഘടനയോടുകൂടിയ ഒന്നാമത്തെ രാഷ്ട്രമാണു് യു.എസ്.എ. അമേരിക്കൻ ഐക്യനാടുകളുടെ ആവിർഭാവത്തിനുശേഷം ലിഖിത ഭരണഘടനകൾക്കും, റിപ്പബ്ലിക്കൻ ആദർശത്തിനും, സംയുക്ത ഭരണഘടനകൾക്കും നല്ല പ്രചാരം കിട്ടി. യൂറോപ്പിലും അമേരിക്കാ ഭൂഖണ്ഡത്തിലും ഉണ്ടായ പല സ്വാതന്ത്ര്യസമരങ്ങൾക്കും അമേരിക്കൻ വിപ്ലവം ഉത്തേജനം നൽകി. അമേരിക്കൻ വിപ്ലവം അവസാനിച്ചു് 6 വർഷം കഴിയുന്നതിനു മുമ്പു് ഫ്രഞ്ചു് വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. 25 വർഷത്തിനകം സ്പെയിനിന്റേയും പോർത്തുഗലിന്റേയും അമേരിക്കൻ കോളണികൾ മോചനസമരം തുടങ്ങി. വിദേശാധിപത്യത്തിന്നെതിരായി സ്വാതന്ത്ര്യസമരം നടത്തുന്ന ഏതൊരു ജനതയ്ക്കും ആവേശം നൽകുന്ന ഒരു ഉജ്ജ്വലസംഭവമാണു് അമേരിക്കൻ വിപ്ലവം.

## ചോദ്യങ്ങൾ

1. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിനുള്ള കാരണങ്ങളേവ?

2. യു.എസ്.എ. രൂപമെടുത്തതെന്നു്? എങ്ങനെ?

---

## അദ്ധ്യായം 7

# ഫ്രഞ്ച് വിപ്ലവം

18-ാം നൂററാണ്ടിൻെറ അന്ത്യത്തിൽ ഫ്രാൻസിൽ ഒരു ഭയങ്കര വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. വളരെ വർഷങ്ങളായി ഫ്രാൻസിലെ സാമാന്യ ജനങ്ങൾ മർദ്ദനവും ചൂഷണവും അനുഭവിച്ചു കഴിയുകയായിരുന്നു. പ്രയാസങ്ങളും ദുരിതങ്ങളും നിറഞ്ഞ ജീവിതത്തിൽ സഹികെട്ട് 1789-ൽ അവർ സമരത്തിനൊരുങ്ങി. സമാധാനപരമായി ആരംഭിച്ച വിപ്ലവം അക്രമത്തിലും യുദ്ധത്തിലും ചോരപ്പുഴയിലും ചെന്നവസാനിച്ചു. ഏകാധിപത്യ രാജവാഴ്ചയും പ്രഭുപുരോഹിത വർഗ്ഗങ്ങൾ അനുഭവിച്ചുവന്നിരുന്ന അനർഹമായ ആനുകൂല്യങ്ങളും ഈ വിപ്ലവാഗ്നിയിൽ വെന്തു് നശിച്ചു. സമത്വത്തിലും സാഹോദര്യത്തിലും സ്വാതന്ത്ര്യത്തിലും അടിയുറച്ച ഒരു നവീന സാമൂഹ്യ രാഷ്ട്രീയവ്യവസ്ഥ ഫ്രാൻസിൽ സ്ഥാപിതമായി. വിപ്ലവകാലത്തു് നെപ്പോളിയൻ അധികാരം കൈവശപ്പെടുത്തി ഫ്രാൻസിൽ ചക്രവർത്തിഭരണം സ്ഥാപിച്ചു. 1815-ൽ നെപ്പോളിയൻെറ പരാജയത്തിനുശേഷം ഫ്രാൻസിൽ വീണ്ടും രാജവാഴ്ച സ്ഥാപിതമായി. എന്നാലും വിപ്ലവംമൂലം ജനസാമാന്യത്തിനു് ലഭിച്ചിരുന്ന സാമൂഹ്യരാഷ്ട്രീയ നേട്ടങ്ങളും സ്വാതന്ത്ര്യങ്ങളും തുടർന്നുപോന്നു. സാമൂഹ്യരാഷ്ട്രീയ വ്യവസ്ഥിതിയിൽ ഉണ്ടായ ഈ പ്രകടമായ മാററത്തെയാണു് ഫ്രഞ്ച് വിപ്ലവം എന്നു് പറയുന്നതു്.

## 1. കാരണങ്ങൾ

ഫ്രാൻസിലെ സാധാരണ ജനങ്ങളുടെ ദുരിതങ്ങളാണു് അവിടെ വിപ്ലവമുണ്ടാക്കിയതു്. രാഷ്ട്രീയസ്വാതന്ത്ര്യം അവൎക്കുണ്ടായിരുന്നില്ല. നികുതിഭാരം എല്ലാം അവരുടെ ചുമലിലായിരുന്നു. പ്രഭുക്കന്മാരും പുരോഹിതന്മാരും കരം കൊടുക്കുന്നതിൽനിന്നു് ഒഴിവാക്കപ്പെട്ടിരുന്നുവത്രെ. സാധാരണക്കാരുടെ പക്കൽനിന്നു് പ്രഭുക്കന്മാരും പുരോഹിതന്മാരും പല പിരിവുകളും നടത്തി സുഖലോലുപരായി ജീവിച്ചുപോന്നു. ഈ പ്രകടമായ അനീതിയിൽ അസംതൃപ്തരായാണു് ജനങ്ങൾ കഴിഞ്ഞിരുന്നതു്. വോൾ-



റൂസ്സോ

ട്ടയർ, മോണ്ടെസ്ക്യൂ, റൂസ്സോ മുതലായ സാഹിത്യകാരന്മാരുടെ കൃതികൾ ഫ്രഞ്ചുജനതയെ അവരുടെ ദുരവസ്ഥക്കെതിരായി ശബ്ദമുയൎത്തുന്നതിന്നു് പ്രേരിപ്പിച്ചു. രാജധാനിയിലും പുരോഹിതന്മാരുടെ ഇടയിലുമുണ്ടായിരുന്ന അഴിമതികളെ വോൾട്ടയർ വിമൎശിച്ചു. മോണ്ടെസ്ക്യൂ ദുരധികാരത്തെ നിയന്ത്രിക്കുന്നതിന്നായി, നിയമനിൎമ്മാണം, നീതിപാലനം, ഭരണനിൎവ്വഹണം എന്നിവ വ്യത്യസ്തസ്ഥാപനങ്ങളിൽ

നിക്ഷിപ്തമായിരിക്കണമെന്നു് വാദിച്ചു. റൂസ്സോ സ്വേച്ഛാധിപത്യത്തെ എതിർത്തും ജനകീയ റിപ്പബ്ലിക്കൻ ഭരണത്തെ അനുകൂലിച്ചും "സോഷ്യൽ കാൺട്രാക്ട്" എന്ന തന്റെ ഗ്രന്ഥത്തിൽ ന്യായവാദം ചെയ്തു. ഫ്രഞ്ചുകാരുടെ ഇടയിൽ, എഴുത്തും വായനയും ധാരാളംപേർക്കു് അറിയാമായിരുന്നതുകൊണ്ടു് വിപ്ലവകരമായ ഈ ആദർശങ്ങൾ വേഗം പ്രചരിച്ചു. ഫ്രാൻസ് 1778-ൽ അമേരിക്കൻ സ്വാതന്ത്ര്യ സമരത്തെ സഹായിച്ചു. അമേരിക്കൻ ജനകീയ വിപ്ലവത്തിൽ പങ്കെടുത്തു് തിരിച്ചെത്തിയ ഫ്രഞ്ചുകാർ സ്വന്തം നാട്ടിലും ജനകീയ സ്വാതന്ത്ര്യങ്ങൾ സമ്പാദിച്ചു് കിട്ടുന്നതിനുള്ള സമരത്തിനു തയ്യാറായി. 1789-ൽ രാജ്യം ഭരിച്ചിരുന്ന ഫ്രഞ്ചു് രാജാവു് ലൂയി പതിനാറാമൻ പ്രാപ്തനായിരുന്നില്ല. ധാരാളിയായിരുന്നതുകൊണ്ടു് പണസംബന്ധമായ പല കുഴപ്പങ്ങളുമുണ്ടായി. ഭയങ്കരമായ ഭക്ഷണദൌർല്ലഭ്യവും ആയിടയിൽ അനുഭവപ്പെട്ടു. ഗത്യന്തരമില്ലാതായപ്പോൾ ഫ്രാൻസിലെ പാർലിമെൻററായ സ്റ്റേയിററ്സ് ജനറൽ (States General) എന്ന പൊതുസഭ വിളിച്ചുകൂട്ടി. ഈ പൊതുസഭ ഫ്രാൻസിലെ സ്വേച്ഛാധിപത്യ രാജവാഴ്ച അവസാനിപ്പിച്ചു്, ബ്രിട്ടനിലേതുപോലെ ഭരണഘടനാ വിധേയമായ രാജവാഴ്ച സ്ഥാപിക്കുവാൻ ശ്രമിച്ചു. 1614-നു് ശേഷം ഫ്രാൻസിന്റെ ചരിത്രത്തിൽ ഇങ്ങനെ പൊതുസഭ സമ്മേളിച്ചിട്ടില്ല. 1789-ൽ പൊതുസഭ സമ്മേളിച്ചപ്പോൾ ദുർഭരണം അവസാനിപ്പിക്കുന്നതിനുകിട്ടിയ സുവർണ്ണാവസരം ഫ്രഞ്ചുജനത ശരിക്കുപയോഗിക്കുന്നതിനു് നിശ്ചയിച്ചു. ഇതായിരുന്നു വിപ്ലവത്തിന്റെ ആദ്യത്തെ പടി.

## 2. വിപ്ലവത്തിൻെറ ഗതി

ഫ്രഞ്ച് വിപ്ലവം ആരംഭിച്ചതു് 1789-ൽ ആണു്. 1799-ൽ നെപ്പോളിയൻ അധികാരത്തിൽ വന്നപ്പോൾ വിപ്ലവം അവസാനിച്ചതായി പറയാം. എന്നാൽ വിപ്ലവകാലത്തുണ്ടായ യുദ്ധങ്ങളും കലാപങ്ങളും എല്ലാം തീൎന്നു് സമാധാനം സംസ്ഥാപിതമായതു് 1815-നു ശേഷം മാത്രമാണു്.

1789-ൽ പൊതുസഭ സമ്മേളിച്ചു് സമാധാനപരമായി പരിഷ്കാരങ്ങൾ വരുത്തുവാൻ തുടങ്ങി. പ്രഭുക്കന്മാരും പുരോഹിതന്മാരും തടസ്സങ്ങളുണ്ടാക്കി. ലൂയി പതിനാറാമൻ ചിലപ്പോൾ ഇവരോടു് സഹകരിച്ചില്ല. രാജകീയാധികാരങ്ങൾ നിയന്ത്രിച്ചു് സാമൂഹ്യപരിഷ്കാരങ്ങൾ നടപ്പിൽവരുത്തുവാൻ തുടങ്ങിയപ്പോൾ, മററു രാജാക്കന്മാർ ഭയവിഹ്വലരായി. അവർ ഫ്രഞ്ച് രാജാവിൻെറ സഹായത്തിനെത്തി. 1792-ൽ ഫ്രാൻസിനെ അയൽ രാജ്യങ്ങൾ ആക്രമിച്ചു. ഫ്രഞ്ച് പൊതുസഭ ഉടനെ രാജവാഴ്ച അവസാനിപ്പിച്ചു്, ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കാക്കി.

1793-ൽ ഫ്രഞ്ചുകാർ രാജാവിനെ വധിച്ചു. പിന്നെ നടന്നതു് ഒരു ഭീകര ഭരണമായിരുന്നു. ഉല്പതിഷ്ണുക്കളായ വിപ്ലവകാരികൾ റിപ്പബ്ലിക്കിനെ സംരക്ഷിക്കുവാൻ കർക്കശമായ നടപടികൾ സ്വീകരിച്ചു. രാജകീയകക്ഷിയേയും വിദേശികളേയും പ്രഭുക്കന്മാരേയും അനുകൂലിച്ച സൎവ്വരേയും അവർ പിടിച്ചു് വധിച്ചുവത്രെ. ഈ കൂട്ടക്കൊലകൾ

യൂറോപ്പിൽ വലിയ പ്രത്യാഘാതങ്ങളുണ്ടാക്കി. ബ്രിട്ടനുംപ്പെടെയുള്ള പല രാജ്യങ്ങളും വിപ്ലവ ഗവണ്മെൻറിന്നെതിരായി യുദ്ധത്തിനിറങ്ങി. 1794-ൽ ഉല്പതിഷ്ണുക്കൾ അധികാരസ്ഥാനത്തുനിന്നു നിഷ്കാസിതരായി. അങ്ങനെ ആ 'ഭീകര ഭരണം' അവസാനിച്ചു.

തുടന്നു 'ഡയറക്ടറി' (Directory) എന്നൊരു സമിതിയാണു റിപ്പബ്ലിക്കു ഭരിച്ചതു്. അവർ റിപ്പബ്ലിക്കിൻെറ ശത്രുക്കളെ തോല്പിച്ചു് രാജ്യത്തിനകത്തു് ക്രമസമാധാനങ്ങൾ പാലിച്ചു. 1799 നോടുകൂടി ഈ സമിതിക്കും ജനസമ്മതി നഷ്ടപ്പെട്ടു.

1799-ൽ വിപ്ലവസൈന്യങ്ങളുടെ നേതാവായിരുന്ന നെപ്പോളിയൻ അധികാരം പിടിച്ചെടുത്തു. ആദ്യം പ്രധാന നേതാവു് എന്ന നിലയിലും പിന്നീടു് ചക്രവർത്തി എന്ന നിലയിലും 1815-വരെ അദ്ദേഹം ഫ്രാൻസു ഭരിച്ചു. ഫ്രാൻസിലെ ഗവണ്മെൻറു് അദ്ദേഹം പുനഃസംഘടിപ്പിച്ചു. രാജ്യത്തിനകത്തു് ചിട്ടയും ക്രമവുമുണ്ടാക്കി. പക്ഷെ സാമ്രാജ്യ വിസ്താരത്തിന്നുവേണ്ടി ഇടതടവില്ലാതെ അദ്ദേഹം യുദ്ധങ്ങൾചെയ്തു. 1815-ൽ വാട്ടർലൂ യുദ്ധത്തിൽ വെച്ചു് നെപ്പോളിയനെ അദ്ദേഹത്തിൻെറ ശത്രുക്കൾ തോല്പിച്ചു് നാടുകടത്തി. ഫ്രാൻസിലെ പഴയ രാജവംശത്തിലെ ഒരു രാജാവിനെ അവർ സിംഹാസനത്തിൽ അവരോധിക്കയുംചെയ്തു. ഫ്രഞ്ചു് വിപ്ലവാഗ്നി ഇതോടുകൂടി കെട്ടടങ്ങി.

## 3. ഫലങ്ങൾ

രാജവാഴ്ച പുനർസ്ഥാപിക്കപ്പെട്ടുവെങ്കിലും, വിപ്ലവം നിഷ്ഫലമായില്ല. പല ഗുണകരമായ നേട്ടങ്ങളും ജനങ്ങൾക്കുണ്ടായി. ഏകാധിപത്യപരമായ രാജവാഴ്ചക്ക് അതു് കടിഞ്ഞാണിട്ടു. നിയമത്തിന്റെ മുമ്പിൽ പ്രഭുക്കന്മാരും പുരോഹിതന്മാരും സാധാരണ ജനങ്ങളും എല്ലാം തുല്യരായി. അനർഹമായ ഫ്യൂഡൽ അവകാശങ്ങളെ സംരക്ഷിച്ചിരുന്ന അന്യായമായ നിയമങ്ങൾ റദ്ദാക്കപ്പെട്ടു. പൌരന്മാരുടെ സാമ്പത്തിക കഴിവു് അനുസരിച്ചു് എല്ലാവരിൽനിന്നും നികുതി പിരിക്കുന്ന സമ്പ്രദായം നടപ്പായി.

## 4. പ്രാധാന്യം

അമേരിക്കൻ വിപ്ലവം വിദേശാധിപത്യത്തിന്നെതിരായി രാഷ്ട്രീയസ്വാതന്ത്ര്യം സ്ഥാപിക്കുവാൻ വേണ്ടിയുള്ള ഒരു സമരമായിരുന്നു. സ്വേച്ഛാധിപത്യത്തിന്നും ഫ്യൂഡൽ പാരമ്പര്യങ്ങൾക്കും എതിരായുള്ള ഒരു ജനകീയ സമരമായിരുന്നു ഫ്രഞ്ചു് വിപ്ലവം. ഫ്രഞ്ചു് വിപ്ലവത്തിന്റെ മുദ്രാവാക്യങ്ങളായ സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം എന്നീ ആദർശങ്ങൾ ലോകചരിത്രത്തിൽ വലിയ സ്വാധീനശക്തി ചെലുത്തിയിട്ടുണ്ടു്. ഈ വിപ്ലവത്തെത്തുടന്നു് യൂറോപ്പിലെ മിക്ക രാജ്യങ്ങളിലും ജനകീയസ്വാതന്ത്ര്യപ്രസ്ഥാനങ്ങൾ ഉടലെടുത്തു. ക്രമേണ എല്ലാ രാജ്യങ്ങളിലും ജനകീയപ്രസ്ഥാനങ്ങൾ ശക്തിപ്പെടുകയും സ്വേച്ഛാധിപത്യപരമായ രാജവാഴ്ച നിലംപതിക്കുകയും ചെയ്തു.

## ചോദ്യങ്ങൾ

1. വിപ്ലവത്തിനുമുമ്പുള്ള ഫ്രാൻസിലെ സ്ഥിതി വിവരിക്കുക.
2. ഫ്രഞ്ചു വിപ്ലവത്തിലെ ആദർശങ്ങൾ എന്തായിരുന്നു ?
3. ഫ്രഞ്ചു വിപ്ലവത്തിനും അമേരിക്കൻ വിപ്ലവത്തിനും തമ്മിലുള്ള പ്രധാന വ്യത്യാസമെന്തു് ?

അദ്ധ്യായം 8


# റഷ്യൻ വിപ്ലവം

ഇരുപതാം നൂററാണ്ടിലെ അതിപ്രധാനമായ ഒരു സംഭവമാണ് റഷ്യൻ വിപ്ലവം. 300 വർഷക്കാലം നീണ്ടുനിന്ന റഷ്യയിലെ സ്സാർ ദുർഭരണം 1917-ൽ അവിടത്തെ കൃഷിക്കാരും തൊഴിലാളികളും പട്ടാളക്കാരും കൂടി അവസാനിപ്പിച്ചിട്ട് അവിടെ അവർ ഒരു ജനകീയ റിപ്പബ്ലിക്ക് സ്ഥാപിച്ചു. സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്ഥാപിക്കുകയായിരുന്നു വിപ്ലവകാരികളുടെ ലക്ഷ്യം. തൊഴിലാളികളുടേയും കൃഷിക്കരുടേയും പട്ടാളക്കാരുടേയും പ്രതിനിധികൾ കൂടി ചേർന്ന "സോവിയററു"കളായിരുന്നു ഭരണാധികാരം നടത്തിയതു്. മഹാനായ ലെനിൻെറ നേതൃത്വത്തിൽ റഷ്യൻ വിപ്ലവകാരികൾ സ്ഥാപിച്ച സംയുക്ത സോവിയററ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് (Union of Soviet Socialist Republics) ലോക ചരിത്രത്തിൽ ഒരു നൂതന പരീക്ഷണമായിരുന്നു.

## 1. കാരണങ്ങൾ

സ്സാറിൻെറ ദുർഭരണത്തോടു് ജനങ്ങൾക്കു് അമിതമായ വെറുപ്പുണ്ടായിരുന്നു. തൻെറ സ്വേച്ഛാഭരണത്തിനെതിരായി സമരമുയർത്തിയ സർവ്വരേയും സ്സാർ നിക്കോളാസ് രണ്ടാമൻ മർദ്ദിച്ചമർത്തി. 1905 ൽ ജനങ്ങൾ ബഹളംകൂട്ടി. സ്സാർ അതു് ക്രൂരമായ വിധത്തിൽ അമർച്ചചെയ്തു. 'സ്സാറിന'യും

അവരുടെ ആത്മമിത്രമായിരുന്ന റാസ്പ്യൂട്ടിൻ (Rasputin) എന്ന കപടസന്യാസിയും നടത്തിയ അക്രമങ്ങൾ ജനങ്ങൾക്കസഹ്യമായി തീൎന്നു. ഭൂരിഭാഗം ജനങ്ങളും വെറും അടിമകളെപ്പോലെയാണു് ജീവിച്ചിരുന്നതു്. കൃഷകരും തൊഴിലാളികളും കുറഞ്ഞ കൂലിക്കു് അധികം സമയം ജോലി ചെയ്തിരുന്നു. കമ്യൂണിസ്റ്റ് തത്വചിന്തകനായ കാറൽ മാർക്സിൻെറ കൃതികളും, ടോൾസ്റ്റോയി, ഗോർക്കി മുത



കാറൽമാർക്സ്

ലായ സാഹിത്യനായകന്മാരുടെ കലാവിരുതു നിറഞ്ഞ നോവലുകളും ജനങ്ങളുടെ ഇടയിൽ വിപ്ലവാവേശം ഉണ്ടാക്കി. പല രഹസ്യ സംഘടനകളും വിപ്ലവത്തിന്നുവേണ്ടി പ്രചാരവേല നടത്തി. 1914-ൽ ആരംഭിച്ച ഒന്നാം മഹാ യുദ്ധത്തിൽ റഷ്യ ചേൎന്നു്

യുദ്ധം തുടങ്ങിയതോടെ റഷ്യയുടെ മർദ്ദിത ലക്ഷങ്ങളുടെ കഷ്ടപ്പാടുകൾ ഇരട്ടിയായി. കൃഷിയും വാണിജ്യവും താറുമാറായി. ഭരണയന്ത്രം അഴിമതികൾ കൊണ്ടു് നിറഞ്ഞു. സ്സാർ യുദ്ധരംഗത്തായിരുന്നു. സ്സാറിനയും റാസ്പ്യൂട്ടിനും കുഴപ്പങ്ങൾ വർദ്ധിപ്പിച്ചു. 1916-ൽ റാസ്പ്യൂട്ടിൻ വെടിയേററ് മരിച്ചു. എന്നിട്ടും സംഗതികൾ മെച്ചപ്പെട്ടില്ല. 1917 മാർച്ച് മാസത്തിൽ വിപ്ലവം പരസ്യമായി പൊട്ടിപ്പുറപ്പെട്ടു.

## 2. മാർച്ച് മാസത്തിലെ വിപ്ലവം

റഷ്യൻ വിപ്ലവം രണ്ടു ഘട്ടങ്ങളിലായാണു് നടന്നതു്. ആദ്യത്തെ ഘട്ടം 1917 മാർച്ച് മാസത്തിൽ ആയിരുന്നു. രണ്ടാമത്തേതു് ഒക്ടോബർ മാസത്തിലും. മാർച്ച് വിപ്ലവം മോസ്ക്കോയിലെയും പെട്രോഗ്രാഡിലേയും (ഇപ്പോഴത്തെ ലെനിൻഗ്രാഡ്) തൊഴിലാളികൾ പണിമുടക്ക് നടത്തിയപ്പോൾ ആരംഭിച്ചു. തൊഴിലാളികളെ അടിച്ചമർത്തുവാൻ സ്സാർ പട്ടാളത്തെ വിളിച്ചു. പട്ടാളം തൊഴിലാളികളുടെപക്ഷം ചേർന്നു. സ്സാർ ഉടനെ സ്ഥാനത്യാഗം ചെയ്തു. തൊഴിലാളികൾ അപ്പോൾ ഭരണം ഏറെറടുത്തില്ല. റഷ്യയിലെ പാർലിമെൻറായ "ഡ്യൂമ" ഭരണഭാരം കൈയ്യേററു. സമ്പന്നരായ ജനവിഭാഗത്തിൻെറ പ്രാതിനിധ്യമായിരുന്നു അന്നു് ഡ്യൂമയ്ക്കുണ്ടായിരുന്നതു്.

## 3. ഒക്ടോബർ വിപ്ലവം

മാർച്ച് വിപ്ലവം കഴിഞ്ഞപ്പോൾ വിദേശത്തു നിന്നും പല വിപ്ലവകാരികളും റഷ്യയിലേക്കു് മടങ്ങിവന്നു. ലെനിൻ ഈ സമയത്താണു് പെട്രോഗ്രാഡിൽ വന്നതു്. തൊഴിലാളികൾ അധികാരം പിടിച്ചെടുക്കണമെന്നും, യുദ്ധത്തിൽനിന്നു് റഷ്യ ഉടനെ പിൻവാങ്ങണമെന്നും, ജോലിസമയം 8 മണിക്കൂർ ആക്കണമെന്നും, ജന്മിമാരുടെ വലിയ കൃഷിസ്ഥലങ്ങൾ കണ്ടുകെട്ടണമെന്നും ലെനിൻ തൊഴിലാളികളെ ഉൽബോധിപ്പിച്ചു. വിപ്ലവകക്ഷി രണ്ടായി പിരിഞ്ഞു. ഭൂരിപക്ഷം ലെനിന്റെ കക്ഷിക്കാണു് ലഭിച്ചതു്. അതിനെ 'ബോൾഷെവിക്കു്' കക്ഷിയെന്നു് അറിയപ്പെട്ടു. അന്നത്തെ ഭരണാധികാരിയായിരുന്ന കെരൻസ്കി ലെനിന്റേയും ബോൾഷെവിക്കുകാരുടേയും നയത്തെ ഇഷ്ടപ്പെട്ടില്ല. ജനങ്ങൾ അത്യുത്സാഹത്തോടെ ലെനിനെ പിൻതാങ്ങി. ഒക്ടോബർ മാസത്തിൽ കെരൻസ്കിഗവൺമെന്റിനെ മറിച്ചിട്ടു്, ലെനിൻ പ്രസിഡണ്ടായും ട്രോട്സ്കി വിദേശ മന്ത്രിയായും ഒരു പുതിയ ഗവൺമെന്റ് മോസ്കോവിൽ രൂപീകൃതമായി. ഈ ഗവൺമെന്റ് റഷ്യയെ യുദ്ധത്തിൽനിന്നു മാററി; ജന്മികളുടെ ഭൂമികൾ പിടിച്ചെടുത്തു് കൃഷകർക്കു് വിതരണം ചെയ്തു; തൊഴിൽശാലകളെ ഗവൺമെൻറുടമയിലാക്കി. സോഷ്യലിസ്റ്റ് പരിപാടികൾ ഇങ്ങനെ അവർ നടപ്പിലാക്കുവാൻ തുടങ്ങി.

## 4. ആഭ്യന്തര സമരം

ഈ പരിപാടികളെ എതിൎത്ത പലരും റഷ്യയിലുണ്ടായിരുന്നു. അയൽ രാജ്യങ്ങളിലെ മുതലാളി ഗവൺമെൻറുകൾ ഈ പിന്തിരിപ്പൻ ശക്തികളെ സഹായിച്ചു. കേന്ദ്ര സോവിയററ് ഗവൺമെൻറ് ഈ രാജ്യദ്രോഹികളെ നശിപ്പിക്കുവാൻ കൎശനമായ നടപടികൾ സ്വീകരിച്ചു. തടങ്കലിൽ വെച്ചിരുന്ന സ്സാറിനേയും കുടുംബാംഗങ്ങളേയും അവർ വധിച്ചു. അതിവേഗം ട്രോട്സ്കിയുടെ നേതൃത്വത്തിൽ ഒരു സോവിയററു് സൈന്യം സജ്ജമാക്കപ്പെട്ടു. തൊഴിലാളിയും കൃഷകനും സോവിയററ് സൈന്യത്തിൽ ചേൎന്നു. അവരുടെ പുതിയ ആദൎശങ്ങളേയും അവകാശങ്ങളേയും സംരക്ഷിക്കുവാൻവേണ്ടി ജീവനെ തൃണവൽഗണിച്ചുകൊണ്ടു് അവർ സമരം ചെയ്തു. അവസാനം അവർ വിജയം കൈവരിച്ചു. ആഭ്യന്തര



ലെനിൻ

ശത്രുക്കളും വിദേശ സൈന്യങ്ങളും തുരത്തപ്പെട്ടു. റഷ്യയിലാകമാനം സോവിയററ് ഗവണ്മെൻറിൻെറ അധികാരം സ്ഥാപിതമായി. അന്യ രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കണമെന്നു് സോവിയററ് റഷ്യക്കു് ആഗ്രഹമുണ്ടായിരുന്നില്ല. അതിനാൽ ചൈന, തുർക്കി, പേഴ്സ്യം, അഫ്ഘാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽ റഷ്യക്കുണ്ടായിരുന്ന സകല അവകാശവാദങ്ങളും ലെനിൻ കൈവെടിഞ്ഞു. 1924-ൽ ലെനിൻ മരിക്കുമ്പോഠ റഷ്യയിൽ കമ്യൂണിസ്റ്റ് ഗവമ്മെണ്ടു് വേരൂന്നി കഴിഞ്ഞിരുന്നു. റഷ്യയിൽ ലെനിൻ ഒരാരാധ്യ പുരുഷനായി തീന്നിട്ടുണ്ടു്. ആധുനിക റഷ്യയുടെ നിമ്മാതാവായ ലെനിൻെറ സ്മരണയ്ക്കായി പെട്രോഗ്രാഡു് പട്ടണത്തെ 'ലെനിൻഗ്രാഡു്' എന്നു് റഷ്യക്കാർ നാമകരണം ചെയ്തു.

## 5. ലെനിൻെറ ശേഷം

ലെനിൻെറ മരണശേഷം നേതൃത്വത്തിനു വേണ്ടി ട്രോട്സ്കിയും സ്റ്റാലിനും തമ്മിൽ മത്സരമുണ്ടായി. സ്റ്റാലിൻ വിജയിച്ചു. അദ്ദേഹത്തിൻെറ പഞ്ചവത്സര പദ്ധതികഠ സോവിയററ് നാടിൻെറ നാനാവിധമായ പുരോഗതിക്കു് ഇടയാക്കി. കാർഷികമായും, വ്യാവസായികമായും, ശാസ്ത്രീയമായും റഷ്യ വളരെ അധികം പുരോഗമിച്ചു. രണ്ടാം മഹായുദ്ധകാലത്തു് സോവിയററ് റഷ്യ അതിൻെറ അപാരമായ സൈനിക ശക്തിയും, സാമ്പത്തിക കഴിവും, ശാസ്ത്രീയ പുരോഗതിയും ലോകത്തിനു് കാണിച്ചു

കൊടുത്തു. രണ്ടാം മഹായുദ്ധത്തിനുശേഷവും സോവിയററ് രാഷ്ട്രത്തിന്റെ അഭിവൃദ്ധിയും പുരോഗതിയും തുടൎന്നുകൊണ്ടിരിക്കുന്നു. 1957 ലാണല്ലോ റഷ്യൻ ശാസ്ത്രജ്ഞന്മാർ ഭൂമിക്കു് ചുററും കറങ്ങുന്ന ഉപഗ്രഹങ്ങളെ വിട്ടു് പരീക്ഷണം നടത്തി ശാസ്ത്രലോകത്തെ അത്ഭുതപരതന്ത്രരാക്കിയതു്.

## 6. പ്രാധാന്യം

മാനവസമുദായചരിത്രത്തിലെ ഒരു സവിശേഷസംഭവമാണു് സോവിയററ് വിപ്ലവം. ഒരു പുതിയ സാമ്പത്തിക നീതിയും അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു നൂതന സാമൂഹ്യ വ്യവസ്ഥിതിയും ഈ വിപ്ലവംമൂലം സംജാതമായി. ഇതുകൊണ്ടു് ലോകത്തിലെ മററു വിപ്ലവങ്ങളിൽനിന്നു് ഭിന്നമായിട്ടാണു് റഷ്യൻ വിപ്ലവം പരിഗണിക്കപ്പെടുന്നതു്. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനു് വേണ്ടി അമേരിക്കൻ വിപ്ലവം നടത്തപ്പെട്ടു. രാഷ്ട്രീയവും സാമൂഹ്യവും ആയ മൎദ്ദനത്തിൽനിന്നു മോചനം നേടുകയായിരുന്നു ഫ്രഞ്ചു വിപ്ലവത്തിന്റെ ലക്ഷ്യം. റഷ്യൻ വിപ്ലവം രാഷ്ട്രീയവും, സാമൂഹ്യവും, സാമ്പത്തികവുമായ ഒരു പുതിയ പരീക്ഷണമാകുന്നു. ലോകചരിത്രത്തിൽ ഇതൊരു പുതിയ കാൽവയ്പാണു്. സമ്പത്തെല്ലാം സമുദായത്തിന്റേതാണെന്നും സമുദായത്തിലെ എല്ലാം അംഗങ്ങളുടെ വളൎച്ചക്കും അഭിവൃദ്ധിക്കും അതു് ഉപയോഗിക്കേണ്ടതാണെന്നുമുള്ള ഒരു നവീന ആശയമാണു് റഷ്യൻ വിപ്ലവം ലോകത്തിനു് പ്രദാനം ചെയ്യുന്നതു്. ഈ ആശയത്തിന്റെ പ്രായോഗിക

വിജയത്തിന് ഒരു പുതിയ സാമ്പത്തിക ആസൂത്രണം അത്യാവശ്യമായി വന്നു. ഉല്പാദനത്തിലും വിതരണത്തിലും ഒരു പുതിയ രീതി ആസൂത്രണം ചെയ്തിട്ടാണ് വിപ്ലവാനന്തരം സോവിയററ് ഗവണ്മെണ്ടു വമ്പിച്ച പുരോഗതി നാട്ടിലുണ്ടാക്കിയതു്. അവർ ആസൂത്രണം ചെയ്ത പഞ്ചവത്സര പദ്ധതികളുടെ നേട്ടത്തെപ്പററി 1952 ൽ തിരുവിതാംകൂർ-കൊച്ചി ഗവമ്മേണ്ടു് പ്രസിദ്ധീകരിച്ച "ലോകചരിത്രം" (മൂന്നാം ഭാഗം) എന്ന ഗ്രന്ഥത്തിൽ പറയുന്നതു് കാണുക. "എത്ര മഹത്തായ ഒരു വിപ്ലവമായിരുന്നു അതു്!-- ഒരു കാർഷിക വിപ്ലവം, ഒരു വ്യവസായ വിപ്ലവം, ഒരു മാനസിക വിപ്ലവം, ഇവയെല്ലാംകൂടി ഒന്നിച്ചു് നാലു കൊല്ലംകൊണ്ടു് ഒരു വലിയ ജനസമൂഹത്തിനെ, ഒരു നവീന ലോകത്തിലേക്കുയത്തിയ ജാലവിദ്യ! സമുദായോന്നമനം ശാസ്ത്രീയമായ രീതിയിൽ നടത്തിയ ലോകത്തിലെ ആദ്യത്തെ പരീക്ഷണപാഠം." ശാസ്ത്രീയമായി പ്ലാൻ ചെയ്ത പദ്ധതികൾ നടപ്പിൽ വരുത്തി, വിപ്ലവത്തിനുശേഷം റഷ്യയിലെ ജനങ്ങളുടെ ജീവിതത്തോതു് വിസ്മയജനകമായവിധം വളത്തുവാൻ സോവിയററ് ഗവണ്മെണ്ടിനു് സാധിച്ചിട്ടുണ്ടു്. ദാരിദ്ര്യത്തിൽനിന്നു് സമൃദ്ധിയിലേക്കും അജ്ഞാനത്തിൽനിന്നു് വിജ്ഞാനത്തിലേക്കും നിസ്സഹായതയിൽനിന്നു പ്രാബല്യത്തിലേയ്ക്കുമുള്ള ഉയച്ചയുടെ കഥയാണു് ഇക്കാലത്തെ ചരിത്രം.

## ചോദ്യങ്ങൾ

1. റഷ്യൻ വിപ്ലവത്തിൻെറ കാരണങ്ങളെന്തെല്ലാം?
2. അമേരിക്കനും ഫ്രഞ്ചും വിപ്ലവങ്ങളിൽനിന്നു് റഷ്യൻ വിപ്ലവത്തിനുള്ള വ്യത്യാസമെന്തു്?

## അദ്ധ്യായം 9

# ചൈനയിലെ വിപ്ലവം

## 1. 1911 ലെ വിപ്ലവം

19-ാം നൂറ്റാണ്ടിൽ ചൈനയുടെ സ്ഥിതി ശോചനീയമായിരുന്നു. രാജ്യം ഭരിച്ചിരുന്ന മഞ്ചുവംശം സുശക്തമായ ഒരു ഗവണ്മെണ്ട് സ്ഥാപിക്കുന്ന കാര്യത്തിൽ വിജയിച്ചില്ല. യൂറോപ്യൻ ശക്തികളുടെ താന്തോന്നിത്തം ചൈനയിൽ നടമാടി. ബ്രിട്ടൻ ചൈനയെ തോല്പിച്ച് ഹോങ്ങ്കോങ്ങ് പിടിച്ചെടുത്തു. ജപ്പാൻ ഫോർമോസയും കൊറിയയും കൈവശപ്പെടുത്തി. റഷ്യ പോർട്ട് ആർതർ പിടിച്ചെടുത്തു. ചില സ്ഥലങ്ങൾ ജർമ്മനിയും ഫ്രാൻസും കൈയ്യടക്കി.

തുടരെയുള്ള ഈ വിദേശീയാക്രമണങ്ങൾ ചൈനക്കാരെ പരിഭ്രാന്തരാക്കിത്തീർത്തു. ചൈന ഭരിച്ചിരുന്ന ത്സൂസി (Tzu Hsi) റാണി രാജ്യരക്ഷക്കായി ചില ധർമ്മഭടന്മാരുടെ സംഘങ്ങൾ രൂപവല്ക്കരിക്കുന്നതിന്നു പ്രോത്സാഹനം നൽകി. ഇവരെ അമർച്ചചെയ്യുന്നതിനു വിദേശിയർ ഉടനെ അവരുടെ സൈന്യങ്ങളെ ചൈനയിലിറക്കി. ഇതിനെത്തുടർന്നു ധർമ്മഭടസംഘങ്ങൾ നാടെങ്ങും വിദേശികളെ കയ്യേറ്റം ചെയ്തു. 'ബോക്സർ ലഹള' എന്ന പേരുള്ള ഈ ലഹള പെട്ടെന്നു യൂറോപ്യൻ പടയാളികൾ അവസാനിപ്പിച്ചു. ചൈനയിൽ അവർ പല നാശങ്ങളും വരുത്തി. വളരെ പേരെ വധിച്ചു നല്ല

കലാസമ്പത്തുകൾകൂടി അവർ നാമാവശേഷമാക്കി. 1901 ൽ ചൈന യൂറോപ്യന്മാർക്ക് വഴങ്ങി. അവക്ക് ഒരു വലിയ തുക നഷ്ടപരിഹാരവും നൽകി. 1908 ൽ ഛൂസി റാണി മരിച്ചു. യൂറോപ്യന്മാരെ നിലയ്ക്കു് നിർത്തുവാൻ കഴിയാത്ത മാഞ്ചുവംശത്തെ ജനങ്ങൾ വെറുത്തു. പിന്നീട് ബാലനായ ഒരു രാജകുമാരനാണ് സിംഹാസനസ്ഥനായതു്. അതോടു കൂടി കുഴപ്പങ്ങൾ വർദ്ധിച്ചു. 1911 ൽ വിപ്ലവം പൊട്ടിപുറപ്പെട്ടു.

ചൈനയിലെ ദുസ്ഥിതി നീക്കുന്നതിന് മുൻ പോട്ടുവന്ന രാജ്യസ്നേഹികളുടെ നേതാവ് ഡാക്ടർ സൺയാത്സെൻ ആയിരുന്നു. 1867 ൽ ഒരു സാധുകർഷകൻെറ പുത്രനായി ജനിച്ച ഇദ്ദേഹം ഹോങ്ങ്കോങ്ങിൽ പോയി വൈദ്യം പഠിച്ച് 1891 ൽ ഒരു ഡോക്ടർ ആയി. 1894 ൽ "ചൈനാ പുനരുദ്ധാരണ സഭ" എന്ന പേരിൽ അദ്ദേഹം ഒരു കക്ഷി രൂപവല്ക്കരിച്ചു. ഈ കക്ഷി അതി വേഗം വളർന്നു് രാജ്യത്തിലെ യുവാക്കന്മാരെ ആക ഷിച്ചു. ഇവർ വിപ്ലവത്തിനുള്ള സംരംഭമായി. ഡോക്ടർ സണ്ണിനെ ഗവണ്മെണ്ടു് നാടുകടത്തി. അദ്ദേഹം ജപ്പാനിലും യൂറോപ്പിലും പോയി പ്രചാര വേല നടത്തി. 1911 ൽ ഇദ്ദേഹത്തിൻെറ കക്ഷി യുടെ പേർ 'ക്രമിന്താങ്ങ്' അഥവാ "ജനങ്ങളുടെ ദേശീയ കക്ഷി" എന്നു് മാററി. ആ വർഷത്തിൽ തന്നെ വിപ്ലവം പൊട്ടിപുറപ്പെട്ടു. മാഞ്ചു രാജ വംശം സ്ഥാനഭ്രഷ്ടമായി. നാങ്കിങ്ങ് തലസ്ഥാന മാക്കിക്കൊണ്ടു്, ഡോക്ടർ സൺ പ്രസിഡണ്ടായി ചൈനയിൽ റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു.

1912 ജനവരി ഒന്നാം തിയ്യതിയാണു് റിപ്പബ്ലിക്കു് പ്രഖ്യാപിതമായതു്.


## 2. സൺയാത്സെന്നിൻെറ ഭരണം

തെക്കെ ചൈനയിൽ റിപ്പബ്ലിക്കു് സ്ഥാപിതമായപ്പോൾ, വടക്കെ ചൈനയിൽ യുവാൻഷിക്കായി എന്ന ഒരു സേനാനായകൻ ആധിപത്യം സ്ഥാപിച്ചു് ഭരണം തുടങ്ങി. ആഭ്യന്തരസമരം ഒഴിവാക്കുവാൻ വേണ്ടി സൺയാത്സെൻ യുവാൻ-



സൺയാത്സെൻ

ഷിക്കായിയ്ക്കു സ്ഥാനം ഒഴിഞ്ഞുകൊടുത്തു. പക്ഷെ അയാൾ റിപ്പബ്ലിക്കിനേയും ക്രമിന്താങ്ങു് കക്ഷിയേയും നശിപ്പിക്കുവാൻ ശ്രമം തുടങ്ങിയതിനാൽ




ചൈനയിലെ വിപ്ലവം 1912

ക്രമിന്താങ്ങ് കക്ഷി കാൻടൺ തലസ്ഥാനമാക്കി സൺയാത്സെന്നിന്റെ കീഴിൽ വീണ്ടും ഒരു റിപ്പബ്ളിക്കൻ ഗവണ്മെണ്ട് രൂപീകരിച്ച് പ്രവത്തനമാരംഭിച്ചു.

കാൻടൺ ഗവണ്മെണ്ട് സ്വാതന്ത്ര്യമായ നിലയിൽ പുരോഗമിച്ചു. വിദേശാധിപത്യത്തിൽനിന്ന് ചൈനയെ പരിപൂർണ്ണമായി മോചിപ്പിക്കുക, സുശക്തമായ ഒരു ജനകീയ റിപ്പബ്ളിക്കൻ ഭരണം കെട്ടിപ്പടുക്കുക, സാമൂഹ്യസാമ്പത്തിക പരിഷ്കാരങ്ങൾമൂലം ജനങ്ങളുടെ ജീവിതത്തോതുയർത്തുക—എന്നിങ്ങനെ ഒരു മൂന്നിനപരിപാടിയുമായിട്ടാണ് ഡോക്ടർ സൺ ചൈനയെ ഉദ്ധരിക്കുവാൻ ശ്രമിച്ചത്. ബ്രിട്ടനും അമേരിക്കയും ചൈനയെ സഹായിക്കുമെന്ന് സൺ പ്രതീക്ഷിച്ചു; പക്ഷേ, അവർ അതിന്ന് വിസമ്മതിക്കുകയാണുണ്ടായത്. സൺയാത് അപ്പോൾ റഷ്യയിലേക്ക് തിരിഞ്ഞു. സോവിയററ് റഷ്യ ചൈനയെ ആത്മാർത്ഥമായി സഹായിച്ചു. റഷ്യൻ സഹായത്തോടുകൂടി അദ്ദേഹം പല പരിഷ്കാരങ്ങളും നടപ്പിലാക്കി. 1925-ൽ ആ മഹാനായ നേതാവ് അന്തരിച്ചു.

### 3. ചിയാങ്ങ് കയ്ഷെക്

സൺയാത്സെന്നിന്റെ മരണശേഷം കാൻടൺ ഗവണ്മെണ്ടിലെ സൈന്യാധിപനായ ചിയാങ്ങ് കയ്ഷെക്ക് വടക്കൻ ചൈന കീഴടക്കി, ചൈനയെ മിക്കവാറും ഏകീകരിച്ചു. തലസ്ഥാനം

കാൻടണിൽനിന്നു് ഹാങ്കോവിലേക്കു് അദ്ദേഹം മാററി. നിർഭാഗ്യവശാൽ ചിയാങ്ങും ക്രമിന്താങ്ങിലെ ഇടതുപക്ഷമായ കമ്മ്യൂണിസ്റ്റ്കാരും തമ്മിൽ തെററി. അങ്ങനെ ക്രമിന്താങ്ങിൽ പിളർപ്പുണ്ടായി. ചിയാങ്ങ് നാങ്കിങ്ങിലേക്കു് തലസ്ഥാനം മാററിക്കൊണ്ടു് കമ്മ്യൂണിസ്റ്റുകാരെ വേട്ടയാടി നശിപ്പിക്കുവാൻ ശ്രമിച്ചു. കമ്മ്യൂണിസ്റ്റുകാർ ചൈനയുടെ ഉൾപ്രദേശങ്ങളിലേക്കു് പിൻവാങ്ങി അവിടെ സംഘടിച്ചു് ശക്തിപ്രാപിച്ചു. അവരെ നശിപ്പിക്കുവാൻ ആണ്ടുതോറും ചിയാങ്ങ് സൈന്യശേഖരണംചെയ്തു സമരത്തിന്നു് പോയി. ഈ തക്കം നോക്കി ജപ്പാൻ വടക്കെ ചൈനയിൽ ആക്രമണം തുടങ്ങി. ജപ്പാൻകാരെക്കാളധികം കമ്മ്യൂണിസ്റ്റ് കാരെയാണു് ചിയാങ്ങ് വെറുത്തിരുന്നതു്. ഫലപ്രദമായ ഒരു നടപടിയും ജപ്പാനെ തടയുവാൻ അദ്ദേഹം എടുത്തില്ല. മഞ്ചൂറിയ പിടിച്ചെടുത്തുകൊണ്ടു് ജപ്പാൻ സൈന്യങ്ങളെ ചൈനയിൽ തുരുതുരെ ഇറക്കി. ഇതുകണ്ടു് കമ്മ്യൂണിസ്റ്റ്കാർ ചൈനയുടെ സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിന്നുവേണ്ടി ചിയാങ്ങുമായി സഹകരിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ 1937 വരെ ചിയാങ്ങ് അതു് കൂട്ടാക്കിയില്ല. അപ്പോഴേക്കും ജപ്പാൻ ഭീമമായ തോതിൽ ചൈനയെ ആക്രമിക്കുവാൻ ഒരുമ്പെട്ടു. കമ്മ്യൂണിസ്റ്റ്കാരുമായി ഐക്യനിര സൃഷ്ടിക്കാതെ നിവൃത്തിയില്ലെന്നു കണ്ടു്, ഒടുവിൽ ചിയാങ്ങ് അതിന്നു വഴിപ്പെട്ടു. ഒററക്കെട്ടായിനിന്നു് ജപ്പാനെ എതിർക്കുവാൻ തുടങ്ങിയശേഷം ചീനർ 1941 വരെ കീഴടങ്ങാതെ പോർചെയ്തു. അക്കൊല്ലം ബ്രിട്ടനും അമേരിക്കക്കും എതിരായി ജപ്പാൻ രണ്ടാം ലോക

മഹായുദ്ധത്തിൽ ചേർന്നു. അതോടുകൂടി ജപ്പാനെതിരായി ആ മഹത് ശക്തികൾ ചൈനയെ സഹായിക്കുവാൻ തുടങ്ങി. 1945-ൽ ജപ്പാനെ അവർ തോല്പിച്ചു. അതോടുകൂടി ചൈന, ജപ്പാന്റെ പിടിയിൽനിന്നു വിമുക്തമായി.

## 4. കമ്മ്യൂണിസ്റ്റ് വിജയം (1945-1949)

രണ്ടാം മഹായുദ്ധം അവസാനിച്ചപ്പോഴും ചൈനയുടെ കഷ്ടകാലം തീർന്നില്ല. ചൈനയിൽ



മവോ സെ തുങ്ങ്

വീണ്ടും ആഭ്യന്തരസമരമുണ്ടായി. കമ്മ്യൂണിസ്റ്റ് കാരും ചിയാങ്ങിന്റെ അനുയായികളായ 'നാഷണലിസ്റ്റ്'കാരും തമ്മിലായിരുന്നു ഇപ്പോഴത്തെ മത്സരം. സോവിയററ് യൂണിയൻ കമ്മ്യൂണിസ്റ്റ്കാരെ സഹായിച്ചു; അമേരിക്ക നാഷണലിസ്റ്റ്കാരെയും. അഴിമതിയും സ്വജനപക്ഷപാതവും നിറഞ്ഞ നാഷണലിസ്റ്റ് ഗവമ്മേണ്ടിന്ന് തുടരെത്തുടരെ പരാജയങ്ങൾ ഉണ്ടായി. 1949-ൽ ചൈനയിലെ വൻകര മുഴവൻ കമ്മ്യൂണിസ്റ്റ്കാൎക്ക് അധീനമായി. മാവോ സെ തുങ്ങ് അദ്ധ്യക്ഷനായും ചൌ എൻ ലായി പ്രധാനമന്ത്രിയായും ചീനരുടെ "ജനകീയ റിപ്പബ്ളിക്ക്" സ്ഥാപിക്കപ്പെട്ടു. ചിയാങ്ങിന് ഫോർമോസയിൽ രക്ഷപ്രാപിക്കേണ്ടിവന്നു. അമേരിക്കൻ സഹായത്തോടുകൂടി അദ്ദേഹം അവിടെ ഭരിക്കുകയാണിപ്പോൾ. അമേരിക്ക ഇതുവരെയും ചീനരുടെ ജനകീയ റിപ്പബ്ലിക്കിനെ അംഗീകരിച്ചിട്ടില്ല. അംഗീകരിച്ചാലും ഇല്ലെങ്കിലും കമ്യൂണിസ്റ്റ് ഗവമ്മേണ്ടിന്റെ കീഴിൽ ചൈന അതിവേഗം പുരോഗതി പ്രാപിച്ചു വരുന്നു. വളരെ വൎഷങ്ങളായി സമാധാനവും അഭിവൃദ്ധിയും അനുഭവിക്കാത്ത ചൈനീസ് ജനത 1949 മുതൽ ശാന്തിയും ഐശ്വര്യവും അനുഭവിക്കുവാൻ തുടങ്ങിയിരിക്കുന്നു. കൃഷിയും വ്യവസായവും വിദ്യാഭ്യാസവും പ്ലാൻചെയ്തു വികസിപ്പിക്കുകയാണ് അവിടെ. ചൈനയിൽ ഇന്ന് തൊഴിലില്ലാത്തവരോ ഭിക്ഷക്കാരോ ഇല്ല. കൈക്കൂലിയും മററും പൊതുജീവിതത്തിൽനിന്നു നിഷ്കാസനം ചെയ്യപ്പെട്ടിരിക്കുന്നു. സ്ത്രീകളും പുരുഷന്മാരെപ്പോലെ തുല്യവ്യവസ്ഥയിൽ ജോലിചെയ്യുന്നു. ആത്മാഭിമാനവും രാജ്യസ്നേഹവും എല്ലാവൎക്കുമുണ്ട്.

സാർവത്രികമായ പുരോഗതിയുടെ ഫലമായി ജീവിതത്തോതുയർന്നിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ കാണുന്നതുപോലെയുള്ള പൌരസ്വാതന്ത്ര്യം ചൈനയിൽ ഇല്ലെന്നു പറയാം.

## ചോദ്യങ്ങൾ

1. 1911 ലെ വിപ്ലവത്തിനുള്ള കാരണങ്ങളെന്തെല്ലാം?
2. സൺ യാത് സെന്നിന്റെ നേട്ടങ്ങളേവ?
3. ചൈനയിൽ കമ്മ്യൂണിസ്റ്റ് ഭരണം സ്ഥാപിതമായതെങ്ങനെ?

---

## അദ്ധ്യായം 10

# ഏഷ്യയിലെയും ആഫ്രിക്കയിലെയും നവോത്ഥാനം

### 1. ഏഷ്യയിലെയും ആഫ്രിക്കയിലെയും രാഷ്ട്രീയ ഉണർവ്വും ദേശീയബോധത്തിന്റെ വളർച്ചയും

വാസ്കോഡിഗാമ തെക്കെ ആഫ്രിക്ക ചുററി 1498-ൽ ഇന്ത്യയിൽ വന്നിറങ്ങിയതുമുതൽ യൂറോപ്യന്മാർ ധാരാളം താവളങ്ങൾ ഈ രണ്ടു ഭൂഖണ്ഡങ്ങളിലും സ്ഥാപിക്കുവാൻ തുടങ്ങി. ക്രമേണ വെള്ളക്കാർക്കു് ആഫ്രിക്കയിലും ഏഷ്യയിലും രാഷ്ട്രീയമേധാവിത്വം കിട്ടി. ഏതാണ്ടു് ആഫ്രിക്ക മുഴുവനും ഏഷ്യയിലെ ഭൂരിപക്ഷം രാജ്യങ്ങളും വെള്ളക്കാരുടെ അധീനത്തിലായി. 19-ാം നൂററാണ്ടിന്റെ അന്ത്യം വരെ അവരുടെ മേധാവിത്വം അചഞ്ചലമായി തുടൎന്നു പോന്നു. വെള്ളക്കാരെ തോല്പിക്കുവാൻ അസാദ്ധ്യമാണെന്നുപോലും കറുത്ത വൎഗ്ഗക്കാർ കരുതി. എന്നാൽ 1896-ൽ എത്യോപ്പിയ ആക്രമിച്ച ഇററലിക്കാരെ എത്യോപ്പിയൻ സൈന്യം തോല്പിച്ചു. 1905-ൽ റഷ്യയെ ജപ്പാൻ തോല്പിച്ചു. ഒന്നാം മഹായുദ്ധാനന്തരം കെമാൽ പാഷയുടെ നേതൃത്വത്തിൽ തുക്കികൾ യൂറോപ്യന്മാരെ തുരത്തി ഒരു സ്വതന്ത്ര റിപ്പബ്ലിക്കു് സ്ഥാപിച്ചു. ഈ സംഭവങ്ങൾ പൌരസ്ത്യരുടെ ദേശീയബോധത്തേയും സ്വാതന്ത്ര്യവാഞ്ഛയേയും തട്ടിയുണൎത്തി. പാശ്ചാത്യവിദ്യാഭ്യാസവും അമേരി

ക്കൻ, ഫ്രഞ്ച്, റഷ്യൻ വിപ്ലവങ്ങളുടെ ആദർശങ്ങളും പൌരസ്ത്യരുടെ വീക്ഷണഗതിയിൽ മാററം വരുത്തി. യൂറോപ്യന്മാരുടെ മർദ്ദനവും ചൂഷണവും അവരോടുള്ള എതിർപ്പിനേയും, അവരിൽനിന്നു് സ്വാതന്ത്ര്യം പ്രാപിക്കുന്നതിനുള്ള ദൃഢനിശ്ചയത്തേയും ശക്തിപ്പെടുത്തി. രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പു് ജപ്പാൻകാർ "ഏഷ്യാ ഏഷ്യാക്കാർക്കു്" എന്ന പ്രചാരവേല നടത്തി. "വെള്ളക്കാർ ഇന്ത്യ വിടുക" എന്നു് നമ്മുടെ നേതാക്കന്മാർ ഉയർത്തിയ മുദ്രാവാക്യം ഏഷ്യയിലും ആഫ്രിക്കയിലും അങ്ങോളമിങ്ങോളം മാറെറാലിക്കൊണ്ടു. ഇതിന്റെയെല്ലാം ഫലമായി യൂറോപ്യൻ മേധാവിത്വം തകർന്നു വീഴുന്ന കാഴ്ചയാണു് കഴിഞ്ഞ കുറെ വർഷങ്ങളായി നാം കണ്ടുകൊണ്ടിരിക്കുന്നതു്.

## 2. ഏഷ്യയിലെ നവോത്ഥാനം

### (i) ജപ്പാൻ, ചൈന, തുർക്കി

ഏഷ്യയിൽ പാശ്ചാത്യപരിഷ്കാരം സ്വീകരിച്ചു് ഒരു പ്രബലമായ ആധുനികരാജ്യമായി ആദ്യം തീർന്നതു് ജപ്പാനാണു്. മുത്സുഹിതോ ചക്രവർത്തി (1867-1912) യുടെ കാലത്തു് ജപ്പാൻ ഒരു വലിയ ശക്തിയായി ഉയർന്നു. പക്ഷേ സാമ്രാജ്യമോഹംമൂലം ജപ്പാൻ രണ്ടാംമഹായുദ്ധത്തിൽ ചേർന്നു. ജപ്പാൻ, യുദ്ധത്തിൽ തോററതോടുകൂടി അമേരിക്കൻ സൈന്യം ജപ്പാനിൽ പ്രവേശിച്ചുപാളയമടിച്ചു. 1951-ൽ മാത്രമാണു് സമാധാനസന്ധിചെയ്തു് വിദേശസൈന്യങ്ങൾ



മുത്സുഹിതോ

പിൻവാങ്ങിയതു്. സമാധാനപ്രിയയായ ഒരു ആധുനികജപ്പാൻ ഇന്നു വേഗത്തിൽ കെട്ടിപ്പടുക്കപ്പെടുകയാണു്.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ചൈന പഞ്ചമഹാശക്തികളിൽ ഒന്നായി, ഐക്യരാഷ്ട്രസംഘടനയിൽ സ്ഥാനമുറപ്പിക്കുകയുണ്ടായി. പക്ഷേ കമ്മ്യൂണിസ്റ്റുകാർ സ്ഥാപിച്ച ജനകീയ ചീന റിപ്പബ്ലിക്കിനെ പാശ്ചാത്യരാജ്യങ്ങളിൽ പലരും അംഗീകരിക്കുകയുണ്ടായില്ല. ഫോർമോസായിലെ ചീന ഗവണ്മെൻറിനെയാണു് ഇന്നും യു. എൻ. ഒ. യിൽ വാഴിച്ചിരിക്കുന്നതു്. ലോകത്തിലെ മഹത്ശക്തികളിൽ ഒന്നായി വളർന്നുവരുന്ന ജനകീയ ചൈനയെ എത്രകാലം ഇങ്ങനെ മാററിനിറുത്തുവാൻ കഴിയുമെന്നു കാണേണ്ടിയിരിക്കുന്നു.

ഒന്നാം ലോകമഹായുദ്ധം അവസാനിച്ചതോടു കൂടി യൂറോപ്യൻ മേധാവിത്വം നശിപ്പിക്കുന്നതിന്ന് തുർക്കിയിൽ കെമാൽ പാഷാ ഒരു സമരം തുടങ്ങി. ദേശീയപ്രബുദ്ധതയുള്ള തുർക്കികൾ കെമാലിൻെറ



കെമാൽ പാഷാ

പിന്നിൽ അണിനിരന്നു. 1923-ൽ യൂറോപ്യന്മാർ തുർക്കിയുടെ ദേശീയസ്വാതന്ത്ര്യം അംഗീകരിച്ചു. പല ആധുനികപരിഷ്ക്കാരങ്ങളും നടപ്പിൽവരുത്തി കെമാൽ പാഷാ തുർക്കിയെ ഉദ്ധരിച്ചു.

## (ii) സിറിയ, ലെബനോൺ, ഫിലിപ്പൈൻസ്, കൊറിയ

രണ്ടാം മഹായുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ ഫ്രഞ്ച് മേധാവിത്വത്തെ വലിച്ചെറിഞ്ഞ് സിറിയയും ലെബനോണും സ്വതന്ത്ര രാഷ്ട്രങ്ങളായി.

ഫിലിപ്പൈൻ ദ്വീപുകൾ യു. എസ്. എ. യുടെ അധീശാധികാരത്തിലുള്ള ഒരു രാജ്യമായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പുതന്നെ യു. എസ്. എ. ഫിലിപ്പൈൻ ദ്വീപുകൾക്കു സ്വാതന്ത്ര്യം കൊടു



ക്കവാൻ തീച്ച്യമാക്കുകയും ആ തീരുമാനം 1946-ൽ നടപ്പാക്കുകയും ചെയ്തു.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കൊറിയ ജപ്പാനിൽനിന്നു് വിമോചിതമായി. പക്ഷെ ഒരു ഏകീകൃത കൊറിയരാഷ്ട്രം ഇതുവരെ സ്ഥാപിതമായിട്ടില്ല. വടക്കൻ കൊറിയ എന്നും തെക്കൻ കൊറിയ എന്നും രണ്ടു സ്വതന്ത്രരാജ്യങ്ങളായി അതു വിഭജിക്കപ്പെട്ടിരിക്കുകയാണു്.

## (*iii*) ഇന്ത്യ, ബമ്മ, സിലോൺ, മാലിദ്വീപ് ദ്വീപുകൾ

ബ്രിട്ടീഷുകാരുടെ അധീനതയിലായിരുന്നു ഈ രാജ്യങ്ങൾ. 1947 ആഗസ്റ്റ് 15-ാം തീയതി മുതൽ പാകിസ്ഥാനും ഇൻഡ്യയും രണ്ടു സ്വതന്ത്ര രാഷ്ട്രങ്ങളായി. സോഷ്യലിസ്റ്റ് സാമൂഹ്യക്രമം ആദർശമായി സ്വീകരിച്ചു് അതിവേഗം പുരോഗമിക്കുന്ന ഇൻഡ്യ ഏഷ്യയുടെ നേതൃത്വവും ലോക രാഷ്ട്രങ്ങളുടെ ഇടയിൽ ഒരു പ്രമുഖസ്ഥാനവും ഇതിനകം കയ്യാളിക്കഴിഞ്ഞിട്ടുണ്ടു്.

1948-ൽ സിലോൺ ബ്രിട്ടന്റെ പിടിയിൽ നിന്നു് വിട്ടു് ഒരു സ്വതന്ത്രരാഷ്ട്രമായി. തുടന്നു് മാലിദ്വീപ് ദ്വീപുകൾക്കും (മാലദ്വീപുകൾ) ബ്രിട്ടൻ സ്വാതന്ത്ര്യം കൊടുത്തു. 1953-ൽ മാലിദ്വീപ് ദ്വീപുകൾ ഒരു റിപ്പബ്ലിക്കൻ രാജ്യമായി.

ബ്രിട്ടീഷുകാരുടെ അധീനതയിലായിരുന്ന ബമ്മയെ രണ്ടാം മഹായുദ്ധകാലത്തു് ജപ്പാൻ കീഴടക്കി.

ജപ്പാന്റെ തോൽവിക്കുശേഷം ബ്രിട്ടൻ അതു തിരിച്ചു് പിടിച്ചു. എന്നാൽ ബർമ്മാക്കർ ആരുടേയും കീഴിൽ ഇരിക്കുവാൻ ഇഷ്ടപ്പെട്ടില്ല. സ്വാതന്ത്ര്യത്തിനായി അവർ ആയുധമേന്തി സമരം ചെയ്തു. 1947-ൽ ബ്രിട്ടനും ബർമ്മയും തമ്മിൽ ഒത്തുതീർപ്പുണ്ടായി. അതനുസരിച്ചു് 1948-ൽ ബർമ്മ ഒരു പരിപൂർണ്ണസ്വതന്ത്ര രാജ്യമായി. പാക്കിസ്ഥാനും ഇൻഡ്യയും സിലോണും കോമൺവെൽത്തിൽ നിന്നപ്പോരം ബർമ്മ കോമൺവെൽത്തു് വിട്ടുപോയിരിക്കുകയാണു്.

## (iv) ഇന്തൊനേഷ്യാ, ഇന്തോചൈന, മലയ

വളരെക്കാലമായി ഡച്ചുകാരുടെ കീഴിലായിരുന്ന ഇന്തൊനേഷ്യാ എന്നു് ഇന്നറിയപ്പെടുന്ന പൂർവ്വേന്ത്യാ ദ്വീപുകരം. 1941-ൽ ജപ്പാൻ അവയെ കീഴടക്കി. 1945-ൽ ജപ്പാന്റെ തോൽവിയെ തുടന്നു സൂക്കർണൊ എന്ന നേതാവു് ഇന്തൊനേഷ്യയിൽ ഒരു സ്വതന്ത്ര റിപ്പബ്ലിക്കു് സ്ഥാപിച്ചു. ഡച്ചുകാരും ബ്രിട്ടീഷുകാരും അവരെ അടിച്ചമത്തുവാൻ നോക്കിയെങ്കിലും ഫലിച്ചില്ല. താമസിയാതെ ഇന്തൊനേഷ്യയെ ഒരു സ്വതന്ത്ര റിപ്പബ്ലിക്കായി എല്ലാവരും അംഗീകരിച്ചു.

ഇന്തോചൈന ഫ്രഞ്ചുകാരുടെ അധീനത്തിലായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അവിടേയും സ്വാതന്ത്ര്യപ്രസ്ഥാനം മുന്നേറി. 1954-ൽ ഫ്രാൻസിനും ഇന്തോചൈനയിലെ ആധിപത്യം ഉപേക്ഷിച്ചുപോകേണ്ടിവന്നു. അന്നു മുതൽ അവിടെ നാലു സ്വതന്ത്രരാജ്യങ്ങളും നിലവിലുണ്ടു്.

അവ വിയററ്നാം ജനകീയ റിപ്പബ്ളിക്ക്, വിയററ്നാം റിപ്പബ്ലിക്ക്, ലാവോസ്, കമ്പോഡിയ എന്നിവയാകുന്നു.

ജപ്പാന്റെ പിന്മാററത്തിനുശേഷം ബ്രിട്ടീഷുകാർ മലയ പിടിച്ചെടുത്തപ്പോൾ, അവക്ക് അവിടെ ശക്തിയായ ഒരു സ്വാതന്ത്ര്യപ്രസ്ഥാനത്തെ നേരിടേണ്ടിവന്നു. 1957-ൽ ബ്രിട്ടൻ മലയക്കു സ്വാതന്ത്ര്യം കൊടുത്തു. എന്നാൽ സിംഗപ്പൂർ മലയയോടു സംയോജിക്കപ്പെട്ടിട്ടില്ല.

## (ഢ) മദ്ധ്യപൂർവ്വേഷ്യയും അറബിരാഷ്ട്രങ്ങളും

രണ്ടാം മഹായുദ്ധത്തിനുശേഷം ഇറാനിൽനിന്നു് റഷ്യാക്കാർക്ക് അവരുടെ സൈന്യങ്ങളെ പിൻവലിക്കേണ്ടിവന്നു. പാലസ്റ്റൈനിൽനിന്നു് ഇംഗ്ലീഷുകാരും പിൻവലിഞ്ഞു. ഇംഗ്ലീഷുകാരുടെ വക ഇറാനിലെ എണ്ണക്കമ്പനി ഇറാൻ ദേശസാൽക്കരിച്ചു. ഈജിപ്റ്റിന്റെ നേതൃത്വത്തിലുള്ള അറബിരാഷ്ട്രങ്ങൾ പാശ്ചാത്യമേധാവിത്വത്തെ വലിച്ചെറിഞ്ഞുകൊണ്ടിരിക്കുന്നു. 1945-ൽ ഒരു അറബിലീഗ് സ്ഥാപിതമായി. 1957-ൽ ഈജിപ്റ്റ് സൂവസ് കനാൽ കമ്പനി ദേശവൽക്കരിച്ചു. അതിന്നെതിരായി ബ്രിട്ടനും ഫ്രാൻസും ഈജിപ്റ്റിനെ സംഹരിക്കുവാൻ ശ്രമിച്ചുവെങ്കിലും ലോകാഭിപ്രായത്തിന്റെ സമ്മർദ്ദംമൂലം ആ ഉദ്യമത്തിൽനിന്നു് അവക്ക് പിൻവാങ്ങേണ്ടിവന്നു. ഈജിപ്റ്റും സിറിയയും ഒന്നിച്ചുചേർന്നുള്ള ഒരു രാജ്യം 1958-ന്റെ ഉദയത്തിൽ ജാതമായി. ഇതിൽ മററു അറബിരാഷ്ട്രങ്ങളും ചേരുന്ന ലക്ഷണമുണ്ടു്. ഏതായാലും പാശ്ചാത്യശക്തികളുടെ

പിടി അറബിസംസ്ഥാനങ്ങളിൽ അയഞ്ഞുവരികയാണു്.

## 3. ആഫ്രിക്കയിലെ നവോത്ഥാനം

### (*i*) എത്യോപ്പിയയും ലൈബീരിയയും

ഇവ പണ്ടുമുതലേ ആഫ്രിക്കയിലെ രണ്ടു സ്വതന്ത്രരാജ്യങ്ങളാണു്. എത്യോപ്പിയയെ രണ്ടാം ലോക




ആഫ്രിക്കയിലെ നവോത്ഥാനം

മഹായുദ്ധത്തിനുമുമ്പ് ഇററലി പിടിച്ചടക്കി എങ്കിലും, മഹായുദ്ധത്തിൽ ഇററലി തോററതോടു കൂടി, എത്യോപ്പിയ വീണ്ടും സ്വതന്ത്രമായി. എത്യോപ്പിയയിൽ ചക്രവത്തിഭരണവും ലൈബീരിയയിൽ റിപ്പബ്ലിക്കൻ ഭരണവുമാണ് നിലവിലുള്ളതു്.

## (*ii*) ഈജിപ്ത്, ലിബിയ, സുഡാൻ

ഏഷ്യനാഫ്രിക്കൻ നവോത്ഥാനത്തിൽ ഈജിപ്തിനു് ഒരു സുപ്രധാന പങ്കാണുള്ളതു്. ബ്രിട്ടൻ ഈജിപ്തിൽ ആധിപത്യം സ്ഥാപിച്ച അധികനാൾ കഴിയുന്നതിനുമുമ്പുതന്നെ അവിടെ സ്വാതന്ത്ര്യസമരമാരംഭിച്ചു. സൂവസ്കനാലിൽ ബ്രിട്ടനുണ്ടായ താല്പര്യംമൂലം, ബ്രിട്ടൻ ഈ സമരം അടിച്ചമത്തുവാൻ ശ്രമിച്ചു. 1936-ൽ ഒരു സന്ധിപ്രകാരം ബ്രിട്ടൻ ഈജിപ്തിനു് ഏറെക്കുറെ സ്വയംഭരണമനുവദിച്ചു. 1952-ൽ ജനറൽ നഗിബ് അധികാരം പിടിച്ചെടുത്തു്, ഈജിപ്തിൽ രാജവാഴ്ച അവസാനിപ്പിച്ചിട്ട് ഒരു റിപ്പബ്ലിക്ക് സ്ഥാപിക്കുകയുണ്ടായി. 1954-ൽ ബ്രിട്ടനും ഈജിപ്തും തമ്മിൽ സൂവസ്കനാൽ കാര്യത്തിൽ ഒരു ഒത്തുതീർപ്പുണ്ടായി. ഇതനുസരിച്ച് 20 മാസങ്ങൾക്കുള്ളിൽ ബ്രിട്ടൻ സൂവസ്കനാൽ പ്രദേശത്തുനിന്നു് ഒഴിഞ്ഞുപൊയ്ക്കൊള്ളാമെന്നേററു. കേണൽ ഗമാൽ അബ്ദുൽ നാസ്സർ ഈ സമയം ഈജിപ്തിലെ പ്രസിഡണ്ടായി. 1957 ജൂലായ്മാസം സൂവസ്കനാൽ കമ്പനി ദേശസാൽക്കരിച്ചതും തുടർന്നുണ്ടായ ബ്രിട്ടീഷ് ഫ്രഞ്ച് ആക്രമണത്തെ ധൈര്യപൂർവ്വം നേരിട്ടതും ഇദ്ദേഹമത്രേ. 1958-ൽ ഈജിപ്തും സിറിയയും തമ്മിൽ കൂട്ടിഇണക്കി ഏകസംസ്ഥാനം

രൂപീകരിച്ചതിനു പിന്നിലുള്ള ശക്തിയും ഇദ്ദേഹമാകുന്നു. ഇന്നു് അറബികൾക്കു് ആവേശകരമായ നേതൃത്വം നൽകിക്കൊണ്ടു് പ്രസിഡണ്ടു് നാസ്സർ ഏഷ്യൻ ആഫ്രിക്കൻ ദേശീയപ്രബുദ്ധതയുടേയും സ്വാതന്ത്ര്യതൃഷ്ണയുടേയും ഒരു പ്രതീകമായി പരിലസിക്കുന്നു.

1956-ൽ സൂഡാനും ബ്രിട്ടൻ സ്വാതന്ത്ര്യം കൊടുത്തു പിൻവാങ്ങി.

ലിബിയ ഇററലിയുടേതായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ ഇററലി തോററപ്പോൾ, ലിബിയ ബ്രിട്ടീഷുകാരുടേയും ഫ്രഞ്ചുകാരുടേയും അധീനത്തിലായി. ഐക്യരാഷ്ട്രസംഘടനയുടെ നിർദ്ദേശപ്രകാരം 1951-ൽ ലിബിയ ഒരു സ്വതന്ത്ര രാജ്യമായി. യു. എൻ. ഒ. സൃഷ്ടിച്ച ആദ്യത്തെ സ്വതന്ത്രരാജ്യമാണു് ലിബിയ.

(*iii*) മൊറോക്കൊ, ആൾജീരിയ, ടൂണിഷ്യാ

ഇവ വടക്കുപടിഞ്ഞാറെ ആഫ്രിക്കയിലെ ഫ്രഞ്ചു് അധീനപ്രദേശങ്ങളാണു്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അലതല്ലിയ സ്വാതന്ത്ര്യാവേശം ഇവിടങ്ങളിലും കാണപ്പെട്ടു. മൊറോക്കോയുടേയും ടൂണിഷ്യായുടേയും സ്വാതന്ത്ര്യം 1956-ൽ അംഗീകരിക്കയുണ്ടായി. അവക്കു് യു. എൻ. ഒ. വിൽ അംഗത്വവും നല്കപ്പെട്ടു. എന്നാൽ ആൾജീരിയൻ പ്രശ്നം ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. പരിപൂർണ്ണസ്വാതന്ത്ര്യത്തിനുവേണ്ടി അവർ പ്രക്ഷോഭണം കൂട്ടിക്കൊണ്ടിരിക്കുന്നു.

## (*iv*) ബ്രിട്ടന്റെ നയം

കാലത്തിന്റെ സൂചന മനസ്സിലാക്കിയ ബ്രിട്ടൻ ഇപ്പോൾ ഒരു അനുരഞ്ജന നയം ആഫ്രിക്കയിൽ നടപ്പാക്കിത്തുടങ്ങിയിട്ടുണ്ടു്. വടക്കൻ റൊഡേഷ്യയും തെക്കൻ റൊഡേഷ്യയും ന്യാസാലാണ്ടും ചേർത്തു് ഒരു ഫെഡറേഷൻ സൃഷ്ടിച്ചിരിക്കുന്നു. അവയ്ക്കു് സ്വയംഭരണവും നല്കപ്പെട്ടിട്ടുണ്ടു്. അവിടെ ഭരിക്കുന്നതു് വെള്ളക്കാരാണു്. ഗോൾഡു് കോസ്റ്റു് കോള



കാമി നക്രൂമ

ണിക്കു് പരിപൂർണ്ണസ്വാതന്ത്ര്യം നല്കപ്പെട്ടു. അതിന്റെ ഇപ്പോഴത്തെ പേർ ഘാന എന്നാണു്. കാമി നക്രൂമയാണു് അവിടത്തെ പ്രധാനമന്ത്രി.


നാട്ടുകാർതന്നെയാണ് ഭരണം നടത്തുന്നതു്. ബ്രിട്ടന്റെ കീഴിലും ഫ്രാൻസ്, പോർത്തുഗൽ, ബൽജിയം ആദിയായ മററു യൂറോപ്യൻ രാഷ്ട്രങ്ങളുടെ കീഴിലും കിടക്കുന്ന ആഫ്രിക്കയിലെ മററു പ്രദേശങ്ങൾക്കും ക്രമേണ സ്വാതന്ത്ര്യം നല്കാതെ സാദ്ധ്യമാവില്ല.

### (v) സൌത്ത് ആഫ്രിക്കൻ യൂണിയൻ

ആഫ്രിക്കയുടെ തെക്കേ അററത്തു് കിടക്കുന്ന ഈ സ്വതന്ത്ര രാജ്യം ഇന്ത്യ, പാക്കിസ്ഥാൻ മുതലായ രാജ്യങ്ങളോടൊപ്പം ഒരു കോമൺവെൽത്ത് രാഷ്ട്രമാണു്. വെള്ളക്കാരാണു് അവിടെ ഭരണം നടത്തുന്നതു്. കറുത്ത വർഗ്ഗക്കാരോടെല്ലാം, അവർക്ക് ഒരവജ്ഞയാണു്. ബഹുഭൂരിപക്ഷം വരുന്ന നാട്ടുകാരെ അകററിനിർത്തിയാണു് വെള്ളക്കാർ യൂണിയനിൽ ഭരണം നടത്തുന്നതു്. നാട്ടുകാർക്ക് പല സ്വാതന്ത്ര്യങ്ങളും നിഷേധിക്കപ്പെട്ടിരിക്കുന്നു. യു. എൻ. ഒ. അംഗീകരിച്ച മനുഷ്യന്റെ പ്രാഥമിക സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും തെക്കേ ആഫ്രിക്കയിൽ അവിടത്തെ ഭരണാധികാരികൾ നാട്ടുകാർക്കനുവദിക്കുന്നില്ല. വർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ വിവേചനനയം ലോകത്തിലെ പുരോഗമനവാദികളോട് ഒരു വെല്ലുവിളിയാണു്. ചരിത്രത്തിന്റെ താക്കീതു് മനസ്സിലാക്കാതെ ഭരണം നടത്തുന്ന വെള്ളമേധാവിത്വത്തിനു് എത്രനാൾ ഇങ്ങനെ കഴിയുവാൻ സാധിക്കും എന്നു കണ്ടറിയേണ്ടിയിരിക്കുന്നു.

## 4. ആഫ്രോ ഏഷ്യൻ കൂട്ടുകെട്ട്

1955 ഏപ്രിലിൽ, 29 ഏഷ്യൻ ആഫ്രിക്കൻ രാഷ്ട്രങ്ങൾ പങ്കെടുത്ത ഒരു സമ്മേളനം ഇന്തൊനേ



ഷ്യയിലെ ബന്ദുങ്ങ് എന്ന സ്ഥലത്തുവച്ചു നടന്നു. പൊതു താല്പര്യങ്ങളെക്കുറിച്ച് ഈ സമ്മേളനം ചർച്ച ചെയ്യുകയും സാമ്പത്തിക സാംസ്കാരിക തുറകളിൽ കൂടുതൽ സഹകരണത്തിന്നാഹ്വാനം നല്കുകയുംചെയ്തു. ലോകകാര്യങ്ങളിലും യു. എൻ. ഒ. വിലും ഒരു സ്വതന്ത്രനിലപാട് എടുക്കുവാനാണ് ഈ രാജ്യങ്ങൾ പൊതുവെ ആഗ്രഹം പ്രകടിപ്പിച്ചത്. ഏഷ്യയിലും ആഫ്രിക്കയിലും യൂറോപ്യൻ മേധാവിത്വവും കൊളോണിയൽ വാഴ്ചയും അവസാനിപ്പിച്ചു ലോകസമാധാനത്തെ സംരക്ഷിക്കേണ്ടതാണെന്ന് അവർ അഭിപ്രായപ്പെട്ടു. യു. എൻ. ഒ. വിന്റെ സാമ്പത്തികസഹായം ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങൾക്ക് കൂടുതൽ നല്കേണ്ടതാണെന്ന് ആവശ്യപ്പെടുകയും യു. എൻ. ഒ. വിന്റെ ആദർശങ്ങൾക്കും അതിന്റെ ചാർട്ടറിൽ പറഞ്ഞിട്ടുള്ള മനുഷ്യാവകാശങ്ങൾക്കും പിന്തുണ വാഗ്ദാനം ചെയ്യുകയുംകൂടി ചെയ്തു.

സാമ്രാജ്യശക്തികൾ കൂടിചേർന്നിട്ടുള്ള പല സംഘടനകളും കൊളോണിയൽ വാഴ്ചയ്ക്കു കൂട്ടുനിന്നുകൊണ്ട് ഏഷ്യയിലും ആഫ്രിക്കയിലും പ്രവർത്തിക്കുന്നുണ്ട്. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, പോർത്തുഗൽ ആദിയായവർ അംഗങ്ങളായിട്ടുള്ള നാറ്റോവിൽ (NATO=North Atlantic Treaty Organization) തുർക്കിയും അംഗമാണ്. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് മുതലായവർ ചേർന്നുള്ള സിയാറ്റോവിൽ (SEATO=South East Asia Treaty Organization) ഫിലിപ്പൈൻസും പാക്കിസ്ഥാനും തായ്‌ലണ്ടും അംഗങ്ങളാണ്. ഇറാക്കും തുർക്കിയും പാക്കിസ്ഥാനും ബ്രിട്ടനും ചേർന്നതാണ് ബാഗ്ദാദ് സഖ്യം. അമേ

രിക്കയും ബ്രിട്ടനും ഇറാക്കും പാക്കിസ്ഥാനും കൂടി മെഡോ (MEDO=Middle East Defence Organization) സഖ്യം കെട്ടിപ്പടുത്തിട്ടുണ്ടു്.

പൊതുവെ ഏഷ്യയിലും ആഫ്രിക്കയിലും ഈ സാമ്രാജ്യത്വ കൂട്ടുകെട്ടുകൾക്കു് എതിരായി പൊതുജനാഭിപ്രായം ശക്തിപ്പെട്ടുവരുന്നു. സാമ്രാജ്യത്വത്തോടും കൊളോണിയൽ വാഴ്ചയോടും സന്ധിയില്ലാസമരം പ്രഖ്യാപനം ചെയ്യുന്ന ബാന്ദുങ്ങ് മനോഭാവം ശക്തിപ്പെടുകയാണു്. വിദേശീയ മേധാവിത്വത്തിന്റെ കണികപോലും അനുവദിച്ചുകൊടുക്കുന്നതിനു് ഇന്നു് ഏഷ്യയിലോ ആഫ്രിക്കയിലോ ഒരു രാജ്യവും തയ്യാറല്ല.

## ചോദ്യങ്ങൾ

1. കെമാൽ പാഷാ, നാസ്സർ, സൂക്കർണോ, നക്രൂമ എന്നിവർ ആരു്?
2. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സ്വതന്ത്രമായ പൂർവ്വ ഏഷ്യൻ രാജ്യങ്ങളേവ?
3. അറബിരാജ്യങ്ങളിൽ അടുത്തകാലത്തുണ്ടായിട്ടുള്ള സ്വാതന്ത്ര്യ തൃഷ്ണയുടെ ഫലം വിവരിക്കുക.
4. ആഫ്രിക്കയിൽ സ്വാതന്ത്ര്യത്തിനുവേണ്ടി ഇപ്പോഴും സമരം നടക്കുന്ന സ്ഥലമേതു്? അടുത്തകാലത്തു് സ്വാതന്ത്ര്യം വീണ്ടെടുത്ത രാജ്യങ്ങളേതെല്ലാം?
5. ബന്ദുങ്ങ് സമ്മേളനത്തിന്റെ പ്രാധാന്യമെന്തു്?

---

## അദ്ധ്യായം 11

# ഏകലോകാദശം

## 1. ഐക്യരാഷ്ട്ര സംഘടന (U.N.O.)

### (i) ഏകലോകാദർശത്തിന്റെ വളർച്ചയും ഐക്യരാഷ്ട്ര സംഘടനയുടെ ഉത്ഭവവും

കഴിഞ്ഞ ഒന്നര നൂററാണ്ടുകാലത്തു് ഉണ്ടായ നാനാവിധ ശാസ്ത്രീയപുരോഗതി ജനങ്ങളുടെ ജീവിതരീതിയിലും ആദർശങ്ങളിലും വലിയ മാററമുണ്ടാക്കി. പുതിയ കണ്ടുപിടുത്തങ്ങൾമൂലം സമയം, ദൂരം എന്നിവ നിസ്സാരങ്ങളായിത്തീന്നു. വിശാലമായ ലോകം ഇടുങ്ങി ചുരുങ്ങി. ഇതു് അന്തർദ്ദേശീയൈക്യത്തിന്നു് വഴി തെളിയിച്ചു. ഇക്കാലത്തുണ്ടായ യുദ്ധങ്ങളും തന്മൂലം സംഭവിച്ച ഭീമനഷ്ടങ്ങളും ഒരു ഏകലോകസംഘടന സ്ഥാപിക്കുന്ന കാര്യത്തിൽ വിവിധജനവിഭാഗങ്ങളുടെ ഇടയിലുണ്ടായ ആഗ്രഹത്തെ ഉൽക്കടമാക്കി. ഒന്നാം മഹായുദ്ധത്തിനുശേഷം 1919-ൽ രൂപീകൃതമായ സർവ്വരാഷ്ട്രസമിതി ലോകസമാധാനം സംരക്ഷിക്കുവാൻ പര്യാപ്തമായില്ല. രണ്ടാം മഹായുദ്ധത്തിൽ കൂടുതൽ നഷ്ടങ്ങളും ദുരിതങ്ങളും ലോകത്തിലെ ജനങ്ങൾ അനുഭവിക്കേണ്ടിവന്നു. രണ്ടാം മഹായുദ്ധം നടന്നുകൊണ്ടിരുന്ന കാലത്തുതന്നെ ജനങ്ങളും നേതാക്കന്മാരും കാര്യക്ഷമമായി ലോകസമാധാനം സ്ഥാപിക്കുന്നതിന്നു് പ്രയത്നം തുടങ്ങി. പ്രാരംഭപ്രവൃത്തികൾ യുദ്ധകാലത്തുതന്നെ ആരംഭിച്ചു.

1945-ൽ, യുദ്ധം അവസാനിക്കുന്നതിന്നു മുമ്പുതന്നെ, 50 രാഷ്ട്രങ്ങൾ സാൻഫ്രാൻസിസ്കോയിൽ സമ്മേളിച്ച്, ഒരു അഖിലലോകസമാധാന സംഘടനയുടെ ചാർട്ടറും സാമാന്യരൂപവും ചർച്ചചെയ്തു സ്വീകരിച്ചു. ഐക്യരാഷ്ട്രസംഘടനയെ സംബന്ധിച്ച സാൻഫ്രാൻസിസ്കോ തീരുമാനം, 1945 ഒക്ടോബർ 24-ാം തീയ്യതി 51 രാഷ്ട്രങ്ങളുടെ ഗവമ്മെണ്ടുകൾ അംഗീകരിച്ചു. അന്നേദിവസം ഐക്യരാഷ്ട്രസംഘടന, അല്ലെങ്കിൽ (U.N.O.=United Nations Organization) യു.എൻ.ഒ. നിലവിൽ വന്നു. ഒക്ടോബർ 24-ാം തീയ്യതി യു. എൻ. ഒ. ദിനമായി നാം ആഘോഷിക്കുന്നതു് ഇതുകൊണ്ടാണു്.

## (*ii*) ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും

ഈ സംഘടനയിൽ അംഗമായി ചേരുമ്പോൾ ഓരോ അംഗരാഷ്ട്രവും സമ്മതിച്ചു സ്വീകരിക്കേണ്ടതായ യു. എൻ. ചാർട്ടറിൽ ഈ സമാധാനസഭയുടെ പരമസുന്ദരമായ ആദർശങ്ങളും ലക്ഷ്യങ്ങളും വിവരിച്ചിട്ടുണ്ടു്. മർത്ത്യലോകത്തെ യുദ്ധമാകുന്ന മഹാമാരിയിൽനിന്നു സംരക്ഷിക്കുകയാണു് പ്രധാന ഉദ്ദേശം. നീതിക്കും, സാമൂഹ്യപുരോഗതിക്കും, ഉയന്ന ജീവിതത്തോതിന്നുംവേണ്ടി യു. എൻ. ഒ. നിലകൊള്ളുന്നു. എല്ലാം അംഗങ്ങളും അവരുടെ ശക്തിയും കഴിവും കേന്ദ്രീകരിച്ച് ലോകസമാധാനവും ഭദ്രതയും സംരക്ഷിക്കേണ്ടതാണു്. ആയുധമേന്തി, ബലം പ്രയോഗിക്കുന്നതു് പൊതു താല്പര്യത്തിന്നായി മാത്രമേ പാടുള്ളൂ. എല്ലാം ജനവിഭാഗങ്ങളുടേയും സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായി ഈ അന്തർദ്ദേശീയ സമാധാന സംഘടന ഉപയോഗിക്കേണ്ടതാണു്.

ജാതിമതഭാഷാലിംഗഭേദമെന്യേ എല്ലാ ജനങ്ങൾക്കും തുല്യാവകാശങ്ങളുണ്ടായിരിക്കേണ്ടതാണ്. ചുരുക്കത്തിൽ ഭദ്രതയ്ക്കും, നീതിക്കും, ക്ഷേമത്തിനും പ്രാഥമിക മനുഷ്യാവകാശങ്ങൾക്കുംവേണ്ടി യു. എൻ. ഒ. നിലകൊള്ളുന്നു.

## (*iii*) അംഗങ്ങൾ

യു. എൻ. ഒ. വിൻെറ പ്രാരംഭപ്രയത്നങ്ങളിലും സാൻഫ്രാൻസിസ്കോ സമ്മേളനത്തിലും പങ്കെടുത്ത 51 അംഗങ്ങളോടുകൂടിയാണ് ഈ സംഘടന ആരംഭിച്ചതു്. ഒന്നാമത്തെ യു. എൻ. പൊതുയോഗം 1946 ജനുവരിയിൽ ലണ്ടനിൽവച്ചു കൂടി. 51 രാഷ്ട്രങ്ങൾ അന്നു് അംഗങ്ങളായിരുന്നു. യു. എൻ. ചാർട്ടർ സ്വീകരിക്കുന്ന ഏതു രാഷ്ട്രത്തേയും അംഗമായി ചേർക്കാം. 1957 ൽ ന്യൂയോർക്കിൽവച്ച് യു.എൻ.ഒ. വിൻെറ 12-ാമത്തെ പൊതുയോഗം ചേർന്നപ്പോൾ അതിൽ 81 അംഗരാഷ്ട്രങ്ങൾ ഉണ്ടായിരുന്നു. ആ യോഗം മലയയെ 82-ാമത്തെ അംഗരാഷ്ട്രമായി ഐക്യരാഷ്ട്രസംഘടനയിൽ ചേർത്തു. ജനകീയ ചൈനയും രണ്ടു ജർമ്മനികളും സ്വിററ്സർലണ്ടുമാണ് അതിൽ ഇപ്പോഴും അംഗങ്ങളല്ലാത്ത പ്രധാന രാഷ്ട്രങ്ങൾ.

## (*iv*) ഐക്യരാഷ്ട്രസംഘടനയുടെ സാമാന്യരൂപം

സംഘടനയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ആറു ഘടകസമിതികളുള്ള ഒരു ഭരണഘടനയാണ് യു.എൻ.ഒ. വിന്നുള്ളതു്. പൊതു സഭ (General Assembly),

രക്ഷാസമിതി (Security Council), സാമ്പത്തിക സാമുദായികസമിതി (Economic and Social Council), പരിരക്ഷക സമിതി (Trusteeship Council), അന്തർദ്ദേശീയ കോടതി, സെക്രട്ടേറിയററ് എന്നിവയാണ് ഈ ആറു ഘടകങ്ങൾ.

പൊതുസഭയിൽ അംഗങ്ങളായ സകല രാഷ്ട്രങ്ങളുടേയും പ്രതിനിധികൾക്കു സ്ഥാനമുണ്ട്. ഒരു രാഷ്ട്രത്തിന്നു ഒരു വോട്ടു മാത്രമേയുള്ളു. കാര്യങ്ങൾ തീരുമാനിക്കുന്നതിന്നു 2/3 ഭാഗം പേരുടെ പിന്തുണ വേണം. മററു ഘടകങ്ങളിലെ അംഗങ്ങളെ പൊതുസഭ തിരഞ്ഞെടുക്കുന്നു. ചാർട്ടറിൽ പറയുന്ന ഏതു കാര്യത്തെക്കുറിച്ചും ചർച്ചചെയ്തു ശുപാർശകൾ സമർപ്പിക്കുന്നതിന്നു പൊതു സഭയ്ക്കു അധികാരമുണ്ട്.

രക്ഷാസമിതിയിൽ 11 അംഗങ്ങളാണുള്ളത്. യു.എസ്സ്.എ., ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ, ചൈന, എന്നീ പഞ്ചമഹാശക്തികൾ സ്ഥിരം അംഗങ്ങളാണ്. ബാക്കി 6 അംഗങ്ങളെ രണ്ടു കൊല്ലത്തിലൊരിക്കൽ പൊതുസഭ തെരഞ്ഞെടുക്കുന്നു. സമാധാനഭംഗമോ അക്രമമോ ഉണ്ടായാൽ അതിന്നെതിരായി സാമ്പത്തികനടപടികൾ എടുക്കുന്നതിന്നും, വേണ്ടിവന്നാൽ അംഗരാഷ്ട്രങ്ങളിൽനിന്നു സൈന്യങ്ങളെ വരുത്തി ബലമുപയോഗിച്ച് അക്രമം തടയുന്നതിന്നും രക്ഷാസമിതിക്കധികാരമുണ്ട്.

സാമ്പത്തിക സാമുദായിക സമിതി വളരെ പ്രധാനമായ ഒരു ഘടകമാണ്. സർവ്വരാഷ്ട്രസമിതിയിൽ ഇങ്ങനെ ഒരു ഘടകം ഉണ്ടായിരുന്നില്ല. സാമ്പത്തികവും സാമൂഹ്യവുമായ എല്ലാംവിഷയങ്ങളിലുമുള്ള

ആന്തർദ്ദേശീയ പ്രശ്നങ്ങളെ പഠിച്ച ചർച്ചചെയ്ത് അവയിൽ വേണ്ട നടപടികൾ നടത്തുന്നതിനു് പൊതുസഭയിലേക്ക് ശുപാർശചെയ്യുകയും ലോകസമ്മേളനങ്ങൾ വിളിച്ചുകൂട്ടി അവയെപ്പററി പരിചിന്തനം ചെയ്യുകയുമാണു് ഈ സമിതിയുടെ ജോലി. ഈ സമിതി സംഘടിപ്പിച്ച പല സംഘങ്ങളും രാഷ്ട്രീയമല്ലാത്ത എല്ലാ രംഗങ്ങളിലും പ്രശംസാർഹമായ ജോലിചെയ്യുന്നുണ്ട്. അന്തർദ്ദേശീയ ആരോഗ്യവകുപ്പ് (W.H.O.=World Health Organization), അന്തർദ്ദേശീയ തൊഴിലാളിവകുപ്പ് (I.L.O.=International Labour Organization), ഐക്യരാഷ്ട്ര വിദ്യാഭ്യാസ സാങ്കേതിക സാംസ്കാരികസംഘടനയായ 'യൂനെസ്കോ' (U.N.E. S. C. O.=United Nations Educational, Scientific & Cultural Organization) ആദിയായവ ഇപ്രകാരമുള്ള സംഘങ്ങളാണു്.

ട്രസ്റ്റ് പ്രദേശങ്ങൾ ഭരിക്കുന്ന രാഷ്ട്രങ്ങളും, പൊതുസഭ തിരഞ്ഞെടുക്കുന്ന ചില രാഷ്ട്രങ്ങളും അംഗങ്ങളായി ഉള്ളതാണു് പരിരക്ഷകസമിതി. സ്വയംഭരണമില്ലാത്ത, കൊളോണിയൽ വാഴ്ചനടക്കുന്ന, ട്രസ്റ്റി പ്രദേശങ്ങളിലെ ജനങ്ങളെ സ്വയംഭരണപ്രാപ്തിയുള്ളവരാക്കിത്തീർക്കുകയാണു് അതിൻെറ ജോലി.

പതിനഞ്ചു് ജഡ്ജിമാരുള്ള അന്തർദ്ദേശീയകോടതിയുടെ ആസ്ഥാനം ഹേഗിൽആണു്. ജഡ്ജിമാരെ പൊതുസഭയും രക്ഷാസമിതിയും തിരഞ്ഞെടുക്കുന്നു. 9 കൊല്ലത്തേയ്ക്കു് അവർക്കു് ഉദ്യോഗത്തിലിരിക്കാം. രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കങ്ങൾ തീർക്കുന്നതിനു് ഈ സ്ഥാപനം ഉപകരിക്കുന്നു.

പൊതുസഭ നിയമിക്കുന്ന ഒരു സിക്രട്ടറി ജനറലും അദ്ദേഹത്തിൻെറ ഉദ്യോഗസ്ഥവൃന്ദവുമാണു് സിക്രട്ടേരിയററ്. യു. എൻ. ഒ. വിൻെറ വിവിധഘടകങ്ങൾ തമ്മിൽ കൂട്ടിയിണക്കുന്ന ഒരു സ്ഥിരമായ കാര്യനിർവ്വഹണകേന്ദ്രമാണു് ഇതു്. എല്ലാം രാഷ്ട്രങ്ങളിൽനിന്നുമുള്ള ഉദ്യോഗസ്ഥന്മാർ സിക്രട്ടരിയേററിൽ ഉണ്ടു്. ഇതിൻെറ ആസ്ഥാനം ന്യൂയോർക്ക്നഗരത്തിലാണു്.

### (v) 12 സംവത്സരക്കാലത്തെ പ്രവർത്തനം

1957 ഒക്ടോബർ 24-ാം തിയ്യതി യു.എൻ.ഒ. ജനിച്ചിട്ടു് 12 വർഷങ്ങൾ തികഞ്ഞു. ഇതിനിടയിൽ പല നല്ല കാര്യങ്ങളും സംഘടനയ്ക്കു ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടു്. ഇറാൻ, സിറിയ, ലെബനാൺ, പാലസ്റ്റൈൻ എന്നിവിടങ്ങളിൽനിന്നു് ചില മഹാശക്തികൾക്കു് അവരുടെ സേനകളെ പിൻവലിക്കേണ്ടിവന്നു. പാലസ്റ്റൈനിലും, കാഷ്മീരിലും, ഇന്തോനേഷ്യയിലും, കൊറിയയിലും ഉണ്ടായ സമരങ്ങൾ യു. എൻ. ഒ. ഇടപെട്ടു് നിർത്തി. ഇന്തോചൈനയിൽ ഉണ്ടായിരുന്ന സമരവും ഒരുവിധത്തിൽ അവസാനിപ്പിച്ചു. ഇവിടങ്ങളിലെ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. എങ്കിലും യുദ്ധം നിർത്തിയതുതന്നെ പ്രശംസാർഹമാണല്ലോ. ഈജിപ്തിനെ ആക്രമിച്ച ഇസ്രായേൽ, ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളും ആ സംരംഭത്തിൽനിന്നു പിൻതിരിയേണ്ടിവന്നു. ആൾജീരിയയിൽ ദേശീയവാദികളും ഫ്രഞ്ചു് മേധാവികളും തമ്മിൽ സംഘട്ടന

ങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. അതു തടയുവാൻ യു.എൻ.ഒ.വിന്നു് ഇതുവരെ സാധിച്ചിട്ടില്ല. തെക്കെ ആഫ്രിക്കയിലെ മനുഷ്യാവകാശനിഷേധത്തിന്നെതിരായിയു.എൻ.ഒ. വിനു ഫലപ്രദമായി ഒന്നും ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ജർമ്മനിയുടെ ഏകീകരണപ്രശ്നവും ജനകീയ ചൈനയുടെ പ്രാതിനിധ്യപ്രശ്നവും പരിഹരിക്കപ്പെടാതെ കിടക്കുന്നു. ബ്രിട്ടനെതിരായി സ്വാതന്ത്ര്യസമരംചെയ്യുന്ന സൈപ്രസ്സിൻെറ കാര്യവും യു. എൻ. ഒ. തൊട്ടിട്ടില്ല.

പൊതുവിൽ പറഞ്ഞാൽ പ്രാഥമികാവകാശങ്ങൾക്കുവേണ്ടിയും കോളണിവാഴ്ച അവസാനിപ്പിക്കുന്നതിന്നുവേണ്ടിയും നടത്തുന്ന കറുത്ത വർഗ്ഗക്കാരുടെ സമരങ്ങളിൽ യു.എൻ.ഒ. വേണ്ടത്ര നടപടികളെടുക്കുന്നില്ല എന്നു വേണം പറയാൻ. റഷ്യയും അമേരിക്കയും തമ്മിലുള്ള മത്സരവും യു.എൻ.ഒ. വിൻെറ പ്രവർത്തനങ്ങളെ വിഫലമാക്കപ്പെടുത്തുന്നുണ്ട്. ആഫ്രോ ഏഷ്യൻ രാഷ്ട്രങ്ങളുടെ സ്വാധീനശക്തി സംഘടനയിൽ വർദ്ധിച്ചുവരുന്നതു് ഒരു നല്ല ലക്ഷണമാണ്. രാഷ്ട്രീയമണ്ഡലത്തിലുള്ളതിനേക്കാളും അധികം നേട്ടങ്ങൾ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക മണ്ഡലങ്ങളിൽ ഉണ്ടായിട്ടുണ്ട്. ലോകത്തിലെ ശാസ്ത്രജ്ഞന്മാരേയും സാഹിത്യകാരന്മാരേയും മററു സാംസ്കാരികനായകന്മാരേയും കൂടുതൽ കൂടുതൽ അടുപ്പിക്കുന്നതിന്നും അവർ തമ്മിലുള്ള സഹകരണം വളർത്തുന്നതിന്നും യു. എൻ. ഒ. വിൻെറ സാമ്പത്തിക സാമുദായികസമിതി സംഘടിപ്പിച്ചിട്ടുള്ള വിവിധ സംഘങ്ങൾക്കു കഴിഞ്ഞിട്ടുള്ളതു് ഒരു നല്ലനേട്ടമാണ്.

## 2. ഇന്ത്യയും പഞ്ചശീലങ്ങളും

### (i) ഇന്ത്യയുടെ വിദേശനയം

1947-ൽ സ്വാതന്ത്ര്യമായതോടുകൂടി ഇന്ത്യ ലോകത്തിലെ മററു സ്വാതന്ത്ര്യരാഷ്ട്രങ്ങളുമായി സമ്പർക്കത്തിലേർപ്പെട്ടു. ഇന്ത്യയുടെ പുരാതന സംസ്കാരത്തിന്നും ദേശീയ പാരമ്പര്യങ്ങൾക്കും അനുയോജ്യമായ ഒരു സ്വതന്ത്ര നിഷ്പക്ഷനയമാണു് ആദ്യം മുതൽ ഇന്ത്യ കൈക്കൊണ്ടതു്. റഷ്യൻ ചേരിയിലോ അമേരിക്കൻ ചേരിയിലോ ഇന്ത്യ ചേർന്നില്ല. അക്രമരഹിതമായ ഒരു നീണ്ടസമരത്തിനുശേഷം വിദേശമേധാവിത്വത്തിൽനിന്നു് മോചനംപ്രാപിച്ച ഇന്ത്യ സ്വാഭാവികമായും വിമോചനപ്രസ്ഥാനങ്ങളോടും സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളോടും അനുകൂലമനസ്ഥിതിയാണു് കാണിക്കുന്നതു്. ഡച്ചുകാരുടെ അധീനത്തിൽ നിന്നു് ഇന്തൊനേഷ്യയുടെ സ്വാതന്ത്ര്യം സ്ഥാപിച്ചുകിട്ടുന്നകാര്യത്തിൽ ഇന്ത്യ മുൻകയ്യെടുത്തു പ്രവർത്തിച്ചു. അതിവേഗം ഇന്ത്യ ഏഷ്യൻ ആഫ്രിക്കൻ രാഷ്ട്രങ്ങളുടെ നേതൃസ്ഥാനത്തിലേക്കുയർന്നു. നമ്മുടെ പ്രധാനമന്ത്രി ലോകത്തിലെ പല പ്രധാന രാജ്യങ്ങളും സന്ദർശിച്ചു് അവയുമായി മൈത്രീബന്ധം സ്ഥാപിച്ചിട്ടുണ്ടു്. യു.എൻ.ഒ.വിലും അതിപ്രധാനമായ ഒരു പങ്കാണു് ഇന്ത്യ വഹിച്ചുവരുന്നതു്. എല്ലാ രാഷ്ട്രങ്ങളോടും സമാധാനത്തിലും സഹിഷ്ണതയിലും വർത്തിക്കുന്നതുകൊണ്ടു് ഇന്ത്യക്കു് അന്താരാഷ്ട്രീയ കാര്യങ്ങളിൽ ഇന്നു് അസൂയാർഹമായ സ്വാധീനശക്തി കിട്ടിയിട്ടുണ്ടു്. കൊറിയൻ സന്ധികാര്യത്തിലും, ഇന്തോചൈനയിൽ സമരം

അവസാനിപ്പിച്ചകാര്യത്തിലും യൂനോവിൽ പുതിയ അംഗങ്ങളെ ചേർത്തവിഷയത്തിലും ഇന്ത്യ സ്തുത്യർഹമായ പങ്കു വഹിച്ചു. ഇന്നും കൊളോണിയൽ വാഴ്ചയ്ക്ക് എതിരായി സമരംനടത്തുന്ന ജനതകൾ, ഉററു നോക്കുന്നത് ഇന്ത്യയെയാണ്.

## (ii) പഞ്ചശീലങ്ങൾ

ഇന്ത്യയുടെ വിദേശനയത്തിൻെറ അഞ്ചുതത്വങ്ങളെയാണ് പഞ്ചശീലങ്ങൾ എന്നു പറയുന്നത്. 1954-ൽ ഇന്ത്യയും ജനകീയ ചൈനയും തമ്മിലുണ്ടായ ഒത്തുതീർപ്പിലാണു് പഞ്ചശീലങ്ങൾ സ്പഷ്ടമായി പ്രഖ്യാപിച്ചതു്. ഇന്ത്യൻപ്രധാനമന്ത്രി നെഹ്രുവും ജനകീയചൈനായുടെ പ്രധാനമന്ത്രി ചൌഎൻലായിയും പഞ്ചശീലങ്ങളിലുള്ള തങ്ങളുടെ വിശ്വാസം ആവർത്തിച്ചുപറഞ്ഞപ്പോൾ, അവയ്ക്കു് ലോകപ്രസിദ്ധി കിട്ടി. പഞ്ചശീലങ്ങൾ താഴെ ചേർക്കുന്നു : 'ഓരോ ജനതയുടേയും പരമാധികാരത്തേയും അവർ അധിവസിക്കുന്ന ഭൂപ്രദേശത്തിൻെറ അഭിന്നതയേയും ബഹുമാനിക്കുക ; ഒരു രാജ്യത്തിൻേറയും ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുക ; അനാക്രമണം ഒരു തത്വമായി സ്വീകരിക്കുക ; സമത്വവും പരസ്പരസഹായവും അംഗീകരിക്കുക ; സമാധാനപരമായ സഹവർത്തിത്വം പാലിക്കുക'. മനുഷ്യരുടെ അന്യോന്യമുള്ള പെരുമാററത്തിൽ അനുസരിക്കേണ്ട നിയമങ്ങളെ ബൌദ്ധശൈലിയിൽ ശീലങ്ങൾ എന്നു പറയുന്നു. അതുപോലെ രാഷ്ട്രങ്ങൾ തമ്മിലുള്ള പെരുമാററത്തിൽ അനുസരിക്കേണ്ട അഞ്ചു് നിയമങ്ങളായിട്ടാണു്, പഞ്ചശീലങ്ങളെ വിഭാവനം ചെയ്തിട്ടുള്ളതു്.

## (iii) പഞ്ചശീലതത്വങ്ങളുടെ പ്രചാരം

1954-ൽ ഇന്ത്യയും ചൈനയും പഞ്ചശീലതത്വം സ്വീകരിച്ചതിനുശേഷം അവയുടെ പ്രചാരം വർദ്ധിച്ചു വരികയാണു്. കൂടുതൽ രാജ്യങ്ങൾ ഈ തത്വങ്ങൾക്കു പിന്തുണ വാഗ്ദാനം ചെയ്യുകയും അവയിലുള്ള വിശ്വാസം രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പഞ്ചശീലങ്ങളുടെ അടിസ്ഥാനത്തിൽ ബർമ്മയുമായും ഇന്തോനേഷ്യയുമായും ഇന്ത്യ സൗഹാർദ്ദസന്ധികൾ ചെയ്തിട്ടുണ്ടു്. 29 ഏഷ്യൻ ആഫ്രിക്കൻ രാഷ്ട്രങ്ങൾ സംബന്ധിച്ച ബന്ദൂങ്ങ് സമ്മേളനം പൊതുവെ പഞ്ചശീലങ്ങളെ സ്വാഗതം ചെയ്തു. യൂഗോസ്ലേവിയ, പോളണ്ടു്, സോവിയററു യൂണിയൻ, ചെക്കോസ്ലോവാക്കിയ ആദിയായ യൂറോപ്യൻ രാജ്യങ്ങളും പഞ്ചശീലങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയുമായി സൗഹാർദ്ദ ഉടമ്പടികൾ ചെയ്തിട്ടുണ്ടു്. ഈ സൗഹാർദ്ദ ഉടമ്പടികൾ ലോകരാഷ്ട്രങ്ങൾ തമ്മിൽ കൂടുതൽ അടുക്കുന്നതിനും അങ്ങനെ ഏകലോകാദർശം വിജയിക്കുന്നതിനും സഹായിക്കുമെന്നു നമുക്കു് ആശിക്കാം.

### ചോദ്യങ്ങൾ

1. ഐക്യരാഷ്ട്ര സംഘടനയുടെ ഉദ്ദേശങ്ങൾ വിവരിക്കുക. അതിന്റെ ഇതുവരെയുള്ള നേട്ടങ്ങൾ എന്തെല്ലാം?
2. പഞ്ചശീലങ്ങൾ എന്നാൽ എന്തു്? പഞ്ചശീലങ്ങൾ സ്വീകരിച്ച രാഷ്ട്രങ്ങൾ ഏവ?

---

## അദ്ധ്യായം 12

# സൂൎയ്യനും ഭൂമിയും


### 1. ബ്രഹ്മാണ്ഡവിശാലത

നല്ലവണ്ണം തെളിഞ്ഞിരിക്കുന്ന ഒരു രാത്രിയിൽ ആകാശത്തിലേക്കു നോക്കിയാൽ അവിടെ മിന്നിമിന്നി പ്രകാശിക്കുന്ന ലക്ഷോപലക്ഷം ഗോളങ്ങളെ നിങ്ങൾക്കു കാണാം. ഈ തന്നത്താൻ പ്രകാശിക്കുന്ന ഗോളങ്ങളെ നക്ഷത്രങ്ങൾ എന്നു പറയുന്നു. ഓരോ നക്ഷത്രവും നമ്മുടെ സൂൎയ്യനെപ്പോലെ ഓരോ ഗോളമത്രേ. ചില നക്ഷത്രങ്ങൾക്കു് ഭൂമിയേക്കാൾ അധികം വലിപ്പമില്ല. മററു ചില നക്ഷത്രങ്ങൾ വളരെ വലിയവയാണു്. ഓരോന്നിലും ആയിരക്കണക്കിനു് ഭൂമികളെ അടക്കിവയ്ക്കാം. ചില വൻനക്ഷത്രങ്ങൾ ലക്ഷക്കണക്കിനു് ഭൂമികൾകൂടിച്ചേൎന്നാൽ ഉണ്ടാകുന്ന വലിപ്പത്തേക്കാൾ വലുതാണു്. സൂൎയ്യനെക്കാൾ വളരെ അകലെ സ്ഥിതിചെയ്യുന്നതുകൊണ്ടാണു് അവ അത്ര വലുതായും പ്രകാശമുള്ളതായും കാണാത്തതു്. ഭൂമിയിൽനിന്നു 930 ലക്ഷം നാഴിക അകലെയാണു് സൂൎയ്യൻ സ്ഥിതിചെയ്യുന്നതു്. നക്ഷത്രങ്ങൾ തമ്മിലുള്ള ദൂരം ഇതിലും വലുതാണു്. നക്ഷത്രങ്ങളുടെ സംഖ്യയോ കോടിക്കണക്കിനു് ഉണ്ടുതാനും. ഈ കോടാനുകോടി നക്ഷത്രങ്ങളും, അവകൾക്കിടയിലുള്ള വിശാലപ്പരപ്പും കൂടിയതാണു് ബ്രഹ്മാണ്ഡവിശാലത. ബ്രഹ്മാണ്ഡവിശാലതയ്ക്കു് അതിരുകൾ ഉണ്ടെന്നോ, ഉണ്ടെങ്കിൽ അവ എത്രദൂരം അകലെയാണെന്നോ ആൎക്കും അറിയുവാൻ കഴിഞ്ഞിട്ടില്ല.

## 2. സൗരയൂഥം

ബ്രഹ്മാണ്ഡവിശാലതയിൽ ഒരു ചെറിയ ഭാഗം മാത്രമാണു് സൗരയൂഥം. സൗരയൂഥത്തിന്റെ

സൌരയൂഥം



കേന്ദ്രം സൂര്യനാണ്. സൂര്യൻ എപ്പോഴും കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു നക്ഷത്രമാണല്ലോ. ഭൂമിക്ക് ഏററവും അടുത്തുള്ള നക്ഷത്രവുമാണ്. ഈ സൂര്യനെ ചുററിത്തിരിയുന്ന പല ഗോളങ്ങളുണ്ട്. ഇവയെ ഗ്രഹങ്ങൾ എന്നു വിളിക്കുന്നു. പ്രധാനമായി 9 ഗ്രഹങ്ങളുണ്ട്. ഇവ ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യൂറാനസ്സ്, നെപ്ററ്യൂൺ, പ്ലൂട്ടോ എന്നിവയാകുന്നു. ഇവയ്ക്ക് സ്വയം പ്രകാശമില്ല. സൂര്യൻെറ വെളിച്ചം തട്ടിയാണ് ഇവ പ്രകാശിക്കുന്നതു്. ഇവയിൽ ഏററവും വലിയതു് വ്യാഴവും ഏററവും ചെറിയതു് ബുധനുമാകുന്നു. സൂര്യന് ഏററവും അടുത്തു ചുററിത്തിരിയുന്ന ഗ്രഹം ബുധനും, ഏററവും അകലെ ചുററി തിരിയുന്ന ഗ്രഹം പ്ളൂട്ടോവും ആണ്. ഈ ഗ്രഹങ്ങളെ ചുററി തിരിയുന്ന ചില ഉപഗ്രഹങ്ങളുണ്ട്. ഇവയെ ചന്ദ്രന്മാർ എന്നു പറയുന്നു. ഭൂമിക്ക് ഒരു ചന്ദ്രനുണ്ട്. ഇതിനെയാണ് നാം രാത്രിയിൽ പ്രകാശിച്ചു കാണുന്നതു്. വ്യാഴത്തിന്നു് പന്ത്രണ്ടും യൂറാനസ്സിന്നു് നാലും ഉപഗ്രഹങ്ങളുണ്ട്. സൂര്യനും, സൂര്യനെ ചുററി തിരിയുന്ന ഗ്രഹങ്ങൾക്കും ഉപഗ്രഹങ്ങൾക്കുംകൂടി സൗരയൂഥം എന്നു പറയുന്നു.

## 3. സൂര്യൻ

സൗരയൂഥത്തിൻെറ കേന്ദ്രമാണ് സൂര്യൻ. സൂര്യഗോളത്തിന്നു് ഭൂമിയേക്കാൾ എത്രയോ അധികം വലിപ്പമുണ്ട്. ഭൂമിയുടെ വ്യാസം 8,000 മൈലാണ്. സൂര്യൻേറതു് 8,86,000 മൈലാണ്. 930 ലക്ഷം

മൈൽ അകലെ സ്ഥിതി ചെയ്യുന്ന സൂര്യനിൽനിന്നാണ് ഭൂമിയിൽ ജീവിക്കുന്ന നമുക്ക് ഉഷ്ണവും പ്രകാശവും ലഭിക്കുന്നത്. ഈ സൂര്യരശ്മി സർവ്വജീവജാലങ്ങൾക്കും അത്യാവശ്യമാകുന്നു. സൂര്യന്റെ ആകർഷണശക്തിമൂലമാണ് മററു ഗ്രഹങ്ങൾ സൂര്യനെ ചുററി തിരിയുന്നത്. അണ്ഡാകൃതിയിലുള്ള ഒരു പ്രദക്ഷിണ പാതയിൽക്കൂടിയാണ് ഈ ഗ്രഹങ്ങളെല്ലാം സഞ്ചരിക്കുന്നത്. യാതൊരുവക ഏററുമുട്ടലുകളും കൂടാതെ എത്രയോ ലക്ഷം വർഷങ്ങളായി ഈ ഗ്രഹങ്ങളും ഉപഗ്രഹങ്ങളും മററും ബ്രഹ്മാണ്ഡ വിശാലതയിൽ സൂര്യന് ചുററും പ്രദക്ഷിണംവെച്ചുകൊണ്ടിരിക്കുന്നു.

## 4. ഭൂമി

സൗരയൂഥത്തിലെ ഒരു ഗ്രഹമാണ് ഭൂമി. സൂര്യനെചുററും കറങ്ങുന്ന ഗ്രഹങ്ങളിൽ ബുധനും ശുക്രനും കഴിഞ്ഞാൽ ഏററവും അടുത്തു സഞ്ചരിക്കുന്നതു ഭൂമിയാണ്. 8,000 മൈലാണ് ഭൂമിയുടെ വ്യാസം. ചുററളവ് 25,000 മൈലാകുന്നു. ഇത്രയും വലിപ്പമുള്ള ഭൂമിയുടെ എത്രയോ ചെറിയ ഒരു അംശം മാത്രമെ ചുററുംനോക്കുമ്പോൾ നമ്മുടെ ദൃഷ്ടിയിൽ പെടുന്നുള്ളു. ഇത്രയും ചുരുങ്ങിയ സ്ഥലത്ത് ഗണ്യമായ വളവൊന്നും തോന്നുകയില്ല. അതുകൊണ്ടാണ് ഭൂമി ഉരുണ്ടതാണെന്നു തോന്നാത്തത്. വാസ്തവത്തിൽ ഭൂമി നാരങ്ങപോലെ ഉരുണ്ട ഒരു ഗോളമാണ്. ദിവസത്തിൽ ഒരു പ്രാവശ്യം സ്വന്തം അച്ചുതണ്ടിന്മേൽ ഭൂമി തിരിയുന്നു. വർഷത്തിൽ ഒരു തവണ ഭൂമി സൂര്യനേയും പ്രദക്ഷിണം വെയ്ക്കുന്നു. ഭൂമിയുടെ മുകൾപ്പരപ്പ്

മുക്കാൽ ഭാഗത്തോളം ജലവും, ബാക്കി കരയുമായി വിഭജിക്കപ്പെട്ടിരിക്കുന്നു. ജലഭാഗത്ത് പ്രധാനമായി പസഫിക്ക് സമുദ്രം, അററ്ലാന്തിക്ക് സമുദ്രം, ഇന്ത്യൻ സമുദ്രം, ഉത്തരധ്രുവ സമുദ്രം, ദക്ഷിണധ്രുവ സമുദ്രം ഇങ്ങനെ അഞ്ചു സമുദ്രങ്ങളും കരഭാഗത്ത് ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, വടക്കെ അമേരിക്ക, തെക്കെ അമേരിക്ക, ആസ്ത്രേലിയ, അൻറാട്ടിക്ക് എന്നിങ്ങനെ ഏഴു വൻകരകളും കാണപ്പെടുന്നു.

ഭൂമിയും മററു ഗ്രഹങ്ങളും 20,000 ലക്ഷം വർഷങ്ങൾക്കുമുമ്പ് ഏതോ ഒരു നക്ഷത്രത്തിൻെറ ആകർഷണശക്തിമൂലം സൂര്യനിൽനിന്നു പൊട്ടിപ്പോന്ന് ഉത്ഭവിച്ചവയാണെന്നു ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. മറെറാരു നക്ഷത്രത്തിൻെറ പ്രവർത്തനം കൂടാതെ, ബ്രഹ്മാണ്ഡ വിശാലതയിൽ സൂര്യനു് സമീപമുണ്ടായിരുന്ന വാതകവസ്തുക്കളിൽനിന്നാണ് ഭൂമിയും മററു ഗ്രഹങ്ങളും ഉത്ഭവിച്ചതെന്നും അഭിപ്രായമുണ്ട്. മനുഷ്യൻെറ അറിവിൽപെട്ടിടത്തോളം ജീവജാലങ്ങൾ വസിക്കുന്ന ഗോളം ഭൂമിമാത്രമാകുന്നു.

## ചോദ്യങ്ങൾ

1. ബ്രഹ്മാണ്ഡ വിശാലത എന്നാൽ എന്ത് ?
2. സൗരയൂഥത്തിലെ പ്രധാന ഘടകങ്ങൾ ഏവ ?
3. ഭൂമി സൂര്യനിൽനിന്നു എത്ര അകലെ സ്ഥിതി ചെയ്യുന്നു ?
4. സൂര്യനിൽനിന്നു ഭൂമിക്കു എന്തെല്ലാം പ്രയോജനങ്ങൾ ലഭിക്കുന്നു ?

## അദ്ധ്യായം 13

# ശീതോഷ്ണമേഖലകൾ

### 1. ഉഷ്ണവ്യത്യാസത്തിൻെറ കാരണങ്ങൾ

ഭൂമിയുടെ എല്ലാം ഭാഗത്തും ചൂട് ഒരുപോലെയല്ല. ഭൂമദ്ധ്യരേഖാപ്രദേശത്തുനിന്നു ധ്രുവ പ്രദേശങ്ങളിലേക്കു പോകുമ്പോൾ ഉഷ്ണം കുറഞ്ഞു കുറഞ്ഞു വരുന്നു. ഭൂമിയുടെ ഉപരിതലത്തിലുള്ള ഈ ഉഷ്ണ വ്യത്യാസത്തിനു് പല കാരണങ്ങളുമുണ്ടു്.

ഒന്നാമതു് ഭൂമി ഗോളാകൃതിയിലുള്ളതാണു്. അതുകൊണ്ടു് എല്ലാംഭാഗത്തും സൂര്യരശ്മി സമമായി പതിക്കുകയില്ല. മദ്ധ്യരേഖാപ്രദേശം സൂര്യനു് ഏററവും അടുത്തായും ധ്രുവദേശങ്ങൾ സൂര്യനിൽ നിന്നു അകന്നും നിലകൊള്ളുന്നു. ഗോളാകൃതിയിലായതുകൊണ്ടു് ചിലഭാഗത്തു് സൂര്യരശ്മി കുത്തനെ പതിക്കുമ്പോൾ, മററു ചില ഭാഗത്തു് ചരിഞ്ഞു പതിക്കുന്നു. കുത്തനെ പതിക്കുന്ന ഭാഗത്തു് ചൂടു് കൂടുതലും ചരിഞ്ഞുപതിക്കുന്ന ഭാഗത്തു് ചൂട കുറവുമായിരിക്കും.

രണ്ടാമത്തെ കാരണം ഭൂമി എപ്പോഴും ഒരേ വശത്തോട്ടു് $23\frac{1}{2}°$ ചരിഞ്ഞു് ഇരിക്കുന്നതുകൊണ്ടാണു്. ഈ ചരിവോടുകൂടിയാണു് ഭൂമി സൂര്യനെ പ്രദക്ഷിണം ചെയ്യുന്നതു്. അതുകൊണ്ടു് ഒരേ സ്ഥലംതന്നെ എപ്പോഴും സൂര്യനിൽനിന്നു് സമദൂരത്തിലായിരിക്കയില്ല. ഒരിക്കൽ സൂര്യൻെറ സമീപം വരുന്ന ഭാഗം ആറുമാസം കഴിയുമ്പോൾ സൂര്യനിൽ

നിന്നു് അകലെയായിരിക്കും. തന്മൂലം ഭൂമിയിൽ വിവിധഭാഗങ്ങളിലും കിട്ടുന്ന ഉഷ്ണം മാറിക്കൊണ്ടിരിക്കുന്നു.


ഉഷ്ണവ്യത്യാസത്തിന്റെ മൂന്നാമത്തെ കാരണം ഭൂമിയുടെ ചലനങ്ങളാണു്. സ്വന്തം അച്ചുതണ്ടിന്മേൽ തിരിയുമ്പോൾ ഭൂമിയുടെ ഒരു ഭാഗം മാത്രം സൂര്യന്നു് അഭിമുഖമായിരിക്കുന്നു. മറുഭാഗത്തു് വെളിച്ചവും ചൂടും കിട്ടാതിരിക്കുകയും ചെയ്യുന്നു. സൂര്യനെ പ്രദക്ഷിണം ചെയ്യുന്നതുകൊണ്ടും ഉഷ്ണവ്യത്യാസം ഉണ്ടാകുന്നു. പ്രദക്ഷിണപാത അണ്ഡാകൃതിയിലാണു്. അതുകൊണ്ടു് രണ്ടു് സ്ഥാനങ്ങളിൽ സൂര്യന്റെ അടുത്തും രണ്ടു് സ്ഥാനങ്ങളിൽ സൂര്യനിൽ നിന്നു് അകന്നും ഭൂമി വരുന്നു. അടുത്തും അകന്നും വരുമ്പോൾ ഉഷ്ണവ്യത്യാസമുണ്ടാകുമല്ലോ.

## 2. മേഖലകൾ

ഭൂമി $23\frac{1}{2}°$ ചരിഞ്ഞു് സൂര്യനെ പ്രദക്ഷിണം ചെയ്യുന്നതുകൊണ്ടു് ഭൂമദ്ധ്യരേഖയുടെ ഇരുവശങ്ങളിലും $23\frac{1}{2}°$ വരെ സൂര്യരശ്മി ലംബമായി പതിക്കാനിടയുണ്ടു്. ജൂൺ 21-ാം തീയതി ഉത്തരായനരേഖാ പ്രദേശങ്ങൾക്കു മുകളിലും, സെപ്തംമ്പർ 23-ാം തീയതി ഭൂമദ്ധ്യരേഖാ പ്രദേശങ്ങൾക്കു് മുകളിലും, ഡിസംബർ 21-ാം തീയതി ദക്ഷിണായനരേഖാ പ്രദേശങ്ങൾക്കു മുകളിലും, മാർച്ച് 21-ാം തീയതി ഭൂമദ്ധ്യരേഖാപ്രദേശങ്ങൾക്കു മുകളിലും സൂര്യരശ്മി ലംബമായി പതിക്കുന്നു. ഉത്തരായനരേഖയ്ക്കും ദക്ഷിണായനരേഖയ്ക്കും ഇടയിലുള്ള ഭൂമദ്ധ്യരേഖാ

പ്രദേശങ്ങളിലാണ് കൂടുതൽ ഉഷ്ണം ഉണ്ടാകുന്നതു്. ഈ പ്രദേശത്തെ അതുകൊണ്ടു് ഉഷ്ണമേഖല എന്നു വിളിക്കുന്നു. മദ്ധ്യ അമേരിക്ക, തെക്കെ അമേരിക്കയുടെ വടക്കു ഭാഗം, ആഫ്രിക്കയുടെ വടക്കും തെക്കും

## മേഖലകൾ



ഭാഗങ്ങൾ ഒഴികെയുള്ള പ്രദേശം, ഏഷ്യയുടെ തെക്കേ ഭാഗം, ആസ്ത്രേലിയയുടെ വടക്കേ ഭാഗം എന്നീ സ്ഥലങ്ങൾ ഉഷ്ണമേഖലയിൽ സ്ഥിതി ചെയ്യുന്നു.

ഉഷ്ണമേഖലക്കു് വടക്കും തെക്കും $66\frac{1}{2}^\circ$ വരെയുള്ള സ്ഥലത്തെ മിതോഷ്ണമേഖല എന്നു പറയുന്നു. ഈ പ്രദേശത്തു് സൂൎയ്യരശ്മി ഒരിക്കലും ലംബമായി പതിക്കുന്നില്ല. അതുകൊണ്ടു് ഉഷ്ണം കുറവാണു്. തെക്കെ അമേരിക്കയുടെ തെക്കേഭാഗം, ആഫ്രിക്കയുടെ തെക്കേഭാഗം, ആസ്ത്രേലിയയുടെ തെക്കെ പകുതി എന്നീ സ്ഥലങ്ങൾ തെക്കെ മിതോഷ്ണമേഖലയിലാണു്. വടക്കെ മിതോഷ്ണമേഖലയിൽ, വടക്കു് ഭാഗം ഒഴിച്ചുള്ള വടക്കെ അമേരിക്ക, ആഫ്രിക്കയുടെ വടക്കെ അററം വടക്കെ അററം ഒഴിച്ചുള്ള യൂറോപ്പും ഏഷ്യയും സ്ഥിതിചെയ്യുന്നു.

$66\frac{1}{2}^\circ$ ക്കു് വടക്കും തെക്കുമുള്ള പ്രദേശങ്ങളെ ശൈത്യമേഖല എന്നാണു് വിളിക്കുന്നതു്. സൂൎയ്യൻ തന്റെ സങ്കല്പയാത്രയിൽ, ഉത്തരായനരേഖയ്ക്കു മുകളിൽ കാണപ്പെടുമ്പോൾ, $66\frac{1}{2}^\circ$ രേഖയ്ക്കു തെക്കു് സൂൎയ്യപ്രകാശം ഒട്ടുംതന്നെ ലഭിക്കുന്നില്ല. അതുപോലെ സൂൎയ്യൻ ദക്ഷിണായനരേഖയ്ക്കു് മുകളിൽ കാണപ്പെടുമ്പോൾ $66\frac{1}{2}^\circ$ രേഖയ്ക്കു വടക്കു് സൂൎയ്യപ്രകാശം കിട്ടുകയില്ല. അതുകൊണ്ടു് $66\frac{1}{2}^\circ$ ക്കു് വടക്കും തെക്കും ഉള്ള സ്ഥലങ്ങളിൽ ചൂടു് വളരെ കുറഞ്ഞും തണുപ്പു് അധികമായുമിരിക്കും. ഇക്കാരണംകൊണ്ടാണു് ഈ പ്രദേശങ്ങളെ ശൈത്യമേഖല എന്നു പറയുന്നതു്. തെക്കെ ശൈത്യമേഖലയിൽ അൻറാൎട്ടിക്കു് ഭൂഖണ്ഡവും, വടക്കെ ശൈത്യമേഖല

യിൽ വടക്കെ അമേരിക്കയുടേയും യൂറോപ്പിൻേറയും ഏഷ്യയുടേയും വടക്കു ഭാഗങ്ങളും സ്ഥിതിചെയ്യുന്നു.

ഇപ്രകാരം ഭൂപ്രദേശത്തെ അഞ്ചു മേഖലകളായി ഭാഗിക്കാം. ഉഷ്ണമേഖല, വടക്കെ മിതോഷ്ണമേഖല, തെക്കെ മിതോഷ്ണമേഖല, വടക്കെ ശൈത്യമേഖല, തെക്കെ ശൈത്യമേഖല എന്നിവയാണവ. ഭൂമദ്ധ്യരേഖയ്ക്കു വടക്കും തെക്കും പോകുമ്പോൾ, ഉഷ്ണമേഖല, മിതോഷ്ണമേഖല, ശൈത്യമേഖല എന്നിങ്ങനെ മൂന്നു മേഖലകൾവീതം കാണുന്നു.

## ചോദ്യങ്ങൾ

1. ഭൂമിയുടെ ഉപരിതലത്തിൽ എല്ലാ ഭാഗത്തും ഉഷ്ണം ഒരുപോലെയല്ല. എന്തുകൊണ്ട്?
2. ഉഷ്ണവ്യത്യാസമനുസരിച്ച് ഭൂമിയെ എത്ര മേഖലകളായി തിരിക്കാം?
3. ഉഷ്ണമേഖലയിൽ സ്ഥിതിചെയ്യുന്ന ഭൂവിഭാഗങ്ങൾ ഏവ?


## അദ്ധ്യായം 14

# വിവിധ മേഖലകളിലെ പ്രാകൃതികവിഭാഗങ്ങളും ജീവിതരീതിയും

### 1. ഉഷ്ണവ്യത്യാസത്തിൻെറ ഫലം

ഉഷ്ണവ്യത്യാസത്തിൻെറ ഫലമായി ഭൂമിയെ അഞ്ചു പ്രധാന മേഖലകളായി തിരിച്ചുവല്ലോ. വടക്കും തെക്കും വ്യത്യാസം കണക്കിലെടുക്കുന്നില്ലെങ്കിൽ വാസ്തവത്തിൽ മൂന്നു മേഖലകളാണുള്ളത്. അവ ഉഷ്ണമേഖലയും, മിതോഷ്ണമേഖലയും, ശൈത്യമേഖലയുമാകുന്നു. ഓരോ മേഖലയിലും സമുദ്രത്തിൻെറയും മലകളുടേയും കിടപ്പുകാരണം വീണ്ടും ഉഷ്ണവ്യത്യാസം കാണുന്നു. തന്മൂലം കാലാവസ്ഥയിലും സസ്യപ്രകൃതിയിലും മാററം ഉണ്ട്. കാലാവസ്ഥയും സസ്യവളർച്ചയുമനുസരിച്ച് അവിടെ വളരുന്ന മൃഗങ്ങളും മനുഷ്യർ കൃഷിചെയ്യുന്ന വിളവുകളും അവയെ ആശ്രയിച്ചിരിക്കുന്ന വ്യവസായങ്ങളും ജീവിതരീതികളും എല്ലാം വ്യത്യസ്തങ്ങളാണ്. ഉഷ്ണമേഖലയിലെ വസ്ത്രധാരണം ശൈത്യമേഖലയിൽ യോജിക്കുന്നില്ല. ശൈത്യമേഖലയിലെ സസ്യങ്ങൾ മരുഭൂവിലെ കാലാവസ്ഥയ്ക്കു യോജിച്ചതായിരിക്കുകയില്ല. നമ്മുടെ ഉഷ്ണപ്രദേശങ്ങളിൽ വിളയുന്ന കരിമ്പും, നെല്ലും, തേയിലയും മിതോഷ്ണമേഖലയിൽ സ്ഥിതിചെയ്യുന്ന പല യൂറോപ്യൻ രാജ്യങ്ങളിലും കാണുന്നില്ല. അവിടെ വിളയുന്ന ബാർലിയും,

ഓട്ട്സും നമ്മുടെ കാലാവസ്ഥയ്ക്കും പററിയതല്ല.
മദ്ധ്യധരണ്യാഴി പ്രദേശങ്ങളിൽ വീഞ്ഞു നിർമ്മാണ



വ്യവസായം അഭിവൃദ്ധിപ്പെട്ടിരിക്കുന്നുവെങ്കിൽ, ഉഷ്ണമേഖലാപ്രദേശങ്ങളിൽ റബ്ബർ, തേയില മുതലായ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. പുൽപ്രദേശങ്ങളിൽ വസിക്കുന്നവരുടെ പ്രധാന തൊഴിൽ ആടുമാടുകളെ വളർത്തലാണ്. ക്ഷീരവ്യവസായങ്ങൾക്ക് അവിടെ സാദ്ധ്യതകൂടും. ഇപ്രകാരമുള്ള വ്യത്യസ്ത പ്രാകൃതികവിഭാഗങ്ങൾ പത്തെണ്ണമുണ്ട്. പൊതുവെ പറഞ്ഞാൽ ഉഷ്ണമേഖലയിൽ നാലും, മിതോഷ്ണമേഖലയിൽ നാലും, ശൈത്യമേഖലയിൽ രണ്ടും പ്രാകൃതികവിഭാഗങ്ങൾ കാണപ്പെടുന്നു. ഈ വിഭജനം അത്ര കണിശമല്ല. ഓരോ മേഖലയുടേയും അതിർത്തി ദേശങ്ങളിൽ അങ്ങോട്ടും ഇങ്ങോട്ടും ഈ പ്രാകൃതികവിഭാഗങ്ങൾ തള്ളിക്കിടക്കുന്നതായി കാണാം.

## 2. ഉഷ്ണമേഖലയിലെ പ്രാകൃതികവിഭാഗങ്ങൾ

ഈ മേഖലയിൽ മദ്ധ്യരേഖാ വനപ്രദേശങ്ങൾ, ഉഷ്ണമേഖലാ പുൽപ്രദേശങ്ങൾ, മൺസൂൺ പ്രദേശങ്ങൾ, മരുഭൂമികൾ എന്നിങ്ങനെ നാല് പ്രധാന വിഭാഗങ്ങൾ കാണുന്നു. മരുഭൂമി മിതോഷ്ണമേഖലയിലുമുണ്ട്.

### (i) മദ്ധ്യരേഖാ വനപ്രദേശങ്ങൾ

തെക്കെ അമേരിക്കയിലെ ആമസോൺ നദീതടവും, ആഫ്രിക്കയിലെ കാംഗോ നദീതടവും, പൂർവ്വേന്ത്യാ ദ്വീപുകളുമാണ് മദ്ധ്യരേഖാ വനപ്രദേശങ്ങൾ. ചൂടും മഴയും ധാരാളമുള്ളതുകൊണ്ട്

ഇവിടങ്ങളിൽ വൻകാടുകൾ വളരുന്നു. മരക്കൊമ്പുകളിൽ ജീവിക്കുന്ന മൃഗങ്ങളും പക്ഷികളുമാണു് ഇവിടെ അധികം കാണുന്നതു്. ആമസോൺ തടത്തിലും കാംഗോ തടത്തിലും ഉള്ള വനങ്ങൾ വെട്ടിത്തെളിച്ചിട്ടില്ല. അവിടങ്ങളിലെ മനുഷ്യർ അപരിഷ്കൃതരാണു്. പൂർവ്വേന്ത്യാ ദ്വീപുകളിൽ വനങ്ങൾ വെട്ടിമാററി നെല്ലു്, കരിമ്പു് മുതലായവ കൃഷിചെയ്യപ്പെടുന്നു. ഈ മദ്ധ്യരേഖാ വനപ്രദേശങ്ങളിൽ താമസിക്കുന്ന പരിഷ്കൃതവർഗ്ഗക്കാർ ചില ഭാഗങ്ങളിൽ റബ്ബർ, കൊക്കോ, കൊയന മുതലായവയും കൃഷിചെയ്യുന്നുണ്ടു്. കാടുകളിൽനിന്നു് ഉറപ്പുള്ള മരത്തടികളും വെട്ടിയെടുത്തു് ഉപയോഗിക്കുന്നുണ്ടു്.

### (ii) ഉഷ്ണമേഖലാ പുൽപ്രദേശങ്ങൾ

മദ്ധ്യരേഖാ വനപ്രദേശങ്ങളുടെ വടക്കും തെക്കുമുള്ള ഇരുവശങ്ങളിലും പുൽപ്രദേശങ്ങൾ കാണപ്പെടുന്നു. മഴ കുറവാണു്. വരൾച്ചയുള്ള മാസങ്ങളാണധികവും. പുല്ലു് ധാരാളം വളരുന്നു. മഴയുള്ള ഭാഗത്തു് വൃക്ഷങ്ങളും കാണാം. മാൻ, ജിറാഫു്, വരയൻ കുതിര എന്നീ മൃഗങ്ങൾ ഇവിടങ്ങളിൽ ധാരാളം വളരുന്നു. ഇവയെ വേട്ടയാടി നടക്കുന്ന സിംഹം, പുലി എന്നിവയും കാണപ്പെടുന്നു. ആഫ്രിക്കൻ പുൽപ്രദേശങ്ങളിൽ കൃഷി അഭിവൃദ്ധിപ്പെട്ടുവരുന്നു. വരണ്ട ഭാഗങ്ങളിൽ തിന, ചോളം, പരുത്തി, പുകയില എന്നിവയും, വെള്ളം കിട്ടുന്ന സ്ഥലത്തു് നെല്ലും കൃഷിചെയ്യുന്നു. ആടുമാടുകളെ വളർത്തലും ഈ പ്രദേശത്തെ നിവാസികളുടെ ഒരു പ്രധാന തൊഴിലാണു്.

## (iii) മൺസൂൺ പ്രദേശങ്ങൾ

പ്രധാനമായി ഏഷ്യയിൽ കാണുന്നു. ഇന്ത്യയും തെക്കുകിഴക്കൻ ഏഷ്യയും ആണ് പ്രധാന മൺസൂൺ പ്രദേശങ്ങൾ. ഉത്തര ചൈനയും ജപ്പാനും മൺസൂൺ സ്ഥലങ്ങളാണെങ്കിലും മിതോഷ്ണമേഖലയിൽ സ്ഥിതിചെയ്യുന്നു. വടക്കെ അമേരിക്കയിൽ മെക്സിക്കൊ പ്രദേശത്തും, ആഫ്രിക്കയുടെ വടക്കുകിഴക്കെ ഭാഗത്തും, വടക്കൻ ആസ്ത്രേലിയയിലും മൺസൂൺ കാലാവസ്ഥ അവ്യക്തമായി കാണാം. സാമാന്യം നല്ല മഴയും ചൂടും ഉള്ള പ്രദേശമാണ്. ശീതകാലത്തു മഴയില്ല. മഴയുടെ തോതനുസരിച്ച് കാടുകളും പുൽപ്രദേശങ്ങളുമുണ്ട്. കാടുകളിൽ പലതരം മാനുകളും, കുരങ്ങ്, കാട്ടുപോത്ത്, മുതലായ മൃഗങ്ങളും, ആന, സിംഹം, പുലി, നരി എന്നിവകളേയും കാണാം. ഭക്ഷ്യസാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ ധാരാളം കഴിവുള്ള സ്ഥലമാണ് മൺസൂൺ പ്രദേശം. തന്മൂലം ജനങ്ങൾ ഇടതിങ്ങി വസിക്കുന്നു. നെല്ല്, തിനവർഗ്ഗങ്ങൾ, കരിമ്പ്, തേയില, പരുത്തി, ചണ, എന്നിവയെല്ലാം സമൃദ്ധിയായി കൃഷി ചെയ്യുന്നു. തണുപ്പുള്ള സ്ഥലങ്ങളിൽ ഗോതമ്പും കൃഷി ചെയ്യുന്നുണ്ട്. കൂടാതെ തേങ്ങ, മാങ്ങ, ചക്ക, വാഴപ്പഴം ആദിയായവയും സമൃദ്ധിയായി വളരുന്നുണ്ടല്ലൊ.

## (iv) മരുഭൂപ്രദേശങ്ങൾ

ഉഷ്ണമേഖലയിലും മിതോഷ്ണമേഖലയിലും മരുഭൂപ്രദേശങ്ങളുണ്ട്. ഉഷ്ണമേഖലയിലുള്ളവ ആഫ്രിക്കയിലെ സഹാറ, കാലഹരി, ഏഷ്യയിലെ അറേബ്യ,

പേർഷ്യ, താർ, ആസ്ട്രേലിയയുടെ മദ്ധ്യഭാഗം, വടക്കെ അമേരിക്കയിലെ മെക്സിക്കൊ, തെക്കെ അമേരിക്കയിലെ അററകാമ, എന്നിവയാണു്. ഉത്തരായന രേഖയൊ, ദക്ഷിണായന രേഖയൊ ഇവയിൽക്കൂടിയൊ, ഇവയ്ക്കു് തൊട്ടടുത്തൊ പോകുന്നതായി കാണാം. മിതോഷ്ണമേഖലയിൽ, ഗോബി മരുഭൂമിയും, വടക്കെ അമേരിക്കയിലെ കോളറാഡൊ മരുഭൂമിയും, തെക്കെ അമേരിക്കയിലെ പററഗോണിയ മരുഭൂമിയുമുണ്ടു്. (ഇവിടങ്ങളിലെ കാലാവസ്ഥ ഉഷ്ണകാലത്തു് നല്ല ചൂടും, ശീതകാലത്തു് അതിശൈത്യവുമാണു്. മഴ തീരെയില്ല. വെള്ളം കിട്ടാവുന്ന ചില ഭാഗങ്ങളിൽ ഈന്തപ്പനകളും പുൽത്തറകളും കാണാം. ഇത്തരം മരുപ്പച്ചകളിൽ മാത്രമാണു് ജനവാസമുള്ളതു്. യാത്രയ്ക്കു് ഒട്ടകങ്ങളെ ഉപയോഗിക്കുന്നു. സസ്യലതാദികളൊ, ആൾപ്പാർപ്പൊ ഇല്ലാത്ത മണലാരണ്യങ്ങൾ അഭിവൃദ്ധിപ്പെടാതെ കിടക്കുന്നു. ഭൂമിക്കടിയിൽ ചില മരുഭൂമികളിൽ ധാതുസമ്പത്തുണ്ടത്രെ. അറേബ്യയിൽ എണ്ണ ധാരാളമുണ്ടല്ലൊ.

## 3. മിതോഷ്ണമേഖലയിലെ പ്രാകൃതിക വിഭാഗങ്ങൾ

മദ്ധ്യധരണ്യാഴി പ്രദേശവും, ചൈനാമാതൃകയിലുള്ള വനപ്രദേശവും, മിതോഷ്ണ മേഖലാ പുൽപ്രദേശങ്ങളും, ഇലകൊഴിയും കാടുകളുമാണു് ഈ മേഖലയിലെ പ്രധാന വിഭാഗങ്ങൾ. ഉഷ്ണമേഖലയോടടുത്തു് വൻകരകളുടെ പടിഞ്ഞാറു ഭാഗത്തു് മദ്ധ്യധരണ്യാഴി പ്രദേശവും, കിഴക്കു ഭാഗത്തു് ചൈനാമാതൃക

യിലുള്ള വനപ്രദേശങ്ങളും, മദ്ധ്യഭാഗത്ത് പുൽമൈതാനങ്ങളും, ധ്രുവപ്രദേശങ്ങളോടു സമീപിക്കുമ്പോൾ ഇല കൊഴിയും കാടുകളും കാണപ്പെടുന്നു

## (i) മദ്ധ്യധരണ്യാഴി പ്രദേശങ്ങൾ

മദ്ധ്യധരണ്യാഴിക്ക് സമീപമുള്ള യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ വൻകരകളുടെ തീരപ്രദേശങ്ങളും, അമേരിക്കയിൽ കലിഫോർണിയയും മദ്ധ്യചിലിയും, തെക്കെ ആഫ്രിക്കയും, ആസ്ത്രേലിയയുടെ തെക്കുപടിഞ്ഞാറെ ഭാഗവും ഈ തരത്തിൽ പെടുന്നു. (ശീതകാലത്ത് മഴയും വേനൽകാലത്ത് ചൂടും വരൾച്ചയുമാണ് ഈ സ്ഥലങ്ങളുടെ പ്രത്യേകത. ഒലിവ്, മുന്തിരി, മധുരനാരങ്ങ എന്നിവ ധാരാളം വളരുന്നു. ഗോതമ്പും ബാർലിയും ചില സ്ഥലങ്ങളിൽ നെല്ലും കൃഷി ചെയ്യപ്പെടുന്നു. ചില സ്ഥലങ്ങളിൽ ആടുമാടുകളും കഴുതകളും വളർത്തപ്പെടുന്നു. പട്ടുനൂൽ പുഴക്കളെ വളർത്തുന്നതിന്നു സൗകര്യമുള്ള കാലാവസ്ഥയാണ്. പരുത്തികൃഷിയും ചില സ്ഥലങ്ങളിലുണ്ട്. പട്ടുനൂൽ വ്യവസായം, വീഞ്ഞു നിർമ്മാണവ്യവസായം, ഒലിവെണ്ണ, പഴവർഗ്ഗങ്ങൾ എന്നിവയ്ക്ക് പ്രസിദ്ധപ്പെട്ടതാണ് മദ്ധ്യധരണ്യാഴിപ്രദേശങ്ങൾ.)

## (ii) ചൈനാമാതൃകയിലുള്ള വനപ്രദേശങ്ങൾ

മിതോഷ്ണമേഖലയിൽ വൻകരകളുടെ പൂർവ്വതീരത്തു, ചൈനാ മാതൃകപ്രദേശങ്ങൾ കാണപ്പെടുന്നു. പ്രധാനമായി മദ്ധ്യചൈനയിലും വടക്കെ അമേരിക്കയുടെ തെക്കു കിഴക്കെ ഭാഗത്തും ഈ

കാലാവസ്ഥയാണു്. ഇവിടങ്ങളിൽ ഉഷ്ണകാലത്തു് മഴയും ശീതകാലത്തു് ശൈത്യവുമായിരിക്കും. ഈ പ്രദേശങ്ങളിലെ പ്രാകൃതികവനങ്ങൾ വെട്ടിനശിപ്പിച്ച് കൃഷിനടത്തുന്നു. നെല്ലും തേയിലയും പട്ടും ചൈനയിൽനിന്നും, അമേരിക്കൻ വിഭാഗത്തിൽനിന്നു് പരുത്തിയും കരിമ്പും പുകയിലയും കിട്ടുന്നു. ജീവിതസൗകര്യങ്ങൾ ഉള്ളതുകൊണ്ടു് ആൾ പാർപ്പുള്ള പ്രദേശങ്ങളാണു് ഇവ.

## (iii) മിതോഷ്ണമേഖലാ പുൽപ്രദേശങ്ങൾ

വടക്കെ അമേരിക്കയിലെ പ്രെയറിയും, തെക്കെ അമേരിക്കയിലെ പമ്പായും, യൂറേഷ്യയിലെ സ്റ്റെപ്പിയും, തെക്കെ ആഫ്രിക്കയിലെ വെൽഡും, ആസ്ട്രേലിയയുടെ തെക്ക കിഴക്കെ ഉൾപ്രദേശവും ഈ ഇനത്തിൽ പെട്ടവയാണു്. ശീതകാലത്തു് മഞ്ഞുകൊണ്ടു് മൂടപ്പെട്ടു കിടക്കും. ഉഷ്ണകാലാരംഭത്തിൽ ഈ സ്ഥലങ്ങൾ പുൽ മൈതാനങ്ങളായി മാറും. കുതിര, ആടുമാടുകൾ, ചെന്നായ് എന്നീ മൃഗങ്ങൾ ധാരാളമുണ്ടു്. ലോകത്തിലെ ഗോതമ്പു് കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഏററവും വലിയവ ഈ പ്രദേശങ്ങളിൽ കാണപ്പെടുന്നു. രോമത്തിനും, പാലിനും, മാംസത്തിനും ധാരാളം ആടുമാടുകളെ വളർത്തുന്നു. ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ മുഖ്യതൊഴിലുകൾ ഗോതമ്പു കൃഷി, കാലിമേച്ചിൽ, ക്ഷീരവ്യവസായം, മാംസം തയ്യാറാക്കി കയററുമതി ചെയ്യുക എന്നിവയാണു്.

### (iv) ഇലകൊഴിയും കാടുകൾ

യൂറേഷ്യയിലെ മിതോഷ്ണമേഖലയിലെ തണുപ്പു കൂടിയ വടക്കൻ പ്രദേശങ്ങളിലാണ് ഈ കാടുകൾ ധാരാളമായുള്ളത്. ഓക്ക്, എൽം, ആഷ്, ബിച്ച്, മാപ്പാം, ബർച്ച് എന്നീ തരം മരങ്ങൾ സമൃദ്ധിയായി വളരുന്നു. ഈ കാടുകൾ എല്ലാം വെട്ടിതെളിയിച്ച് കൃഷിക്ക് ഉപയോഗിക്കുന്നു. വടക്കെ അമേരിക്കയിൽ കനഡയിലും ഇത്തരം വനങ്ങളുണ്ട്. ഇവയും ഇപ്പോൾ നശിപ്പിച്ച് കൃഷിക്കും കാലി വളർത്തലിന്നും ഉപയോഗിക്കുന്നു. ഗോതമ്പ്, ബാർളി, ഓട്ട്സ്, പെയർ, പ്ലം, ചെറി എന്നിവയാണ് പ്രധാന വിളവുകൾ. ഈ പ്രദേശങ്ങളിൽ പൂർവ്വഭാഗത്തുള്ളവ പടിഞ്ഞാറു ഭാഗത്തുള്ളവയിൽ നിന്ന് അല്പം വ്യത്യസ്തമാണ്. ഉഷ്ണകാലത്ത് ഉഷ്ണവും, ശീതകാലത്ത് നല്ല ശൈത്യവുമുണ്ടായിരിക്കും. ഇവിടങ്ങളിൽ ഇലപൊഴിയുന്ന വൃക്ഷങ്ങളോടുകൂടി സൂചിയില വൃക്ഷങ്ങളും ഇടകലർന്നു കാണപ്പെടുന്നു. ഇവയ്ക്കു് പ്രത്യേകമായി ലാറൻഷ്യൻ മാതിരി വനപ്രദേശമെന്നും പറയാറുണ്ട്.

## 4. ശൈത്യമേഖലയിലെ പ്രാകൃതിക വിഭാഗങ്ങൾ

ശൈത്യമേഖലയിൽ രണ്ടു പ്രാകൃതിക വിഭാഗങ്ങളാണ് കണ്ടുവരുന്നത്. സൂചിയിലക്കാടുകളും, ടൺഡ്രാ പ്രദേശങ്ങളുമാണവ. അൻറാർട്ടിക്കയും വടക്കെ അമേരിക്കയുടെയും യൂറേഷ്യയുടെയും ഉത്തരധ്രുവപ്രദേശത്തിന് തൊട്ടുകിടക്കുന്ന സ്ഥലങ്ങളു

മാണ് ശൈത്യമേഖലയിലുള്ളവ. നീണ്ട രാത്രികളും പകലുകളും ഉള്ള ധ്രുവപ്രദേശങ്ങളിൽ ഒമ്പതു മാസം അതിശൈത്യമായിരിക്കും. ആൾപാപ്പം കുറവാണ്. യൂറോപ്പിൽ ലാപ്പ് വർഗ്ഗക്കാരും അമേരിക്കയിൽ എസ്കിമോ വർഗ്ഗക്കാരും, ജീവിക്കുന്നുണ്ട്. കൃഷിചെയ്തല്ല ഇവർ ജീവിക്കുന്നതു്. അവിടങ്ങളിൽ കാണുന്ന കസ്തൂരിക്കാള, റെയിൻഡിയർ എന്ന ഒരുതരം മാൻ, സീൽ എന്ന ഒരുതരം മത്സ്യം, വാൽറസ് എന്ന ഒരു തരം ജലജന്തു എന്നിവകളെ വേട്ടയാടിയോ, വളർത്തിയോ അവയുടെ തോലും, പാലും, മാംസവും ഉപയോഗിച്ചോ ജീവിക്കുന്നവരാണ്. ) അവിടെയുള്ള വർഗ്ഗക്കാർ. ഈയിടെയായി ഈ മേഖലയിൽനിന്ന് ഇരുമ്പ്, ചെമ്പ്, നിക്കൽ, സ്വർണ്ണം, യൂറേനിയം ആദിയായവ ഖനനം ചെയ്യുവാൻ തുടങ്ങിയിരിക്കുന്നു. ശൈത്യമേഖലയിലെ സൂചിയിലക്കാടുകൾ മൃദുതടിയുള്ള വൃക്ഷങ്ങൾ നിറഞ്ഞതാണ്. കടലാസ്സ് വ്യവസായത്തിനും, തീപ്പെട്ടി വ്യവസായത്തിനും പററിയതാണ് ഈ വൃക്ഷങ്ങൾ. അധികം രോമമുള്ള തോലോടുകൂടിയ പല ചെറുമൃഗങ്ങളും ഇവിടെയുണ്ട്. അവയെ വേട്ടയാടിപ്പിടിച്ചു തോലെടുത്തു് വിദേശങ്ങളിലേക്കു് കയററുമതിചെയ്യുന്നു.

## ചോദ്യങ്ങൾ

1. ഭൂമിയിലെ പ്രധാന പ്രാകൃതിക വിഭാഗങ്ങൾ എവ ?
2. ഓരോ വിഭാഗത്തേയും പ്രധാന വ്യവസായങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക.

---

NAVIRUL ISLAM HIGH SCHOOL
• ERNAKULAM. •
Date 2529

# സാമൂഹ്യ പാഠങ്ങൾ

2618

## BOOK III

1735

**Prepared by the Committee
appointed by Government**

PRINTED BY THE S.G.P.
AT THE GOVERNMENT PRESS ERNAKULAM
1958

Price Re. [illegible]

Indic Digital Archive Foundation
gpura.org